





മുൾക്കരാജ് മുതൽ പവനൻ വരെ

PG
894.8124
GOV

പി.ഗോവിന്ദപ്പിള്ള

മുൾക്കിരീടം മുതൽ പവനൻ വരെ

[ഉപന്യാസങ്ങൾ]

16031

പി. ഗോവിന്ദപിള്ള

PG Library & Research Center

സിത്താര ബുക്സ്
പള്ളിക്കൽ പി.ഒ. കായംകുളം
പിൻ-690 503

PG
894.8124 G10V

Mulkraj muthal Pavanan Vare (Essays) ❑ Author: P. Govinda Pillai ❑ First Published: January 2007 ❑ Copies: 1000 ❑ Price: 80/-❑ Copy right: Reserved ❑ Cover Design: Bhattathiri ❑ Layout: Raveendran Nair, Sithara ❑ Cover Printed at: St. Joseph's Press, Trivandrum ❑ Book Printed at: Thushara Offset Press, Tutors Lane, Thiruvananthapuram ❑ Publishedby: SitharaBooks, Pallickal P.O., Kayamkulam-690503

മുൾക്ക്‌രാജ് മുതൽ പവനൻ വരെ

വിഷയവിവരം

പേജ്

1. മുൾക്കരാജ് ആനന്ദ്: വിപ്ലവഭാരതത്തിന്റെ രക്തനക്ഷത്രം 9
2. ഗ്യാൻചന്ദ് : ഇടതുപക്ഷ ധനശാസ്ത്രത്തിന്റെ ആദ്യപഥികൻ 16
3. അവിസ്മരണീയനായ വിജയൻ; പ്രതിഭാവിലാസവും ആദർശധീരതയും 22
4. ഉത്പൽദത്തിന്റെ അപ്രതിമാന പ്രഭ 27
5. ആധുനിക നിരൂപണത്തിന്റെ പഞ്ചമഹാസരണികളും ജോസഫ് മുണ്ടശ്ശേരിയും 33
6. ചങ്ങമ്പുഴ: മലയാള കവിതാ വിപ്ലവത്തിന്റെ രണ്ടാംഘട്ട നായകൻ 49
7. ഇളംകുളത്തിന്റെ പ്രത്യയശാസ്ത്രവും വൈജ്ഞാനിക സംഭാവനകളും 62
8. പ്രൊഫസർ എസ്. ഗുപ്തൻനായർ: പ്രസിദ്ധനായ നിരൂപകൻ പ്രശസ്തനായ അധ്യാപകൻ 73
9. ഡോ. കെ. എം. ജോർജ്: ഭാരതമാകെ നിറഞ്ഞുനിന്ന മലയാള സാഹിത്യപ്രതിഭ 77
10. തോപ്പിൽ ഭാസി: മലയാള നാടകത്തിലെ വിപ്ലവകാരി 83
11. പൊൻകുന്നം വർക്കി: പ്രതിഭയും പ്രതിബദ്ധതയും 88
12. വി. കെ. എൻ: കിള്ളിക്കുറിശിമംഗലത്തെ രണ്ടാം കുഞ്ചൻ 94
13. പ്രൊഫസർ എം. കൃഷ്ണൻ നായർ: സൂര്യൻ അസ്തമിക്കാത്ത സാഹിത്യ സാമ്രാജ്യത്തിനുടമ 100
14. എസ്. എൽ. പുരത്തിന്റെ നാടകമെന്ന സമരപഥം 103
15. എം. എൻ. കുറുപ്പും: പുരോഗമന സാഹിത്യസംഘത്തിന്റെ പുനർജൻമവും 110
16. ഒ. മാധവൻ: വീറുറ്റ വിപ്ലവവീര്യം മികവുറ്റ നാടകപ്രതിഭ 117
17. പ്രതിബദ്ധതയും പ്രതിഭയും സമന്വയിച്ച വൈക്കം 122
18. പവനൻ: വിട്ടുവീഴ്ചയില്ലാത്ത ആദർശനിഷ്ഠ 129

പ്രസാധകകുറിപ്പ്

അൻപതുകളിൽ ഭാരതീയ ഭാഷകളിൽ, സാമൂഹ്യ സാംസ്കാരികരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച പതിനെട്ട് മഹാപ്രതിഭകളെയാണ് പിജി (ശ്രീ. പി. ഗോവിന്ദപിള്ള) ഈ ഗ്രന്ഥത്തിലൂടെ പരിചയപ്പെടുത്തുന്നത്.

ഈ ഗ്രന്ഥത്തിലെ ആമുഖ കുറുപ്പിൽ പിജി സൂചിപ്പിക്കുന്നതുപോലെ ഇതിന്റെ രണ്ടു സഞ്ചിക കൂടി തയ്യാറാകുന്നുണ്ട്.

ഈ ജീവിത സായാഹ്നത്തിലും എഴുത്തും വായനയും പ്രസംഗങ്ങളും ചാനലുകളിലെ നിരന്തര പ്രോഗ്രാമുകളും ഒക്കെയായി പിജി സദാപ്രവർത്തന നിരതനാണ്. ഈ തിരക്കിനിടയിലും ഈ ഗ്രന്ഥത്തിന്റെ രൂപകല്പനയുടെ ഓരോ ഘട്ടത്തിലും പ്രത്യേക താൽപര്യം കാണിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ തരുകയും ചെയ്ത മലയാളത്തിന്റെ സർവ്വാദരണീയനായ പിജിയോടുള്ള ഞങ്ങളുടെ കടപ്പാട് വാക്കുകളിൽ ഒതുങ്ങുന്നതല്ല. ആ മഹാപ്രതിഭയ്ക്ക് മുന്നിൽ ശിരസ്സു നമിക്കുന്നു.

ഈ പുസ്തകം എഡിറ്റു ചെയ്യുന്നതിലും രൂപകല്പന ചെയ്യുന്നതിലും ഞങ്ങളെ ഏറെ സഹായിച്ചത് ശ്രീ. വിപിൻ ചന്ദ് (ചിന്ത) ആണ്. അദ്ദേഹത്തോടുള്ള നന്ദിയും കടപ്പാടും ഇവിടെ രേഖപ്പെടുത്തട്ടെ.

എസ്. രവീന്ദ്രൻ നായർ

(സിത്താര)

ആമുഖം

വായിച്ചും കേട്ടും അറിഞ്ഞവരുടേയും നേരിൽ പരിചയപ്പെട്ട് സൗഹൃദം പങ്കുവച്ചവരുടേയും ചരമോപചാരകുറിപ്പുകളും വിലയിരുത്തുലുകളുമാണ് ഈ സമാഹാരത്തിലെ ഉപന്യാസങ്ങൾ. ഇതിലെ പതിനെട്ട് പ്രതിഭാശാലികളിൽ സാമ്പത്തിക ശാസ്ത്രവിദഗ്ദ്ധനായ പ്രൊഫസർ ഗ്യാൻ ചന്ദുമായി മാത്രമാണ് നേരിട്ട് പരിചയപ്പെടാൻ എനിക്ക് ഭാഗ്യം സിദ്ധിക്കാത്തത്. സാഹിത്യ സാമ്രാട്ടായിരുന്ന മുൾക്‌രാജ് ആനന്ദും അതികായനായ നാടക സൈദ്ധാന്തികനും സംവിധായകനും അഭിനേതാവും ആയിരുന്ന ഉത്പൽ ദത്തും വിഹരിച്ചിരുന്ന ഉയർന്ന മേഖലകളിൽ അവരുമായി സഹകരിക്കാനുള്ള ശേഷിയോ ശേമുഷിയോ എനിക്കുണ്ടായിരുന്നില്ലെങ്കിലും പല തവണ അവരുമായി ഇടപഴകാനും സംവദിക്കാനും അവരിൽ നിന്ന് പലതും പഠിക്കാനും എനിക്ക് അവസരമുണ്ടായിട്ടുണ്ട്.

അതുപോലെ എം. കൃഷ്ണൻനായർ, കെ.എം. ജോർജ്, ഗുപ്തൻനായർ, ചങ്ങമ്പുഴ, മുണ്ടശ്ശേരി, ഇളംകുളം കുഞ്ഞൻപിള്ള തുടങ്ങിയവരുമായി ഗുരു-ശിഷ്യ ബന്ധത്തെ അനുസ്മരിക്കുന്ന ശൈലിയിൽ ബന്ധപ്പെടാൻ എനിക്ക് കഴിഞ്ഞത് എന്റെ അപൂർവഭാഗ്യങ്ങളിൽപെടുന്നു. എസ്.എൽ. പുരവും, വികെ.എന്നും, എം.എൻ. കുറുപ്പും, തോപ്പിൽഭാസിയും, പവനനും മറ്റും പ്രതിഭയിലും സേവനത്തിലും എന്നേക്കാൾ ഉയർന്നവരായിരുന്നു എങ്കിലും സമശീർഷരും സഖാക്കളും സമകാലികരും എന്ന നിലയിൽ അവർ എന്റെ ഉറ്റമിത്രങ്ങളും പല മേഖലകളിലും എന്റെ സഹകാരികളും ആയിരുന്നു.

ഇവരുടെയെല്ലാം പ്രതിഭയോടും സേവനങ്ങളോടും നീതി പുലർത്താൻ അവരുടെ വിയോഗവാർത്ത ലഭിച്ച് മണിക്കൂറുകൾക്കകം പത്രങ്ങളിൽ എഴുതേണ്ടിവന്ന ഈ ലേഖനങ്ങളിൽ എനിക്ക് സാധിച്ചിട്ടില്ല എന്നത് വ്യക്തം. ഈ പ്രാഥമിക കുറിപ്പുകളെ ആസ്പദമാക്കി കുറേക്കൂടി നീണ്ട പഠനങ്ങൾ തയ്യാറാക്കണം എന്ന അഭിലാഷമാണ് ഇവയുടെ പുനഃപ്രസിദ്ധീകരണം ഇത്രയേറെ വൈകാൻ കാരണം. പക്ഷേ ആ അഭിലാഷം നടന്നില്ലെന്ന് മാത്രമല്ല ഇപ്പോൾ അത് നടത്താനുള്ള സാവകാശമോ സൗകര്യമോ ഇല്ലതാനും. മൂന്ന് നാല് പ്രധാനപ്പെട്ട ഗ്രന്ഥങ്ങളുടെ പണിപ്പുരയിലാണ് ഞാൻ. കൂടാതെ പത്രപംക്തികളിലും ടെലിവിഷൻ ചാനലുകളിലും നിത്യനിദാനം പോലെ എഴുതേണ്ട ലേഖനങ്ങളും പംക്തികളും അവശേഷിച്ച സമയത്തേ

യും അപഹരിക്കുന്നു. അതുകൊണ്ട് എന്റെ സുഹൃത്തും സിതാരാ പ്രസാധകനുമായ രവീന്ദ്രൻ നായരുടെയും എന്റെ യുവസഹായി വിപിൻ ചന്ദ്രിന്റെയും പ്രേരണയ്ക്ക് വഴങ്ങി ഈ പഠനങ്ങൾ നേരിയ ഭേദഗതികളോടെ പ്രസിദ്ധീകരിക്കുകയാണ്.

ഈ പ്രസിദ്ധീകരണത്തിൽ ആവശ്യമായ തിരുത്തലുകളും എഡിറ്റിങ്ങും നിർവഹിച്ച വിപിൻചന്ദ്രിനോട് ഞാൻ കടപ്പെട്ടിരിക്കുന്നു. ഈ ലേഖനങ്ങളുടെ ആദ്യ ഭാഗത്ത് ചേർത്തിരിക്കുന്ന ജീവചരിത്ര സംഗ്രഹങ്ങൾ തയ്യാറാക്കിയതും ചിത്രങ്ങൾ ശേഖരിച്ചതും പുസ്തകത്തിന്റെ രൂപകല്പന നിർവഹിച്ചതും വിപിൻചന്ദ് തന്നെ. എഡിറ്റർ എന്ന നിലയിൽ സ്തുത്യർഹമായ സേവനം നിർവഹിച്ച വിപിൻചന്ദ്രിന്റെ സംഭാവന വായനക്കാർക്ക് പ്രയോജനപ്പെടും എന്നാശിക്കുന്നു. ഈ പുസ്തകത്തിന് വായനക്കാർ പ്രോത്സാഹജനകമായ സ്വീകരണം നൽകുമെങ്കിൽ ഇത്തരം ഒന്നോ രണ്ടോ സഞ്ചികകൾ കൂടി പ്രസിദ്ധീകരിക്കാൻ ആവശ്യമായ കരുക്കൾ രവീന്ദ്രൻ നായരും വിപിൻചന്ദ്രും ശേഖരിച്ചുവച്ചിട്ടുണ്ട്. വിമർശന നിർദ്ദേശങ്ങളും കൂടുതൽ വിവരങ്ങൾക്കായി അന്വേഷണങ്ങളും പ്രതീക്ഷിച്ചുകൊണ്ട് ഈ എളിയ സമാഹാരം സഹൃദയരായ വായനക്കാരുടെ മുമ്പിൽ സമർപ്പിക്കുന്നു.

പുതുവത്സരദിനം, 2007 — പി. ഗോവിന്ദപ്പിള്ള

എ.കെ.ജി. സെന്റർ,
തിരുവനന്തപുരം

ഗ്രന്ഥകർത്താവിനെപ്പറ്റി

പെരുമ്പാവൂരിനടുത്തുള്ള പുല്ലുവഴിയിൽ 1926 മാർച്ച് 25 ന് ജനിച്ചു. വിദ്യാർത്ഥി പ്രസ്ഥാനത്തിലും കേരള കർഷകസംഘത്തിലും പ്രവർത്തിച്ചു. 1951ൽ തിരു-കൊച്ചി നിയമസഭയിലും പിന്നീട് കേരള നിയമസഭയിലും അംഗമായിരുന്നു. കിറ്റ് ഇന്ത്യാ സമരത്തിലും മറ്റും പങ്കെടുത്ത് പലതവണ ജയിൽവാസം അനുഭവിച്ചു.

1964 മുതൽ 1982 വരെ 'ദേശാഭിമാനി'യുടെ മുഖ്യപത്രാധിപർ. പ്രസിദ്ധീകരിക്കപ്പെട്ട കൃതികൾ: ഇസങ്ങൾക്കപ്പുറം, വിപ്ലവ പ്രതിഭ, കേരളം ഇന്ത്യയിലെ അധഃകൃതസംസ്ഥാനം, സാഹിത്യവും രാഷ്ട്രീയവും, മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം: ഉദ്ഭവവും വളർച്ചയും, വിപ്ലവങ്ങളുടെ ചരിത്രം, സാഹിത്യം: അധോഗതിയും പുരോഗതിയും, പൂന്താനം മുതൽ സൈമൺ വരെ, ചരിത്രശാസ്ത്രം പുതിയ മാനങ്ങൾ, ഭഗവദ്ഗീത-ബൈബിൾ-മാർക്സിസം, മഹാഭാരതം മുതൽ മാർക്സിസം വരെ, കേരള നവോത്ഥാനം: ഒരു മാർക്സിസ്റ്റ് വീക്ഷണം, സ്വാതന്ത്ര്യത്തിന്റെ സാർവദേശീയത, ആഗോളവൽക്കരണം സംസ്കാരം മാധ്യമം, കേരള നവോത്ഥാനം: മതാചാര്യർ മതനിഷേധികൾ, ഫ്രെഡറിക് എംഗൽസ്: സ്നിഗ്ധനായ സഹകാരി വരിഷ്ഠനായ വിപ്ലവകാരി, ഇ.എം.എസും മലയാള സാഹിത്യവും മാർഗ്രിഗോറിയോസിന്റെ മതവും മാർക്സിസവും, ഇ.എം.എസ്. നമ്പൂതിരിപ്പാട് (ജീവചരിത്രം), കാട്ടുകടന്നൽ (തർജ്ജമ), ഭൂതകാലവും മുൻവിധികളും (തർജ്ജമ), ഇന്ത്യാ ചരിത്ര വ്യാഖ്യാനം മാർക്സിസ്റ്റ് വീക്ഷണത്തിൽ (തർജ്ജമ), ആര്യ ദ്രാവിഡ വിവാദവും മതനിരപേക്ഷതയും (തർജ്ജമ).

ഭാര്യ: എം.ജെ. രാജമ്മ

മക്കൾ: എം.ജി. രാധാകൃഷ്ണൻ

ആർ. പാർവതിദേവി

മേൽവിലാസം:

മുളയ്ക്കൽ
9-സുഭാഷ്നഗർ
തിരുവനന്തപുരം-695008.

1. മുൾക്ക്‌രാജ് ആനന്ദ്:
വിപ്ലവഭാരതത്തിന്റെ രക്തനക്ഷത്രം



1905 ഡിസംബർ 12 ന് ഇപ്പോഴത്തെ പാകിസ്ഥാനിലുള്ള പെഷവാറിൽ ജനിച്ചു. 1929 ൽ ലണ്ടൻ സർവകലാശാലയിൽ നിന്ന് തത്വശാസ്ത്രത്തിൽ പിഎച്ച്.ഡി. നേടി. 1932–45 ലണ്ടനിലെ വർക്കേഴ്സ് എഡ്യൂക്കേഷണൽ അസോസിയേഷനിൽ അധ്യാപനം നടത്തി. 1935 ൽ ആദ്യ നോവൽ 'അൺടച്ചബിൾ' പുറത്തുവന്നു. *കൂലി* (1936), *ടു ലീവ്സ് ആന്റ് എ ബഡ്* (1937), *ദി വില്ലേജ്* (1939), *എക്രോസ് ദി ബ്ലാക്ക് വാട്ടേഴ്സ്* (1940), *ദി സ്വാഡ് ആന്റ് ദി സിക്കിൽ* (1942) എന്നിവ ആദ്യകാല കൃതികളാണ്. 1946ൽ ഇന്ത്യയിൽ തിരിച്ചെത്തി, മാർഗ് എന്ന കലാപ്രസിദ്ധീകരണം മുംബൈയിൽ നിന്നാരംഭിച്ചു. 1948–60 കാലത്ത് വിവിധ സർവകലാശാലകളിൽ അധ്യാപകൻ. 1965–70 വരെ ലളിതകലാ അക്കാദമിയുടെ അധ്യക്ഷപദം അലങ്കരിച്ചു. 1967 ൽ പദ്മഭൂഷൻ പുരസ്കാരവും 1971 ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. 2004 സെപ്തംബർ 24 ന് അന്തരിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യനാളുകളിൽ ബംഗാളിൽ ആരംഭിച്ച് നൂറ്റാണ്ടിന്റെ അന്ത്യം അടുക്കുമ്പോഴേയ്ക്കും ഇന്ത്യയിലാകെ വ്യാപിച്ച നവോത്ഥാനം താരും തളിരുമായി വികസിച്ച് ഫലപുഷ്ടിക്ക് തുടക്കം കുറിച്ചത് ഇരുപതാം നൂറ്റാണ്ടിലായിരുന്നു. ഈ നവോത്ഥാനത്തിന്റെ രാഷ്ട്രീയ പരിണിത ഫലങ്ങളിൽ മുഖ്യം സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ വളർച്ചയും ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടുകൂടി നേടിയ രാഷ്ട്രീയ സ്വാതന്ത്ര്യവും ആയിരുന്നു. നവോത്ഥാനത്തിന്റെ ബീജങ്ങൾ ഉൾക്കൊണ്ട് സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഗർഭത്തിൽ നിന്ന് ജനിച്ച രണ്ട് ധാരകളാണ് ജാതികൃതവും സാമ്പത്തികവും ആയ ഉച്ചനീചത്വങ്ങൾ നിർമ്മാർജനം ചെയ്യാനുള്ള കമ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ. അങ്ങനെ ഭാരതീയ പൈതൃകത്തിലെ ആസ്പൃശ്യതകൾ ഉൾപ്പെടെയുള്ള ഉച്ചനീചത്വങ്ങൾ നിർമ്മാർജനം ചെയ്യുന്നതോടൊപ്പം ഭാരതീയ പൈതൃകത്തിലെ ഉത്തമാംശങ്ങൾ-കല, സംസ്കാരം, ദർശനം. കൊളോണിയൽ അധികൃതർ

നിർമ്മിച്ച പുകമറയിൽ നിന്ന് വിമുക്തമാക്കി ആധുനിക യുഗത്തിന് അനുസൃതമാക്കുക എന്നതും നവോത്ഥാനത്തിന്റെയും സ്വാതന്ത്ര്യസമരത്തിന്റെയും ലക്ഷ്യങ്ങളായിരുന്നു.

മേൽവിവരിച്ച സമഗ്രമായ പരിവർത്തനത്തിന്റെ പതാകാവാഹകർ പ്രധാനമായും സർഗപ്രതിഭയാൽ അനുഗ്രഹീതരായ എഴുത്തുകാരും കവികളും കലാകാരൻമാരും ദാർശനികരും നാടകം, ചിത്രകല, പ്രതിമാശില്പം, വാസ്തുവിദ്യ, സംഗീതം മുതലായ മേഖലകളിൽ മേന്മ തെളിയിച്ച യുഗപ്രഭാവരും ആയിരുന്നു. രവീന്ദ്രനാഥ് ടാഗോറും ശരത്ചന്ദ്ര ചാറ്റർജിയും ഖാസി നസ്രുൾ ഇസ്ലാമും പ്രേംചന്ദും മുഹമ്മദ് ഇക്ബാലും സുബ്രഹ്മണ്യ ഭാരതിയും അബനീന്ദ്രനാഥ് ടാഗോറും കുമാരനാശാനും മറ്റും ഈ നവയുഗ സൃഷ്ടാക്കളുടെ പട്ടികയിൽപെട്ട ചില താരങ്ങൾ മാത്രമാണ്.

ലഘുജീവചരിത്രം

മുൾക്ക്‌രാജിന്റെ പൂർവികരധികവും പഞ്ചാബികളായിരുന്നു എങ്കിലും മുൾക്ക്‌രാജിന്റെ ജനനകാലത്ത് അദ്ദേഹത്തിന്റെ കുടുംബം പാർത്തുവന്നത് ഇപ്പോൾ പാകിസ്ഥാനിലായ വടക്കുപടിഞ്ഞാറൻ അതിർത്തിപ്രദേശത്തിന്റെ തലസ്ഥാനമായ പെഷവാറിലായിരുന്നു. പരമ്പരാഗതമായി ചെമ്പ് തുടങ്ങിയ ലോഹവേലകളിൽ ഏർപ്പെട്ടിരുന്ന ആ കുടുംബത്തിലെ സമ്പദ്സ്ഥിതി വളരെയൊന്നും മെച്ചമായിരുന്നില്ലെങ്കിലും വിദ്യയിലും സംസ്കാരത്തിലും ഇടത്തരക്കാരുടേതായ ഒരു നല്ല നിലവാരം അവർക്ക് ഉണ്ടായിരുന്നു. അതുകൊണ്ട് മുൾക്ക്‌രാജിന്റെ പഠനത്തിൽ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്കൂൾ വിദ്യാഭ്യാസം പെഷവാറിൽതന്നെ പൂർത്തിയാക്കിയ ശേഷം ഉപരിപഠനത്തിനായി പഞ്ചാബിലെ അമൃതസരസ്സിലെ ഖൽസാ കോളേജിൽ എത്തുകയും 1924ൽ ബി.എ. ഓണേഴ്സ് ബിരുദം നേടുകയും ചെയ്തു. അക്കാലത്ത് പഞ്ചാബികൾ സ്വന്തം പഞ്ചാബി ഭാഷയ്ക്ക് പുറമെ ഉറുദുവും ഒരു മാന്യഭാഷപോലെ തന്നെ കൈകാര്യം ചെയ്തിരുന്നു. വിദ്യാർത്ഥിജീവിതകാലത്തുതന്നെ സാഹിത്യത്തിൽ അതീവതല്പരനായിരുന്ന മുൾക്ക്‌രാജ് ഉറുദു കവിതകളിൽ കൂടിയാണ് തന്റെ കൗമാരഭാവനകൾക്ക് രൂപം നൽകിയത്. ഇന്നത്തെ ഇന്ത്യയിലെ കിഴക്കൻ പഞ്ചാബും പാകിസ്ഥാനിലെ പടിഞ്ഞാറൻ പഞ്ചാബും ഒന്നിച്ച് ഒരു പ്രവിശ്യ ആയിരുന്നപ്പോൾ അതിന്റെ തലസ്ഥാനം സാംസ്കാരികപ്രവർത്തനങ്ങൾക്ക് പ്രസിദ്ധി നേടിയിരുന്ന ലാഹോർ ആയിരുന്നു. ലാഹോറിൽ നടക്കുന്ന സാംസ്കാരിക സമ്മേളനങ്ങളിലും 'മുശൈര' എന്ന കാവ്യമേളകളിലും നാടക-സംഗീതാദി രംഗകലകളിലും കേൾവിക്കാരനും കാണിയുമായി മുൾക്ക്‌രാജ് പങ്കെടുക്കാറുണ്ടായിരുന്നു. അക്കാലത്ത് ലാഹോറിൽ താമസിച്ചിരുന്ന ദാർശനികനും ഉറുദു മഹാകവിയും ആയിരുന്ന ഡോ. മുഹമ്മദ് ഇക്ബാലുമായി

കണ്ടുമുട്ടാനും നിരന്തരം സമ്പർക്കം പുലർത്താനും അക്കാലത്ത് മുൾക്ക് രാജിന് കഴിഞ്ഞത് തന്റെ വാസനാവിലാസത്തിന് വളരെ സഹായകമായി എന്ന് അദ്ദേഹം പറയാറുണ്ട്.

സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ഉപരിപഠനത്തിനായി 1921ൽ അമൃത സരസ്സിൽ മുൾക്കരാജ് എത്തുമ്പോൾ ഇന്ത്യയാകെ മഹാത്മാഗാന്ധിയുടെ സവിശേഷ ശൈലിയിലുള്ള നിസ്സഹകരണ സത്യഗ്രഹസമരത്തിന്റെ വേലിയേറ്റത്തിൽ ഓളം തള്ളുകയായിരുന്നു. ഈ സമരവേലിയേറ്റത്തിന് തുടക്കംകുറിച്ച ജാലിയൻവാലബാഗ് കൂട്ടക്കൊല (1919)യുടെ രംഗം പഞ്ചാബ് ആയിരുന്നതിനാൽ പഞ്ചാബിലെ സ്വാതന്ത്ര്യസമരത്തിന് അന്ന് വീറും വാശിയും ഒന്നു വേറെയായിരുന്നു. സ്വാഭാവികമായും ഈ ഓളംവെട്ടലിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ ആദർശശാലിയായ മുൾക്കരാജിന് കഴിയുമായിരുന്നില്ല. അദ്ദേഹം കൈയും മെയ്യും മറന്ന് സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് എടുത്തു ചാടുകയും പ്രായപൂർത്തി ആകുന്നതിന് മുമ്പുതന്നെ തടവുശിക്ഷ അനുഭവിക്കുകയും ചെയ്തു. 1922ലെ ആക്രമാസക്തമായ ചൗരി ചൗര സംഭവത്തെ തുടർന്ന് ഗാന്ധി സമരപരിപാടി താൽക്കാലികമായി പിൻവലിച്ചതോടെ തടവിൽ നിന്ന് വിമുക്തനായ മുൾക്കരാജ് പഠനം തുടരുകയും ബി.എ. ഓണേഴ്സ് ബിരുദം നേടുകയും ചെയ്തു. തുടർന്നുള്ള പഠനത്തിനായി ലണ്ടൻ സർവകലാശാലയിലെത്തിയ മുൾക്കരാജ് 1930ൽ തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. ലണ്ടനിൽ എത്തിയതോടെ മുൾക്കരാജിന്റെ പ്രതിഭയുടെയും താല്പര്യങ്ങളുടെയും ചക്രവാളം വികസിക്കാൻ തുടങ്ങി. പത്രലേഖനങ്ങളും പുസ്തകനിരൂപണങ്ങളും എഴുതി പ്രസിദ്ധീകരിക്കാൻ തുടങ്ങിയ മുൾക്കരാജിന്റെ ചില കൃതികൾ ഇംഗ്ലീഷ് നിരൂപണ സാഹിത്യത്തിലെ വഴിത്തിരിവായി തീർന്ന മഹാകവി ടി.എസ്. എലിയട്ടിന്റെ *ക്രൈറ്റീരിയൻ* എന്ന പേരുകേട്ട മാസികയിൽപോലും പ്രത്യക്ഷപ്പെട്ടിരുന്നു എന്ന് പറയുമ്പോൾ ഈ യുവാവിന് അതിനകം കൈവന്ന ഉപസ്ഥിതിയും പകിടയും എത്രയെന്ന് ഊഹിക്കാമല്ലോ.

ലണ്ടനിലെ ഈ ആദ്യവർഷങ്ങളിൽ തന്നെ ഇന്ത്യയുടെ പ്രാചീനകാല പഠനങ്ങളിൽ ആദ്യപഥികർ ആയിരുന്ന ഇംഗ്ലീഷുകാർ ഇബി, ഹവേൽ ശ്രീലങ്കക്കാരനായ ആനന്ദ് കുമാരസ്വാമി തുടങ്ങിയ മഹാൻമാരുമായി പരിചയപ്പെടുകയും അവരിൽ നിന്ന് ഭാരതീയ കലാപൈതൃകത്തിന്റെ അർത്ഥാന്തരങ്ങളിൽ അവഗാഹം നേടാൻ തുടങ്ങുകയും ചെയ്തു. ഈ പുതിയ പഠനങ്ങളാണ് മുൾക്കരാജിന്റെ പ്രഥമകൃതിയായ *പേർഷ്യൻ ചിത്രകലയ്ക്ക് (പേർഷ്യൻ പെയിന്റിംഗ്,* 1930) പ്രചോദനം നൽകിയത്. 1933ൽ അദ്ദേഹത്തിന്റെ *കലയെ സംബന്ധിച്ച ഹിന്ദുവീക്ഷണം (ദി ഹിന്ദു വ്യൂ ഓഫ് ആർട്ട്)* പ്രസിദ്ധീകരിക്കപ്പെട്ടു.

വിചാരവിപ്ലവം

ഇങ്ങനെ മുൾക്ക്‌രാജിന്റെ പഠനവും വാസനകളും പ്രാചീന കലാരൂപങ്ങളിലേക്ക് തിരിയുമ്പോഴും സമകാലിക ലോകത്തേയും വിചാരവിപ്ലവധാരകളേയും അദ്ദേഹം അവഗണിച്ചില്ല. മുൾക്ക്‌രാജ് ബ്രിട്ടണിൽ എത്തിയ 1926 മുതൽ 1933 വരെയുള്ള കാലഘട്ടം ബ്രിട്ടന്റെയും ഇന്ത്യയുടെയും മാത്രമല്ല ലോചരിത്രത്തിൽ തന്നെ ഒരു സംക്രമ കാലഘട്ടമായിരുന്നു. സോവിയറ്റ് യൂണിയനിലെ സോഷ്യലിസ്റ്റ് നിർമ്മാണത്തിന് തുടക്കംകുറിച്ച പഞ്ചവത്സര പദ്ധതിയുടെ വിസ്മയകരമായ വിജയം, 1929ൽ ലോകമുതലാളിത്തത്തെ പരിഭ്രാന്തിയിലാക്കിയ ഗംഭീര സാമ്പത്തിക തകർച്ച, 1926ൽ ബ്രിട്ടണിന്റെ ചരിത്രത്തിലെ ഏറ്റവും ഗംഭീരവും ദീർഘവും എന്ന് വിശേഷിപ്പിക്കപ്പെടുന്ന പൊതുപണിമുടക്ക്, 1933ൽ ലോകജനതയെ ആകെ വിഹ്വലരാക്കിക്കൊണ്ട് നാസി തലവൻ അഡോൾഫ് ഹിറ്റ്‌ലർ ജർമ്മനിയിൽ അധികാരത്തിലെത്തിയത്, മഹാത്മാഗാന്ധിയുടെ രണ്ടാമത്തെ അഖിലേന്ത്യാ സ്വാതന്ത്ര്യമായിരുന്ന ഉപ്പ് സത്യഗ്രഹം തുടങ്ങിയ സംഭവങ്ങൾ ലോകത്തിന്റെ ഗതിയെ ആകെ കീഴ്മേൽ മറിക്കുകയായിരുന്നു. ഇവയെല്ലാം യുവാവായ മുൾക്ക്‌രാജിന്റെ ചിന്തയെയും ഭാവനയെയും ഉദ്ദീപിപ്പിച്ചു.

ഈ സംഭവപരമ്പരകൾ സോഷ്യലിസ്റ്റ് ചിന്താഗതിക്ക് ലോകമാകെ ഒരു ഉണർവ് നൽകി. കടുത്ത വലതുപക്ഷക്കാർ ഫാസിസ്റ്റ് നാസി ചെളികുണ്ടിലേക്ക് വീണുകൊണ്ടിരുന്നപ്പോൾ മാനവികതാവാദികളും പുരോഗമനേച്ഛുക്കളും ഇടതുപക്ഷത്തേക്ക് നീങ്ങുകയായിരുന്നു. ഈ പ്രക്രിയമൂലം 1930കളെ ചുവന്ന പതിറ്റാണ്ടെന്നും ചരിത്രകാരൻമാർ വിശേഷിപ്പിക്കാറുണ്ട്. ഈ ചുവന്ന പതിറ്റാണ്ടിന്റെ പ്രകാശധോരണിയിൽ നിന്ന് മുൾക്ക്‌രാജിനെ പോലുള്ള ഒരു യുവാവിന് ഒഴിഞ്ഞുമാറാൻ കഴിയുമായിരുന്നില്ല. 1932ൽ ഹ്രസ്വകാലത്തേക്ക് നാട്ടിൽ തിരിച്ചെത്തിയ മുൾക്ക്‌രാജ് മഹാത്മാഗാന്ധിയെ സന്ദർശിക്കാനും അദ്ദേഹത്തിന്റെ സബർമതി ആശ്രമത്തിൽ കുറേക്കാലം കഴിച്ച്കൂട്ടാനും അവസരം കണ്ടെത്തി. 1920കളുടെ ആദ്യം അടിയുറച്ച ഗാന്ധിയനായി സമരത്തിലേക്ക് എടുത്തുചാടിയ മുൾക്ക്‌രാജ് അപ്പോഴും ഗാന്ധിയുടെ ആരാധകനായിരുന്നെങ്കിലും വർഗസമരത്തിന്റെയും സോഷ്യലിസത്തിന്റെയും സ്വാധീനത്തിന് മുമ്പിൽ ഗാന്ധിസം അല്പാല്പം മങ്ങി ത്തുടങ്ങുകയായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ ജീവിതാന്ത്യം വരെ അദ്ദേഹത്തിന്റെ കൃതികളിലും സമരങ്ങളിലും സോഷ്യലിസത്തോടും മാർക്സിസത്തോടും ഒപ്പം ഗാന്ധിസവും ഒരു സജീവ സാന്നിദ്ധ്യമായിരുന്നു എന്ന് കാണാം. അങ്ങനെ ഗാന്ധിയൻ മാനവികതയും മാർക്സിയൻ സോഷ്യലിസവും ഭാരതീയ പൈതൃകവും മുൾക്ക്‌രാജിന്റെ വഴിത്താരയിൽ വെളിച്ചം വീശിയ മൂന്ന് ദീപസ്തംഭങ്ങളാണ്.

കഥയും കാര്യവും

അങ്ങനെ അല്പകാലം മാതൃഭൂമിയുടെ മടിത്തട്ടിൽ എത്തിപ്പെട്ട് തന്റെ ചിതയുടെയും ചെയ്തിയുടെയും മൂലശ്രോതസ്സുകൾ ഒരിക്കൽക്കൂടി ഉൾക്കൊണ്ട് മുൾക്കരാജ് വീണ്ടും ലണ്ടനിൽ എത്തിയപ്പോൾ ശ്രദ്ധകേന്ദ്രീകരിച്ചത് കഥയെഴുത്തിലും നോവൽ എഴുത്തിലുമാണ്. 1935ൽ പ്രസിദ്ധീകരിക്കപ്പെട്ട *തൊട്ടുകൂടാത്തവൻ (അൺ ടച്ചബിൾ)* എന്ന മുൾക്കരാജിന്റെ പ്രഥമ നോവലിൽ തന്നെ മേൽപ്പറഞ്ഞ സ്വാധീന ധാരകൾ എല്ലാം പ്രകടമാണ്. ഹരിജനങ്ങളുടെയും (ദളിത്) പ്രത്യേകിച്ച് നഗരശുചീകരണം എന്ന അധഃകൃതപ്രവൃത്തിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളുടെയും പ്രശ്നങ്ങളിൽ ഗാന്ധി പ്രകടിപ്പിച്ചുവന്ന താത്പര്യവും ഹരിജനോദ്ധാരണ സംരംഭങ്ങളും ഈ കൃതി രചിക്കുവാൻ മുൾക്കരാജിന് പ്രേരകമായിട്ടുണ്ട്. എന്നാൽ അതേസമയം ഗാന്ധിയൻ വീക്ഷണത്തിൽ നിന്ന് വ്യത്യസ്തമായി ആധുനിക യന്ത്രപരിഷ്ക്കാരത്തിന്റെ സഹായത്തോടെ നഗരശുചീകരണ പ്രവർത്തിയെ ദുർഗന്ധ മലീമസമായ വികൃതാഭ്യാസത്തിൽ നിന്ന് കരകയറ്റുകയെന്ന ആശയവും മുൾക്കരാജ് തന്റെ കഥാപാത്രങ്ങളിലൂടെ മുന്നോട്ടുവയ്ക്കുന്നു.

ഗ്രാമത്തിലെ കാർഷിക തകർച്ചയും നാടുവാഴി ചൂഷണവും പണമിടപാടുകാരുടെ ദ്രോഹവും മൂലം വഴിയാധാരമായി നഗരങ്ങളിലെത്തി വഴിയോരങ്ങളിലും ചേരിപ്രദേശങ്ങളിലും കിടന്ന് ജീവിക്കുകയും അകാലചരമം അടയുകയും ചെയ്യുന്ന ഹതഭാഗ്യരായ തൊഴിലാളികളുടെ ജീവിതസമരങ്ങൾ ചിത്രീകരിക്കുന്ന *കൂലി* (1936) ആണ് അദ്ദേഹത്തിന്റെ അടുത്ത കഥ. ഒരുപക്ഷേ അദ്ദേഹത്തിന്റെ കഥ, സാഹിത്യത്തിൽ ഏറ്റവും പേരുകേട്ടതും ഇതുതന്നെയായിരിക്കാം.

അദ്ദേഹത്തിന്റെ മൂന്നാമത്തെ നോവലായ *രണ്ടിലയും ഒരു മൊട്ടും (ടൂ ലീവ്സ് ആന്റ് എ ബഡ്,* 1937) ബ്രിട്ടീഷ് തേയിലത്തോട്ടം ഉടമകളുടെ ക്രൂരനീതികളെ അനാവരണം ചെയ്തു വർഗസമരത്തിന്റെയും സ്വാതന്ത്ര്യസമരത്തിന്റെയും അനിവാര്യതയെ വിളംബരം ചെയ്യുന്നു.

അദ്ദേഹത്തിന്റെ അടുത്ത നോവലിൽ കഥ ആരംഭിക്കുന്നതും അവസാനിക്കുന്നതും ഗ്രാമത്തിൽ തന്നെ. നോവലിന്റെ പേരും *ഗ്രാമം* (1942), *ബാർബർമാരുടെ ട്രേഡ് യൂണിയനും മറ്റു കഥകളും* എന്ന അദ്ദേഹത്തിന്റെ പ്രഥമ ചെറുകഥാ സമാഹാരം 1944ൽ പ്രസിദ്ധീകരിക്കപ്പെട്ടു. 1946ൽ സ്ഥിരമായി ഇന്ത്യയിലേക്ക് താമസം മാറ്റുന്നതിന് മുമ്പ് ഒരു നോവൽ കൂടി അദ്ദേഹം എഴുതി: *വലിയ ഹൃദയം (ദി ബിഗ് ഹാർട്ട്,* 1945).

മുൾക്കരാജിന്റെ ലോകം

1946 ൽ സ്ഥിരമായി ഇന്ത്യയിലേക്ക് താമസം മാറ്റുന്നതിന് മുമ്പ് തന്നെ ഇന്ത്യയിലും സാർവദേശീയ രംഗത്തും ഒരു സാഹിത്യകാരൻ എന്നതിനു പുറമെ ഇടതുപക്ഷക്കാരനായ ഒരു പുരോഗമനവാദിയും ഒരു പൊതുപ്രവർത്തകനുമായി മുൾക്കരാജ് പേരെടുത്തിരുന്നു. അദ്ദേഹത്തിന്റെ ആദ്യത്തെ നോവലായ *തൊട്ടുകൂടാത്തവർ* പ്രസിദ്ധീകരിച്ച 1935ൽ പാരീസിൽ ചേർന്ന ഫാസിസത്തിനെതിരായ എഴുത്തുകാരുടെ സാർവദേശീയ സമ്മേളനത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുക്കാൻ ക്ഷണിക്കപ്പെടുകയും പങ്കെടുക്കുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം പ്രശസ്ത ഉറുദു സാഹിത്യകാരനും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവും ആയിരുന്ന (ഇന്ത്യാ വിഭജനത്തിന് ശേഷം പാകിസ്ഥാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറിയായി) സജ്ജാദ് സഹീറും പങ്കെടുത്തിരുന്നു. ഇവർ രണ്ടുപേരും ചേർന്ന് ലണ്ടനിലുണ്ടായിരുന്ന ചില ഇന്ത്യൻ എഴുത്തുകാരെ കൂടി ചേർത്ത് രൂപംകൊടുത്ത സാഹിത്യസമിതിയാണ് 1926ൽ ലഖ്നൗവിൽ വച്ച് പ്രേംചന്ദിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഇന്ത്യൻ പുരോഗമന സാഹിത്യസംഘത്തിന് വഴിയൊരുക്കിയത്. (ഇന്ത്യൻ പ്രോഗ്രസീവ് റൈറ്റേഴ്സ് അസോസിയേഷൻ). 1936ൽ തെരഞ്ഞെടുക്കപ്പെട്ട സ്പെയിനിലെ ഇടതുപക്ഷ ജനാധിപത്യ സർക്കാരിനെതിരായി ജനറൽ ഫ്രാങ്കോയുടെ നേതൃത്വത്തിൽ നടന്ന ഫാസിസ്റ്റ് ആക്രമണത്തെ ചെറുക്കാൻ രൂപീകരിക്കപ്പെട്ട ഇന്റർനാഷണൽ ബ്രിഗേഡിന്റെ ഭാഗമായി മുൾക്കരാജ് സ്പെയിനിൽ പോയിരുന്നു. ഇന്ത്യയിൽ നിന്ന് ജവഹർലാൽ നെഹ്റുവും വി.കെ. കൃഷ്ണമേനോനും മറ്റും സ്പെയിനിന്റെ ചെറുത്തുനിൽപ്പ് സമരത്തിന് പിന്തുണ നൽകാൻ പോയിരുന്നത് പ്രസിദ്ധമാണല്ലോ. ഇംഗ്ലണ്ടിൽ നിന്ന് സ്പാനിഷ് ചെറുത്തുനിൽപിൽ പങ്കെടുക്കാൻ പോയ പ്രസിദ്ധ മാർക്സിസ്റ്റ് എഴുത്തുകാരായ ഡേവിഡ് ഗസ്റ്റും ഫോക്സും ക്രിസ്റ്റഫർ കോഡ്വെല്ലും മറ്റും യുവത്വത്തിന്റെ തീഷ്ണതയിൽ അവിടെ വച്ച് രക്തസാക്ഷികളായത് ചരിത്രത്തിലെ തിളങ്ങുന്ന വീരഗാഥകളാണ്.

1938ൽ ഇന്ത്യയിൽ ഒരു സന്ദർശനത്തിനെത്തിയ മുൾക്കരാജ് അഖിലേന്ത്യാ വിദ്യാർത്ഥി ഫെഡറേഷനും അഖിലേന്ത്യാ കിസാൻസഭയും ഇന്ത്യൻ നാഷണൽ കോൺഗ്രസും മറ്റുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയുണ്ടായി. അതേവർഷം തന്നെയാണ് പ്രസിദ്ധ ഇംഗ്ലീഷ് നാടകനടി കാഥലീൻ വാൻ ഗെൽഡവുമായി ഉള്ള അദ്ദേഹത്തിന്റെ വിവാഹം നടന്നത്. പക്ഷേ ആ വിവാഹബന്ധം പിൽക്കാലത്ത് വിഛേദിക്കപ്പെട്ടു.

ഇന്ത്യയിൽ 1946ൽ തിരിച്ചെത്തിയ ശേഷം അദ്ദേഹം ഏറ്റവും ആദ്യം ചെയ്ത പ്രവർത്തനങ്ങളിൽ ഒന്ന് മോഡേൺ ആർക്കിടെക്ട്സ് ആന്റ് ആർട്ടിസ്റ്റ് റിസർച്ച് ഗ്രൂപ്പ് എന്നൊരു സംഘം രൂപീകരിക്കുകയും അതിന്റെ മുഖ

പത്രം എന്ന നിലയിൽ *മാർഗ്* എന്ന സാർവദേശീയ നിലവാരമുള്ള ഒരു കലാമാസിക ആരംഭിക്കുകയുമാണ്. *മാർഗ്* ശുദ്ധകല, ചിത്രകല, വ്യവസായകല, വ്യാപാരകല, വാസ്തുശില്പം, രൂപകല്പന, അകച്ചമയം തുടങ്ങി വിവിധ മേഖലകളെ കുറിച്ച് ഉന്നത നിലവാരം പുലർത്തുന്ന ഒരു മാസികയാണ്. പിൽക്കാലത്ത് മുൾക്കരാജ് അതിന്റെ ഉപദേശകനായി തുടരുകയും പ്രസാധനം റ്റാറ്റാ പ്രസാധകർ ഏറ്റെടുക്കുകയും ചെയ്തു. ഇപ്പോഴും അത് തുടരുന്നു.

സ്വാതന്ത്ര്യാനന്തര കാലത്ത് ഇന്ത്യയിലെ സാമൂഹ്യ ജനകീയ പ്രസ്ഥാനങ്ങളുമായും പുരോഗമന സാഹിത്യ പ്രസ്ഥാനം, ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസോസിയേഷൻ (ഇപ്റ്റ) തുടങ്ങിയ പ്രസ്ഥാനങ്ങളുടെയെല്ലാം പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കാളിത്തം മുൾക്കരാജിനുണ്ടായിരുന്നു. സമാധാനപ്രസ്ഥാനം സംബന്ധിച്ച പ്രവർത്തനങ്ങളിൽ പലതവണ സോഷ്യലിസ്റ്റ് രാജ്യങ്ങളിലും മറ്റ് വിദേശ രാഷ്ട്രങ്ങളിലും മുൾക്കരാജ് പങ്കെടുത്തുവന്നു. ഇന്ത്യയുടെ ലളിതകലാ അക്കാദമി അദ്ധ്യക്ഷനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ആഫ്രോ ഏഷ്യൻ എഴുത്തുകാരുടെ സാർവദേശീയ സമ്മേളനങ്ങളിൽ മുൾക്കരാജിന്റെ സാന്നിദ്ധ്യം എക്കാലത്തും ഉണ്ടായിരുന്നു. 1952 ൽ ഇന്റർനാഷണൽ പീസ് പ്രൈസ് നേടിയ മുൾക്കരാജിന് 1972 ൽ *മോണിംഗ് ഫേസ്* എന്ന നോവലിന് സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. അദ്ദേഹത്തിന്റെ മറ്റ് പ്രധാനപ്പെട്ട നോവലുകളിൽ *കറുത്ത ജലാശയങ്ങൾ താണ്ടി (എക്രോസ് ദി ബ്ളാക്ക് വാട്ടേഴ്സ്,* 1941), *വാളും അരിവാളും* (ദി സോർഡ് ആന്റ് ദി കൗ, 1960) *പാത* (ദി റോഡ്, 1963), *ഏഴ് ഗ്രീഷ്മങ്ങൾ* (സെവൻ സമ്മേഴ്സ്, 1970), *ഒരു കാമുകന്റെ കുമ്പസാരം (കൺഫെഷൻസ് ഓഫ് എ ലവർ, 1976)* മുതലായവ ഉൾപ്പെടുന്നു. ചെറുകഥാസമാഹാരങ്ങളും ലേഖനസമാഹാരങ്ങളും വേറെയുണ്ട്.

പലതവണ കേരളം സന്ദർശിക്കുകയും പുരോഗമന സാഹിത്യ പ്രസ്ഥാനം ഉൾപ്പെടെ പല സാംസ്കാരിക സംരംഭങ്ങളുമായി ബന്ധപ്പെടുകയും ചെയ്തിട്ടുള്ള മുൾക്കരാജിന്റെ *കൂലി* തുടങ്ങി രണ്ടുമൂന്ന് കൃതികൾ മാത്രമേ മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളൂ. അദ്ദേഹത്തിന്റെ വിചാരങ്ങളും കൃതികളും ജീവിതമാതൃകയും ആദർശങ്ങളുമായി നാം ഇനിയും വേണ്ടത്ര പരിചയപ്പെട്ടു കഴിഞ്ഞിട്ടില്ല എന്നത് വിപ്ലവപ്രസ്ഥാനത്തിനും വിപ്ലവസാഹിത്യത്തിനും മേൽക്കോയ്മയുള്ള കേരളത്തിൽ വലിയൊരു പോരായ്മയാണ്. ഈ പോരായ്മ മഹാനായ മുൾക്കരാജ് ആനന്ദ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞശേഷവും നമുക്ക് പരിഹരിക്കാൻ കഴിയേണ്ടതാണ്. മുൾക്കരാജ് ആനന്ദിന്റെ മഹനീയ സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ■

2. ഗ്യാൻചന്ദ് : ഇടതുപക്ഷ ധനശാസ്ത്രത്തിന്റെ ആദ്യപഥികൻ

1893 ജൂൺ 20ന് ഇപ്പോഴത്തെ ബലൂചിസ്ഥാനിൽ പെടുന്ന ലൊറെയിൽ എന്ന സ്ഥലത്ത് ജനിച്ചു. ലാലാ കനയ്യാ ലാൽ ആയിരുന്നു അച്ഛൻ. ചെറുപ്പത്തിൽ തന്നെ ആര്യസമാജത്തിൽ തൽപരനായി. കുറയിലും ലാഹോറിലും വിദ്യാഭ്യാസം പൂർത്തിയാക്കി. 1920 ൽ ബനാറസ് ഹിന്ദു സർവകലാശാലയിൽ അദ്ധ്യാപകനായി. 1926 ൽ ഇന്ത്യൻ ഫിനാൻഷ്യൽ സിസ്റ്റം എന്ന പ്രഥമ ഗ്രന്ഥം പുറത്തിറക്കി. *ഫെഡറൽ ധനകാര്യവ്യവസ്ഥയുടെ അടിസ്ഥാനങ്ങൾ* (1930), *ചൈനയുടെ നവീന സമ്പദ്‌വ്യവസ്ഥ* (1958), *ടീമിങ് മില്യൺസ് ഓഫ് ഇന്ത്യ* (1939), *ഇന്ത്യൻ ജനസംഖ്യാ പ്രശ്നത്തിന്റെ ചില വശങ്ങൾ* (1954), *ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ സോഷ്യലിസ്റ്റ് പരിവർത്തനം* (1965), *നാണയപെരുപ്പം എന്ന വിപത്ത്* (1967) എന്നിവ പ്രധാന കൃതികൾ. 1930 ൽ ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിൽ നിന്നും പി. എച്ച്. ഡി. ബിരുദം നേടി. 1937ൽ ഇന്ത്യൻ എക്കണോമിക്സ് അസോസിയേഷൻ അദ്ധ്യക്ഷനായി. 1983 ഏപ്രിൽ 6ന് അന്തരിച്ചു.

ജ്ഞാനചന്ദ്രൻ എന്ന സംസ്കൃത സംയുക്ത നാമത്തിന്റെ പഞ്ചാബി-സിന്ധി രൂപമാണ് ഗ്യാൻചന്ദ്. അക്ഷരാർഥത്തിൽ തന്നെ ഒരു ജ്ഞാനചന്ദ്രനായിരുന്നു ഡോക്ടർ ഗ്യാൻചന്ദ്. വിശ്വപ്രശസ്തനായ ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ, ദൂരദൃഷ്ടിയുള്ള ഒരു സോഷ്യലിസ്റ്റ് ചിന്തകൻ, അനേകം തലമുറ വിദ്യാർഥികളുടെ സമാരാധ്യനായ ഒരധ്യാപകൻ, സ്വാതന്ത്ര്യ പോരാളി, സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടെ അടുത്ത സുഹൃത്ത്, ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ കഴിവുറ്റ സഹായി, ലോകസമാധാനപ്രേമി, ഉജ്വലനായ ഒരു ഗ്രന്ഥകാരനും വാഗ്മിയും എന്നീ വിവിധ നിലകളിൽ ഭാരതത്തെ സേവിച്ച ഒരു മഹാനായിരുന്നു അദ്ദേഹം.

അവിഭക്ത ഭാരതത്തിന്റെ ഭാഗമായിരുന്ന ബലൂചിസ്താനിൽ ലൊറെയിൽ എന്ന സ്ഥലത്താണ് 1893 ജൂൺ 20-ന് ഗ്യാൻചന്ദ് ജനിച്ചത്. സർക്കാരാപ്പീസിൽ ഒരു സൂപ്രണ്ടായിരുന്ന ലാല കനയ്യലാൽ ആയിരുന്നു

അച്ഛൻ, ഏഴുവയസ്സിലേതന്നെ ഗ്യാൻചന്ദിന് അമ്മ നഷ്ടമായി.

ഹൈന്ദവ നവീകരണ പ്രസ്ഥാനമായിരുന്ന ആര്യസമാജത്തിൽ തല്പ രനായ അച്ഛനിൽ നിന്ന് ചെറുപ്പത്തിലേതന്നെ പരിഷ്ക്കരണ പ്രസ്ഥാനങ്ങ ളോട് ഗ്യാൻചന്ദ് ആഭിമുഖ്യം നേടി. ബലൂചിസ്താൻ തലസ്ഥാനമായ ക്വറ്റ യിലും പിന്നീട് ലാഹോറിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി എം.എ. ബിരുദം എടുത്ത ഗ്യാൻചന്ദ്, 1920-ൽ ബനാറസ് ഹിന്ദു സർവകലാശാല യിൽ സാമ്പത്തിക ശാസ്ത്രാധ്യാപകനായി. അക്കാലത്ത് ബനാറസ് സർവ കലാശാലയുടെ സ്ഥാപകൻ മദനമോഹന മാളവിയ പ്രതിഭാധനരായ യുവ ഭാരതീയാധ്യാപകരെ തെരയുകയായിരുന്നു. തന്റെ പ്രതീക്ഷയ്ക്കും ഭാവ നയ്ക്കും ഒത്ത ഒരു യുവ പ്രതിഭാധനനെയാണ് ഗ്യാൻചന്ദിൽ പണ്ഡിത നായ മാളവിയ കണ്ടെത്തിയത്.

മതേതരത്വവും സോഷ്യലിസവും

എന്നാൽ ആര്യസമാജക്കാരൻ അച്ഛൻ ലാല കനയ്യലാലിന്റെയോ ഹൈന്ദവ നവീകരണ പ്രവണതയുള്ള ദേശീയതയുടെ വക്താവായിരുന്ന മാളവിയയുടെയോ കാൽനഖേന്ദു മരീചികകളല്ല ഗ്യാൻചന്ദിന് വഴികാട്ടിയ ത്. ദേശീയ പ്രസ്ഥാനത്തിനകത്ത് അക്കാലത്ത് ഉരുത്തിരിഞ്ഞുകൊണ്ടിരുന്ന മതേതര ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും പ്രകാശധാര കളാണ് യുവാവായ ഗ്യാൻചന്ദിനെ ആകർഷിച്ചത്. 1926 വരെ ബനാറസിൽ അദ്ദേഹം അധ്യാപകനായി തുടർന്നു. അതിനകംതന്നെ പ്രശസ്തനായ ഒര ധ്യാപകനും കഴിവുറ്റ ഒരു സാമ്പത്തിക ശാസ്ത്രവിദഗ്ദ്ധനും എന്ന പേർ അദ്ദേഹം നേടി കഴിഞ്ഞിരുന്നു. ആ വർഷത്തിലാണ് തന്റെ ഒന്നാമത്തെ ശ്രദ്ധേയമായ ഗ്രന്ഥം ഗ്യാൻചന്ദ് പ്രസിദ്ധീകരിച്ചത്- *ഇന്ത്യൻ ധനകാര്യ വ്യവസ്ഥ* (Indian Financial System). ആ വർഷം തന്നെ പട്ന സർവകലാശാലയിലെ "ബനൈലി റീഡർഷിപ്പ് പ്രഭാഷണങ്ങൾ" നടത്താൻ ഗ്യാൻചന്ദ് ക്ഷണിക്കപ്പെട്ടു. വളരെ പക്വതയും പ്രശസ്തിയും നേടിയവരെ മാത്രമെ ഈ പേരുകേട്ട പ്രഭാഷണ പരമ്പരയ്ക്ക് ക്ഷണിക്കാറുള്ളു. താരതമ്യേന ചെറുപ്പമായിരുന്ന ഗ്യാൻചന്ദ് അതിന് ക്ഷണിക്കപ്പെട്ടത് അതിനകംതന്നെ അദ്ദേഹം നേടിക്കഴിഞ്ഞ പ്രശസ്തിയുടെ തെളിവാണ്. 1926-ൽ ചെയ്ത ബനൈലി പ്രഭാഷണ പരമ്പര പിന്നീട് 1931-ൽ *ഇന്ത്യയുടെ ധനകാര്യ പുനഃസംഘടന* എന്ന പേരിൽ പുസ്തകമായി പുറത്തുവന്നു.

ബനൈലി പ്രഭാഷണങ്ങൾ ഗ്യാൻചന്ദിന്റെ പ്രശസ്തി വർദ്ധിപ്പിച്ചതിനെ തുടർന്ന് ആ വർഷം തന്നെ കുറെക്കൂടി ഉയർന്ന തസ്തികയിൽ അസി സ്റ്റന്റ് പ്രഫസറായി പട്നാ കോളേജിലേക്ക് അദ്ദേഹം ക്ഷണിക്കപ്പെട്ടു. അധികം താമസിയാതെ വകുപ്പ് അധ്യക്ഷനായി അദ്ദേഹം ഉയർന്നു. 1930-ൽ പ്രസിദ്ധീകരിച്ച *ഫെഡറൽ ധനകാര്യ വ്യവസ്ഥയുടെ അടിസ്ഥാനങ്ങൾ* (Essentials of Federal Finance) ആയിരുന്നു അദ്ദേഹത്തിന്റെ അടുത്ത കൃതി.

ഇതോടൊപ്പം അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതത്തിലും ബൗദ്ധിക പുരോഗതിയിലും ഒരു പുതിയ ഘട്ടം ആരംഭിക്കുകയായി. 1930-ൽ ഉപരിപഠനത്തിനായി ഇംഗ്ലണ്ടിലേക്ക് പോയ ഗ്യാൻചന്ദ് പേരുകേട്ട ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ നിന്നു പിഎച്ച്.ഡി. എന്ന ഉന്നത ഗവേഷണ ബിരുദം നേടി. തിരിച്ചുവരും വഴി മറ്റു യൂറോപ്യൻ രാഷ്ട്രങ്ങളും സോവിയറ്റ് യൂണിയനും അദ്ദേഹം സന്ദർശിച്ചു. വിദേശവാസവും പര്യടനവും ഗ്യാൻചന്ദിന്റെ അറിവിന് ആഴം വർദ്ധിപ്പിക്കുകയും വീക്ഷണ ചക്രവാളം വികസിപ്പിക്കുകയും ചെയ്തപ്പോൾ സോവിയറ്റ് സന്ദർശനം അദ്ദേഹത്തിന്റെ സോഷ്യലിസ്റ്റ് ചിന്താഗതിയും സാമ്പത്തികാസൂത്രണത്തിലുള്ള വിശ്വാസവും സുദൃഢമാക്കി. പിൽക്കാലത്ത് അദ്ദേഹം പല തവണ സോവിയറ്റ് യൂണിയനും രണ്ടാം ലോകയുദ്ധാനന്തരകാലത്ത് ചൈനയുൾപ്പെടെയുള്ള മറ്റു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളും സന്ദർശിച്ചിട്ടുണ്ട്. 1958-ൽ ചൈന സന്ദർശിച്ചതിന് ശേഷം അദ്ദേഹം രചിച്ച *ചൈനയുടെ നവീന സമ്പദ്‌വ്യവസ്ഥ (The New Economy of China)* കാലം വളരെ പിന്നിട്ടിട്ടും അതേക്കുറിച്ചുള്ള ഏറ്റവും ആധികാരികമായ കൃതികളിലൊന്നായി അവശേഷിക്കുന്നു.

വിദേശപഠനത്തിനുശേഷം പട്ന സർവകലാശാലയിൽ പ്രഫസർ ആയി സേവനം തുടർന്ന ഗ്യാൻചന്ദിന്റെ പ്രശസ്തി കുതിച്ചു കയറി. 1937-ൽ ഇന്ത്യൻ ഇക്കണോമിക്സ് അസോസിയേഷന്റെ അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട ഗ്യാൻചന്ദ് 1938-ൽ അതിന്റെ നാഗ്പൂർ വാർഷിക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

ഗ്യാൻചന്ദിന്റെ ഏറ്റവും പ്രധാനപ്പെട്ട കൃതിയായ *ഇന്ത്യയിലെ പെരുകിവരുന്ന ജനകോടികൾ (The Teeming Millions of India)* 1939-ൽ പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ തന്റെ വിശേഷവൽകൃതമേഖലയായിരുന്ന ധനകാര്യത്തിൽനിന്ന് ജനസംഖ്യാസിദ്ധാന്തത്തിലേക്കദ്ദേഹം പ്രവേശിക്കുകയായിരുന്നു. *ഇന്ത്യൻ ജനസംഖ്യാപ്രശ്നത്തിന്റെ ചില വശങ്ങൾ (Some Aspects of Indian Population Problem) ജനസംഖ്യാ പ്രശ്നം സംബന്ധിച്ച കാഴ്ചപ്പാട് (Population in Perspective)* എന്നീ രണ്ടു കൃതികൾ കൂടി വിഷയത്തെ അധികരിച്ച് 1954-ലും 1972-ലും അദ്ദേഹം പ്രസിദ്ധീകരിച്ചു.

1930-കളിൽ തന്നെ നെഹ്റുവും ജയപ്രകാശും ഉൾപ്പെടെ കോൺഗ്രസിലെ യുവനേതാക്കളും കമ്യൂണിസ്റ്റ് നേതാക്കളുമായി അദ്ദേഹം അടുത്ത ബന്ധം സ്ഥാപിച്ചു കഴിഞ്ഞിരുന്നു. മഹാനായ മാർക്സിസ്റ്റ് പണ്ഡിതൻ രാഹുൽ സംകൃത്യായൻ ഗ്യാൻചന്ദിന്റെ ഉത്തമ സുഹൃത്തായിരുന്നു. പിൽക്കാലത്ത് സോഷ്യലിസ്റ്റുകാരും കമ്യൂണിസ്റ്റുകാരുമായി ഉയർന്ന പലരും ഗ്യാൻചന്ദിന്റെ വത്സല ശിഷ്യൻമാരായിരുന്നു. 1935ലെ ഭീകരമായ ക്വറ്റാ ഭൂകമ്പത്തിൽ ഗ്യാൻചന്ദിന്റെ ഭാര്യയടക്കം പല സ്വന്തക്കാരും അപകട നിര്യാണമടഞ്ഞത് വലിയൊരു പ്രഹരമായിരുന്നു, അദ്ദേഹത്തിന്. പിൽക്കാലത്ത്

അദ്ദേഹം വിവാഹം ചെയ്ത അനസൂയ വാഗ്ലെ ഇടതുപക്ഷ ചിന്താഗതിക്കാരിയും അഖിലേന്ത്യാ ദേശീയ വനിതാ ഫെഡറേഷന്റെ അധ്യക്ഷയും ആയിരുന്നു. അവരുടെ ഏകമകൾ ഭർത്താവും കുഞ്ഞുങ്ങളുമൊത്ത് ഇപ്പോൾ ലണ്ടനിൽ സ്ഥിരതാമസമാണ്.

യുദ്ധവും സ്വാതന്ത്ര്യവും

1939-ൽ യുദ്ധം പൊട്ടിപ്പുറപ്പെടുകയും ദേശീയ സ്വാതന്ത്ര്യസമരം രൂക്ഷമാവുകയും ചെയ്തപ്പോൾ ഒളിവിലുള്ള പല നേതാക്കൾക്കും ആപത്ത് അവഗണിച്ചുകൊണ്ട് ഗ്യാൻചന്ദ് അഭയം നൽകി.

യുദ്ധാനന്തര കാലത്ത് അദ്ദേഹം ഏറ്റെടുത്ത ആദ്യത്തെ ചുമതല സാർവദേശീയ നാണയ നിധിയുടെ (ഐ.എം.എഫ്.) ധനകാര്യവകുപ്പിന്റെ അധ്യക്ഷതയാണ് (1946-48). 1947-ൽ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കേന്ദ്ര മന്ത്രിസഭാ കാര്യാലയത്തിലെ സാമ്പത്തികോപദേഷ്ടാവായി പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു അദ്ദേഹത്തെ നിയമിച്ചു. ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ വഴിമുടക്കു നയങ്ങളിലും ഇന്ത്യാഗവൺമെന്റിന്റെ മെല്ലെപ്പോക്കിലും പ്രതിഷേധിച്ച് ആ സ്ഥാനം രാജിവെച്ച ഗ്യാൻചന്ദ് 1951-ൽ പട്നയിൽനിന്ന് ലോകസഭയിലേക്ക് ഇടതുപക്ഷ സ്വതന്ത്രനായി മത്സരിച്ചെങ്കിലും തോറ്റുപോയി.

അപ്പോഴേക്കും വാർധക്യം അദ്ദേഹത്തെ പിടികൂടിയിരുന്നെങ്കിലും എല്ലാ പുരോഗമന പ്രസ്ഥാനങ്ങളെയും സഹായിച്ചുകൊണ്ട് ഊർജസ്വലമായ ഒരു ജീവിതമാണ് ഗ്യാൻചന്ദ് തുടർന്നത്. 1980-ൽ മകളെയും പേരക്കിടാങ്ങളെയും കാണാൻ അവസാനമായി അദ്ദേഹം ലണ്ടൻ സന്ദർശിച്ചു.

സ്വാതന്ത്ര്യാനന്തര കാലത്ത് ജനാധിപത്യത്തിനും പൗരസ്വാതന്ത്ര്യങ്ങൾക്കും സോഷ്യലിസത്തിനും വേണ്ടി അദ്ദേഹം പ്രവർത്തിച്ചു. അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയിലോ 1964ലെ പിളർപ്പിനുശേഷമുള്ള പാർട്ടികളിലോ അംഗമായിരുന്നില്ലെങ്കിലും എക്കാലത്തും അവയുടെ അടുത്ത സുഹൃത്തും ഉപദേശകനുമായി അദ്ദേഹം വർത്തിച്ചു. ലോകസമാധാനസമിതി, ഇന്തോ- സോവിയറ്റ് സാംസ്കാരികസമിതി മുതലായവയിൽ അദ്ദേഹം പ്രവർത്തിച്ചു.

1965-ൽ ഗ്യാൻചന്ദ് എഴുതി പ്രസിദ്ധീകരിച്ച *ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ സോഷ്യലിസ്റ്റ് പരിവർത്തനവും (Socialist Transformation of Indian Economy)* 1967-ൽ പ്രസിദ്ധീകരിച്ച *നാണയപ്പെരുപ്പമെന്ന വിപത്തും (The menace of Inflation)* ഭാരതത്തിന്റെ സമീപകാല സാമ്പത്തിക ദുരിതത്തിന്റെ കാരണവും പരിഹാരവും സംബന്ധിച്ച വിലപ്പെട്ട കൃതികളാണ്.

നെഹ്റുവിൽ നിന്ന് വീണ്ടും മുന്നോട്ട്

സാമ്പത്തികശാസ്ത്രത്തിലെ പല സാങ്കേതിക പണ്ഡിതൻമാരെയും പോലെ രാഷ്ട്രീയ പ്രശ്നങ്ങൾ ഗ്യാൻചന്ദ് തന്റെ സാമ്പത്തിക വിശകലത്തിൽനിന്നൊഴിച്ചുനിർത്തുന്നില്ല.

ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ സോഷ്യലിസ്റ്റ് പരിവർത്തനം 1964-ൽ നിര്യാതനായ തന്റെ സുഹൃത്ത് ജവഹർലാൽ നെഹ്റുവിന്റെ സ്മരണയ്ക്കാണ് ഗ്യാൻചന്ദ് സമർപ്പിക്കുന്നത്. പക്ഷേ നെഹ്റുവിന്റെ നയങ്ങളുടെയും വീക്ഷണത്തിന്റെയും പരിമിതിക്കു നേരെ ഗ്യാൻചന്ദ് കണ്ണടച്ചില്ല. അദ്ദേഹം അതിൽ പറയുന്നത് കേൾക്കൂ:

> ഈ വൈഷമ്യങ്ങളെല്ലാം ഉണ്ട് എന്നതു ശരിയാണ്. ഈ പുസ്തകത്തിൽ അവയെല്ലാം കഴിയുന്നത്ര വ്യക്തതയോടെയും ശക്തിയോടെയും വിവരിച്ചിട്ടുമുണ്ട്. ആ വൈഷമ്യങ്ങളെല്ലാം അത്യന്തം ദുർഘടമാണെങ്കിലും സോഷ്യലിസത്തിൽ വിശ്വസിക്കുകയും അതിനുവേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ ആ ദുർഘടമായ വൈഷമ്യങ്ങൾ കണ്ട് പിന്തിരിഞ്ഞു കൂടാ, ജവഹർലാൽ നെഹ്റുവിന്റെ സ്മരണയോടു കൂറുപുലർത്തുക എന്നാൽ അദ്ദേഹത്തിന്റെ കാലടിപ്പാടുകൾ പിന്തുടരുക മാത്രമല്ല. അദ്ദേഹത്തിന്റെ മഹൽഗുണങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ പരിമിതികൾ കൂടി മനസ്സിലാക്കി അതിനെ മറികടക്കുകകൂടി ചെയ്യണം. എന്നാൽ മാത്രമേ അദ്ദേഹത്തിന്റെ ലക്ഷ്യം സാക്ഷാൽക്കരിക്കാനാവൂ.

ഗ്യാൻചന്ദിന്റെ ശാസ്ത്രീയ വീക്ഷണത്തിലെ പിരിമിതികൾ കമ്യൂണിസ്റ്റുകാർക്കും വ്യക്തമാണെങ്കിലും ആത്മാർഥതയുള്ള പഴയ തലമുറയിലെ സോഷ്യലിസ്റ്റുകാരന്റെ ധീരമായ ശബ്ദം നമുക്കതിൽ കേൾക്കാൻ കഴിയുന്നു. ഇന്ത്യൻ സോഷ്യലിസത്തിന്റെ ആദിയും അന്തവും ജവഹർലാൽ നെഹ്റുവിൽ കണ്ട് ഫലത്തിൽ കൂത്തകവാഴ്ചയേയും ഐ.എം.എഫ്. വാഴ്ചയേയും താലോലിക്കുന്ന പ്രവണത ചുറ്റും കാണുമ്പോൾ എത്രയും വ്യത്യസ്തമായ ഒരു കാഴ്ചപ്പാടാണ് ഗ്യാൻചന്ദ് അവതരിപ്പിക്കുന്നത്.

ഐ.എം.എഫിനെതിരെ മുന്നറിയിപ്പ്

1967-ൽ നാണയപ്പെരുപ്പത്തെപ്പറ്റി എഴുതിയ കൃതിയിൽ ലോക സാമ്രാജ്യത്വത്തിന്റെയും ബഹുരാഷ്ട്രകുത്തകകളുടെയും അവയുടെ ഉപകരണ

മായ ഐ.എം.എഫിന്റെയും വലയിൽ കുരുങ്ങുന്നതിനെതിരെ ഗ്യാൻചന്ദ് താക്കീതു നൽകി. ഐ.എം.എഫിന്റെ ആദ്യകാലത്തു തന്നെ അതുമായി ബന്ധപ്പെട്ട ക്രാന്തദർശിയായ ഗ്യാൻചന്ദിന് അതിന്റെ അന്തർധാരകളും ഗൂഢ ലക്ഷ്യങ്ങളും മനസ്സിലായിട്ടുണ്ടായിരുന്നു.

ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ ഭിന്നിപ്പ് ഗ്യാൻചന്ദിനെ അന്ത്യ നാളുകളിൽ വേദനിപ്പിച്ചിരുന്നു.

ഇന്ത്യയിലെയും ലോകമാകെയും ഉള്ള സോഷ്യലിസ്റ്റ് പരിവർത്തനം കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കൈകാര്യകർത്തൃത്വവും നേതൃത്വവും കൂടാതെ സാധിക്കില്ലെന്ന് മനസ്സിലാക്കാനുള്ള ദാർശനികബുദ്ധിയും പ്രായോഗികാനുഭവവും അദ്ദേഹത്തിനുണ്ടായിരുന്നു. ഇന്ത്യയുടെ സോഷ്യലിസ്റ്റ് പരിവർത്തനത്തെക്കുറിച്ചുള്ള ഗ്രന്ഥത്തിൽ അക്കാര്യം ഗ്യാൻചന്ദ് ഊന്നി പ്രസ്താവിച്ചിട്ടുമുണ്ട്. അടുത്ത നാളുകളിൽ ഇന്ത്യയിൽ ഇടതുപക്ഷ ഐക്യം ശക്തിപ്പെട്ടുവരുന്നതിനെ പ്രതീക്ഷയോടും സംതൃപ്തിയോടെയുമാണ് അദ്ദേഹം നോക്കിക്കണ്ടത്.

സാമ്രാജ്യത്വജീർണതകളോട് ആഭിമുഖ്യം, ധനികവർഗത്തോട് വിധേയത്വം, മാർക്സിസത്തോട് വിരോധം, സർവോപരി താന്താങ്ങളുടെ പ്രത്യേക പഠനമണ്ഡലങ്ങളിൽ അപ്രാപ്തി-ഇവകൊണ്ട് ദുർബലവും മലീമസവുമായ ഇന്ത്യൻ അക്കാദമീയ ലോകത്തിലെ ചുരുക്കം പ്രകാശമാനമായ നക്ഷത്രങ്ങളിലൊന്നായിരുന്നു ഗ്യാൻചന്ദ്. ആ നക്ഷത്രം കാലഗതിയിൽ അനിവാര്യമായി പൊലിഞ്ഞെങ്കിലും അത് പരത്തിയ പ്രകാശം അത്രവേഗം അസ്തമിക്കുകയില്ല. ■

3. അവിസ്മരണീയനായ വിജയൻ; പ്രതിഭാവിലാസവും ആദർശധീരതയും



പാലക്കാട് ജില്ലയിലെ വിളയഞ്ചാത്തനൂരിൽ 1930 ജൂലായ് 2 ന് ജനിച്ചു. വേലായുധനും കമലാക്ഷിയും ആയിരുന്നു അച്ഛനമ്മമാർ. 1954 ൽ ചെന്നൈ പ്രസിഡൻസി കോളേജിൽ നിന്ന് എം.എ. പാസ്സായി. ആദ്യ ചെറുകഥ *പാപ്പു ഫാദർ ഡോൺസാലസ്* 1953ൽ ജയ കേരളം വാരികയിൽ അച്ചടിച്ചുവന്നു. 1955–58 കാലത്ത് കോളേജുകളിൽ അധ്യാപകൻ. 1958 ഒക്ടോബറിൽ ദില്ലിയിൽ ശങ്കേഴ്സ് വീക്ക്ലിയിൽ ചേർന്നു. 1963 ൽ *പേട്രിയറ്റ്* പത്രത്തിലും 1967 നുശേഷം *ഹിന്ദു സ്റ്റേറ്റ്സ്മാൻ* എന്നി പത്രങ്ങളിലും കാർട്ടൂണിസ്റ്റായി പ്രവർത്തിച്ചു. 1968ൽ *ഖസാക്കിന്റെ ഇതിഹാസം* മാതൃഭൂമി വാരികയിൽ ഖണ്ഡശഃപ്രസിദ്ധീകരണം ആരംഭിച്ചു. 1969ൽ *ഖസാക്ക്* പുസ്തകമായി പുറത്തിറങ്ങി. 1970 ൽ *ഓടക്കുഴൽ അവാർഡ്* ലഭിച്ചു. *ധർമപുരാണം* (1985), *തൂരുസാഗരം* (1987), *കടൽത്തീരത്ത്* (1988), *മധുരം ഗായതി* (1990), *തലമുറകൾ* (1997), എന്നിവ പ്രധാന കൃതികൾ. 1990 ൽ കേന്ദ്ര–കേരള സാഹിത്യ അക്കാദമി അവാർഡുകൾ, 1991–ൽ വയലാർ അവാർഡ്, 2001 എഴുത്തച്ഛൻ പുരസ്കാരം, 2003ൽ പദ്മഭൂഷൺ എന്നിവ ലഭിച്ചു. 2005 മാർച്ച് 30 ന് അന്തരിച്ചു. ഡോ. തെരേസാ ഗബ്രിയേൽ ആണ് ഭാര്യ.

ഓട്ടുപുലായ്ക്കൽ വേലുക്കുട്ടി വിജയൻ (1930–2005) നീണ്ടകാലത്തെ രോഗത്തിനുശേഷം നിര്യാതനായി എന്ന വാർത്ത മലയാളക്കരയിലെ സാഹിത്യത്തെയും സംസ്കാരത്തെയും ദരിദ്രമാക്കിയിരിക്കുന്നു. മലയാളത്തിലെന്നപോലെ ഇംഗ്ലീഷിലും തനതായ ലളിതമനോഹരശൈലിയുടെ ഉടമയായിരുന്ന വിജയന്റെ കൃതികൾ പുസ്തകങ്ങളായും ലേഖനങ്ങളായും വായിച്ചിട്ടുള്ള ആരാധകർ ഭാരതത്തിലുടനീളം ഉള്ളതിനാൽ അദ്ദേഹത്തിന്റെ തിരോധാനം മൂലമുള്ള നഷ്ടബോധം ഈ കൊച്ചുകേരളക്കരയിൽ ഒതുങ്ങുന്നില്ല.

ഇതിനൊക്കെ പുറമെ ഒരു ഹാസ്യചിത്രകാരൻ എന്ന നിലയിൽ വിജയന്റെ വരകളുടെ മൗലികമായ തീക്ഷ്ണതയും അവ ആവിഷ്ക്കരിക്കുന്ന ആശയങ്ങളുടെ നർമമധുരമായ ദാർശനിക ഗാംഭീര്യവും അനിതരസാധാ

രണം എന്നേ പറഞ്ഞുകൂടു. കാർട്ടൂൺ രംഗത്ത് ശങ്കറിനെയും ആർ.കെ. ലക്ഷ്മണനെപ്പോലെയും ജനപ്രീതീ നേടിയ അനേകരെയും ചിന്താബന്ധുരവും ലളിതസുന്ദരവുമായ സൃഷ്ടികൾകൊണ്ട് സാർവദേശീയപ്രശസ്തി നേടിയ അബു എബ്രഹാമിനെപ്പോലെയും പലരുമുണ്ടെങ്കിലും ആ നിരയിൽ വിജയന്റെ സ്ഥാനം ഒന്ന് പ്രത്യേകം തന്നെയാണ്. ഒരു പക്ഷേ *ഖസാക്കിന്റെ ഇതിഹാസം* (1969) എന്ന ആഖ്യായികയും *കടൽത്തീരത്ത് അരിമ്പാറ* തുടങ്ങിയ ഏതാനും ചെറുകഥകളും കഴിഞ്ഞാൽ വിജയന്റെ പ്രതിഭാവിലാസം (ജീനിയസ്) ഏറ്റവും ഉജ്ജ്വലമായി പ്രതിഫലിക്കുന്നത് അദ്ദേഹത്തിന്റെ കാർട്ടൂണുകളിലാണ് എന്ന് എനിക്ക് തോന്നുന്നു.

യൗവനാരംഭത്തിൽ ഒരു ഇടതുപക്ഷ രാഷ്ട്രീയ വിശ്വാസി ആയിട്ടാണ് വിജയൻ പൊതുജീവിതവും സാഹിത്യജീവിതവും ആരംഭിക്കുന്നത്. അദ്ദേഹത്തിന്റെ ആദ്യകാല കാർട്ടൂണുകളും കഥകളും ആദ്യം പ്രസിദ്ധീകൃതമാകുന്നത് 1950കളിലെ ദേശാഭിമാനിയിലാണ്. ചെന്നൈയിലെ പ്രശസ്തമായ പ്രസിഡൻസി കോളേജിൽ നിന്ന് ഉയർന്ന നിലയിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ മാസ്റ്റർ ബിരുദം നേടിയശേഷം അൽപകാലം മധുരയിലും പിന്നീട് പാലക്കാട്ടും കോളേജധ്യാപകനായി കഴിഞ്ഞശേഷം മലബാർ ക്രിസ്ത്യൻ കോളേജിൽ അധ്യാപകജോലി നിർവഹിച്ചുവരവെ ദേശാഭിമാനിയിലെ ഒരു നിത്യസന്ദർശകനായിരുന്നു വിജയൻ. എ.കെ.ജിക്കു പുറമെ പാലക്കാട്ട് പിൽക്കാലത്ത് സി.പി.ഐ.എം. ജില്ലാസെക്രട്ടറി ആയിരുന്ന കുഞ്ഞിരാമൻമാസ്റ്റർ, കോഴിക്കോട്ട് ദേശാഭിമാനിയുടെ ചുമതല വഹിച്ചിരുന്ന പി.ആർ. നമ്പ്യാർ, എം.കെ. കേളു തുടങ്ങിയ പല നേതാക്കളുടെയും സ്നേഹവാൽസല്യങ്ങൾ നേടാനും വിജയന് കഴിഞ്ഞിരുന്നു. കൂടാതെ പാലക്കാട്ട് തന്റെ ഗ്രാമത്തിലേയും ചുറ്റുപാടും ഉള്ള പ്രദേശങ്ങളിലേയും രാഷ്ട്രീയ സാമൂഹ്യപ്രവർത്തകരെ സൂക്ഷ്മദൃക്കും ഭാവനാസമ്പന്നനുമായ ആ യുവാവ് നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്തിരുന്നു. മദ്രാസ് സ്പെഷ്യൽ പൊലീസ് ഉദ്യോഗസ്ഥനായിരുന്ന പിതാവിന്റെ കൂടെ മലപ്പുറത്തെ പല മേഖലകളിലും താമസിച്ച കാലത്ത് പരിചയപ്പെട്ട പലരും പിൽക്കാലത്ത് വിജയന്റെ കഥാപാത്രങ്ങളായി തീർന്നിട്ടുണ്ട്. ഈ അടുപ്പങ്ങളും നിരീക്ഷണങ്ങളും ചെറുപ്പം തൊട്ടേയുള്ള വിപുലമായ വായനയും വിജയനെ കമ്യൂണിസ്റ്റ് അനുഭാവി ആക്കിയെങ്കിലും 1959ലെ കുപ്രസിദ്ധ കമ്യൂണിസ്റ്റ് വിരുദ്ധ 'വിമോചനവിപ്ലവ'ത്തെ തുടർന്ന് ശക്തിയാർജിച്ച കമ്യൂണിസ്റ്റ് വിരുദ്ധ സാഹിത്യ-ബൗദ്ധിക പ്രവർത്തനങ്ങൾ വിജയന്റെ നിലപാടുകളിൽ മാറ്റം വരുത്താൻ തുടങ്ങി.

1960കളുടെ ആദ്യം പ്രശസ്ത ഹാസ്യവാരികയായിരുന്ന *ശങ്കേഴ്സ് വീക്കിലി*യിൽ ചേരാനായി ദില്ലിയിൽ എത്തിയ വിജയൻ ഒന്നുരണ്ട് വർഷത്തിനുശേഷം പ്രസിദ്ധ ഇടതുപക്ഷ പ്രവർത്തകനായ അരുണാഅസഫലി

യുടെയും എടത്തട്ട നാരായണന്റെയും *ലിങ്ക്* വാരികയിലും പേട്രിയട്ട് ദിന പത്രത്തിലും പ്രവർത്തിച്ചിരുന്നു. ഈ സാഹചര്യങ്ങളിൽ വിജയന്റെ ഉള്ളിൽ വളർന്നുകൊണ്ടിരുന്ന കമ്യൂണിസ്റ്റ് വിരോധം അൽപം മന്ദീഭവിച്ചു. എങ്കിലും ഈ ഇടതുപക്ഷസാഹചര്യങ്ങളിൽനിന്ന് ബിർലയുടെ *ഹിന്ദുസ്ഥാൻ ടൈംസി* ലേക്കും ടാറ്റയുടെ *സ്റ്റേറ്റ്സ്മാനിലേക്കും* കൂടിയേറിയതോടെ ഇടതുപക്ഷ "രോഗ"ത്തിൽ നിന്ന് വിജയൻ വിമുക്തനായി. 1969 ൽ വിജയന്റെ *ഖസാക്കിന്റെ ഇതിഹാസം* എന്ന പ്രസിദ്ധമായ നോവൽ പുറത്തുവന്നു. 1970കളോടെ രൂപീകരിക്കപ്പെട്ട ദേശാഭിമാനി സ്റ്റഡി സർക്കിൾ യോഗങ്ങളിൽ അക്കാലത്തെ അത്യന്താധുനിക സാഹിത്യയത്നങ്ങൾക്കെതിരെ ഉയർന്ന വിമർശനങ്ങൾ ഖസാക്കിന്റെ നേരെയും തിരിഞ്ഞത് സ്വാഭാവികമായിരുന്നു. എം .ഗോവിന്ദൻ, അയ്യപ്പപ്പണിക്കർ, എം.വി. ദേവൻ തുടങ്ങിയവരുടെ കമ്യൂണിസ്റ്റ് വിരുദ്ധ പ്രചാരവേലയ്ക്കു പുറമെ മുകുന്ദൻ, കാക്കനാടൻ തുടങ്ങിയവരുടെ അക്കാലത്തെ അത്യാധുനിക ഫാഷൻ സൃഷ്ടികൾക്കെതിരെയും സ്റ്റഡി സർക്കിൾ പ്രവർത്തകർ വിമർശനങ്ങളുടെ കൂരമ്പുകൾ എയ്തു വിട്ടു.

1975ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയും എല്ലാവിധ പൗരസ്വാതന്ത്ര്യങ്ങളും നിഷേധിക്കുകയും ചെയ്തപ്പോഴാണ് ഒ.വി. വിജയനിലെ ആരോഗ്യകരവും ആദർശശുദ്ധവുമായ വികാരങ്ങൾ വീണ്ടും അണപൊട്ടിയൊഴുകാൻ തുടങ്ങിയത്. അക്കാലത്ത് അദ്ദേഹം കൽക്കത്തിലെ *സ്റ്റേറ്റ്സ്മാൻ* പത്രത്തിലെ കാർട്ടൂണിസ്റ്റും പംക്തികാരനുമായി പ്രവർത്തിച്ചുവരികയായിരുന്നു. അടിയന്തരാവസ്ഥയെ വിമർശിക്കുന്ന രണ്ടുമൂന്ന് കാർട്ടൂണുകൾ സെൻസർമാർ തിരസ്കരിച്ചതിനെ തുടർന്ന് അടിയന്തരാവസ്ഥ നിലനിൽക്കും കാലംവരെ താൻ കാർട്ടൂൺ വരയ്ക്കുകയില്ലെന്ന് വിജയൻ പ്രഖ്യാപിച്ചു. ഇതേ കാരണത്താൽ അദ്ദേഹം എഴുതിയ പംക്തികളും വെളിച്ചം കണ്ടില്ല. അടിയന്തരാവസ്ഥയെ ധീരമായി എതിർക്കുന്ന ഈ നിലപാട് അദ്ദേഹത്തിന് വ്യക്തിപരമായി പല അസൗകര്യങ്ങളും വരുത്തിവയ്ക്കുകയും ഉപജീവനത്തിനുപോലും വരുമാനം കണ്ടെത്താൻ നിവർത്തിയില്ലാതാക്കുകയും ചെയ്തു. അദ്ദേഹത്തെ അറസ്റ്റുചെയ്യാൻ ഇടയുണ്ടെന്ന വാർത്തപോലും പ്രചരിച്ചു. എന്നിട്ടും വിജയൻ അല്പംപോലും കൂലുങ്ങിയില്ല. പല സാഹിത്യസാംസ്കാരികനായകരും അടിയന്തിരാവസ്ഥയെ അനുകൂലിക്കുകയോ അല്ലെങ്കിൽ സ്ഥിരമായ മൗനം ഭജിക്കുകയോ ചെയ്തപ്പോൾ മഹാരാഷ്ട്രയിലെ ശ്രീമതി ദുർഗാ ഭഗവത്, കർണാടകത്തിലെ ശിവരാമകാരന്ത്, കേരളത്തിലെ മഹാകവി വൈലോപ്പിള്ളി തുടങ്ങി കൈവിരലിൽ എണ്ണാവുന്നവർ മാത്രമാണ് ഭവിഷ്യത്തുകളെ കൂസാതെ അടിയന്തരാവസ്ഥയെ എതിർക്കുവാൻ പരസ്യമായി മുന്നോട്ടുവന്നത്. അങ്ങനെ വന്നവരിൽ ഒരാളായിരുന്നു ഒ.വി. വിജയൻ എന്നത് അദ്ദേഹത്തിന് സവിശേഷമായ പേരും പെരുമയും നൽകി. ഈ അപകടകരമായ രാഷ്ട്രീയനിലപാ

ടെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച കാരണങ്ങളെക്കുറിച്ച് പലപ്പോഴും സുഹൃദ്സദസ്സുകളിൽ വിവാദം സൃഷ്ടിക്കാറുണ്ടായിരുന്നു. അതിനൊക്കെയുള്ള ന്യായീകരണം വിജയൻ പറയാറുള്ളത് ഇങ്ങനെയാണ്: കമ്യൂണിസത്തെയും കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലെ രാഷ്ട്രീയസംവിധാനങ്ങളെയും താൻ വിമർശിക്കുന്നതിന്റെ മുഖ്യകാരണം അവർ പൗരസ്വാതന്ത്ര്യങ്ങളെയും മനുഷ്യാവകാശങ്ങളെയും മാനിക്കുന്നില്ല എന്നതാണ്. ഇതേ കുറ്റംതന്നെ ഇന്ദിരാഗാന്ധി ചെയ്യുമ്പോൾ താനതിനെ എതിർക്കാതിരിക്കുന്നതെങ്ങനെ, താനൊരു രാഷ്ട്രീയപ്രവർത്തകനല്ല പക്ഷേ രാഷ്ട്രീയ പ്രശ്നങ്ങളെയും സംഭവങ്ങളെയും കുറിച്ചഭിപ്രായം പറയാൻ ആഗ്രഹിക്കുന്നു. അങ്ങനെ ആഗ്രഹിക്കുന്നവർ ചില തത്വങ്ങളിൽ-പ്രത്യേകിച്ച് മനുഷ്യാവകാശനിഷേധം, അഴിമതി, വർഗീയത, മതമൗലികത തുടങ്ങിയവയെ സംബന്ധിച്ച്-ഉറച്ചുനിൽക്കേണ്ടതുണ്ട്. തങ്ങൾ പ്രഖ്യാപിക്കുന്ന തത്ത്വങ്ങൾ തങ്ങൾക്കിഷ്ടമുള്ള ഭരണാധികാരികളോ പാർട്ടികളോ നിഷേധിച്ചാൽ അതിനെ എതിർക്കാത്തവർ ഉണ്ടായിരിക്കാം. തന്നെ ആ വിഭാഗത്തിൽ പെടുത്തേണ്ടതില്ല എന്നിങ്ങനെപോകുന്നു വിജയന്റെ വാദങ്ങൾ. ജനാധിപത്യത്തിന്റെയും പൗരാവകാശങ്ങളുടെയുംപേരിൽ പുരപ്പുറത്തുകയറി പ്രഖ്യാപനങ്ങൾ നടത്തുകയും അതിന്റെ പേരിൽ കമ്യൂണിസ്റ്റുകാരെ അടച്ചാക്ഷേപിക്കുകയും ചെയ്യുന്ന പല പ്രമുഖരും ഇന്ദിരാഗാന്ധിയുടെ അടിയന്തരാവസ്ഥ വന്നപ്പോൾ തകിടംമറിഞ്ഞ് അതിന്റെ പ്രചാരകരായി മാറിയ കാഴ്ച ഇനിയും മറക്കാറായിട്ടില്ല. വിജയന്റെ സുപ്രസിദ്ധമായ *ധർമപുരാണം* "അധോവായു" "പുരീഷം" മുതലായവയെ ഏറ്റവും പ്രാകൃതമായ ഭാഷയിൽ വിവരിക്കുന്നതിനാൽ വിമർശനവിധേയമായിട്ടുണ്ടെങ്കിലും അടിയന്തരാവസ്ഥ എന്ന വികൃതമായ രാഷ്ട്രീയാഭ്യാസത്തെ വിമർശിക്കാനാണ് ഈ അസാധാരണപദപ്രയോഗങ്ങൾ എന്നത് വിസ്മരിച്ചുകൂടാ. ഇങ്ങനെയൊക്കെയാണെങ്കിലും ചിലപ്പോൾ വിജയനും അപഥസഞ്ചാരത്തിൽപെട്ടുപോയിട്ടുണ്ട്. 1956ൽ ഹംഗറിയിൽ സോഷ്യലിസ്റ്റ് വ്യവസ്ഥക്കെതിരെ നടന്ന കലാപം അടിച്ചമർത്താൻ സോവിയറ്റ് ചുവപ്പുസേന പ്രവേശിച്ചതിനെ വിമർശിച്ച വിജയൻ വിയത്നാമിലെ അമേരിക്കൻ ആക്രമണത്തിന് ന്യായീകരണം കണ്ടെത്താൻ ചിലപ്പോൾ മുതിർന്നിട്ടുണ്ട്. കമ്യൂണിസ്റ്റുവിരുദ്ധ രാഷ്ട്രീയം പലരെയും വഴിതെറ്റിക്കുന്നതിന്റെ ഒരുദാഹരണമായിരുന്നു അത്.

1987 ൽ ഇ.എം.എസിന്റെ നേതൃത്വത്തിൽ സകലവിധ വർഗീയകക്ഷികളേയും ഒഴിച്ചുനിർത്തിക്കൊണ്ട് കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി തെരഞ്ഞെടുപ്പിൽ മൽസരിച്ചപ്പോൾ അതിനെ മുക്തകണ്ഠം പ്രശംസിച്ചവരിൽ ഒ.വി. വിജയനും പെടുന്നു. അപ്പോഴേക്കും ഒ.വി. വിജയൻ പോത്തൻകോട്ടെ ശാന്തിഗിരി ആശ്രമത്തിലെ കരുണാകരഗുരുവിന്റെ ഒരു ശിഷ്യനായി മാറുകയും പലവിധത്തിലുള്ള മിസ്റ്റിക് മതവിശ്വാസങ്ങൾക്ക്

കീഴ്പ്പെടുകയും ചെയ്തെങ്കിലും അദ്ദേഹം ഒരിക്കലും വർഗീയതയുടെ അനുകൂലിയായിരുന്നില്ല. കരുണാകരഗുരുവിന്റെ സ്വാധീനത്തെയും മഹത്വത്തെയും പ്രകീർത്തിക്കാൻ എഴുതിയ *ഗുരുസാഗരം* കൃതിയിൽ *ഖസാക്കിന്റെ ഇതിഹാസത്തിലെ* കാവ്യാത്മകമായ ശൈലി മാത്രമല്ല കഥാഘടനയിലെ ആകർഷകത്വവും അപ്രത്യക്ഷമായി. അദ്ദേഹത്തിന്റെ അവസാനകാല നോവലുകൾ പലതും ഇപ്രകാരം ദാർശനിക സമസ്യകളും പ്രത്യയശാസ്ത്രശാഠ്യങ്ങളുംകൊണ്ട് നിർഭരമായതിനാലായിരിക്കാം വിജയന്റെ പ്രസിദ്ധമായ ശിൽപചാതുരി മാഞ്ഞുപോയതായി കാണുന്നത്. അതുകൊണ്ട് നേരത്തെ സൂചിപ്പിച്ചതുപോലെ വിജയന്റെ ഭാവി പ്രശസ്തി *അരിമ്പാറ* പോലുള്ള അദ്ദേഹത്തിന്റെ ചെറുകഥകളിലും രാഷ്ട്രീയമായി യാഥാസ്ഥിതികം ആണെങ്കിലും രചനാസൗകുമാര്യംകൊണ്ട് ഉദാത്തമായ *ഖസാക്കിന്റെ ഇതിഹാസത്തിലും* ഒതുങ്ങുമെന്ന് പറയേണ്ടിയിരിക്കുന്നു.

വിപുലമായ വായനയും ഗഹനമായ മനനവും ഒന്നിലേറെ ഭാഷകളിലും ഒന്നിലേറെ മാധ്യമങ്ങളിലും അദ്ദേഹം പ്രകടിപ്പിച്ച ആവിഷ്കാരപ്രതിഭയും ഒ.വി. വിജയനെ മറ്റ് സമകാലിക സാഹിത്യകാരൻമാരിൽനിന്നും വേർതിരിച്ചു നിർത്തുന്നു. ഇവിടെ ചൂണ്ടിക്കാട്ടിയ പോരായ്കൾകൊണ്ട് മലയാള സാഹിത്യചരിത്രത്തിലെ അദ്ദേഹത്തിന്റെ സവിശേഷസ്ഥാനത്തിന് ഒരു കുറവും വരുത്തുന്നില്ല. അദ്ദേഹത്തിന്റെ കാർട്ടൂണുകളിൽ എന്നപോലെ പല കൃതികളിലും റോബർട്ട് ബ്രൗണിങ്ങിന്റെ കവിതകളിൽ എന്നപോലെ ദാർശനികപക്ഷത്തിന് മുൻതൂക്കം ലഭിക്കുമ്പോൾ അതേ അളവിൽ കലാസൗന്ദര്യത്തിന് മങ്ങലേൽക്കുന്നുവെന്ന് പറയാൻ പലരും മടിക്കുന്നതിന്റെ കാരണം അദ്ദേഹത്തിന്റെ അവസാനകാലത്തെ അവസ്ഥയായിരിക്കാം. മലയാള സാഹിത്യചരിത്രത്തിനും ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പത്രപ്രവർത്തനത്തിനും അവിസ്മരണീയമായ സംഭാവനകൾ നൽകിയ ഒ.വി. വിജയന്റെ സ്മരണയ്ക്കുമുമ്പിൽ എല്ലാ സാഹിത്യപ്രേമികളോടുമൊപ്പം ആദരാഞ്ജലികൾ അർപ്പിക്കുന്നു. ■

4. ഉത്പൽദത്തിന്റെ അപ്രതിമാന പ്രഭ



1929 മാർച്ച് 29 ന് ഇപ്പോഴത്തെ ബംഗ്ലാദേശിൽപെടുന്ന ബരിസാൽ എന്ന സ്ഥലത്ത് ജനിച്ചു. കൊൽക്കൊത്ത സെന്റ് സേവിയേഴ്സ് കോളേജിൽ നിന്ന് ഇംഗ്ലീഷിൽ ബിരുദം നേടി. ബംഗാളി നാടക വേദിയിൽ സജീവമായി. ബർതോൾഡ് ബ്രെഹ്തിന്റെ "എപിക് തിയറ്റർ" എന്ന ആശയം ഇന്ത്യയിൽ പ്രചാരത്തിലെത്തിച്ചതിന് പിന്നിലെ പ്രധാനി. സത്യജിത് റേ ഉൾപ്പടെയുള്ളവരുടെ ചിത്രങ്ങളിൽ വേഷമിട്ടു. കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകൻ എന്ന നിലയിൽ പാർട്ടിയുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് തെരുവ് നാടകങ്ങൾ അവതരിപ്പിച്ചു. ഇതിനിടയിൽ കമ്യൂണിസ്റ്റ് ബന്ധം ചൂണ്ടി പല തവണ ജയിലിൽ അടയ്ക്കപ്പെട്ടു. *തിനർ തൊലാർ മനുഷർ ബാഘിക്കാരെ* എന്നിവ ഉൾപ്പടെ നിരവധി നാടകങ്ങൾ അവതരിപ്പിക്കുകയും 40 ഓളം ചിത്രങ്ങളിൽ വേഷമിടുകയും ചെയ്തു. 1993 ആഗസ്റ്റ് 19 ന് കൊൽക്കൊത്തയിൽ അന്തരിച്ചു. ബാവു കലാകാരിയായ ശോഭാസെൻ ആയിരുന്നു.

ആധുനിക ഭാരതത്തിലെ അത്യുന്നത നാടക പ്രതിഭയായിരുന്ന ഉത്പൽദത്ത് ഇപ്പോൾ ബംഗ്ലാദേശിൽപ്പെടുന്ന ബരിസാഗ എന്ന സ്ഥലത്ത് ജനിച്ചു. ദത്തിന്റെ നാടകങ്ങൾ ഭൂരിപക്ഷവും മാതൃഭാഷയായ ബംഗാളിയിലായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ പ്രശസ്തിയും സ്വാധീനവ്യാപ്തിയും ബംഗാളിൽ ഒതുങ്ങുന്നില്ല. ഇന്ത്യയിലാകെ മാത്രമല്ല ഇന്ത്യക്കുപുറത്തും അദ്ദേഹത്തിന്റെ പ്രതിഭാപ്രസരം നാടകചിന്തകരെയും നാടകപ്രേമികളെയും ഹഠാദാകർഷിക്കുകയുണ്ടായി. ഈ ആകർഷണം ആകർഷണമായി മാത്രം പരിമിതപ്പെടാതെ ഈ രംഗത്തെ സ്വാധീനപ്രഭാവമായി ഭാവിയിൽ തുടരും.

ഇന്ത്യയിലും ഇന്ത്യക്കുപുറത്തും ഉത്പൽദത്ത് പ്രശസ്തിയുടെ ആദ്യ പടവുകൾ ചവിട്ടിക്കയറിയത് ഷേക്സ്പിയറിലൂടെയാണ്. ഷേക്സ്പിയറുടെ കൃതികളിലും പ്രതിഭയിലും വിദ്യാഭ്യാസകാലത്തുതന്നെ ആകൃഷ്ടനായ

ഉത്പൽദത്താണ് ലോകവ്യാപകമായി നടന്ന ഷേക്സ്പിയറുടെ നാലാം ശതാബ്ദിയാഘോഷവേളയിൽ ഇന്ത്യയുടെ സംഭാവനയെ മഹത്തരമാക്കിയത്. *ഷേക്സ്പിയർവാല* എന്ന ദത്തിന്റെ നാടകത്തിന് പുറമെ *ഹാംലെറ്റ്* തുടങ്ങിയ മഹൽക്ലാസിക്കുകളിലും ദത്ത് അഭിനയിച്ചു. അവയിൽ ചിലവ പരമ്പരാഗത ബ്രിട്ടീഷ് സമ്പ്രദായത്തിൽ നിന്ന് വ്യത്യസ്തമായി തന്റേതായ ശൈലിയിൽ സംവിധാനം ചെയ്യുകയുമുണ്ടായി.

എതിരില്ലാത്ത അവഗാഹം

ചലച്ചിത്രത്തിലും നാടകത്തിലും നടനും സംവിധായകനും സംഘാടകനും (പ്രൊഡ്യൂസർ) എന്ന നിലകളിൽ അതുല്യനായിരുന്ന ഉത്പൽ ദൃശ്യകലകളിൽ പൊതുവെയും രംഗകലകളിൽ പ്രത്യേകിച്ചും അസൂയാവഹമായ അവഗാഹമാണ് നേടിയിരിക്കുന്നത്; ക്ലാസിക്കൽ ഗ്രീക്ക് നാടകവും ഇംഗ്ലീഷ് നവോത്ഥാന നാടകവും പ്രാചീന ഭാരതീയ നാടകവേദിയും നാടോടിനാടകങ്ങളുമെല്ലാം അദ്ദേഹത്തിന്റെ പഠനത്തിനും വിശകലനത്തിനും വിശദീകരണത്തിനും വിധേയമായി.

ആധുനിക യൂറോപ്യൻ നാടകവേദിയിൽ ഹെൻറിക് ഇസ്ബൻ തൊട്ട് ബെർത്തോൾട് ബ്രെഹത് വരെയുള്ള നാടകപ്രസ്ഥാന പരിണാമമെല്ലാം ഉത്പൽ പഠിക്കുകയും സ്വാംശീകരിക്കുകയും ചെയ്തു. വിപ്ലവകാരിയും മാർക്സിസ്റ്റുമായ ഉത്പൽദത്തിനെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് പ്രശസ്ത ജർമ്മൻ മാർക്സിസ്റ്റും 20-ാം നൂറ്റാണ്ടിലെ വിശ്വനാടകവേദിയിലെ അതികായനുമായ ബ്രെഹത്തും അദ്ദേഹത്തിന്റെ എപിക് തിയേറ്റർ പ്രസ്ഥാനവും തന്നെ.

ബ്രെഹത്തിന്റെ "എപിക്" നാടകവേദിയും ബംഗാളിലെ പരമ്പരാഗത നാടോടി നാടകമായ "യാത്ര" (ജാത്ര)കളിലും സമഞ്ജസമായി സമ്മേളിപ്പിച്ച് തന്റേതായ ഒരു ഭാരതീയ നാടകസങ്കല്പം ഉത്പൽദത്ത് ആവിഷ്കരിച്ചു.

20-ാം നൂറ്റാണ്ടിന്റെ ഉത്തരാർഥത്തിൽ ഭാരതീയ രംഗകലയ്ക്ക് നവമാനങ്ങൾ നൽകിയ ശംഭുമിത്ര, ബാദൽസർക്കാർ, അൽക്കാസി, ബി.വി. കാരന്ത്, ഗിരീഷ്കർണാഡ്, കോമൾസ്വാമിനാഥൻ തുടങ്ങിയവരുടെ നിരയിൽ മൗലിക പ്രതിഭകൊണ്ടും പഠനംകൊണ്ടും ബഹുമുഖത്വം കൊണ്ടും പ്രഥമഗണനീയൻ ഉത്പൽദത്താണ് എന്നുപറഞ്ഞാൽ അതിനെ വിഭിന്നരാഷ്ട്രീയക്കാർ പോലും അധികപ്പറ്റായി കരുതില്ല.

ചലച്ചിത്രത്തിലെ ഭാവാഭിനയം

സത്യജിത്റായി, മൃണാൾസെൻ, ഗൗതംഘോഷ് തുടങ്ങിയ നവീന

സിനിമാപ്രണേതാക്കളുടെ ചിത്രങ്ങളിൽ വിജയകരമായി അഭിനയിച്ച ഉൽപൽദത്ത് അത്രമോശമല്ലാത്തതെങ്കിലും "കമേഴ്സ്യൽ"എന്ന് വിശേഷിപ്പിക്കാവുന്ന ചിത്രങ്ങളിലും അവിസ്മരണീയമായ കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടുണ്ട്. പലപ്പോഴും പണത്തിന് ഞെരുക്കം നേരിട്ടപ്പോൾ ബോംബെയിലെത്തി ചില ചിത്രങ്ങളിൽ അഭിനയിച്ച് കിട്ടുന്ന പണവുമായി കൽക്കത്തയിലെത്തി തന്റെ തനതായ രംഗത്ത് വ്യാപൃതനാവുക ഉത്പലിന്റെ പതിവായിരുന്നു. പിൽക്കാലത്ത് തന്റെ നാടകങ്ങളുടെ വമ്പിച്ച വിജയംമൂലം അത്തരം ഇടവേളകൾ ആവശ്യമില്ലാതായി.

ഇന്ത്യൻ ചലച്ചിത്രരംഗത്തെ നവതരംഗത്തിന് 1960കളുടെ അവസാനം വഴിതെളിച്ച മൃണാൾസെന്നിന്റെ "ഭുവൻഷോമിലെ" മുഖ്യകഥാപാത്രത്തെ അവതരിപ്പിച്ചത് ഉത്പൽദത്താണ്. റിട്ടയർ ചെയ്യാറായ മനുഷ്യപ്പറ്റില്ലാത്ത വനും അച്ചടക്കക്കാരനും അന്തർമുഖനുമായ ഒരു മുതിർന്ന ഉദ്യോഗസ്ഥ പ്രമാണി വേട്ടക്കായി മലമ്പ്രദേശത്ത് ഗ്രാമത്തിലെത്തുന്നതും അവിടെ നിഷ്കളങ്കയും ശാലീനയുമായ ഒരു ഗ്രാമീണ ബാലികയുമായി കണ്ടുമുട്ടുന്നതും ആ വാത്സല്യം മുരടനായ വൃദ്ധബ്യൂറോക്രാറ്റിൽ മാനവികതയുടെയും സ്നേഹത്തിന്റെയും നെയ്ത്തിരി കൊളുത്തുന്നതും മറ്റുമാണ് കഥ. "സെലിബ്രേഷൻ ഓഫ് ഹ്യൂമാനിറ്റി" (മാനവികതയുടെ പ്രഘോഷണം) എന്നുപറയാവുന്ന ആ കഥയിലെ നായകൻ ആ ബാലികയെ എന്നപോലെ കാണികളെയും കൂടെക്കൂടെ പൊട്ടിച്ചിരിപ്പിക്കും-മനുഷ്യഹൃദയത്തിന്റെ അനന്തഗഹരങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകും.

ഉത്പൽ പലപ്പോഴും സ്വീകരിക്കുക ആദർശകഥാപാത്രങ്ങളുടെ വേഷമല്ല. മുതലാളിമാർ, കരിഞ്ചന്തക്കാർ, വിഡ്ഢികളായ സേട്ടുമാർ, മുരടനായ ബ്യൂറോക്രാറ്റ്, സങ്കുചിത ബുദ്ധിയായ പണ്ഡിതമന്യൻ എന്നിങ്ങനെ പോകുന്ന ഉത്പലിന്റെ ഏറ്റവും നല്ല വേഷങ്ങൾ.

രാഷ്ട്രീയ നാടകാചാര്യൻ

പല രംഗങ്ങളിലും വ്യക്തിമുദ്ര പതിച്ചിട്ടുണ്ടെങ്കിലും ഭാവിതലമുറകൾ ഉത്പൽദത്തിനെ ഓർമ്മിക്കുക അദ്ദേഹത്തിന്റെ നാടകരംഗത്തെ സംഭാവനകളെ മുൻനിർത്തിയായിരിക്കും. നാടക സൗന്ദര്യശാസ്ത്രത്തെയും അതിന്റെ രാഷ്ട്രീയമൂല്യത്തെയും കുറിച്ചുള്ള ദത്തിന്റെ കൃതികൾ മാർക്സിസ്റ്റ് കലാസിദ്ധാന്തത്തിന് മൗലികമായ സംഭാവനയാണ്. അദ്ദേഹത്തിന്റെ വിവിധ കൃതികളിൽ *ടുവേർഡ്സ് എ റവല്യൂഷനറി തിയേറ്റർ* (വിപ്ലവനാടകവേദിയിലേക്ക്) ഒരു സൈദ്ധാന്തിക ക്ലാസിക്കാണ്. 1978ൽ ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച *നാടകം: അണിയറയിലും അരങ്ങിലും* എന്ന സംവാദരൂപത്തിലുള്ള കൃതി, നാടകത്തിന്റെ ദർശനം, ഭാഷാ ശാസ്ത്രം, രാഷ്ട്രീ

യം, അവതരണരീതികൾ, സാങ്കേതിക സജ്ജീകരണങ്ങൾ എന്നിവയെല്ലാം രസകരവും വിജ്ഞേയവുമായി വിവരിക്കുന്നു.

ഇതിവൃത്തം സാമൂഹ്യമോ ചരിത്രപരമോ കുടുംബപരമോ എന്തായാലും ആത്യന്തികമായി ഏത് നാടകവും രാഷ്ട്രീയാർത്ഥം ഉൾക്കൊള്ളുന്നു എന്നും നിലവിലുള്ള മൂല്യവ്യവസ്ഥയേയും അധികാരഘടനയെയും സ്പർശിക്കാത്ത ഒരു നാടകവുമില്ലെന്നുമുള്ള മാർടിൻ എസ്സ്‌ലിന്റെ അഭിപ്രായം ഉത്പൽ കൂടുതൽ യുക്തിയുക്തമായി സമർത്ഥിക്കുകയും തന്റെ നാടകങ്ങളിലൂടെ സിദ്ധവൽക്കരിക്കുകയും ചെയ്യുന്നു.

തന്റെ സഹപ്രവർത്തകയും വാസനാസമ്പന്നയായ കലാകാരിയും ആയ ശോഭാസെന്നുമായി ചേർന്ന് ഉത്പൽ സ്ഥാപിച്ച ന്യൂ ലിറ്റിൽ തിയേറ്റർ ഗ്രൂപ്പ്, ഒരു നാടകക്കളരിയും നാടകാവതരണസംഘവുമായിരുന്നു. ഇന്ത്യൻ പീപ്പിൾസ് തിയേറ്ററിൽ നിന്ന് രാഷ്ട്രീയ നാടകത്തിന്റെയും ജനകീയകലയുടെയും ആദ്യപാഠങ്ങൾ ഹൃദിസ്ഥമാക്കിയ ഉത്പൽദത്ത് തന്റെ ഗ്രൂപ്പിലൂടെ ഭാരതീയ നാടകവേദിയേയും നാടകകാഴ്ചപ്പാടിനെയും സമ്പന്നമാക്കിക്കൊണ്ട് രാഷ്ട്രീയാവബോധത്തിന്റെയും കലാമേൻമയുടെയും ഉയർന്ന തലങ്ങൾ ചവിട്ടിക്കയറി.

രാഷ്ട്രീയരംഗത്ത് ഉറച്ച കമ്യൂണിസ്റ്റായി നിലകൊണ്ട ദത്തിന് പാർട്ടി പിളർന്നപ്പോൾ സിപിഐ(എം)ൽ ചേരാൻ ഏറെയൊന്നും ആലോചിക്കേണ്ടിവന്നില്ല. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ മിതവാദവുമായി കണക്കു തീർത്തു പിരിഞ്ഞ കൽക്കത്തയിലെ 7-ാം കോൺഗ്രസ് പ്രതിനിധികൾക്കായി ദത്ത് പ്രത്യേകം പ്രദർശിപ്പിച്ച അദ്ദേഹത്തിന്റെ ചലച്ചിത്രം പലരും മറന്നിരിക്കാൻ ഇടയില്ല, ഖനിത്തൊഴിലാളികളുടെ ജീവിതവും സമരവും ഇതിവൃത്തമായ ആ ചലച്ചിത്രം സിപിഐ(എം) സ്ഥാപക കോൺഗ്രസിൽ തികച്ചും പ്രസക്തമായി.

1967-68 കാലത്ത് അൽപം നക്സലൈറ്റ് രോഗം ഉത്പലിനെയും ബാധിക്കാതിരുന്നില്ല. പക്ഷേ, അധികം താമസിയാതെ അദ്ദേഹം രോഗവിമുക്തനായി രാഷ്ട്രീയാരോഗ്യം വീണ്ടെടുത്തു. അദ്ദേഹത്തിന്റെ "തീർ" (ശരം) എന്ന പ്രശസ്തമായ നാടകം നക്സൽ സാഹസികതയെ ന്യായീകരിക്കാനെഴുതി അവതരിപ്പിച്ചതാണെങ്കിലും ഗോത്രവർഗക്കാരുടെ ജീവിതവും സമരവും ആവിഷ്ക്കരിക്കുന്ന ആ ശിൽപം അത്യന്തം ഉത്തേജകമായ ഒരു സൃഷ്ടിയാണ്.

ഉറച്ച മാർക്സിസ്റ്റ് ലെനിനിസ്റ്റായിരുന്ന ഉത്പൽദത്തിന്റെ നാടകങ്ങളിൽ രാഷ്ട്രീയം കൃത്രിമമായ ഒരു വച്ചുകെട്ടായിരുന്നില്ല. അനായാസവും അകൃത്രിമവുമായി രാഷ്ട്രീയാർത്ഥം അദ്ദേഹത്തിന്റെ സൃഷ്ടികളിൽ

നിന്ന് ഉരുത്തിരിഞ്ഞ് പ്രേക്ഷകന്റെ അവബോധതലത്തിൽ ചലനമുണ്ടാക്കുന്നു. അതുകൊണ്ട് ലക്ഷ്യബോധത്തോടെ രചിക്കപ്പെടുന്ന പല കലാസൃഷ്ടികൾക്കും വന്നുപോകാറുള്ള കലാശിൽപ വൈകല്യമോ കൃത്രിമത്വമോ അവയെ തീണ്ടുന്നുപോലുമില്ല. അവയുടെ രാഷ്ട്രീയ പ്രമേയം അംഗീകരിക്കാത്തവരെയും അദ്ദേഹത്തിന്റെ സൃഷ്ടികൾ ആകർഷിക്കും. വിശ്വാസികളുടെ നിലപാടുകൾ ഉറപ്പിക്കുന്നതിനേക്കാൾ അവിശ്വാസികളുടെ പോർച്ചട്ട പിളർന്ന് അവരുടെ ഹൃദയത്തിലേക്ക് പ്രവേശിക്കുന്നതിലാണ് ഉത്പൽദത്തിന്റെ നാടകവിജയം.

അദ്ദേഹത്തിന്റെ നാടകങ്ങളിൽ വച്ച് ഏറ്റവും പ്രശസ്തമെന്ന് വിളിക്കാവുന്ന "കല്ലോൽ" (തരംഗം) തന്നെ എടുക്കുക. 1946ലെ മഹത്തായ നാവിക കലാപമാണ് വിഷയം. സാമ്രാജ്യവാഴ്ചയുടെ രൂക്ഷതയും വിപ്ലവസൈനികരുടെ സമരവീര്യവും തൊഴിലാളിവർഗത്തിന്റെ സാഹോദര്യവും ദേശീയ നേതൃത്വത്തിന്റെ ചാഞ്ചാട്ടവും വഞ്ചനയും എല്ലാം അവതരിപ്പിക്കുമ്പോഴും കലാപൂർണിമയിൽ ലേശംപോലും കളങ്കമേൽക്കുന്നില്ല. അതുകൊണ്ടാണത് ലിറ്റിൽ തിയേറ്റർ ഗ്രൂപ്പ്വക "മിനർവ" നാടകശാലയിൽ 500ൽ അധികം ദിവസം തുടർച്ചയായി കളിച്ചത്. പിൽക്കാലത്ത് കൽക്കത്തയിൽ പാർക്കാനൊരു വീട് ഉത്പലും ശോഭയും പണിയിച്ചപ്പോൾ അതിന് നൽകിയ പേരും "കല്ലോൽ".

ഉത്പലിന്റെ പേര് കേട്ട മറ്റൊരു സൃഷ്ടി "അംഗാർ" (തീക്കട്ട)യാണ്. ബംഗാൾ-ഒറീസ മേഖലകളിലെ കൽക്കരിത്തൊഴിലാളികളുടെ ആപൽക്കരവും ദുരിതമയവുമായ ജീവിതവും സമരങ്ങളും ആവിഷ്ക്കരിക്കുന്ന അംഗാറിന്റെ വർഗാർഥ പ്രസക്തിയും രംഗാവിഷ്കാര കൗശലവും കണ്ടുതന്നെ അറിയേണ്ടതാണ്.

ഉത്പൽദത്തിന്റെ "തിത്താഷ് ഏക് ധി നദിർനാം" (തിത്താഷ് എന്ന പേരുള്ള ഒരു നദിയുണ്ടായിരുന്നു) എന്ന നാടകം ആ പേർ സൂചിപ്പിക്കുന്നതുപോലെ വിഷാദമയമായ ഒരു ദുരന്തകഥയാണ്. ഇന്ത്യ വിഭജനത്തിന്റെ ഭാഗമായി ബംഗാളിന്റെ ഹൃദയം പിളർന്ന ദുരന്തകഥ. ചിരിച്ചും കളിച്ചും പണിയെടുത്തും ഹിന്ദുമുസ്ലീം ജനങ്ങൾ ഏകോദരസഹോദരങ്ങളെപ്പോലെ കഴിഞ്ഞിരുന്ന ഒരു ഗ്രാമമാകെ അപ്രത്യക്ഷമായി, കൂട്ടക്കൊലയിലൂടെയും അഭയാർത്ഥി പ്രവാഹത്തിലൂടെയും ഒടുവിലിതാ നദിയും വറ്റിവരണ്ടു.

"ഒക്ടോബർ വിപ്ലവം" "വിയത്നാം പോരാട്ടം" തുടങ്ങിയ സാർവദേശീയ വിഷയങ്ങളും ദത്ത് നാടകങ്ങളിൽ ഭംഗിയായി കൈകാര്യം ചെയ്തിട്ടുണ്ട്. ദത്തിന്റെ "വിയത്നാം നാടകം" പരേതനായ സി.കെ. സോമൻ വിവർത്തനം ചെയ്തത് "ചിന്ത" പ്രസാധകർ മലയാളത്തിൽ കൊണ്ടുവന്നിട്ടുണ്ട്.

അത്യധികം ചെലവും പ്രയത്നവും ആവശ്യമുള്ള രംഗസംവിധാനങ്ങളും ചമയങ്ങളും ആവശ്യമായവയോടൊപ്പം അത്യന്തം ചെലവുകുറഞ്ഞ രംഗസംവിധാനത്തോട് കൂടിയ നാടകങ്ങളും ദൈനംദിന രാഷ്ട്രീയത്തിൽ ഇടപെടാൻ സമർത്ഥമായ തെരുവുനാടകങ്ങളും ദത്ത് അവതരിപ്പിച്ചിട്ടുണ്ട്. കാലാനുവർത്തിയായ ക്ലാസിക്കുകളായിരിക്കണം തന്റെ സകലകൃതികളും എന്ന വാശിയൊന്നും ഒരു "പൊളിറ്റിക്കൽ ആക്ടിവിസ്റ്റായ" "ആക്ടിവിസ്റ്റ് ഷോമേൻ"എന്ന് സ്വയം വിശേഷിപ്പിച്ച് അഭിമാനം കൊണ്ട ഉത്പൽദത്തിനില്ലായിരുന്നു. രംഗകലയും വർഗരാഷ്ട്രീയവും ആയി ബന്ധപ്പെട്ട ഒന്നും തനിക്കന്യമല്ല എന്ന് അദ്ദേഹം ഉറക്കെ പ്രഖ്യാപിച്ചു.

നിർഭാഗ്യവശാൽ ഉത്പൽദത്തിന്റെ നാടകങ്ങൾ സാധാരണ മലയാളികൾക്ക് കേരളത്തിൽ കാണാൻ കഴിഞ്ഞിട്ടില്ല. ഒരു ഉത്പൽ നാടകോത്സവം കേരളത്തിൽ ആഘോഷിക്കാൻ 1970കളിൽ നാം നടത്തിയ ശ്രമം വിഫലമായി. അത്തരമൊരുത്സവം രാഷ്ട്രീയനാടകവേദിക്ക് പല സംഭാവനകളും നൽകിയ കേരളത്തിൽപോലും ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കിയേനെ. അദ്ദേഹത്തിന്റെ ജീവിതകാലത്ത് കഴിയാതിരുന്നത് ജീവിതകാല ശേഷമെങ്കിലും കഴിഞ്ഞാൽ അതൊരു വലിയ നേട്ടമായിരിക്കും. ■

5. ആധുനിക നിരൂപണത്തിന്റെ പഞ്ചമഹാസരണികളും ജോസഫ് മുണ്ടശ്ശേരിയും



1903 ജൂലൈ 17 ന് തൃശൂരിലെ കണിമംഗലം കടവിൽ മുണ്ടശ്ശേരി വീട്ടിൽ കുഞ്ഞുവറീത് തോട്ടിൽ ഇട്ടിച്ചി ദമ്പതികളുടെ മകനായി പിറന്നു. കണിമംഗലം കടവ് മഹാസ്കൂൾ, തൃശൂർ സെന്റ് തോമസ് കോളേജ്, തൃശ്ശിനാപള്ളി സെന്റ് ജോസഫ്സ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. 1926 ൽ ഭൗതികശാസ്ത്രത്തിൽ ബിരുദവും, 1928 ൽ മലയാളത്തിൽ എം.എ. ബിരുദവും നേടി. 1928 മുതൽ തൃശൂർ സെന്റ് തോമസ് കോളേജിൽ അദ്ധ്യാപകൻ. മുൻമുഖ്യമന്ത്രി സി. അച്യുതമേനോൻ അദ്ദേഹത്തിന്റെ വിദ്യാർത്ഥി ആയിരുന്നു. ചൈനാ സന്ദർശനത്തെത്തുടർന്ന് 1952ൽ മുണ്ടശ്ശേരിയെ മാനേജ്മെന്റ് കോളേജിൽ നിന്ന് പിരിച്ചുവിട്ടു. *ചിന്താമൃതി* (1928) എന്ന കവിതാസമാഹാരം ആണ് ആദ്യ കൃതി. തുടർന്ന് വിശ്വവിഹാരം (1934) *സ്മാരകം* (1943), *കടാക്ഷം* (1944) *കൊന്തയിൽ നിന്ന് കുരിശിലേക്ക്* (1952) തുടങ്ങിയ നിരവധി കൃതികൾ രചിച്ചു. *കൊഴിഞ്ഞ ഇലകൾ* (1960–76) എന്ന ആത്മകഥയും രചിച്ചു. *മാറ്റൊലി* (1943) *അന്തരീക്ഷം* (1944) *കാവ്യപീഠിക* (1945) *രൂപഭദ്രത* (1951) *രാജരാജന്റെ മാറ്റൊലി* (1961) *നാടകാന്തം കവിത്വം* (1962) തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന വിമർശനകൃതികൾ. കൊച്ചിരാജ്യപ്രജാമണ്ഡലത്തിലൂടെ സജീവ രാഷ്ട്രീയ രംഗത്തിറങ്ങിയ അദ്ദേഹം കൊച്ചി നിയമസഭാംഗമായിരുന്നു. 1957 ലെ ആദ്യത്തെ കേരള മന്ത്രിസഭയിൽ കയ്യൂണിസ്റ്റ് സ്വതന്ത്രനായി വിജയിച്ച് കേരളത്തിന്റെ പ്രഥമ വിദ്യാഭ്യാസമന്ത്രിയായി. 1959 ൽ മന്ത്രിസഭയെ കേന്ദ്രസർക്കാർ പിരിച്ചുവിട്ടു. ഈ കാലയളവിൽ മുണ്ടശ്ശേരി മാസ്റ്റർ അവതരിപ്പിച്ച വിദ്യാഭ്യാസ ബില്ലിനെതിരെ കോൺഗ്രസ്സും ജാതിമത കൂട്ടുകെട്ടും ചേർന്നു നടത്തിയ വിമോചന സമരത്തെ തുടർന്നാണിത്. 1960–70 മംഗളോദയം മാസികയിലും *നവജീവൻ* പത്രത്തിലും പത്രാധിപരായി പ്രവർത്തിച്ചു. 1972 ൽ കൊച്ചി സർവകലാശാല രൂപീകൃതമായപ്പോൾ അതിന്റെ പ്രഥമ വൈസ് ചാൻസലറായി നിയമിതനായി. പുരോഗമനസാഹിത്യ സംഘടനയുടെയും സാഹിത്യ പരിഷത്തിന്റെയും മാർഗദർശിയായി പ്രവർത്തിച്ചിട്ടുണ്ട്. കത്രീനയായിരുന്നു ഭാര്യ. 1977 ഒക്ടോബർ 25ന് അന്തരിച്ചു.

അധ്യാപകപ്രവരൻ, വിദ്യാഭ്യാസ വിചക്ഷണൻ, സഹകരണപ്രസ്ഥാന മാർഗദർശി, ഭരണധുരന്ധരൻ, ഉജ്ജ്വലനായ വാഗ്മി, ശൈലീവല്ലഭൻ, കൃത

ഹസ്തനായ സാഹിത്യകാരൻ, സാഹിത്യ നിരൂപകശ്രേഷ്ഠൻ എന്നീ വിവിധ നിലകളിൽ പ്രഖ്യാതനായ വ്യക്തിയാണ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി (1903-1977). അദ്ദേഹത്തിന്റെ അനൗപചാരിക ശിഷ്യനും, വളരെ അടുത്ത അനുയായിയും വിവിധ രംഗങ്ങളിൽ സഹപ്രവർത്തകനും ആയി പ്രവർത്തിക്കാൻ ഭാഗ്യമുണ്ടായ ഒരാളാണ് എളിയവനായ ഈ ലേഖകൻ. വിവിധ രംഗങ്ങളിൽ മഹാനായ ആ ഗുരുനാഥൻ നൽകിയ സംഭാവനകൾ വിശദീകരിച്ച് വിലയിരുത്താൻ മോഹമുണ്ടെങ്കിലും തൽക്കാലം ഈ ലേഖനത്തിന്റെ പരിധിയിൽ ഒതുങ്ങുംവിധം മലയാള സാഹിത്യനിരൂപണചരിത്രത്തിൽ അദ്ദേഹത്തിനുള്ള അനുപമമായ സ്ഥാനം കണ്ടെത്താനുള്ള ഒരു ശ്രമം മാത്രമാണ് ഇവിടെ നടത്താൻ ഉദ്ദേശിക്കുന്നത്.

അഞ്ചു ഘട്ടങ്ങൾ

മലയാളത്തിലെ സാഹിത്യനിരൂപണപ്രസ്ഥാനത്തിന്റെ ആദ്യത്തേതും ആധികാരികവുമായ ചരിത്രം എഴുതിയ ഡോ. സുകുമാർ അഴീക്കോട് ആ പ്രസ്ഥാനത്തിന്റെ പുരോഗതിയുടെ കാലനിർണയം ചെയ്തിരിക്കുന്നത് ഇങ്ങനെയാണ്:

പൂർവഘട്ടം (പ്രാചീനയുഗം) 1890-ന് മുമ്പ്
പ്രാരംഭഘട്ടം (കേരളവർമയുഗം) 1890-1911
പ്രതിഷ്ഠാഘട്ടം (രാജരാജയുഗം) 1912-1936
വികാസഘട്ടം (ത്രിമൂർത്തിയുഗം) 1937-1965
നവീനഘട്ടം (വർത്തമാനയുഗം) 1965-നു ശേഷം
(*മലയാള സാഹിത്യവിമർശനം*, ശുകപുരം: 1981)

ഈ ഘട്ടവിഭജനത്തോട് പൊതുവേ എനിക്ക് യോജിപ്പുണ്ടെങ്കിലും ചില പ്രധാന ഭേദഗതികൾ നിർദേശിക്കാനുണ്ട്. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും ആധുനികതയുടെയും ജനകീയതയുടെയും അനിവാര്യഘടകമായ ഗദ്യ വികാസത്തിന് നേതൃത്വം നൽകിയ മഹാനായിരുന്നു കേരള വർമ വലിയകോയിത്തമ്പുരാൻ എങ്കിലും സാഹിത്യനിരൂപണരംഗത്ത് അദ്ദേഹത്തിന്റെ സംഭാവനകൾ ചില ആനുഷംഗികമായ പരാമർശങ്ങളിലും ആശ്രിതവാത്സല്യപ്രേരിതമായ അവതാരികകളിലും ഒതുങ്ങുന്നു എന്ന വസ്തുത അഴീക്കോടും സമ്മതിക്കുന്നുണ്ട്. അങ്ങനെയിരിക്കെ നിരൂപണപ്രസ്ഥാനത്തിന്റെ ഘട്ടനിർണയത്തിൽ ഒന്നിന് അദ്ദേഹത്തിന്റെ പേർ നൽകുന്നത് സമീചീനമാണ് എന്ന് തോന്നുന്നില്ല. അഥവാ ഭാഷാ സാഹിത്യസാമ്രാട്ട് എന്ന നിലയിൽ ആ കാലഘട്ടത്തിൽ സർവാദരണീയനായി നിറഞ്ഞു നിന്നിരുന്നത് കേരള വർമയായിരുന്നതിനാൽ നിരൂപണമായാലും മറ്റേത് സാഹിത്യശാഖയായാലും ആ കാലഘട്ടത്തിന് അദ്ദേഹത്തിന്റെ നാമധേയം നൽകു

ന്നതിൽ തെറ്റില്ല എന്ന് വാദിച്ചാൽ അത് കുറെയൊക്കെ യുക്തിസഹം ആയിരിക്കാം. അങ്ങനെയായാലും അഴീക്കോട് തന്നെ വിവരിക്കുന്ന പ്രകാരം ആധുനിക സമ്പ്രദായത്തിലുള്ള ലക്ഷണമൊത്ത സാഹിത്യനിരൂപണങ്ങൾക്ക് തുടക്കം കുറിച്ച സി.പി. അച്യുതമേനോന്റെ *വിദ്യാവിനോദിനി* പ്രസിദ്ധീകരിച്ച് തുടങ്ങിയ 1889-നെ ആ ഘട്ടത്തിന്റെ ആദ്യ വർഷമായി കണക്കാക്കുകയാണ് ഉത്തമം. പക്ഷേ പ്രാരംഭഘട്ടം എന്ന് വിശേഷിപ്പിക്കപ്പെടുന്ന 1890-1911 എന്നത് ചെറിയൊരു ഭേദഗതിയോടെ 1889 ആക്കണം എന്ന് നിർദേശിക്കുന്നു. ഇത് ഒരു വർഷത്തിന്റെ മാത്രം നിസാരപ്രശ്നമല്ല. ഈ ഭേദഗതി നിർദേശിക്കുന്നതിലൂടെ മലയാള സാഹിത്യനിരൂപണത്തിന്റെ ആദ്യപഥികസ്ഥാനം കേരളവർമയിൽ നിന്ന് സി.പി. അച്യുതമേനോനിലേക്ക് മാറ്റുക എന്നതും ഉൾപ്പെടുന്നു. അതേസമയം ഘട്ടത്തിന്റെ ആകെ നേതൃത്വം കേരളവർമയിൽ നിലനിറുത്തുന്നതു വഴി അദ്ദേഹത്തിന്റെ ബഹുമുഖ സംഭാവനകളെ ആദരിച്ചു എന്ന് സമാധാനിക്കുകയും ചെയ്യാം.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിന്റെ സമാപ്തിക്ക് തൊട്ട് മുമ്പും പിമ്പുമായി നടന്ന ആശാന്റെ *വീണപൂവി*ന്റെയും *നളിനി*യുടെയും പ്രസിദ്ധീകരണം, ദ്വിതീയാക്ഷരപ്രാസവാദ കോലാഹലത്തിന്റെ സമാപനം, *സ്വദേശാഭിമാനി* രാമകൃഷ്ണപിള്ളയുടെ നാടുകടത്തൽ, രാജരാജവർമയുടെ *സാഹിത്യസാഹ്യം* എന്ന പ്രഥമ ഗദ്യസാഹിത്യലക്ഷണഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം, *നളിനിക്ക്* അദ്ദേഹം എഴുതിയ ഹ്രസ്വമെങ്കിലും അർഥപൂർണമായ അവതാരിക തുടങ്ങിയ സംഭവങ്ങൾ കണക്കിലെടുക്കുമ്പോൾ 1912 മുതൽ 1936 വരെ ഉള്ള കാലയളവിനെ സാഹിത്യനിരൂപണചരിത്രത്തിലെ രാജരാജവർമയുഗം എന്ന് നാമകരണം ചെയ്തതിലെ യുക്തി അനിഷേധ്യം ആണ്. ഒന്നോ രണ്ടോ കൊല്ലം തുടക്കത്തിലും ഒടുക്കത്തിലും അങ്ങോട്ടോ ഇങ്ങോട്ടോ വേണമെങ്കിൽ രുചിഭേദം അനുസരിച്ച് മാറ്റണമെങ്കിൽ ആവാം എന്നുമാത്രം.

1937-ലെ വഴിത്തിരിവ്

ഈ നാലാം ഘട്ടത്തിന്റെ ആരംഭവർഷം 1937 ആയി അഴീക്കോട് നിശ്ചയിച്ചതിൽ പ്രകടമാകുന്ന ഉൾക്കാഴ്ചയും ചരിത്രാവബോധവും പ്രശംസനീയമാണ്. കാരണം നമ്മുടെ രാഷ്ട്രീയവും സാംസ്കാരികവും ആയ ചരിത്രത്തിലെ ഒരു വലിയ വഴിത്തിരിവിനെ ആണ് 1937 കുറിക്കുന്നത്. രാഷ്ട്രീയരംഗത്ത് മലബാർ ഉൾപ്പെടെയുള്ള മദിരാശി പ്രവിശ്യയിൽ സി. രാജഗോപാലാചാരിയുടെ നേതൃത്വത്തിൽ കോൺഗ്രസ് സർക്കാരിന്റെ അരങ്ങേറ്റം തിരുവിതാംകൂറിലും കൊച്ചിയിലും സ്റ്റേറ്റ് കോൺഗ്രസ്-പ്രജാമണ്ഡലങ്ങളുടെ രൂപീകരണവും ഉത്തരവാദഭരണപ്രക്ഷോഭണത്തിന്റെ തുടക്കവും കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഥമ കേരള ഘടകത്തിന്റെ രൂപീകരണം തുടങ്ങിയ സുപ്രധാന സംഭവങ്ങൾ ഈ വർഷവുമായി ബന്ധപ്പെട്ടിരിക്കുന്നു. തൊട്ടു മുമ്പിലത്തെ വർഷമാണ് തിരുവിതാംകൂറിലെ ക്ഷേത്ര പ്രവേശന വിളംബരം

നടന്നത്. സാഹിത്യരംഗത്ത് ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ *വാഴക്കുല*യും വൈലോപ്പിള്ളി ശ്രീധരമേനോന്റെ *മാമ്പഴവും* പുതിയ കാവ്യാഭിരുചിക്ക് തുടക്കം കുറിച്ചു കഴിഞ്ഞിരുന്നു. സാഹിത്യനിരൂപണരംഗത്തെ യാഥാസ്ഥിതിക പ്രതിഭകളിൽ മഹോന്നതൻ ആയിരുന്ന സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ള അന്തരിച്ചതും, സാഹിത്യനിരൂപണരംഗത്തെ പുതിയ *പ്രവണതകൾ* പ്രോത്ഘാടനം ചെയ്ത *കേസരി* ബാലകൃഷ്ണപിള്ളയുടെ *രൂപമഞ്ജരി* പ്രസിദ്ധീകൃതമായതും ഈ വർഷം തന്നെ. രാജരാജ ശിഷ്യരായിരുന്ന ഇരുവരും പ്രഗത്ഭമതികളായ നിരൂപക ശ്രേഷ്ഠരായിരുന്നെങ്കിലും പി.കെ. ക്ലാസിക് പാരമ്പര്യത്തിൽപെട്ട യാഥാസ്ഥിതികനും *കേസരി* ആധുനിക ചിന്താതരംഗങ്ങളുടെ പ്രചാരകനായ കലാപകാരിയും ആയിരുന്നു. *രാജരാജീയം* എന്ന കൃതിയിലൂടെ *കേസരി* തന്റെ ഗുരുവിനോടുള്ള ബൗദ്ധിക കടപ്പാട് വിളംബരം ചെയ്തപ്പോൾ രാജരാജന്റെ *കേരള പാണിനീയ*ത്തിന് പ്രൗഢമായ അവതാരിക എഴുതി ഗുരുവിന്റെ വ്യാകരണ സിദ്ധാന്തപരിഷ്കാരത്തിൽ പരാങ്മുഖത്വം സൂചിപ്പിച്ച് ഗുരുദക്ഷിണ നൽകിയ പി.കെ., രാജരാജ പാരമ്പര്യത്തോട് ഭംഗ്യന്തരേണ വിടപറയുകയായിരുന്നു. പി.കെ., സാഹിത്യ പഞ്ചാനനൻ അല്ല മറിച്ച് സാഹിത്യജാംബവാനാണ് എന്ന കേസരിയുടെ കൊല്ലം സാഹിത്യപരിഷത്ത് പ്രഖ്യാപനം ഇരുവരും തമ്മിലുള്ള ധ്രുവദൈർഘ്യം വ്യക്തമാക്കി.

മലയാള സാംസ്കാരിക രംഗത്തിൽ പൊതുവേയും സാഹിത്യരംഗത്ത് പ്രത്യേകിച്ചും അന്നുമുതൽ ഇന്നേവരെ സജീവ സാന്നിധ്യവും പ്രഭാവ കേന്ദ്രവും ആയി തുടരുന്ന പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ ആദ്യ രൂപമായ ജീവൽസാഹിത്യസംഘം രൂപംകൊണ്ടതും 1937ലാണ്. പുരോഗമന സാഹിത്യത്തെയും മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തെയും കുറിച്ച് മലയാളത്തിലെ പ്രഥമലേഖനം ആ വർഷമാണ് *മാതൃഭൂമി* വാരികയിലൂടെ പ്രസിദ്ധീകൃതമായത്. ഇപ്പോഴും വിവാദവിഷയമായ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഇ.എം.എസിന്റെ ആ ലേഖനത്തെ ആറ് പതിറ്റാണ്ടിലേറെ പിന്നിട്ടിട്ടും കാലഹരണദോഷം ബാധിച്ചിട്ടില്ല.

ഈ നാലാം ഘട്ടത്തിന്റെ പ്രമുഖ സാഹിത്യ നിരൂപണപ്രതിഭകളായി എം.പി. പോളിനെയും ജോസഫ് മുണ്ടശ്ശേരിയെയും കുട്ടിക്കൃഷ്ണമാരാരെയും മാത്രം അംഗീകരിച്ച് കേസരിയെ അൽപം താഴ്ത്തിക്കെട്ടുന്ന പ്രതീതി ഉളവാക്കിയതും ഇ.എം.എസിനെ പറ്റി പൂർണമൗനം ഭജിച്ചതും അഴീക്കോടിന്റെ വിലയിരുത്തലിന് സംഭവിച്ച വൈകല്യമാണ്.

കേസരിയും ഇ.എം.എസും

കേസരിയുടെ മഹത്വത്തെയും സാഹിത്യനിരൂപക സംഭാവനകളെയും വളരെ വിശദമായി തന്നെ അഴീക്കോട് ഉപന്യസിക്കുന്നുണ്ട്. അതിലെ പല നിഗമനങ്ങളോടും എനിക്ക് യോജിപ്പാണ്. പക്ഷേ ഈ വിശദമായ വിശകല

നത്തിന് ശേഷം അദ്ദേഹത്തിന്റെ നിരൂപണപ്രസ്ഥാനം ഒരു 'പരാജയമായിരുന്നു' എന്ന അഴീക്കോടിന്റെ അന്തിമനിഗമനം അംഗീകരിക്കാനാവില്ല. അഴീക്കോട് എഴുതുന്നു:

> അന്നുവരെ ആംഗലവാണിയുടെ ചേലാഞ്ചലം കൊണ്ട് മറഞ്ഞു കിടന്നിരുന്ന വിശ്വസാഹിത്യത്തെ മലയാളിയുടെ കാഴ്ചയ്ക്ക് വിഷയമാക്കി കൊടുത്തത് അദ്ദേഹത്തിന്റെ വിജ്ഞാനവൈപുല്യമായിരുന്നു. പാശ്ചാത്യധാരണയനുസരിച്ചുള്ള വിശ്വവിജ്ഞാനഗരിഷ്ഠമായ ഒരാധുനിക മനസ്സിനെ ആദ്യമായി കേരളം കണ്ടുമുട്ടുന്നത് അദ്ദേഹത്തിലാണ്. ആ ഉന്നതമായ മനസ്സിനോട് ഇടപഴകിയ അനേകം ചെറുമനസ്സുകൾ പശ്ചിമ സംസ്കൃതിയുടെ മഹാർഘമൂല്യങ്ങൾ കണ്ടെത്തി. അനേകം അബദ്ധബുദ്ധികളെ അദ്ദേഹം സ്വതന്ത്രമാക്കി. അദ്ദേഹം യഥാർത്ഥത്തിൽ സാഹിത്യകാരനായിരുന്നില്ല. അന്നത്തെ സാഹിത്യകാരൻമാരുടെ വീക്ഷണചക്രവാളമായിരുന്നു. അദ്ദേഹം വിമർശകനായിരുന്നില്ല. വിമർശകൻമാരുടെ വിജ്ഞാനാന്തരീക്ഷമായിരുന്നു. ഏതെങ്കിലും ഒരു കാലഘട്ടത്തിലെ പാശ്ചാത്യ പ്രഭാവം മുഴുവൻ ഒരൊറ്റ വ്യക്തിയിലൂടെ മലയാള സാഹിത്യത്തിലേക്ക് ഒഴുകി വന്നിരുന്നുവെന്ന് പറയാമെങ്കിൽ അത് ബാലകൃഷ്ണപിള്ളയിലൂടെ മാത്രമാണ്. പക്ഷേ അദ്ദേഹം ഇവിടെ കടത്തിവിട്ട ആ വിജ്ഞാനസംസ്കാരകണങ്ങളിൽ വലിയൊരു ഭാഗം കേരളീയ ബുദ്ധിയുടെ മണ്ണിൽ ലയിക്കാതെ കട്ടപിടിച്ചു കിടക്കുന്നു. നമ്മുടെ സാംസ്കാരിക ജീവിതത്തിൽ ബാലകൃഷ്ണപിള്ളയുടെ പ്രതിഭയ്ക്ക് നേരിടേണ്ടി വന്ന ഈ ദുർവിലേയതയാണ് അദ്ദേഹത്തിന്റെ സാഹിത്യവിമർശനത്തിന്റെ പരാജയത്തിന്റെ നിദാനം എന്ന് ആരും സമ്മതിക്കും.

ഈ ഖണ്ഡികയിലെ ആദ്യഭാഗം തന്നെ അവസാനത്തെ നിഷേധാത്മകമായ വിധിയെ നിരാകരിക്കുന്നു. അഴീക്കോട് ചൂണ്ടിക്കാട്ടുന്ന ദുർഗ്രഹതയും ദൗർബല്യങ്ങളും എല്ലാം ഉണ്ടായിട്ടും കേസരി ബാലകൃഷ്ണപിള്ള അദ്ദേഹത്തിന്റെ ജീവിതകാലത്ത് എന്നപോലെ നാല് പതിറ്റാണ്ട് പിന്നിട്ട് ഇപ്പോഴും മലയാള മനസ്സിനെ പ്രബുദ്ധവും പ്രക്ഷുബ്ധവും ആക്കിക്കൊണ്ട് 21-ാം നൂറ്റാണ്ടിലും തുടരുന്നു എന്ന വസ്തുത ആർക്കും നിഷേധിക്കാൻ ആവുകയില്ല.

കേസരിയെ യഥാസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നതിൽ പാകപ്പിഴ മാത്രമേ പറ്റിയുള്ളൂ എങ്കിൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ അപ്പാടെ അവഗണിച്ചത് ഗുരുതരമായ അബദ്ധം തന്നെയായിരുന്നു. 1937-ലെ സാംസ്കാരികവും

രാഷ്ട്രീയവും ആയ വഴിത്തിരിവിൽ അന്ന് 28 വയസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ എങ്കിലും ഇ.എം.എസ്. നിർണായകമായ പ്രഭാവ കേന്ദ്രമായിരുന്നു എന്ന് അന്ന് മനസിലാക്കാൻ പലർക്കും കഴിഞ്ഞിരുന്നില്ല എന്നത് സ്വാഭാവികം. പക്ഷേ പതിറ്റാണ്ടുകൾ പിന്നിട്ട് അഴീക്കോട് ഈ കൃതി രചിക്കുമ്പോഴേക്കും അത് സർവസമ്മതമായ സാധാരണ വസ്തുതയായി മാറിക്കഴിഞ്ഞിരുന്നു-രാഷ്ട്രീയത്തിലും സാംസ്കാരിക ജീവിതത്തിലും മാത്രമല്ല സാഹിത്യത്തിലും സാഹിത്യനിരൂപണചരിത്രത്തിലും സത്യം മറിച്ചായിരുന്നില്ല. ജീവൽസാഹിത്യസംഘത്തിന്റെ രൂപീകരണത്തിലും അത് പ്രതിനിധീകരിച്ച പുതിയ സാഹിത്യ പരിപ്രേക്ഷ്യത്തിന്റെ ആവിഷ്കരണത്തിലും നേതൃത്വപരമായ പങ്കാണ് ഇ.എം.എസ്. വഹിച്ചത്. മലയാളത്തിലെ മാർക്സിസ്റ്റ് നിരൂപണത്തിന്റെ ഉപജ്ഞാതാവും അദ്ദേഹം തന്നെ. മാർക്സിസത്തോട് തീരെ യോജിപ്പ് ഇല്ലാത്തവർക്ക്പോലും മലയാള സാഹിത്യ നിരൂപണത്തിന്റെ ചരിത്രത്തിൽ ഈ നിരൂപണ പ്രസ്ഥാനത്തെ അവഗണിക്കാൻ കഴിയില്ല. ഇ.എം.എസിനോട് കടുത്ത എതിർപ്പുള്ള കേരള ചരിത്രകാരന് പോലും അദ്ദേഹം രണ്ടു തവണ കേരള മുഖ്യമന്ത്രി ആയിരുന്നു എന്ന വസ്തുത രേഖപ്പെടുത്താതെ കേരള ചരിത്രം എഴുതാൻ കഴിയുമോ എന്ന് പറയുന്നതു പോലെതന്നെ.

ഈ വസ്തുതകൾ എല്ലാം പരിഗണിക്കുമ്പോൾ 1937 മുതൽ 1965 വരെയുള്ള മലയാള നിരൂപണപ്രസ്ഥാന ചരിത്രത്തിലെ നാലാം ഘട്ടത്തിൽ ത്രിമൂർത്തിയുഗം എന്ന പേരിനെക്കാൾ യുക്തിയുക്തമായത് പഞ്ചമൂർത്തിയുഗം എന്നായിരുന്നു. കേസരി ബാലകൃഷ്ണപിള്ള, എം.പി. പോൾ, കുട്ടിക്കൃഷ്ണമാരാർ, ജോസഫ് മുണ്ടശ്ശേരി, ഇ.എം.എസ്. നമ്പൂതിരിപ്പാട് എന്നീ അഞ്ച് മൂർത്തികളുടെ യുഗം. ഇവരിൽ മുണ്ടശ്ശേരിയെക്കുറിച്ച് മാത്രമേ ഈ ലേഖനത്തിന്റെ പരിധിയിൽ വിലയിരുത്തേണ്ടതുള്ളൂ.

പഞ്ചമൂർത്തികളിൽ പ്രമുഖൻ

മലയാള സാഹിത്യനിരൂപണത്തിലെ പഞ്ചമൂർത്തികൾ എന്ന് നാം വിശേഷിപ്പിച്ച കേസരിയും പോളും മാരാരും മുണ്ടശ്ശേരിയും ഇ.എം.എസും അടിസ്ഥാനപരമായി ഈഷൽ ഭേദങ്ങളോടെ ഒരേ മൂല്യങ്ങളെയാണ് പ്രതിനിധീഭവിച്ചതെന്നും അവ സാഹിത്യത്തിലെ നവോത്ഥാന മൂല്യങ്ങൾക്ക് അനുരോധം ആയിരുന്നു എന്നും പറയുമ്പോൾ അത്ര സൂക്ഷ്മമായി പ്രശ്നം പരിശോധിക്കാത്തവർക്ക് പെട്ടെന്ന് ബോധ്യമായി എന്നു വരില്ല. ഇ.എം.എസിന്റെ രാഷ്ട്രീയത്തെയും ദർശനത്തെയും പുരോഗമനസാഹിത്യ പരിപ്രേക്ഷ്യത്തെയും അടിമുടി എതിർക്കുക എന്നത് ജീവിതവ്രതമായി പ്രഖ്യാപിച്ച മാരാരുടെ മൂല്യബോധവും ഒന്നാണെന്ന് പറയുന്നത് അസംബന്ധമല്ലേ. പ്രധാനമായും സംസ്കൃതത്തിലെ ആലങ്കാരിക സിദ്ധാന്തങ്ങളെ ആശ്രയിച്ച് സാഹിത്യനിരൂപണം നടത്തി വന്ന മാരാരും പാശ്ചാത്യ നവോത്ഥാന

ചിന്തയുടെ മകുടമായ മാർക്സിസത്തെ ആശ്രയിച്ചുതന്നെ സാഹിത്യദർശനങ്ങൾ രൂപപ്പെടുത്തിയ ഇ.എം.എസും തമ്മിൽ എന്തു ബന്ധം എന്നും ആരെങ്കിലും ചോദിച്ചുകൂടായ്കയില്ല. എന്നാൽ *ഭാരതപര്യടനം രാജാങ്കണം* തുടങ്ങിയ മാരാരുടെ കൃതികൾ വായിക്കുന്നവരെ അത്ഭുതപ്പെടുത്തിയേക്കാവുന്ന വസ്തുത മുഖ്യമായും പ്രാചീനസംസ്കൃതസാഹിത്യ ചിന്തകളെ മുൻനിറുത്തി മാരാർ പുരാണകഥകളെയും കഥാപാത്രങ്ങളെയും വിലയിരുത്തുമ്പോൾ അദ്ദേഹം ആധുനികരെക്കാൾ ആധുനികനായി പ്രത്യക്ഷപ്പെടുന്നു എന്ന വസ്തുതയാണ്. *രാജാങ്കണ*ത്തിലെ *വാൽമീകിയുടെ രാമൻ* എന്ന പ്രബന്ധം ആരംഭിക്കുന്നത് നോക്കുക:

> ഉടലിലെമ്പാടും ഗോപിമൺചന്ദനങ്ങൾ കൊണ്ട് ശ്രീരാമ പാദമുദ്രകുത്തി, ശിരസ്സിനുമേലെ ഉയർത്തിപ്പിടിച്ച കൂപ്പുകൈയും ഭക്തിഭാവലഹരിയാൽ അടഞ്ഞുകൂമ്പിയ കണ്ണുമായി 'രാമഭദ്ര, ജയ രാജ ചന്ദ്ര, ജയ!' എന്ന് അത്യുച്ചത്തിൽ സ്തുതിഗീതമുതിർത്തുകൊണ്ട് ചൂഴ്ന്നുനിന്ന് ആനന്ദനൃത്തം തുള്ളുന്ന തുളസീദാസാദി ഭക്തകവികളെയും അവരുടെ ശിഷ്യൻമാരായ രാമായണ വ്യാഖ്യാതാക്കൻമാരെയും ഒട്ടകലെ മാറ്റി നിർത്തിയിട്ടു വേണം, നാം ആദികവിയായ വാൽമീകി ഋഷിയുടെ ലോകോത്തരകാവ്യത്തിലെ നായകനായ രാമചന്ദ്രൻ തിരുവടിയെ നോക്കിക്കാണുക. അവരുടെയെല്ലാം ഇടയിൽ നിൽക്കുമ്പോൾ അദ്ദേഹം, ഏതോ ദിവ്യലോകത്തിൽ നിന്നിറങ്ങിവന്നു മനുഷ്യരുടെ ഇടയിൽവച്ച് ഓരോ മായാവിദ്യകൾ കാട്ടി നമ്മുടെ ഭക്തിപൂജകളാകുന്ന പ്രതിഫലവും വാങ്ങിക്കൊണ്ടു സഞ്ചരിക്കുന്ന ഒരു ദിവ്യപുരുഷൻ മാത്രമാണ്-കുട്ടികൾക്കും വൃദ്ധകൾക്കും അന്തിക്കിരുന്ന് ഉരുക്കഴിക്കാവുന്ന ഒരു നാമവും, അമ്പലങ്ങളിൽ പ്രതിഷ്ഠിക്കാവുന്ന ഒരു രൂപവും പണ്ട് മനുഷ്യത്വസ്പർശമില്ലാതെ പെരുമാറുന്ന ദിവ്യപ്രഭാവമാത്രമായ ഒരു നിഴൽ (പുറം 69-1947).

തുടർന്ന് ഈ ഭക്തകവികളിൽ നിന്നെല്ലാം വ്യത്യസ്തമായി ആദി കവി വാൽമീകി, രാമനെ (വാൽമീകി *രാമായണത്തിൽ* ശ്രീരാമൻ എന്ന പ്രയോഗം ഇല്ല രാമൻ എന്നു മാത്രം) മഹാനായ രാജാവ് എങ്കിലും മനുഷ്യ സാധാരണമായ ദൗർബല്യങ്ങൾ ഉള്ള പച്ച മനുഷ്യനായി *രാമായണത്തിൽ* ഉടനീളം വിവരിച്ചത് എങ്ങനെ എന്ന് സമർത്ഥിക്കുന്നു. ഒന്നു രണ്ടു തവണ രാമൻ വിഷ്ണുവിന്റെ അവതാരമാണെന്ന് പരാമർശം ഉണ്ടെങ്കിലും പച്ച മനുഷ്യനായ രാമനാണ് വാൽമീകിയുടെ കഥാപുരുഷൻ. *രാമായണത്തിൽ* എന്നപോലെ *മഹാഭാരതത്തിലും*, ദൈവകഥാസങ്കീർത്തകർ എന്നതിലുപരി മനുഷ്യകഥാനുഗായികൾ ആയിട്ടാണ് വാൽമീകിയും വ്യാസനും അവരുടെ മഹാകാവ്യങ്ങൾ രചിച്ചത് എന്ന് മാരാർ അദ്ദേഹത്തിന് മാത്രം കഴിയുംവിധം

സ്ഥാപിക്കുന്നു. ഇതുപോലെ പ്രാചീനവും അർവാചീനവും ആയ കൃതികളെ കുറിച്ചുള്ള മാരാരുടെ നിരൂപണങ്ങളിൽ ആധുനിക അഭിരുചിയും മാനവിക മൂല്യങ്ങളും അനാവരണം ചെയ്യപ്പെടുന്നത് കാണാൻ വിഷമമില്ല.

മറ്റ് നാലുപേരും പുരോഗമനസാഹിത്യ പ്രസ്ഥാനവുമായി ആശയതലത്തിലും സംഘടനാ തലത്തിലും ബന്ധപ്പെട്ടവരായിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. എങ്കിലും അവർ തമ്മിലും പല രുചിഭേദങ്ങളും സൈദ്ധാന്തിക തർക്കങ്ങളും നടന്നിട്ടുണ്ട്. ചിലപ്പോൾ അവ രൂക്ഷവും പരസ്പര വിദ്വേഷം വമിക്കുന്നത് എന്നുപോലും തോന്നാവുന്ന നിലവാരത്തിൽ എത്തിയിട്ടുണ്ട്. എങ്കിലും പുരോഗമനസാഹിത്യപ്രസ്ഥാനം വളർത്തുന്നതിലും അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ മുറുകെ പിടിക്കുന്നതിലും ജീവിതാന്ത്യം വരെ അവർ അലംഭാവം പ്രകടിപ്പിച്ചിട്ടില്ല. 1948-ലെ പുരോഗമന സാഹിത്യ സംഘത്തിലെ പിളർപ്പിനെ തുടർന്ന് ഉണ്ടായ പരസ്യ വിവാദങ്ങൾപോലും പിൽക്കാലത്ത് മന്ദീഭവിച്ചതായി കാണാൻ കഴിയും.

ഈ നാലുപേരും ഭാരതീയ സാഹിത്യ സിദ്ധാന്ത പാരമ്പര്യത്തെ ആദരിച്ചിരുന്നവരാണ്. തങ്ങളുടെ കൃതികളിൽ ഈ ആദരം പ്രകടമാകാറും ഉണ്ട്. എങ്കിലും കേസരിയെ ആധുനിക പാശ്ചാത്യ സാഹിത്യ പരീക്ഷണങ്ങളും മാനദണ്ഡങ്ങളും സ്വാധീനിച്ചപ്പോൾ പോളിനെ ഗദ്യസാഹിത്യസംബന്ധിയായ ഇംഗ്ലീഷ് സിദ്ധാന്തങ്ങളാണ് വഴികാട്ടി ആയത്. ഇ.എം.എസിനാകട്ടെ ഈ സിദ്ധാന്തങ്ങളുടെ എല്ലാം സിദ്ധാന്തമായ മാർക്സിസം ആയിരുന്നു മാനദണ്ഡം. മാർക്സിസ്റ്റ് സാഹിത്യ സിദ്ധാന്തങ്ങളും പ്രാചീന ഭാരതീയ സിദ്ധാന്തങ്ങളും നെയ്തിണക്കാനുള്ള ശ്രമം അദ്ദേഹത്തന്റെ പ്രഖ്യാത സാഹിത്യ കൃതികളിൽ കാണാൻ കഴിയും. എന്നാൽ ഈ നാലുപേരുടെയും സിദ്ധാന്തസരണികളെ സമന്വയിച്ച് സ്വാംശീകരിക്കുന്നതിൽ മുണ്ടശ്ശേരിക്ക് ഉണ്ടായ വിജയം ഈ കാലഘട്ടത്തിലെ ഉന്നതശീർഷനായ സാഹിത്യാചാര്യനായി അദ്ദേഹത്തെ ഉയർത്തുന്നു.

ഈ അഞ്ചുപേരിൽ മുണ്ടശ്ശേരിയും ഇ.എം.എസും മാത്രമാണ് അഴീക്കോട് നിർദേശിക്കുന്ന നാലാം ഘട്ടത്തിന്റെ പരിധിയായ 1965-നെ അതിജീവിച്ചത്. മുണ്ടശ്ശേരിയുടെ കൊച്ചി സർവകലാശാല വൈസ് ചാൻസിലർ പദം തുടങ്ങി ചില പ്രധാന പദവികൾ 1965-ന് ശേഷമുള്ള അഞ്ചാം ഘട്ടത്തിൽ എടുത്തു പറയത്തക്കതായി ഉണ്ടെങ്കിലും സാഹിത്യനിരൂപണരംഗത്തെ അദ്ദേഹത്തിന്റെ സംഭാവനകൾ നാലാം ഘട്ടത്തോടുകൂടി അവസാനിച്ചിരുന്നു. അദ്ദേഹത്തിന്റെ പിൽക്കാല *സാഹിത്യ സിദ്ധാന്ത കൃതികളിൽ പ്രധാനപ്പെട്ടവ* എന്ന് കരുതാവുന്ന *രാജരാജന്റെ മാറ്റൊലി* 1961-ലും *നാടകാന്തം കവിത്വം* 1962-ലും പ്രസിദ്ധീകൃതമായതോടെ മുണ്ടശ്ശേരിയുടെ സംഭാവനകൾ സമാപിച്ചു എന്ന് കരുതുന്നതാവും ശരി. പിന്നീട് 1971-ൽ പ്രസിദ്ധീകരിച്ച ആശാനെയും വള്ളത്തോളിനെയും ഉള്ളൂരിനെയും കുറിച്ചുള്ള ലഘുകൃതികളും *പാശ്ചാത്യ സാഹിത്യ സമീക്ഷ* (1967) യും മറ്റും

സ്കൂൾ പാഠപുസ്തങ്ങളുടെ ചട്ടക്കൂടിൽ ഒതുങ്ങുന്നവയാണ്. 1978-ൽ പ്രസിദ്ധീകരിക്കപ്പെട്ട *കൊഴിഞ്ഞ ഇലകൾ* എന്ന ആകർഷകവും അർഥപൂർണവും ആയ ആത്മകഥ മാത്രമാണ് മുണ്ടശ്ശേരിയുടെ അവസാന കാലത്തെ അവിസ്മരണീയമായ ഗ്രന്ഥം. അതാകട്ടെ നേരിട്ടുള്ള സാഹിത്യ നിരൂപണം അല്ലതാനും.

മുണ്ടശ്ശേരിയിൽ നിന്ന് വ്യത്യസ്തനായിരുന്ന ഇ.എം.എസ് 1965-ൽ ആരംഭിച്ചതായി അഴീക്കോട് നിർണയിക്കുന്ന വർത്തമാനയുഗം അഥവാ നവീനഘട്ടത്തിലും രാഷ്ട്രീയരംഗത്ത് എന്നപോലെ സാഹിത്യരംഗങ്ങളിലും സജീവ സാന്നിധ്യവും നേതൃത്വവും ആയിരുന്നു. 1970 കളുടെ ആരംഭത്തിൽ സ്ഥാപിക്കപ്പെട്ട ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെയും അതിന്റെ തുടർച്ചയും വികാസവുമായി 1980കളുടെ ആദ്യം സ്ഥാപിക്കപ്പെട്ട പുരോഗമനകലാസാഹിത്യസംഘത്തിന്റെയും പ്രചോദനസ്രോതസ് ഇ.എം.എസ്. ആയിരുന്നു. അദ്ദേഹത്തിന്റെ വളരെ പ്രധാനപ്പെട്ട സാഹിത്യ നിരൂപണ ലേഖനങ്ങളും ആദ്യകാലത്ത് പ്രകടിപ്പിച്ച അപക്വമായ ചില സാഹിത്യ ചിന്തകളെക്കുറിച്ചുള്ള വീണ്ടുവിചാരവും ഈ കാലയളവിൽ ഒരു വിസ്ഫോടനം പോലെ സംഭവിച്ച മാധ്യമ-ചലച്ചിത്ര-ടെലിവിഷൻ മുന്നേറ്റങ്ങളെ സംബന്ധിച്ച പ്രതികരണങ്ങളും എല്ലാം ഈ അഞ്ചാം ഘട്ടത്തിലാണ് നടന്നത്. 1998-ൽ നിര്യാതനാകുന്നത് വരെ ഇ.എം.എസിന്റെ സജീവസാന്നിധ്യവും നേതൃത്വവും തുടർന്നു എന്നത് നാലാം ഘട്ടത്തിലെ പഞ്ചമൂർത്തികളിൽ വച്ച് അദ്ദേഹത്തെ പ്രഥമഗണനീയൻ ആക്കുന്നു. ഈ പിൽക്കാല വിലയിരുത്തലിന് വിധേയമായിട്ടാണ് നാലാം ഘട്ടത്തിലെ പഞ്ചമൂർത്തികളിൽ മുണ്ടശ്ശേരിക്ക് പ്രാമുഖ്യം കൽപിച്ചത്.

കവിത്രയവും കാവ്യപീഠികയും

മലയാളം, ഇംഗ്ലീഷ്, സംസ്കൃതം എന്നീ മൂന്ന് ഭാഷകളിലെ അവഗാഹത്തിന് പുറമെ ബിരുദത്തിനായി ഭൗതികവും രസതന്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രവിഷയങ്ങൾ പഠിക്കാൻ ഇടയായതും മുണ്ടശ്ശേരിയുടെ ബൗദ്ധിക വികാസത്തിന് മിഴിവും കരുത്തും നൽകി. മാനവികങ്ങളും പ്രകൃതിശാസ്ത്രവും തമ്മിലുള്ള വേർതിരിവും അകൽച്ചയും പല ചിന്തകരുടെയും ബുദ്ധിജീവികളുടെയും വീക്ഷണത്തിന് നൽകുന്ന അനാരോഗ്യകരമായ വിഭക്തത മുണ്ടശ്ശേരിയുടെ ചിന്തയെ ബാധിച്ചിരുന്നില്ലെന്ന് മാത്രമല്ല വിവിധ പാരമ്പര്യങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും യുക്തിസഹമായ സമന്വയം അദ്ദേഹത്തിന്റെ വിചാരത്തിന് സവിശേഷവ്യക്തിത്വം നൽകുകയും ചെയ്തു. അതുകൊണ്ട് ഒരേ സമയം അക്കാദമീഷ്യനും പ്രക്ഷോഭകാരിയും പുരോഗമനവാദിയും ക്ലാസിസിസ്റ്റും ക്രിസ്ത്യാനിയും കമ്യൂണിസ്റ്റും പാശ്ചാത്യ സാഹിത്യപ്രേമിയും പൗരസ്ത്യ പാരമ്പര്യ ആരാധകനും ആകാൻ അദ്ദേഹത്തിന് കഴിഞ്ഞു. മുണ്ടശ്ശേരിയുടെ സാഹിത്യസിദ്ധാന്തവും അതുപോലൊരു സമന്വയമായിരുന്നു-ഭരതനും ആനന്ദവർദ്ധനനും

അഭിനവഗുപ്തനും രാജശേഖരനും മമ്മടനും ദണ്ഡിയും മറ്റും രൂപം നൽകിയ ഭാരതത്തിന്റെ കാവ്യശാസ്ത്രപാരമ്പര്യവും അരിസ്റ്റോട്ടിലും, ലോംഗിനസും, കോളറിഡ്ജും ആർണോൾഡും റിച്ചാർഡും മറ്റും ആവിഷ്ക്കരിച്ച പശ്ചാത്യസാഹിത്യ സിദ്ധാന്തപാരമ്പര്യവും തമ്മിലുള്ള സമന്വയം. 1946-ൽ പ്രസിദ്ധീകരിക്കപ്പെട്ട *കാവ്യപീഠിക*യിലാണ് മുണ്ടശ്ശേരി ഈ സിദ്ധാന്തസമന്വയത്തിന് ശാസ്ത്രീയമായ അടിത്തറ പാകിയിരിക്കുന്നത്.

1946-ൽ *കാവ്യപീഠിക* പ്രസിദ്ധീകരിക്കുന്നതിന് മുമ്പുതന്നെ അതിൽ ആവിഷ്ക്കരിക്കുന്ന സിദ്ധാന്തത്തിന്റെ മുൻകൂർ പ്രയോഗം എന്ന നിലയിൽ അദ്ദേഹം കേരളത്തിന്റെ കവിത്രയത്തെ വിലയിരുത്താൻ ശ്രമിക്കുന്ന *മാറ്റൊലി*യും (1944) *അന്തരീക്ഷ*വും പ്രസിദ്ധീകരിച്ച് കഴിഞ്ഞിരുന്നു. മാറ്റൊലിയിൽ ആശാന്റെ *കരുണ*യും വള്ളത്തോളിന്റെ *മഗ്ദലനമറിയ*വും ഉള്ളൂരിന്റെ *പിംഗള*യും അന്തരീക്ഷത്തിൽ ഉള്ളൂരിന്റെ *കർണഭൂഷണ*വും ആശാന്റെ *ചിന്താവിഷ്ടയായ സീത*യും ഭവഭൂതിയുടെ *ഉത്തരരാമചരിതം* നാടകത്തിലെ ചില സംഘർഷാത്മകരംഗങ്ങളും ആണ് പ്രതിപാദ്യങ്ങൾ. ഇതിൽ ഉത്തരരാമചരിതം നാടകത്തിലെ ഒരു രംഗത്തെ കുറിച്ചുള്ള പഠനത്തിൽ തുടങ്ങിവയ്ക്കുന്ന ചിന്താസരണി അദ്ദേഹത്തിന്റെ പല വിമർശനങ്ങളിലും പ്രതിഫലിക്കുന്നുണ്ടെങ്കിലും അതിന് സൈദ്ധാന്തികമായ സമർഥനം നൽകിയത് 1962-ൽ പ്രസിദ്ധീകരിക്കപ്പെട്ട *നാടകാന്തം കവിത്വം* എന്ന സൈദ്ധാന്തിക കൃതിയിലാണ്. *മാറ്റൊലി*യിലും *അന്തരീക്ഷ*ത്തിലും അവശേഷിക്കുന്ന അഞ്ച് പ്രബന്ധങ്ങളിലൂടെ മുണ്ടശ്ശേരി 20-ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽ മലയാള കവിതയിൽ നിറഞ്ഞു നിന്നിരുന്ന കവിത്രയ സങ്കൽപ്പത്തെ ആകെ പൊളിച്ചെഴുതി തന്റെ സാഹിത്യ നിരൂപണദൗത്യത്തിന്റെ അർഥവത്തായ ഒരു ഭാഗം പൂർത്തിയാക്കി എന്ന് പറയാം. മുണ്ടശ്ശേരിയുടെ സാഹിത്യനിരൂപണവൃത്തിയിൽ കവിത്രയത്തിന് ഉണ്ടായിരുന്ന നിർണായക സ്വാധീനത്തെ കുറിച്ച് ഡോ. ടി.പി. സുകുമാരൻ ഇപ്രകാരം തെളിച്ച് പറയുന്നു:

> *മാറ്റൊലി, അന്തരീക്ഷം, മനുഷ്യകഥാനുഗായികൾ, വായനശാലയിൽ, കുമാരനാശാൻ, വള്ളത്തോൾ* എന്നീ കൃതികളിലാണല്ലോ മുണ്ടശ്ശേരിയുടെ കവിത്രയ നിരൂപണം മുഖ്യമായും പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. ഈ കൃതികളുടെ അവതരണവർഷം നോക്കുമ്പോൾ രണ്ടു കാര്യങ്ങൾ വ്യക്തമാവുന്നുണ്ട്: 1. തൊള്ളായിരത്തിനാല്പത്തിനാലോടെ മുണ്ടശ്ശേരി കവിത്രയനിരൂപണം ആരംഭിക്കുന്നു. 2. രണ്ടു വ്യാഴവട്ടം കഴിഞ്ഞിട്ടും കവിത്രയത്തിന്റെ പിടിയിൽനിന്നു അദ്ദേഹം വിട്ടുപോരികയുണ്ടായില്ല.
>
> കവിത്രയത്തിലൊരാളായ ആശാനിലും ഇതു പോലൊരു മമതാബന്ധം തുടിച്ചുനിന്നതിന്റെ ചരിത്രമുണ്ട്. ബുദ്ധചരിതവി

വർത്തനം എന്നാണദ്ദേഹം തുടങ്ങിയതെന്നും ആ കർമം എത്ര കാലം വരെ തുടർന്നുവെന്നും ഓർത്താൽ ഇതു വ്യക്തമാവും. ആരെല്ലാം എന്തെല്ലാം പറഞ്ഞാലും ബുദ്ധചരിതമായിരുന്നു ആശാന്റെ ശക്തികേന്ദ്രം. അതുപോലെ മുണ്ടശ്ശേരിയുടെ ശക്തികേന്ദ്രം കവിത്രയവുമായിരുന്നു.

മനുഷ്യകഥാനുഗായികൾ

കവിത്രയത്തിൽത്തന്നെ ആരാണ് മുണ്ടശ്ശേരിക്കുറ്റ വ്യക്തി? സംശയമില്ല, ആശാൻ തന്നെ. ആശാന്റെയും തൊട്ടു പിന്നിലെ വള്ളത്തോളിന്റെയും ദ്വിപാത്രചിത്രത്തിന് ഒരു കറുത്ത പശ്ചാത്തലമായിട്ടാണ് ഉള്ളൂരിനെ അദ്ദേഹം കരുതിയത്. മറ്റൊരു രീതിയിൽ പറഞ്ഞാൽ എങ്ങിനെ കാവ്യമെഴുതണമെന്ന് കാണിക്കാൻ ആശാനെയും വള്ളത്തോളിനെയും, എങ്ങിനെ എഴുതരുത് എന്നു കാണിക്കാൻ ഉള്ളൂരിനേയും അദ്ദേഹം പ്രയോജനപ്പെടുത്തി. കേരള സർവകലാശാലയുടെ ആഭിമുഖ്യത്തിൽ ഉള്ളൂർ സ്മാരക പ്രസംഗം നടത്തിയപ്പോഴും ഈ നിലപാടിനു മാറ്റമൊന്നുമുണ്ടായിട്ടില്ലെന്ന് "പ്രഭാഷണാവലി നോക്കിയാലറിയാം". (പുറം 76-77 *മുണ്ടശ്ശേരി: അനുസ്മരണങ്ങളും പഠനങ്ങളും*, കോഴിക്കോട്-1986).

സാഹിത്യ നിരൂപണരംഗത്ത് മുണ്ടശ്ശേരിയുടെ സ്ഫോടനാത്മകം എന്നുപോലും വിശേഷിപ്പിക്കാവുന്ന രംഗപ്രവേശം വരെ കവിത്രയത്തെ പ്രതിഭയിലും കവിസിദ്ധിയിലും ഭിന്നരെങ്കിലും തുല്യസ്ഥാനീയരായിട്ടാണ് കരുതപ്പെട്ട് പോന്നത്. 'വള്ളത്തോൾ ശബ്ദസുന്ദരനും, ഉള്ളൂർ ഉജ്വല ശബ്ദാഢ്യനും, ആശാൻ ആശയഗംഭീരനും' ആണെങ്കിലും മൂവരും തുല്യ പ്രതിഭാശാലികളാണെന്ന ശ്ലോകം പ്രസിദ്ധമാണ്. എന്നാൽ അതല്ല ശരിയെന്നും ആശാന് തുല്യൻ ആശാൻ മാത്രമേ ഉള്ളൂവെന്നും പതിനാറാം നൂറ്റാണ്ടിൽ തുഞ്ചന് ശേഷം മലയാള കാവ്യാധ്വാവിൽ പുതിയൊരു വഴിത്തിരിവ് കുറിച്ച യുഗപ്രഭാവനാണ് ആശാൻ എന്നും മുണ്ടശ്ശേരി സമർഥിച്ചപ്പോൾ അതുണ്ടാക്കിയ കോളിളക്കം ചെറുതായിരുന്നില്ല. ആശാന്റെ *കരുണ* രാമപുരത്ത് വാര്യരുടെ *കുചേലവൃത്ത* ത്തിന്റെ ദുർബലമായ അനുകരണമാണെന്ന ആനവങ്കത്തം എഴുന്നള്ളിച്ച സാഹിത്യ പഞ്ചാനനൻ പി.കെ. 1937-ൽ നിര്യാതനായെങ്കിൽ 1940കളിൽ പോലും അതുപോലൊരു മനോഭാവം ആശാനെക്കുറിച്ച് പുലർത്തി പോന്നവർ ഉണ്ടായിരുന്നോ എന്ന കാര്യം മുണ്ടശ്ശേരിയുടെ തിരുത്തൽ പ്രക്രിയയ്ക്ക് ചരിത്രപ്രാധാന്യം നൽകുന്നു. മുണ്ടശ്ശേരിയെ നയിക്കുന്നത് വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാത്രമാണെന്നും ഒരുപക്ഷേ അതിനപ്പുറം ജാതീയ പരിഗണനകളും ഉണ്ടായിക്കൂടെന്നില്ലെന്നും വരെ ആക്ഷേപങ്ങൾ ഉയർന്നിരുന്നു. തീർച്ചയായും വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളിൽ നിന്നോ മുൻവിധികളിൽ നിന്നോ വിമുക്തനായിരുന്ന ഒരു മഹർഷി ഒന്നും ആയിരുന്നില്ല മുണ്ടശ്ശേരി. ജി. ശങ്കര

ക്കുറുപ്പിനെയും മറ്റും കുറിച്ചുള്ള അദ്ദേഹത്തിന്റെ ഖണ്ഡന പരാമർശങ്ങളിൽ അത്തരം വ്യക്തിപക്ഷപാതങ്ങൾ മുന്തിനിൽക്കുന്നതായി ആരെങ്കിലും ആരോപിച്ചാൽ അത് തികച്ചും അടിസ്ഥാനരഹിതമാണെന്ന് പറയാൻ കഴിയില്ല. പക്ഷേ അദ്ദേഹത്തിന്റെ വിമർശനങ്ങളും അവയ്ക്ക് അടിസ്ഥാനമായ സിദ്ധാന്തങ്ങൾ ആവിഷ്കരിക്കുന്ന *കാവ്യപീഠിക* മുതലായ ലക്ഷണഗ്രന്ഥങ്ങളും പരിശോധിച്ചാൽ മുണ്ടശ്ശേരിയുടെ മുഖ്യമായ കണ്ടെത്തലുകൾ എല്ലാം തത്വാധിഷ്ഠിതമായിരുന്നു എന്ന് ആർക്കും ബോധ്യപ്പെടും. ആ തത്വങ്ങൾ എന്തൊക്കെ ആയിരുന്നു എന്ന് മാനദണ്ഡം (1946) *കാവ്യപീഠിക* (1946) *രൂപഭദ്രത* (1951) *രാജാരാജന്റെ മാറ്റൊലി* (1961) *നാടകാന്തം കവിത്വം* എന്നിവയിൽ കണ്ടെത്താം. പിൽക്കാലത്ത് മാർക്സിസ്റ്റ് സാഹിത്യനിരൂപണഗ്രന്ഥങ്ങളിൽ മുണ്ടശ്ശേരിയുടെ ഭാഷയിൽ മാർക്സിസത്തിന്റെ രസഗംഗാധരം എന്നു വിശേഷിപ്പിക്കപ്പെട്ട ഗ്യോർഗി ലൂക്കാസിന്റെ *സ്റ്റഡീസ് ഇൻ യൂറോപ്യൻ റിയലിസം* ക്രിസ്റ്റഫർ കോഡ്വലിന്റെ *ഇല്യൂഷൻ ആന്റ് റിയാലിറ്റി* തുടങ്ങിയ ഗ്രന്ഥങ്ങളുമായി പരിചയപ്പെട്ടശേഷം ചില പുതിയ ആശയങ്ങളും നിരൂപണരീതികളും കൂടി അംഗീകരിച്ചെങ്കിലും കാവ്യപീഠിക മുണ്ടശ്ശേരിയുടെ അടിസ്ഥാന സൗന്ദര്യശാസ്ത്രമാനിഫെസ്റ്റോ ആയി അവശേഷിക്കുന്നു.

പാശ്ചാത്യ-പൗരസ്ത്യ സമന്വയം

കാവ്യപീഠികയുടെ കേന്ദ്ര തന്തു സൗന്ദര്യശാസ്ത്രം സംബന്ധിച്ച പാശ്ചാത്യ പൗരസ്ത്യ സിദ്ധാന്തങ്ങളുടെ സമന്വയമാണെന്ന് പ്രസ്താവിച്ചുവല്ലോ. ഈ സമന്വയം ഏതുവിധത്തിലാണ് മുണ്ടശ്ശേരി സാക്ഷാത്ക്കരിക്കുന്നതെന്ന് ഡോ. എം.എസ്. മേനോൻ വിവരിക്കുന്നു:

> മനുഷ്യന്റെ ഉത്തമരുചികളെ പ്രീണിപ്പിക്കേണ്ട സാഹിത്യാദികലകളുടെ മൗലികതത്വങ്ങൾ എവിടെയും ഒന്നാവാനേ പാടുള്ളൂവെന്ന ധാരണയാൽ പൗരസ്ത്യവും പാശ്ചാത്യവുമായ സാഹിത്യ തത്വങ്ങളുടെ താരതമ്യപഠനമാണ് ഈ ഗ്രന്ഥത്തിൽ നിർവഹിച്ചിട്ടുള്ളത്. സംഗീതം, ചിത്രം എന്നീ സുകുമാരകലകളിൽനിന്നു സാഹിത്യകലയ്ക്കുള്ള വൈശിഷ്ട്യം ചൂണ്ടിക്കാണിച്ചു കൊണ്ട് *കാവ്യപീഠിക* ആരംഭിക്കുന്നു. കലയിലെ രൂപഭാവങ്ങളെയും അവയുടെ ഏകീഭാവത്തെയും അതിലുളവാകുന്ന ഹൃദ്യതയെയും സാമാന്യമായി വിവരിച്ചതിനുശേഷം 'പ്രതിഭ'യുടെ സ്വരൂപത്തെയും പ്രവർത്തനത്തെയും മുണ്ടശ്ശേരി വിശദമാക്കാൻ ശ്രമിക്കുന്നുണ്ട്. പൗരസ്ത്യാചാര്യനായ മമ്മടഭട്ടന്റെ ശക്തിർന്നിപുണത എന്നു തുടങ്ങുന്ന കാരികയെയും കാവ്യകൗതുകകാരന്റെ 'പ്രജ്ഞാ നവനവോന്മേഷശാലിനീ പ്രതിഭാ മതാ' എന്ന നിർവചനത്തെയും ഈ സന്ദർ

ഭത്തിൽ പ്രത്യേകം അനുസ്മരിച്ചിരിക്കുന്നു. പാശ്ചാത്യരുടെ 'ജീനിയസും' 'ടാലന്റും' തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിച്ച് പൗരസ്ത്യരുടെ പ്രതിഭയോട് ജീനിയസ്സിനെ അടുപ്പിക്കാൻ ശ്രമിക്കയാണ് മുണ്ടശ്ശേരി. പ്രജ്ഞയോട് അടുത്തു നിൽക്കാവുന്നതത്രേ 'ടാലന്റ്'. 'പ്രജ്ഞ-അത്യധികം പേർക്കും കാണും. നവനവോല്ലേഖ ശാലിനിയായ പ്രജ്ഞ അല്ലെങ്കിൽ പ്രതിഭ-അതെത്രയോ ചുരുക്കം പേർക്കു മാത്രം. ഈ വ്യാവർത്തനത്തിന് ഏതു സാഹിത്യങ്ങളിലും ഉദാഹരണങ്ങളുണ്ട്'. ഉദാഹരണങ്ങിലൂടെ കടന്നുവന്ന് നമ്മുടെ കവിയശഃപ്രാർഥികളുടെ സ്വഭാവവിശേഷത്തിലേക്കു കൂടി വിരൽചൂണ്ടിയിട്ടേ അദ്ദേഹം വിരമിക്കുന്നുള്ളൂ.

കലയിലെ 'സൗന്ദര്യ' ത്തെയും സൗന്ദര്യാനുഭൂതിയെയും ആനന്ദത്തെയും വിചിന്തനം ചെയ്തുകൊണ്ടുള്ള ചർച്ചയിൽ നിന്ന് രസധ്വനി സിദ്ധാന്തങ്ങളുടെ ഉള്ളറകളിലേക്കു *കാവ്യപീഠിക* കടക്കുന്നു. 'ഹൃദയാനുഭൂതി-അതിൻമേലാണ് രസസിദ്ധാന്തത്തിന്റെ അമ്പാരിയെഴുന്നള്ളത്ത്' നാട്യാചാര്യനായ ഭരതമുനിയുടെ രസസിദ്ധാന്തത്തിന്റെ അനുവാദകൻമാരല്ലേ 'Poetry is criticism of life' എന്നെഴുതിയ മാത്യു ആർണോൾഡും 'കൃതികൾ മനുഷ്യ കഥാനുഗായികൾ' എന്നു പാടിയ ആശാനും എന്നു മുണ്ടശ്ശേരി ചോദിക്കുന്നു. പൗരസ്ത്യ സാഹിത്യ സിദ്ധാന്തങ്ങളോടുള്ള ഉൾക്കടമായ പക്ഷപാതം ആവേശമായിത്തീർന്നിട്ടുണ്ട് അദ്ദേഹത്തിനെന്നതിന്നു *കാവ്യപീഠിക*യിലെ പല സന്ദർഭങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ട്. അതുകൊണ്ട് ചിലേടത്ത് ആശയങ്ങൾ അവ്യക്തവും ക്ലിഷ്ടവുമായിത്തീർന്നിട്ടുണ്ട്. (ടി പുസ്തകം പുറം 53-54)

സാഹിത്യം ഉൾപ്പെടെ എല്ലാ കലകളും ജീവിതഗന്ധിയായിരിക്കണം എന്നുള്ളത് ഒരാധുനിക മതമല്ലെന്നും ദീർഘദൃഷ്ടികളായ പ്രാചീന ചിന്തകരുടെ രസ, ധ്വനി, ശയ്യ, രീതി തുടങ്ങിയ സങ്കൽപങ്ങളിൽ എല്ലാം ഈ ലക്ഷ്യം നിറവേറ്റാനുള്ള തന്ത്രങ്ങളാണ് ഉപഗൂഹനം ചെയ്തിരിക്കുന്നതെന്നും സ്ഥാപിച്ച് എടുക്കുന്നതിലാണ് മുണ്ടശ്ശേരിയുടെ മൗലിക വീക്ഷണവും സാമൂഹ്യ പ്രതിബദ്ധതയും പ്രകടനമാകുന്നത്. കാവ്യാസ്വാദനം വഴി പകർന്നുകിട്ടുന്ന രസവും കാവ്യാസ്വാദനത്തിലൂടെ അനുഭവപ്പെടുന്ന ആനന്ദവും അലസമായി മലർന്നുകിടന്ന് മധു നുണയുന്നതുപോലെ ഉള്ളത് അല്ലെന്നും അതുതന്നെ കർമപ്രേരകവും കർമോൻമുഖവും ആയ ഒരു അനുഭവമാണെന്നും മുണ്ടശ്ശേരി വാദിക്കുന്നു. അത് സ്ഥാപിക്കാൻ അദ്ദേഹം ഐ.എ. റിച്ചാർഡ്സ് *(പ്രിൻസിപ്പിൾസ് ഓഫ് പ്രാക്ടിക്കൽ ക്രിട്ടിസിസം)* എന്ന മാർ

ക്സിസ്റ്റ് പുരോഗമനവാദിയോ ഒന്നുമായി അറിയപ്പെടാത്ത പ്രശസ്ത അക്കാദമിക് നിരൂപകനെ ഉദ്ധരിക്കുന്നു. എങ്ങനെയാണ് രസനീയത കർമോന്മുഖം ആയിരിക്കുന്നത് എന്ന് റിച്ചാർഡ്സ് വ്യക്തമാക്കുന്നു:

> The Pleasure, however great it may be, is no more the aim of the activity in the course of which it arises, than, for example, the noise made by a motor cycle-useful though it is as an indication of the way the machine is running- is the reason in the normal case for it having been started.

മുണ്ടശ്ശേരി രസസിദ്ധാന്തത്തിന്റെ ആനന്ദദായകത്വഘടകത്തെ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്.

> രസവാദത്തോടനുബന്ധിച്ച് വേറൊന്നു ചിന്തിക്കാനുള്ളതു സാഹിത്യം എന്തിനുവേണ്ടി എന്നതിനെക്കുറിച്ചാണ്. കല കല യ്ക്കുവേണ്ടി എന്ന മുദ്രാവാക്യത്തിന്റെ തോളിൽ കൈവച്ച്, രസത്തിൽ കവിഞ്ഞൊരു കാവ്യാർഥമില്ലല്ലോ എന്നും മറ്റും പറഞ്ഞ്, ആ ചോദ്യത്തിന്റെ വായടച്ചു കെട്ടുവാൻ വെമ്പുന്ന കുറെ 'സൗന്ദര്യോപാസക'ൻമാരുണ്ട്. അവർ രസസംജ്ഞ യുടെ വിവക്ഷിതം വളരെ വെട്ടിക്കുറച്ചിരിക്കുന്നതുപോലെ തോന്നുന്നു. സാഹിത്യം ഒരു സുഖസാധനമായിട്ടേ അവർ കാണുന്നുള്ളൂ. വാദിച്ചു തുടങ്ങിയാൽ 'സദ്യഃ പരനിവൃതി' 'വിഗളിത വേദ്യാന്തരാനന്ദം' എന്നൊക്കെയുള്ള ഗീർവാണ ങ്ങൾകൊണ്ട് അവർ പ്രതിപക്ഷികളെ വിഭ്രമിപ്പിച്ചുകളയും. സാഹിത്യാസ്വാദനത്തിൽ ഹൃദയം നിർവൃതമാകുന്നുവെന്ന തിൽ പക്ഷാന്തരമില്ലതന്നെ. പക്ഷേ, സാഹിത്യകാരൻ ജീവി തത്തെ നിഷ്ക്കർഷണം ചെയ്തു രസനീയ രൂപത്തിൽ പകർന്നു തരുന്ന സംസ്കാരം ആസ്വദിച്ചു തൃപ്തിപ്പെടുക-അതല്ലേ ആ നിർവൃതിക്കർഥം? ആ സംസ്കാരത്തിന്റെ-ശാസ്ത്രീയഭാഷയിൽ വിഭാവാനുഭാവാദികളുടെ സാധാരണീ കരണം കഴിഞ്ഞു (Universalisation) നിർവിഘ്നപ്രതീതിഗ്രാ ഹ്യമായിത്തീരുന്ന സംസ്കാരത്തിന്റെ-ഹൃദ്യതയെ കുറിക്കു കയല്ലേ ചെയ്യുന്നത്? അപ്പോൾ ബഹുമൂല്യമായ ആ സംസ്കാ രത്തെ സഹൃദയനിലേക്ക് പകരുകയെന്നത് ഉദ്ദേശവും, ഹൃദയം നിർവൃതമാകുക എന്നത് ആ സംസ്കാരമൂല്യത്തിന്റെ ജ്ഞാ പകവും ആയി എണ്ണേണ്ടിയിരിക്കുന്നു. നിത്യാനുഭവങ്ങളിലെ ന്നപോലെ ഉദ്ദേശഫലങ്ങൾ വേർതിരിക്കാൻ പ്രയാസമാകയാൽ കലകളെ സംബന്ധിച്ചിടത്തോളം രണ്ടും രസമെന്നതിലടക്കി യെന്നേ കരുതേണ്ടതുള്ളൂ.
>
> രസത്തെ സാഹിത്യകലയുടെ സംസ്കാരമൂല്യമായി (Value) കണക്കാക്കുമ്പോൾ അത് അധികമധികം പ്രദാനം ചെയ്യുന്ന

കൃതികളേതെല്ലാമോ അവയ്ക്ക് ഉപര്യുപരി ഉൽക്കർഷം കൽപിക്കേണ്ടതായിവരും; അഥവാ ആ സംസ്കാരമൂല്യം വെച്ചുകൊണ്ടാണ് ഏതു കൃതിയുടെയും ഉൽകർഷം നിർണയിക്കേണ്ടത്.

രൂപഭദ്രതാവാദം

മുണ്ടശ്ശേരിയുടെ സാഹിത്യനിരൂപണസപര്യയിൽ വളരെയേറെ സ്മരിക്കപ്പെടുന്ന ഒരു ഏടാണ് രൂപഭദ്രതാവാദ കോലാഹലം. 1940 കളുടെ അവസാനം രാഷ്ട്രീയ നിലാപടുകളും സാഹിത്യ പക്ഷപാതങ്ങളും കൂടിക്കുഴഞ്ഞ് പുരോഗമനസാഹിത്യ പ്രസ്ഥാനത്തിൽ പിളർപ്പ് ഉണ്ടായതിനെ തുടർന്ന് കമ്യൂണിസ്റ്റ് നിരൂപകരും കമ്യൂണിസ്റ്റ് ഇതര നിരൂപകരും തമ്മിലുണ്ടായ പല വിവാദങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് രൂപഭദ്രതയെ കുറിച്ചുള്ളതായിരുന്നു. സാഹിത്യത്തിലും ഇതര കലകളിലും രൂപത്തേക്കാൾ പ്രാധാന്യം ഭാവത്തിനാണെന്നും ആ ഭാവമാകട്ടെ രാഷ്ട്രീയ വിപ്ലവലക്ഷ്യങ്ങളുമായി പൊരുത്തപ്പെടണമെന്നും കമ്യൂണിസ്റ്റുകാർ വാദിച്ചു. ഇതരർ ആകട്ടെ കലയെ കലയാക്കുന്നത് ഭാവമല്ല രൂപമാണെന്നും ഭാവത്തിൽ രാഷ്ട്രീയ പ്രശ്നങ്ങൾ കടന്നുവരുന്നതിൽ തെറ്റില്ലെങ്കിലും അവ പലപ്പോഴും കലാമൂല്യത്തെ ചോർത്തി കളഞ്ഞ് കലാസൃഷ്ടിയെ വെറും പ്രചരണോപാധിയാക്കി ചുരുക്കുമെന്നും മറ്റും വാദിച്ചു. കമ്യൂണിസ്റ്റ് പക്ഷത്തിന് ഇ.എം.എസ്. നേതൃത്വം കൊടുത്തപ്പോൾ ഇതരപക്ഷത്തിന് മുണ്ടശ്ശേരി പ്രഗത്ഭനായ വക്താവായി. ഇതെല്ലാം സംബന്ധിച്ച് അക്കാലത്ത് കാലികങ്ങളിൽ വന്ന തന്റെ ലേഖനങ്ങളും ഉപോൽബലകമായ മറ്റു പല രേഖകളും *രൂപഭദ്രത* എന്ന പേരിൽ 1951-ൽ അദ്ദേഹം പ്രസിദ്ധീകരിച്ചു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ നടന്ന ദ്വിതീയാക്ഷര പ്രാസവാദത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു ഈ വിവാദം. വിവാദങ്ങൾക്കിടയിൽ ചിതറിത്തെറിച്ച പദപ്രയോഗങ്ങൾ അതിൽപ്പെട്ട കക്ഷികളെയും വ്യക്തികളെയും ആജീവനാന്ത ശത്രുക്കളായി മാറ്റിയെന്ന് അക്കാലത്തെ വായനക്കാർ ഭ്രമിച്ചിരിക്കണം. പക്ഷേ ആ വിവാദത്തിന്റെ കയ്പുനീർ കുറേക്കാലം ബന്ധപ്പെട്ടവരുടെ വായിൽ തങ്ങിനിന്നിരുന്നു എങ്കിലും രാഷ്ട്രീയ രംഗത്ത് മുണ്ടശ്ശേരി കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സഹയാത്രികനും ഇ.എം.എസിന്റെ സഹപ്രവർത്തകനുമായി മാറി. ഐക്യകേരളത്തിന്റെ പ്രഥമ മന്ത്രിസഭയിൽ അംഗമായി ചരിത്രം സൃഷ്ടിക്കുകയും ചെയ്തു.

രൂപഭദ്രതാവാദത്തിന്റെ പ്രശ്നത്തിൽ തങ്ങൾക്ക് പറ്റിയ തെറ്റ് തിരുത്താൻ ഇ.എം.എസ്. തയ്യാറായി. അതേസമയം തെറ്റ് മുഴുവൻ തങ്ങളുടെ ഭാഗത്ത് അല്ലെന്നും മുണ്ടശ്ശേരി പ്രഭൃതികൾക്കും തെറ്റുപറ്റി എന്നും ഇ.എം.എസ്. ചൂണ്ടിക്കാട്ടി. തന്റെ നിലപാടിൽ ശരിയായ അംശത്തോടൊപ്പം തെറ്റായ ഒരംശവും കലർന്നിരുന്നെന്ന് ഇ.എം.എസിനെ പോലെ മുണ്ടശ്ശേരി വെട്ടിത്തുറന്ന് പറയുകയോ എഴുതുകയോ ചെയ്തതായി അറിവില്ല. എങ്കിലും ഒ.എൻ.വി. കുറുപ്പിന്റെ *ദാഹിക്കുന്ന പാനപാത്രം* എന്ന കവിതാസമാഹാര

ത്തിന് അദ്ദേഹം എഴുതിയ അവതാരികയിലും വയലാർ രാമവർമ്മയെ പോലെയുള്ള കമ്യൂണിസ്റ്റ് സാഹിത്യകാരൻമാരെ പറ്റി അദ്ദേഹം എഴുതിയ കുറിപ്പുകളിലും എല്ലാം ഈ അനുക്തമായ ആത്മവിമർശനത്തിന്റെ അംശങ്ങൾ അടങ്ങിയിരിക്കുന്നു.

കലയിലെ രൂപവും ഭാവവും തമ്മിലുള്ള വിഭജനം അശാസ്ത്രീയവും മാർക്സിസ്റ്റ് വിരുദ്ധവും ആണെന്നും അവ തമ്മിലുള്ള പൊരുത്തവും പരസ്പര പൂരകപ്രവണതയും ആണ് മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെ കാതലെന്നും അതുകൊണ്ട് ഭാവത്തെ പുകഴ്ത്തി രൂപത്തെ ഇകഴ്ത്താനുള്ള ശ്രമം ശരിയായിരുന്നില്ലെന്നും ഇ.എം.എസ്. ഉൾപ്പെടെയുള്ള കമ്യൂണിസ്റ്റ് നിരൂപകർ ഏറ്റ് പറയുകയുണ്ടായി. ഭാവത്തെ ഇകഴ്ത്തി രൂപത്തെ പുകഴ്ത്തുക എന്ന തെറ്റിനോട് തുല്യമായിരുന്നു ഭാവത്തെ പുകഴ്ത്തി രൂപത്തെ ഇകഴ്ത്തുന്ന തെറ്റെന്നും ഇ.എം.എസും മറ്റും ചൂണ്ടിക്കാട്ടി. ഇ.എം.എസിന്റെ ഈ വീണ്ടുവിചാരപ്രകാരമുള്ള ശരിയായ നിലപാട് പുരോഗമന കലാസാഹിത്യ സംഘത്തിന്റെ 1992-ലെ പെരുമ്പാവൂർ രേഖയിൽ *(പുതിയ കാലഘട്ടവും പുതിയ കാഴ്ചപ്പാടും)* അംഗീകരിച്ചിട്ടും ഉണ്ട്.

അക്കാലത്തെ മുണ്ടശ്ശേരിയുമായുള്ള വിവാദങ്ങൾക്കിടയിൽ കലയിലെ രൂപഭദ്രതയ്ക്ക് പുറമെ കേരള ചരിത്രത്തെ സംബന്ധിച്ചും ചില പ്രശ്നങ്ങൾ ഉയർന്നുവന്നു. ഈ രണ്ട് പ്രശ്നങ്ങളെയും മുൻനിർത്തി ഇ.എം.എസ്. ഉൾക്കാഴ്ചയും വിനയവും കലർന്ന സ്വരത്തിൽ ഇപ്രകാരം എഴുതുന്നു:

> സാഹിത്യ ചർച്ചയുടെ കാര്യത്തിൽ മാത്രമല്ല കേരള ചരിത്രം സംബന്ധിച്ച ചർച്ചയിലും മുണ്ടശ്ശേരി മാസ്റ്ററിൽ ഞാനൊരു ശക്തനായ എതിരാളിയെ കണ്ടിട്ടുണ്ട്. 1947-ൽ പ്രസിദ്ധീകരിക്കപ്പെട്ട എന്റെ കേരള ചരിത്രത്തെ മാസ്റ്റർ അതിനിശിതമായി വിമർശിച്ചു. അത്രതന്നെ നിശിതമായി ഞാൻ എന്റെ മറുപടിയും നൽകി.
>
> മുമ്പ് ഒന്നിലധികം തവണ ചൂണ്ടിക്കാണിച്ചതുപോലെ, ഈ സംവാദം കേരള ചരിത്രസംബന്ധമായ ഒരു പുനഃപരിശോധനയ്ക്ക് എന്നെ പ്രേരിപ്പിച്ചു. മാസ്റ്ററുടെ വാദഗതി അപ്പടി അംഗീകരിക്കാതെയാണെങ്കിലും അതുപയോഗിച്ചു എന്റെ നിലപാടിൽ തിരുത്തലുകൾ വരുത്താൻ ഞാൻ ശ്രമിച്ചു. ഇതിന്റെ ഫലം പിന്നീടുള്ള എന്റെ (കേരള-ഇന്ത്യ) ചരിത്രകൃതികളിൽ കാണാം.
>
> ചുരുക്കത്തിൽ, സാഹിത്യം, ചരിത്രം എന്ന രണ്ടു മേഖലകളിൽ എന്റെ ശക്തനായ എതിരാളിയെന്ന നിലയ്ക്ക് പ്രത്യക്ഷപ്പെട്ട മുണ്ടശ്ശേരി മാസ്റ്റർ സമർഥനായ സഹപ്രവർത്തകനെന്നപോലെ തന്നെ എന്റെ രാഷ്ട്രീയ-സാംസ്കാരിക ജീവിതത്തിൽ അദ്ദേഹത്തിന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുകയുമുണ്ടായി. (ടി പുസ്തകം. പുറം 20-21). ■

6. ചങ്ങമ്പുഴ: മലയാള കവിതാ വിപ്ലവത്തിന്റെ രണ്ടാംഘട്ട നായകൻ



എറണാകുളം ഇടപ്പള്ളിയിൽ 10-10-1911 ന് ജനനം. കൊച്ചി തെക്കേടത്ത് രാമൻ മേനോനും ചങ്ങമ്പുഴ വീട്ടിൽ പാറുക്കുട്ടി അമ്മയും ആയിരുന്നു അച്ഛനമ്മമാർ. ബി. എ. ഓണേഴ്സ് ബിരുദം നേടിയ ശേഷം ലോ കോളേജിലും പഠിച്ചു. സൈനിക വകുപ്പിൽ കണക്കെഴുത്ത് ജോലി നോക്കി. ഉദ്യോഗത്തിൽ നേവനമനുഷ്ഠിച്ചു. ലീലാകണമെന്ന പ്രഥമകൃതി അപ്രകാശിതമാണ്. ബാഷ്പാഞ്ജലിയാണ് പ്രസിദ്ധീകൃതമായ പ്രഥമ കൃതി. 25-ാം വയസ്സിൽ രചിക്കപ്പെട്ട രമണനിലൂടെ പ്രസിദ്ധിയുടെ അത്യുന്നതിയിലെത്തി. *സങ്കൽപകാന്തി, സ്പന്ദിക്കുന്ന അന്ധഗീതം, പാടുന്ന പിശാച്, നീറുന്ന തീച്ചുള, ബാഷ്പാഞ്ജലി, ലീലാകണം, കൽപപുഷ്പങ്ങൾ, സ്വരരാഗസുധ, തിരുനക്കര* എന്നിവ പ്രധാന കവിതകൾ. *കളിത്തോഴി* എന്ന നോവലും രചിച്ചിട്ടുണ്ട്. 1948 ജൂൺ 16 ന് അന്തരിച്ചു. ശ്രീദേവിയായിരുന്നു ഭാര്യ.

മഹാകവി ചങ്ങമ്പുഴ കൃഷ്ണപിള്ള (1911-1948) ജീവിച്ചിരുന്ന കാലത്ത് എന്നല്ല അദ്ദേഹത്തിന്റെ മരണാനന്തരവും വളരെ കാലത്തേക്ക് അദ്ദേഹത്തെ മഹാകവി എന്ന് വിശേഷിപ്പിക്കാൻ വിമർശകർ എന്നപോലെ ആരാധകരും ധൈര്യപ്പെട്ടിട്ടില്ല-ഒരാളൊഴിച്ച്. അത് കേസരി ബാലകൃഷ്ണപിള്ളയായിരുന്നു. മറ്റ് പല സങ്കൽപ്പനങ്ങൾക്കും എന്നപോലെ മഹാകവിത്വത്തിനും അനിതര സാധാരണമായ മാനദണ്ഡങ്ങൾ ആവിഷ്ക്കരിച്ചിരുന്ന ആളാകയാൽ കേസരിയുടെ നിഗമനങ്ങളെയും ഒരു സവിശേഷ വീക്ഷണത്തിലൂടെയാണ് മറ്റുള്ളവർ വിലയിരുത്തിയത്. എങ്കിലും പിൽക്കാലത്ത് ഒരു മരണാനന്തര ബഹുമതി പോലെ മിക്കവാറും എല്ലാ നിരൂപകരും ചങ്ങമ്പുഴയ്ക്ക് നൽകിയ മഹാകവിത്വ പദവി ആദ്യം കൽപ്പിച്ച കേസരിയുടെ ദീർഘവീക്ഷണത്തിന് ഒരു പ്രവാചക സ്വഭാവം തന്നെ കൈവന്നിരിക്കുന്നു. 1945-ൽ പ്രസിദ്ധീകരിക്കപ്പെട്ട ചങ്ങമ്പുഴയുടെ *സ്പന്ദിക്കുന്ന അന്ധഗീതം* എന്ന കവിതാസമാഹാരത്തിന് കേസരിയെഴുതിയ ദീർഘവും പഠനാർഹവും ആയ മുഖവുര ആരംഭിക്കുന്നത് ഇങ്ങനെയാണ്:

ആധുനിക ഭാഷാപദ്യസാഹിത്യത്തിലെ പരാജയ (റിയലിസ്റ്റ്) പ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ ഒരാളും, അതിലെ സ്വപ്ന (സർറിയലിസ്റ്റ്) പ്രസ്ഥാനത്തിന്റെ സ്ഥാപകനുമാണെന്ന് ഇടപ്പള്ളി രാഘവൻപിള്ളയുടെ 'മണിനാദ'ത്തിന്റെ അവതാരികയിൽ ഞാൻ പ്രസ്താവിച്ചിട്ടുള്ള മഹാകവി ചങ്ങമ്പുഴ കൃഷ്ണപിള്ള ആധുനിക ഭാഷാസാഹിത്യത്തിലെ അത്യുജ്ജ്വലവും ബഹുമുഖവുമായ ഒരു താരതമ്യമാണെന്നു നിഷ്പക്ഷവാദികൾ സമ്മതിക്കുന്നതാണ്. പ്രസ്തുത അവതാരികയിൽ ഞാൻ 'പുരോഗമനസാഹിത്യ' പ്രസ്ഥാനമെന്നു പേരിട്ടിട്ടുള്ളതിലും മനംനോക്കി (റൊമാന്റിക്) പ്രസ്ഥാനത്തിലും പെടുന്ന ചില നല്ല ഖണ്ഡകാവ്യങ്ങളും ചങ്ങമ്പുഴ രചിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ടു പ്രസ്ഥാനങ്ങളുടെ സ്ഥാപകനായതിനു പുറമേ, ഭാഷാപദ്യത്തിലെ കാവ്യരീതിയിൽ ഒരു സ്മരണീയമായ പരിവർത്തനം വരുത്തിവച്ചതു നിമിത്തം അദ്ദേഹം ഭാഷാപദ്യസാഹിത്യത്തിലെ ഒരു ഉപപ്രസ്ഥാന നായകൻ കൂടിയായി ഭവിച്ചിരിക്കുന്നു. ഭാഷാസാഹിത്യത്തിലെ നവീന പ്രസ്ഥാനങ്ങളെയും ഉപപ്രസ്ഥാനങ്ങളെയും കുറിച്ചു വിവരങ്ങൾ ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത 'മണിനാദ'ത്തിനും അടുത്തു തന്നെ പ്രസിദ്ധീകരിക്കുന്ന പുരോഗമനസാഹിത്യകവിയായ കെടാമംഗലം പപ്പുക്കുട്ടിയുടെ 'കടത്തുവഞ്ചി' എന്ന കവിതാസമാഹരത്തിനും ഞാൻ എഴുതിയിട്ടുള്ള അവതാരികകൾ വായിക്കേണ്ടതാണ്. പരാജയപ്രസ്ഥാനസ്ഥാപകരിൽ ഒരാളായ ഇടപ്പള്ളി രാഘവൻപിള്ളയെ അതിന്റെ ഒരു ഘടകമായ വിഷാദാത്മകതത്തിന്റെ പാരമ്യത്തിൽ ലോകത്തിലെ ഏറ്റവും കൊടിയ വിഷാദാത്മകകവിയായ ലിയോപ്പാർഡ് എന്ന ഇത്താലിയനോടും, അതിന്റെ മറ്റൊരു സ്ഥാപകനായ ചങ്ങമ്പുഴയെ വിഷാദാത്മകത്വത്തിന്റെ അൽപ്പിഷ്ഠതയിൽ ആധുനിക ഇംഗ്ലീഷ് മഹാകവി ലാറൻസ് ഹൗസ്മാനോടും സാദൃശ്യപ്പെടുത്താം. കൂടാതെ, ഇടപ്പള്ളിയുടെ വിഷാദാത്മകത്വത്തിൽ ലിയോപ്പാർഡിയുടേതിലുള്ളതുപോലെ ഒരു ആദർശപരത്വവും, ചങ്ങമ്പുഴയുടെ വിഷാദാത്മകത്വത്തിൽ ഹൗസ്മാന്റേതിലുള്ളതുപോലെ ഒരു കയ്പും കലർന്നിട്ടുണ്ട്.

അതേ പുസ്തകത്തിന്റെ അവതാരികയിൽ ആസ്വാദകപക്ഷത്തു നിന്ന് ചങ്ങമ്പുഴയെ വാനോളം പുകഴ്ത്തുകയും അദ്ദേഹത്തിന്റെ എതിരാളികളെ നിശിതമായി വിമർശിക്കുകയും ചെയ്യുന്ന പൊൻകുന്നം വർക്കിപോലും അദ്ദേഹത്തെ മഹാകവി എന്നു വിശേഷിപ്പിക്കാൻ മുതിർന്നിട്ടില്ല. ആശാനും വള്ളത്തോളിനുംശേഷം (വള്ളത്തോൾ അന്ന് ജീവിച്ചിരുന്നെങ്കിലും അദ്ദേ

ഹത്തിന്റെ കവിത്വ സംഭാവനകളുടെ കാലം അസ്തമിച്ചിരുന്നു) മലയാള ഭാഷയ്ക്ക് ലഭിച്ച രണ്ട് അപൂർവ പ്രതിഭാശാലികളിൽ ഒരാളായിരുന്നു ചങ്ങമ്പുഴയെന്നും അപരൻ ജി. ശങ്കരക്കുറുപ്പായിരുന്നു എന്നും പൊൻകുന്നം വർക്കി തിട്ടപ്പെടുത്തുമ്പോൾ അതിൽ ഒരു ശരിയും ഒരു തെറ്റും അടങ്ങിയിരിക്കുന്നു. കവിത്രയത്തിന്റെ നേർ തുടർച്ചക്കാരനായി മഹാകവിയെന്ന് അന്ന് അതിനകം വാഴ്ത്തപ്പെട്ടു തുടങ്ങിയിരുന്ന ജി. ശങ്കരക്കുറുപ്പിന്റെ സമശീർഷനാണ് ചങ്ങമ്പുഴ എന്ന സൂചന, അക്കാലത്ത് ചങ്ങമ്പുഴയ്ക്ക് നൽകാൻ പലരും ധൈര്യപ്പെട്ടിട്ടില്ലാത്ത ഒരു ബഹുമതിയായിരുന്നു. എന്നാൽ ഇന്ന് മലയാള കവിതാ വികാസത്തിന്റെ ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ഈ പരാമർശം ചങ്ങമ്പുഴയ്ക്ക് എന്നതിനെക്കാൾ കുറുപ്പിന് ലഭിച്ച ബഹുമതിയായിരുന്നില്ലേ എന്ന് സംശയിച്ചാൽ തെറ്റില്ല.

വൈരുധ്യം വൈചിത്ര്യം

ഒരുപക്ഷേ ബാല്യംമുതൽക്കുതന്നെ കവിത എഴുതി തുടങ്ങിയിരിക്കാൻ ഇടയുള്ള ചങ്ങമ്പുഴയുടെ പ്രസിദ്ധീകൃതമായ ആദ്യ കവിത പതിനേഴാം വയസ്സിൽ എഴുതിയതാണെന്ന് കാണുന്നു. 1934-ൽ 23-ാം വയസ്സിൽ പ്രസിദ്ധീകരിച്ച പ്രഥമസമാഹാരമായ 'ബാഷ്പാഞ്ജലി'യിൽ പതിനേഴ് മുതൽ ഇരുപത്തിയൊന്നു വയസ്സുവരെയുള്ള കാലയളവിൽ എഴുതിയ കവിതകളാണെന്നും കാണുന്നു. 1948-ൽ 37-ാം വയസ്സിൽ നിര്യാതനാകുന്നതുവരെ ഇരുപത് വർഷക്കാലം കൊണ്ട് ഇത്രയേറെ വൈവിധ്യമാർന്ന ഹൃദയാവർജകമായ കവിതകൾ എഴുതി മാതൃഭാഷയെ സമ്പന്നമാക്കിയ മറ്റൊരു കവിയെ ചൂണ്ടിക്കാട്ടാൻ കഴിയില്ല. മാത്രമല്ല അദ്ദേഹം നിര്യാതനായി അഞ്ചരപതിറ്റാണ്ട് കഴിഞ്ഞിട്ടും ആ കവിയുടെ പ്രശസ്തിയും ജനപ്രീതിയും പ്രചാരവും ഒന്നിനൊന്ന് വർദ്ധിക്കുന്നതല്ലാതെ മങ്ങലേൽക്കുന്നില്ല എന്നത് എഴുത്തച്ഛനേയും കുമാരനാശാനേയും പോലെ നാലോ അഞ്ചോ കവികൾക്ക് മാത്രം അനുഭവപ്പെട്ടിട്ടുള്ള അപൂർവ ബഹുമതിയാണ്.

ചങ്ങമ്പുഴയുടെ ജീവിതകാലത്ത് അദ്ദേഹത്തിന്റെ കൃതികൾക്ക് അത്ഭുതകരമായ പ്രചാരവും വിൽപനയും ലഭിച്ചിരുന്നു എങ്കിലും നിരൂപകർ അദ്ദേഹത്തിന് അർഹമായ അംഗീകാരം നൽകിയിരുന്നില്ല. അദ്ദേഹത്തിന്റെ കൃതികൾക്കു ലഭിച്ച വിപുലമായ പ്രചാരം തന്നെ അവയുടെ ഗുണമേൻമയേക്കാൾ നിലവാരത്താഴ്ചയെ സാക്ഷ്യപ്പെടുത്തുന്നു എന്ന് കരുതിയവരും കുറവല്ല. ചങ്ങമ്പുഴക്കവിതയെ തരംതാഴ്ത്തി കാണിക്കുന്നതിൽ വലതുപക്ഷക്കാരും ഇടതുപക്ഷക്കാരും പരസ്പരം മത്സരിക്കുന്ന പ്രതീതിപോലും ഉളവായി. സഞ്ജയനെപ്പോലുള്ള യാഥാസ്ഥിതിക നിരൂപകർ ചങ്ങമ്പുഴയെ കടന്നാക്രമിച്ചപ്പോൾ ആ നിലപാടുകളെ തിരസ്കരിച്ചു കൊണ്ടാണെങ്കിലും ചങ്ങമ്പുഴക്കവിതയുടെ യുഗപ്രഭാവത്വം കണ്ടറിയാൻ ഇടതുപക്ഷക്കാർക്കും സാധിച്ചില്ല. 1937-ൽ *വാഴക്കുല* എന്ന ചരിത്രപ്രസിദ്ധമായ കവിത രചിച്ച് ജൻമി-കുടിയാൻ ബന്ധത്തെ മലയാള കവിതയിൽ ആദ്യമായി ആവിഷ്ക്ക

രിക്കുകയും *രക്തപുഷ്പങ്ങളി*ലെ പല കവിതകളിലൂടെയും കാൽപ്പനിക പരിവേഷത്തോടെ ആണെങ്കിലും അധഃസ്ഥിതരുടെ വർഗസമരത്തെ പ്രകീർത്തിക്കുകയും ചെയ്ത ചങ്ങമ്പുഴയുടെ ചില കവിതകളിൽ നിഴലിച്ചിരുന്ന വിഷാദാത്മകത്വവും അരാജക പ്രവണതയും പല ഇടതുപക്ഷ നിരൂപകരെയും ഖണ്ഡവിമർശനത്തിന് പ്രേരിപ്പിച്ചു. വികാരലോലനും രോഗബാധിതനും ആയിരുന്ന ചങ്ങമ്പുഴയെ ഇത്തരം വിമർശനങ്ങൾ കുറച്ചൊന്നുമല്ല പ്രകോപിപ്പിച്ചത്.

ഈ പ്രകോപനങ്ങളിൽ ക്ഷുഭിതനായി വലതുപക്ഷത്തെ എന്നപോലെ ഇടതുപക്ഷത്തെയും അദ്ദേഹം കവിതയിലൂടെ കണക്കറ്റ് ശകാരിച്ചിട്ടുമുണ്ട്. അതോടൊപ്പം 1945-ൽ കോട്ടയത്ത് ചേർന്ന പുരോഗമനസാഹിത്യ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചുകൊണ്ട് സുപ്രതിഷ്ഠിതരായ പലരെയും വിമർശിച്ചുകൊണ്ടാണെങ്കിലും ചങ്ങമ്പുഴ ചെയ്ത ദീർഘവും ഉജ്ജ്വലവുമായ പ്രഭാഷണം പുരോഗമനപ്രസ്ഥാനത്തിന്റെ പ്രത്യയശാസ്ത്രം ഉത്ഘോഷിക്കുന്നതായിരുന്നു.

മുനികൾക്കും മുനിയായി,
മണിരത്നഖനിയായി-
ഖനിയായി, ദ്ധനതത്ത്വ-
പ്രണവത്തിന്നുയിരേകി
ഉയിരേകി, ത്തൊഴിലുകളി-
ലുണർവരുളീ, കാറൽമാർക്സ്!
മാർക്സിനെ നീ കവിമാതേ!
മാനിക്കാൻ തുയിലുണരൂ!

എന്നിങ്ങനെ മാർക്സിനെ പ്രകീർത്തിച്ച ചങ്ങമ്പുഴ 'കുട്ടിസഖാക്ക'ളെയും അവരുടെ 'സ്റ്റാലിൻമീശ' പ്രേമത്തെയും മറ്റും കവിതയാക്കി ബാലിശമായ രീതിയിൽ തന്റെ താത്കാലിക വിദ്വേഷത്തെ അനശ്വരമാക്കാൻ വ്യഥായജ്ഞം നടത്തിയിട്ടും ഉണ്ട്. അനുപമവും ഉദാത്തവുമായ കാവ്യഭാവനയ്ക്ക് ഇടയിൽ നുഴഞ്ഞു കയറുന്ന ഈ വൈരുധ്യങ്ങളുടെയും വ്യാമിശ്രതകളുടെയും പൊരുൾ കണ്ടെത്താൻ പ്രൊഫ. എൻ. കൃഷ്ണപിള്ള ശ്രമിക്കുമ്പോൾ അദ്ദേഹം തുടങ്ങുന്നതുതന്നെ പൊൻകുന്നം വർക്കിയുടെ നിരീക്ഷണങ്ങൾ നിരാകരിച്ചുകൊണ്ടാണ്. ചങ്ങമ്പുഴയും ശങ്കരക്കുറുപ്പും ഒരു തരത്തിലും പൊരുത്തപ്പെടാത്ത കാവ്യ സംസ്കാരങ്ങളുടെയും വ്യക്തിത്വങ്ങളുടെയും പ്രാതിനിധ്യം ആണ് വഹിക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ശങ്കരക്കുറുപ്പിന്റെ കാവ്യശൈലിയെ കുറിച്ച് അദ്ദേഹം പറയുന്നതിങ്ങനെയാണ്:

ആശയങ്ങളിൽനിന്ന് ആശയങ്ങളിലേക്കും കൽപ്പനകളിൽ

നിന്നു കൽപ്പനകളിലേക്കും ഭാവരേഖകളിൽനിന്ന് ഭാവരേഖകളിലേക്കും കുതിച്ചുകൊണ്ടിരിക്കുന്ന കവിഹൃദയം നിശ്ചലതയുടെ മഹാശത്രുവാണ്. ഈ കുതിച്ചുചാട്ടത്തോടൊത്ത് അനുവാചകനും എപ്പോഴും എത്തിയെന്നു വരില്ല. എത്താൻ കഴിയാത്തവന് അർഥഗ്രഹണക്ലേശം, എപ്പോഴും എത്തിക്കൊണ്ടിരിക്കുന്നവന് അവിശ്രാന്തികൊണ്ടുള്ള ക്ഷീണം-ഇവ രണ്ടും സ്വാഭാവികമാണ്. വിശേഷിച്ചൊരു ശ്രമവും ക്ഷീണവും കൂടാതെ ആ ശ്രീഘ്രചലനത്തെ പിൻതുടരാൻ കഴിയുന്നവർക്കു മാത്രമേ കുറുപ്പിന്റെ കവിത ആത്മാവർജകമാവുകയുള്ളൂ. അധികമായ വ്യംഗ്യനിഷ്ഠയും അവ്യക്താർഥപ്രതീതിയുടെ വക്കുവരെ വാചയിതാവിനെ കൊണ്ടെത്തിക്കുന്ന സംക്ഷേപണശീലവും കൂടിയാകുമ്പോൾ ഒരു സാധാരണവായനക്കാരൻ കാച്ചിക്കുറുക്കിയെടുത്ത ആ കവിതയിൽ നിന്നകലുന്നു-വിഷയം പ്രേമമോ ദേശീയതയോ സോഷ്യലിസമോ ഈശ്വരസാക്ഷാൽക്കാരമോ എന്തുതന്നെ ആയാലും ചുരുക്കത്തിൽ ജീയുടെ കവിത നിരക്ഷരനു പാടാനുള്ളതല്ല; ചിന്താശീലനു രസിക്കാനുള്ളതാണ്. (അധ്യായം 11, കൈരളിയുടെ കഥ)

ചിന്താശീലർക്കു തന്നെ എത്രകണ്ട് ഗ്രഹിക്കാനും രസിക്കാനും ജീയുടെ കവിത ഉതകും എന്നത് മാത്രമല്ല കവിക്കു തന്നെ അതെത്രത്തോളം ഹൃദയംഗമമായിട്ടുണ്ട് എന്നതും വിവാദവിഷയമാണ്. ഇവയിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമായ ഒരു കാവ്യശൈലിയുടെയും സംസ്കാരത്തിന്റെയും ആവിഷ്കർത്താവാണ് ചങ്ങമ്പുഴയെന്ന് കൃഷ്ണപിള്ള പറയുന്നതിനോടാണ് ആധുനിക നിരൂപകർക്കും അനുവാചകർക്കും യോജിപ്പാണുള്ളത്. കൃഷ്ണപിള്ള എഴുതുന്നു:

മേൽക്കാണിച്ച കാവ്യസമ്പ്രദായവുമായി ലഗ്നാലും ചന്ദ്രാലും വൈരുധ്യബന്ധമല്ലാതെ യാതൊരു ബന്ധവുമില്ലാത്ത മറ്റൊരു കവിയെ നോക്കൂ- ചങ്ങമ്പുഴയെ. ഒരു മലയാളകവിയുടെയും രചനാപ്രസ്ഥാനത്തെ അനുകരിക്കുന്നില്ല; ഒരു പ്രത്യേകചിന്താഗതിക്കും ഒരിക്കലും വിധേയനാകുന്നില്ല; ഒരു ജീവിതതത്ത്വശാസ്ത്രത്തിന്റെയും നാലു വേലിക്കുള്ളിൽ കുടുങ്ങുന്നില്ല; ഒരു നിയമത്തെയും വ്യവസ്ഥയെയും കൂട്ടാക്കുന്നില്ല; ഒന്നിനെപ്പറ്റിയും സ്ഥിരമായ ഒരു മതിപ്പില്ല, തന്നെപ്പറ്റിപ്പോലും; അപ്പോഴപ്പോൾ എതിർക്കാൻ തോന്നുന്നതിനെയൊക്കെ എതിർക്കുന്നു; പുണരാൻ തോന്നുന്നവയെ പുണരുന്നു; ഒരിക്കൽ ചവുട്ടിത്തേച്ചതിനെ പിന്നീടു വാത്സല്യപൂർവം വാരിയെടുക്കുന്നു; ആശ്ലേഷിച്ചതിനെ വലിച്ചെറിയുന്നു; കരച്ചിൽ വന്നാൽ

ഒരു കൊച്ചുകുഞ്ഞിനെപ്പോലെ കരയും; ചിരിവന്നാൽ ആർത്തു പുളച്ചു ചിരിക്കും. രണ്ടുമുണ്ടാകാൻ നന്നേ ചുരുങ്ങിയ സമയവും ലോകദൃഷ്ടിയിൽ ഏറ്റവും നിസ്സാരമായ കാരണവും മതി; പക്ഷേ, വരാത്ത കരച്ചിലും വന്നെന്നു കാണിക്കാൻ മിനക്കെടുകയില്ല; ഓരോ അവസരത്തിലും ഉള്ളിൽ തോന്നുന്നതെന്തും കടിഞ്ഞാണില്ലാതെ പുറത്തുപറയും; പറയാനുള്ള ആവേശം തീരുന്നതുവരെ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടേയിരിക്കും; സംഭാഷണത്തിന്റെ ലാഘവത്തോടെ ഒഴുക്കൻമട്ടിൽ, ചുരുക്കിപ്പറയണമെന്ന നിർബന്ധമേയില്ലാതെ ആരുടെ കഥയും വർണിച്ചു കേൾപ്പിക്കും. ആ അത്മകഥകളും അന്യകഥകളും പ്രാകൃതരും സംസ്കൃതരും തെരുവുതെണ്ടിയും മഹാപ്രഭുവും ബാലനും വൃദ്ധനും സ്ത്രീയും പുരുഷനുമുൾപ്പെടെ ലക്ഷക്കണക്കിനു ജനങ്ങളുടെ ഉള്ളിലൂർന്നിറങ്ങി, അവർക്കു വായ്പാഠങ്ങളായിത്തീരുകയും ചെയ്യും. അങ്ങനെയൊരു കവിയെ മലയാളം മുമ്പു കണ്ടിട്ടില്ല. (ടി പുസ്തകം)

ഇടപ്പള്ളിയിലെ ഇരട്ടകൾ

ചങ്ങമ്പുഴയെപ്പറ്റിയുള്ള അന്വേഷണത്തിൽ അനിവാര്യമായ ഒരു ഘടകമാണ് അദ്ദേഹത്തിന്റെ ഉറ്റചങ്ങാതിയായിരുന്ന കവി ഇടപ്പള്ളി രാഘവൻപിള്ള (1908–1935). ദാരിദ്ര്യദുഃഖത്തിന് പുറമെ പ്രണയനൈരാശ്യം കൂടിയായപ്പോൾ ആത്മഹത്യ അനിവാര്യമായിത്തീർന്ന രാഘവൻപിള്ളയുടെ ദുരന്തകഥ മലയാള സാഹിത്യത്തിലെ മായാത്ത ദുഃഖസ്മരണയാക്കി മാറ്റിയത് ചങ്ങമ്പുഴയുടെ *രമണൻ* (1936) എന്ന ഗ്രാമീണ വിലാപകാവ്യമാണ്. പല കാവ്യദോഷങ്ങളും നിരൂപകശ്രേഷ്ഠൻമാർ അതിൽ ആരോപിക്കുന്നുണ്ട് എങ്കിലും അത് മലയാളസാഹിത്യചരിത്രത്തിൽ മലയാളിയുടെ കാവ്യാഭിരുചിക്ക് അത്ഭുതകരമായ ഒരു അധ്യായമാണ് എഴുതിച്ചേർത്തത്. കാളിദാസനെയും കുമാരനാശാനെയും, ഗോയ്ഥയെയും പോലുള്ള ഗംഭീരാശയൻമാരായ കവി പ്രവരരിൽ രമിച്ചിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയെപ്പോലുള്ള നിരൂപകശ്രേഷ്ഠൻമാരും വരേണ്യസഹൃദയരും *രമണനെ* ഒരു കൗമാര കാവ്യാഭ്യാസമായി അവഗണിക്കുകയാണ് ആദ്യമൊക്കെ ചെയ്തത് എങ്കിലും പിന്നീട് ഒരു ഞെട്ടലോടെയാണ് ആ കൃതിയുടെ പ്രചുരപ്രചാരം വ്യക്തമാക്കിയ വൈശിഷ്ട്യത്തെ കണ്ടെത്തിയത്. 1945-ൽ രമണന്റെ 15-ാം പതിപ്പിന് മുണ്ടശ്ശേരി എഴുതിയ അവതാരികയിൽ ഈ വിസ്മയത്തെ ഇങ്ങനെ ഏറ്റു പറയുന്നു:

മലയാളത്തിൽ ഇങ്ങനെ ഒരനുഭവമോ? 1112-ൽ ഒന്നാം പതിപ്പ്,

15-ൽ രണ്ടാം പതിപ്പ്, 17-ൽ മൂന്നാം പതിപ്പ്, 18-ൽ നാലാം പതിപ്പ്, 19-ൽ അഞ്ചും ആറും ഏഴും എട്ടും ഒൻപതും പതിപ്പുകൾ 20-ൽ പത്ത്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന്, പതിനാല്-ഇതാ പതിനഞ്ചും പതിപ്പുകൾ; അതോ ആയിരവും രണ്ടായിരവും അയ്യായിരവും പ്രതികൾ വീതം. കേട്ടിട്ടു വിശ്വാസിക്കാൻ വിഷമം. പക്ഷേ, ഇത്ര വലിയൊരു കാര്യമോ? അതേ. ടി.ബി.സിക്കാർ പ്രസാദിക്കാത്തൊരു മലയാള കവിതയെ സംബന്ധിച്ചിടത്തോളം വളരെ വലിയൊരു കാര്യം തന്നെയാണ്. അതിന്റെ പ്രതികൾ മധുരനാരങ്ങപോലെ വരുന്നതു വരുന്നതങ്ങു വിറ്റഴിയുന്നുവെങ്കിൽ തക്ക കാരണം ഉണ്ടായിരിക്കണം; അകത്തും പുറത്തും ഒന്നുപോലെ. ലോർഡ് ബെയറന്റെ 'ചൈൽഡി ഹരോൾഡ്' എന്ന കവിതയ്ക്ക് ആയിരക്കണക്കിനാവശ്യക്കാരുണ്ടായതിനെപ്പറ്റി പറയുന്നകൂട്ടത്തിൽ ഒരു നിരൂപകൻ അഭിപ്രായപ്പെടുകയാണ്: "ഏറ്റവും ചെലവുള്ള കൃതികൾ കലാസൗഭഗം കൊണ്ട് അനുത്തമങ്ങളാകട്ടെ, അല്ലാതാകട്ടെ, പുറപ്പെടുന്ന കാലത്തിന്റെ ആശകളുമാവശ്യങ്ങളും അവയ്ക്കു പിമ്പിൽ കാണും. തക്ക സന്ദർഭങ്ങളിലായിരിക്കും അവയെത്തുന്നത്. അതേവരെ കെട്ടിനിന്നിട്ടുള്ള ചില വികാരങ്ങളെ അണമുറിച്ചു വിടാൻ അവ ഉതകുകയും ചെയ്യും". രമണനെക്കുറിച്ചായാലും ഈ അഭിപ്രായം അർഥവത്തല്ലയോ?

15-ാം പതിപ്പിറങ്ങിയപ്പോൾ മുണ്ടശ്ശേരിയുടെ അത്ഭുതവും അന്ധാളിപ്പും ഇത്രയേറെ ആയിരുന്നെങ്കിൽ 1998-ൽ അതിന്റെ അമ്പതാം പതിപ്പിന് അവതാരിക എഴുതാൻ ഏൽപ്പിച്ചപ്പോൾ എനിക്കുണ്ടായ വികാരമോ വിഭ്രാന്തിയോ എത്രമാത്രമായിരുന്നു എന്ന് ഊഹിക്കാമല്ലോ. ഈ വമ്പിച്ച പ്രചാരണത്തെ മാത്രം ആസ്പദമാക്കി *രമണ*ന്റെ കാവ്യഗുണത്തെ നിർണയിക്കാൻ ആകുമോ. ചങ്ങമ്പുഴയുടെ ഏറ്റവും ഒടുവിലത്തെ ജീവചരിത്രകാരനും അദ്ദേഹത്തിന്റെ സഹപാഠിയും ആയിരുന്ന പ്രൊഫ. എസ്. ഗുപ്തൻനായർ 'രമണൻ ഒരു പൊട്ടക്കവിതയാണ്' എന്ന് ഈയിടെ പ്രഖ്യാപിച്ചത് സഹൃദയലോകത്തിന്റെ വ്യാപകമായ പ്രതിഷേധത്തിന് വഴങ്ങി പിൻവലിച്ചെങ്കിലും അദ്ദേഹം പറഞ്ഞത് അപ്പാടെ അസംബന്ധമാണെന്ന് പറഞ്ഞ് വിധിയെഴുതാനാകുമോ. ഈ സന്ദിഗ്ധ ഘട്ടത്തിലാണ് ബയറണിന്റെ 'ചൈൽഡി ഹാരോൾഡ്' എന്ന പ്രശസ്ത കവിതയെ മുൻനിറുത്തി ഒരു നിരൂപകൻ അക്കാലത്ത് പുറപ്പെടുവിച്ചതായി മുണ്ടശ്ശേരി പറയുന്ന കാര്യം സാർഥകമാകുന്നത്. നിരൂപകൻമാരുടെ പ്രമാണനിഷ്ഠമായ മാനദണ്ഡങ്ങളോ വരേണ്യ സഹൃദയരുടെ സുശിക്ഷിതമായ അഭിരുചിയോ കൊണ്ടുമാത്രം ഏതെങ്കിലും സാഹിത്യകൃതിയെ അളക്കുന്നത് ഉചിതമായിരിക്കില്ല. ഈ മാന

ദണ്ഡങ്ങളും അഭിരുചിയും പ്രകാരം പോരായ്മകൾ ഉള്ള കൃതികൾപോലും അവ ഉളവാകുന്ന കാലഘട്ടത്തോടും സാമൂഹ്യ സാഹചര്യങ്ങളോടും സംവദിക്കുന്നതിൽ വിജയിക്കുന്ന പക്ഷം അവയുടെ സാമൂഹ്യധർമവും അതുകൊണ്ടുതന്നെ കലാധർമവും നിർവഹിച്ചതായി കരുതണം. മാനദണ്ഡങ്ങളും അഭിരുചിയും ഈ ധർമനിർവഹണത്തിനൊപ്പം മാറ്റുകയല്ലാതെ ആ മാനദണ്ഡങ്ങൾക്കൊപ്പം സർഗസൃഷ്ടികൾ മെരുങ്ങിക്കൊടുക്കണമെന്ന് ശഠിക്കുന്നത് ആശാസ്യമായിരിക്കില്ല. പരമ്പരാഗത പ്രമാണനിഷ്ഠതയെ, എതിർപ്പുകളെ വകവയ്ക്കാതെ ലംഘിക്കുകയും മറികടക്കുകയും ചെയ്യുന്നതിലൂടെയാണ് പുതിയ കാവ്യശൈലിയും രൂപം കൊള്ളുന്നത്. ഈ പരിവർത്തനോൻമുഖതയെ തടയുന്ന ഗതാനുഗതികത്വം സർഗപ്രതിഭയെ മരവിപ്പിക്കുകയും കലാവികാസത്തെ തടസ്സപ്പെടുത്തുകയും ചെയ്തു.

കലയും കാലവും

ചങ്ങമ്പുഴയുടെയും ഇടപ്പള്ളിയുടെയും സവിശേഷമായ കാവ്യശൈലികളും സംസ്കാരവും അവർക്ക് 1930കളിൽ ലഭിച്ച അത്ഭുതകരമായ ജനപ്രീതിയും മനസ്സിലാക്കാൻ ഈ കാലയളവിലെ കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ വിശകലനം ചെയ്യേണ്ടതായിട്ടുണ്ട്. ഇരുവരുടെയും ജീവിതവീക്ഷണത്തിനും കാവ്യസംസ്കാരത്തിനും കാരണം അവരുടെ സവിശേഷരീതിയിലുള്ള മാനസിക ഘടനയാണെന്ന കൃഷ്ണപിള്ളയുടെയും മറ്റും അഭിപ്രായം തിരസ്ക്കരിക്കേണ്ടതില്ലെങ്കിലും ഒരു മഹാപ്രസ്ഥാനം എന്ന നിലയിൽ അവരുടെ കവിത സമൂഹത്തിലുണ്ടാക്കിയ ചലനം മനസ്സിലാക്കാൻ വ്യക്തിഗതമായ സവിശേഷത അപര്യാപ്തമായിരിക്കും. അതുകൊണ്ട് ഇ.എം.എസ്. നമ്പൂതിരിപ്പാട് ചങ്ങമ്പുഴക്കവിതയുടെ സാമൂഹ്യപശ്ചാത്തലത്തെക്കുറിച്ച് വിവരിക്കുന്നത് പ്രത്യേക ശ്രദ്ധയർഹിക്കുന്നു:

> ലോകത്തിലെങ്ങുമെന്നപോലെ കേരളത്തിലും 1929-ൽ തുടങ്ങിയ സാമ്പത്തികക്കുഴപ്പം നിമിത്തം നാട്ടുകാരുടെ ജീവിതമാകെ തകർന്നു. തൊഴിൽ കിട്ടാത്ത ഇടത്തരക്കാർ, ജോലിയിൽനിന്നു പിരിച്ചുവിടപ്പെടുന്ന തൊഴിലാളികളും ശമ്പളക്കാരും-ഇവരെല്ലാം ജീവിക്കാൻ നിവൃത്തിയില്ലാതെ കുഴങ്ങി, നിരാശത, നിസ്സഹായത, സമുദായത്തോടും പ്രമാണികളോടും ദൈവത്തോടുതന്നെയും വെറുപ്പ്, എല്ലാറ്റിനെയും എതിർക്കാനും തകർക്കാനുമുള്ള ആഗ്രഹം-ഇതെല്ലാം നാട്ടുകാരെ പിടികൂടാൻ തുടങ്ങി. നിരീശരത്വം, നിഷേധാത്മകമായ സദാചാരബോധം, അവ്യക്തമായ സമത്വവാദങ്ങൾ മുതലായ ചിന്താഗതികളും പണിമുടക്കുകൾ, ജാഥകൾ മുതലായ സമരമാർഗങ്ങളും കേരളത്തിന്റെ ചരിത്രത്തിലൊന്നാമതായി പടർന്നു പിടിക്കാൻ തുടങ്ങി. മലയാളിയിൽ വന്ന ഈ മാറ്റങ്ങളാണ് അവ്യക്തമായും അപൂർവമായും ചങ്ങമ്പുഴക്കവിതയിൽ അലയടി

ച്ചത്. (മാർക്സിസവും മലയാള സാഹിത്യവും-1974)

നേരത്തെ ഉദ്ധരിച്ച മുണ്ടശ്ശേരിയുടെ അഭിപ്രായവും ഇ.എം.എസിന്റെ വിലയിരുത്തലും പൊരുത്തപ്പെടുന്നു. ഈ വിലയിരുത്തലുകളോടൊപ്പം ചങ്ങമ്പുഴക്കവിതയുടെ ഭാവിയെക്കുറിച്ച് നടത്തിയ ചില നിഗമനങ്ങൾ പാളിപ്പോയിട്ടുണ്ട്. ചങ്ങമ്പുഴ പ്രസ്ഥാനത്തെ അതിരുവിട്ട് അധിക്ഷേപിക്കുന്ന സഞ്ജയനെയും അതുപോലെ അതിർകടന്നു പ്രകീർത്തിക്കുന്ന കേസരി ബാലകൃഷ്ണപിള്ളയെയും വിമർശിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:

> ഈ വാസ്തവം മനസ്സിലാക്കാത്തതിനാൽ സഞ്ജയനുപറ്റിയ അതേതെറ്റ് ബാലകൃഷ്ണപിള്ളയ്ക്കും പറ്റി. മുതലാളിത്തത്തിന്റെ അധഃപതനകാലത്ത് ചങ്ങമ്പുഴയെപ്പോലുള്ള പരാജയപ്രസ്ഥാന സാഹിത്യകാരൻമാരെ വായനക്കാർ ആദരിക്കുമെന്ന വാസ്തവമാണ് സഞ്ജയന് കാണാൻ കഴിയാതിരുന്നതെങ്കിൽ, മുതലാളിത്തത്തിന്റെ അധഃപതനകാലത്തു മാത്രമേ ചങ്ങമ്പുഴക്കവിതയെ വായനക്കാർ ആദരിക്കുകയുള്ളൂവെന്നതാണ് ബാലകൃഷ്ണപിള്ളയ്ക്കു കാണാൻ കഴിയാത്തത്. അധഃപതനദശയിലിരിക്കുന്ന നാടുവാഴിസമുദായത്തിന്റെ കവിയായ വെൺമണിയെപ്പോലെ മാത്രമേ അധഃപതിച്ചു വരുന്ന ബൂർഷ്വാസമുദായത്തിന്റെ കവിയായ ചങ്ങമ്പുഴയെ ഭാവിസമുദായം കണക്കാക്കുകയുള്ളൂവെന്നു കാണാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. (ടി പുസ്തകം)

ഒരു പ്രത്യേക സാമൂഹ്യ വ്യവസ്ഥയ്ക്കു കീഴിൽ അതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് രചിക്കപ്പെടുന്ന ഒരു കലാസൃഷ്ടി ആ സാഹചര്യങ്ങൾ തിരോധാനം ചെയ്യുന്നതോടെ അപ്രസക്തമായിക്കൊള്ളും എന്ന നിഗമനം ശരിയല്ല. അതു ശരിയാണെങ്കിൽ വിശ്വസാഹിത്യത്തിലെ പ്രാചീന ക്ലാസിക്കുകളായ ഹോമറുടെ 'ഇലിയഡും' 'ഒഡീസി'യും വാൽമീകിയുടെ 'രാമായണ'വും ഷേക്സ്പിയറുടെ നാടകങ്ങളും കാളിദാസകൃതികളും എല്ലാം അപ്രസക്തമായി വിസ്മൃതിയിൽ ആണ്ടു പോയേനെ. അതുണ്ടായില്ല, ഇപ്പോഴും അവ ആസ്വദിക്കപ്പെടുന്നു. ചങ്ങമ്പുഴയുടെ കൃതികളും അതുപോലെ അവയുടെ ജനപ്രീതി നിലനിർത്തുന്നു. കാലത്തിന്റെ ദാസൻമാരായ കവികളും കാലത്തിന്റെ പ്രതിഫലനങ്ങളായ കവിതകളും (മറ്റ് ഉത്തമ കലാസൃഷ്ടികൾ പോലെ) കാലത്തെ അതിജീവിക്കുന്നതിന്റെ രഹസ്യം എന്തെന്ന പ്രശ്നം മാർക്സും കൈകാര്യം ചെയ്തിട്ടുണ്ട്. ആ വിശദമായ സൈദ്ധാന്തിക ചർച്ചയിലേക്കു തൽക്കാലം പ്രവേശിക്കാതെ കാലത്തിന്റെ സൃഷ്ടികളായ കലാരൂപങ്ങൾ ഉത്തമങ്ങളാണെങ്കിൽ കാലത്തെ അതിജീവിക്കാൻ അവയ്ക്കു കഴിയും എന്ന അനുഭവൈകവേദ്യമായ വസ്തുത

അനുസ്മരിപ്പിക്കുക മാത്രമേ ഇപ്പോൾ ചെയ്യേണ്ടതുള്ളു. ഇ.എം.എസ്. തന്നെ അതേ ലേഖനത്തിൽ ഒരിടത്ത് വ്യത്യസ്തമെങ്കിലും ശരിയായ ഒരു വിലയിരുത്തൽ ചങ്ങമ്പുഴക്കവിതയെകുറിച്ച് നടത്തുന്നുണ്ട്. അതിപ്രകാരമാണ്:

> ചങ്ങമ്പുഴക്കവിതയുടെ സവിശേഷതയായ ഈ വിഷാദാത്മകതത്തെ ആസ്പദിച്ചാണ് സഞ്ജയനെപ്പോലെയുള്ള വിമർശകൻമാർ അദ്ദേഹത്തെ ആക്ഷേപിച്ചത്.
>
> എന്നാൽ, സഞ്ജയന്റെയും മറ്റു വിമർശകൻമാരുടെയും വിമർശനങ്ങളെയും പരിഹാസങ്ങളെയും വകവയ്ക്കാതെ ചങ്ങമ്പുഴക്കവിത മുന്നോട്ടു പോയി; ചെറുശ്ശേരി, തുഞ്ചൻ, കുഞ്ചൻ എന്നിവർക്കുശേഷം മലയാള സാഹിത്യത്തിൽ ഉയർന്നുവന്ന കവികളിലാരെക്കാളുമധികം വായനക്കാർ ചങ്ങമ്പുഴയ്ക്കുണ്ടായി; ചങ്ങമ്പുഴക്കവിതകൾ കേരളത്തിന്റെ മുക്കിലും മൂലയിലും നിരക്ഷരരായ കുഞ്ഞുങ്ങളും പെണ്ണുങ്ങളും പാടി നടന്നു. ചങ്ങമ്പുഴതന്നെ തികഞ്ഞ ആത്മവിശ്വാസത്തോടെ പാടിയതുപോലെ.
>
> ഇരുളിലുലൂകങ്ങൾ
> മുഷിഞ്ഞു മൂളീടിലും
> സരസം വിണ്ണിൽപ്പൊങ്ങി
> പാടിയ രാപ്പാടിയാണ് ചങ്ങമ്പുഴക്കവിതയെന്ന് ചരിത്രം തെളിയിച്ചു. (ടി പുസ്തകം)

കേസരിയുടെ പ്രകീർത്തനത്തിലുള്ള അത്യുക്തിയെ വിമർശിക്കുന്ന ഇ.എം.എസ്. തന്നെ തുഞ്ചനോടും കുഞ്ചനോടും ചെറുശ്ശേരിയോടും ചങ്ങമ്പുഴയെ താരതമ്യപ്പെടുത്തുമ്പോൾ അദ്ദേഹവും ചങ്ങമ്പുഴക്കവിതയുടെ അനന്യസാധാരണമായ മേൻമയെ വാഴ്ത്തുകയാണ് ചെയ്യുന്നത്. അപ്പോൾ എങ്ങനെയാണ് 20-ാം നൂറ്റാണ്ടിലെ മലയാള കാവ്യ നവോത്ഥാനചരിത്രത്തിൽ ചങ്ങമ്പുഴയുടെ സ്ഥാനം നിർണ്ണയിക്കുക എന്ന പ്രശ്നം പൊന്തിവരുന്നു. അതിനുമുമ്പ് ഒരു മുളയിലെ രണ്ടിലകൾപോലെ വിടർന്നു വിലസിയ ഇടപ്പള്ളിയെയും ചങ്ങമ്പുഴയെയും താരതമ്യപ്പെടുത്തേണ്ടതുണ്ട്.

സമാനതയും വ്യത്യസ്തതയും

ചങ്ങമ്പുഴയും ഇടപ്പള്ളിയും ഒരേ കാവ്യശൈലിയുടെയും പ്രസ്ഥാനത്തിന്റെയും രണ്ട് മുഖങ്ങളായിരുന്നു എങ്കിലും അവർ തമ്മിലുള്ള വൈജാത്യവും നിസ്സാരമായിരുന്നില്ല. ഇരുവർക്കും 'ലളിതകോമള കാന്തപദാവലികൾ' പഥ്യമായിരുന്നു. കർണങ്ങൾക്ക് കർപ്പൂരധാരയാകുന്ന സംഗീതാത്മകത ഇരുവരെയും അനുഗ്രഹിച്ചിരുന്നു. വിഷാദാത്മകത ഇടപ്പള്ളിയിൽ നിന്ന് ചങ്ങമ്പുഴ സ്വാംശീകരിച്ചോ അതോ ചങ്ങമ്പുഴയിൽ നിന്ന് ഇടപ്പള്ളി സ്വാംശീകരിച്ചോ അതുമല്ലെങ്കിൽ ഇ.എം.എസ്. വിവരിച്ച കാലഘട്ടത്തിൽ നിന്ന് ഇരു

വർക്കും പകർന്നു കിട്ടിയതാണോ എന്നതൊക്കെ ചർച്ച ചെയ്യാവുന്നതാണ്. ചങ്ങമ്പുഴയുടെ പ്രഥമ സമാഹാരമായ *ബാഷ്പാഞ്ജലി*യുടെ പ്രസ്താവന കവിതയിൽ ആരംഭിക്കുന്നത് ഇങ്ങനെയാണ്:

ശരിയായിരിക്കാം- ഈ ലോകമേറ്റം
നിരുപമാനന്ദമായിരിക്കാം;
പ്രബല പ്രതാപാദിജീവിതമാം
നറുപാൽക്കടലിൻ തരംഗമാകാം;-
ഹതഭാഗ്യൻ ഞാൻ പക്ഷേ, കണ്ടതെല്ലാം
കരുണതൻ രോദനമായിരുന്നു!-
എരിയുമെന്നാത്മാവിലേറ്റതെല്ലാം
ചുടുനെടുവീർപ്പുകളായിരുന്നു.

ഇത്ര കടുത്ത വിഷാദാത്മകത തന്റെ കൂട്ടുകാരൻ ഇടപ്പള്ളി രാഘവൻപിള്ളയെ പോലെ ചങ്ങമ്പുഴയെ ആത്മഹത്യയിലേക്കൊന്നും നയിക്കുന്നില്ല. രമണന്റെ ചന്ദ്രികയെപ്പോലെ എന്തു വന്നാലും 'എനിക്കാസ്വദിക്കണം, മുന്തിരിച്ചാറു പോലുള്ളൊരീ ജീവിതം' എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെയും കവിതയിലെയും അഭിനിവേശം. ഈ അഭിനിവേശം അതിർവരമ്പുകൾ തകർത്ത് ഭ്രാന്തരൂപം കൈക്കൊള്ളുകയും അരാജകത്വത്തെ ജീവിതശൈലിയായി മാറ്റുകയും ചെയ്ത ചങ്ങമ്പുഴയുടെ ജീവിതമാകെ ആത്മനാശകമായ ഒരു കയ്യാങ്കളിയായിരുന്നു എന്നു വേണമെങ്കിൽ ചുണ്ടിക്കാട്ടി വിമർശിക്കാം. ഇടപ്പള്ളിയെ ഈ ആത്മഹത്യാഭിനിവേശം അനിവാര്യമായ ദുരന്തത്തിലേക്ക് തന്നെ നയിച്ചു എങ്കിലും അദ്ദേഹത്തിന്റെ കാവ്യശൈലി അർഥഗർഭമായ മിതത്വം കൊണ്ട് ആകർഷകമാണ്. ചങ്ങമ്പുഴയുടെ പദധാരാളിത്തത്തിനിടയിൽ കൂടി പലപ്പോഴും അർഥം ചോർന്നു പോകുമ്പോൾ ഇടപ്പള്ളിയുടേത് പിരിമുറുക്കം കൊണ്ട് കൂടുതൽ ഹൃദയസ്പർശിയായി അനുഭവപ്പെടുന്നു. ഇരുവരുടെയും വ്യക്തിത്വങ്ങളും സമാനഭാവങ്ങൾ കൊണ്ട് ആച്ഛാദിതമാണെങ്കിലും സൂക്ഷ്മദൃക്കുകൾക്ക് ഇരുവരും തമ്മിലുള്ള വൈപരീത്യം കണ്ടെത്താൻ കഴിയും. 'ഇടപ്പള്ളി രാഘവൻ പിള്ളയുടെ കൃതികൾ' (കോട്ടയം, 1946) ക്ക് 1980-ൽ പ്രൊഫ. എസ്. ഗുപ്തൻനായർ എഴുതിയ ആമുഖക്കുറിപ്പിലെ താരതമ്യം മിക്കവാറും കുറിക്കു കൊള്ളുന്നതാണ്:

> ഇടപ്പള്ളി ഒരേകാന്തജീവിയായിരുന്നു. ഒട്ടും സുമുഖനല്ല; 'ലജ്ജാലുവും മിതവാക്കും അന്തർമുഖനും' എന്നാണ് അടുത്തറിഞ്ഞവർ വിവരിക്കുന്നത്. ചങ്ങമ്പുഴയാകട്ടെ, ബഹിർമുഖനും പ്രദർശനപ്രിയനും വാചാലനും സാമാന്യം സുഭഗനും നന്നേ ചെറുപ്പത്തിലെ കവിതയെഴുതിത്തുടങ്ങി. എഴുതിയ കവിത മേലങ്ങൻ (മേലങ്ങത്ത് അച്ചുതമേനോൻ) തുടങ്ങിയവരെ കാണിച്ച് തിരുത്തിച്ചു. ചുരുക്കത്തിൽ അങ്ങേയറ്റം ഉൽ

> ക്കർഷേച്ഛുവായിരുന്നു ഇടപ്പള്ളി. ചങ്ങമ്പുഴയെക്കാൾ ചിട്ടയും സൻമാർഗനിഷ്ഠയും സ്വകാര്യജീവിതത്തിൽ പാലിച്ചു പോന്നു. ആർഭാടമുള്ള വേഷം കെട്ടലും കൂട്ടുകൂടലും കൂസലില്ലായ്മയും ഒക്കെയായിരുന്നു ചങ്ങമ്പുഴയുടെ വ്യക്തിമുദ്രകളെങ്കിൽ, ലളിതമായ ഖദർവേഷവും അപകർഷതാബോധവും ഒതുങ്ങിമാറലും ആയിരുന്നു ഇടപ്പള്ളിയുടെ സമ്പ്രദായം.

ഈ സ്വഭാവ വൈജാത്യങ്ങൾ ഇരുവരുടെ കവിതകളുടെ ശൈലിയിലും പ്രകടമാണ്. 'നീറും നിരാശ'യുടെ നിഴൽപ്പാടും 'മരണത്തിന്റെ മണിമുഴക്ക'വും ഇടപ്പള്ളിക്കവിതകൾക്ക് ഏകസ്വരത എന്ന വിരസത നൽകുന്നു എന്ന വിമർശനം അസ്ഥാനത്തല്ലെങ്കിലും അതിന് തക്കതായ കാരണമുണ്ട്. ഉൽക്കടമായ പ്രേമത്തിന്റെയും ദുർഘടമായ ഇല്ലായ്മകളുടെയും വൈകാരികാവസ്ഥയെ അതിജീവിക്കാൻ 27-ാം വയസ്സിൽ തകർന്നുപോയ ആ ദുരന്തജീവിതത്തിന് കഴിയാതെ പോയി. ചങ്ങമ്പുഴ ഒരു കാലത്തും വിഷാദാത്മകത്വത്തിൽ നിന്ന് തികച്ചും വിമുക്തനായിരുന്നില്ലെങ്കിലും *ബാഷ്പാഞ്ജലി*യിലെയും *രമണനി*ലെയും നീറുന്ന വിഷാദാത്മകതയിൽനിന്ന് പലപ്പോഴും പ്രത്യാശയുടെ പ്രകാശത്തിലേക്ക് കുതിച്ചുകയറി തിമിർത്ത് പാടിയിട്ടുള്ളത് ഓർക്കുക. പക്ഷേ അങ്ങനെ പുതിയ വഴികൾ നിരത്തിയെടുക്കാൻ ആവശ്യമായ ആയുസ്സ് ഇടപ്പള്ളിക്ക് ലഭിച്ചിരുന്നില്ല. അതുകൊണ്ട് നമുക്കു ലഭിച്ച ഇടപ്പള്ളിക്കവിതകളെ കുറിച്ച് പറയാനല്ലാതെ ആ പ്രതിഭയുടെ നാനാമാനങ്ങളെകുറിച്ച് വിലയിരുത്താൻ ശ്രമിക്കുന്നത് വ്യർഥമായിരിക്കും.

സംക്രമപുരുഷൻ

ഇടപ്പള്ളിയുടെ *മണിനാദ*ത്തിനും തുടർന്ന് ചങ്ങമ്പുഴയുടെ *സ്പന്ദിക്കുന്ന അസ്ഥിമാട*ത്തിനും പിന്നീട് കെടാമംഗലം പപ്പുക്കുട്ടിയുടെ *കടത്തുവഞ്ചി*ക്കും കേസരി ബാലകൃഷ്ണപിള്ള എഴുതിയ അവതാരികകൾക്ക് അത്യുക്തിദോഷം ചിലർ ആരോപിച്ചിട്ടുണ്ട്. ഈ ആരോപണം ശരിയായാലും തെറ്റായാലും ചങ്ങമ്പുഴ 'മേൽപ്പറഞ്ഞ രണ്ട് പ്രസ്ഥാനങ്ങളുടെ (പുരോഗമന പ്രസ്ഥാനവും മനംനോക്കി പ്രസ്ഥാനവും) സ്ഥാപകനായതിനു പുറമെ ഭാഷാപദ്യത്തിലെ കാവ്യരീതിയിൽ ഒരു സ്മരണീയമായ പരിവർത്തനം വരുത്തിവച്ചതു നിമിത്തം അദ്ദേഹം ഭാഷാപദ്യ സാഹിത്യത്തിലെ ഒരു ഉപപ്രസ്ഥാനനായകൻ കൂടിയായി ഭവിച്ചിരിക്കുന്നു' എന്ന കേസരിയുടെ വിലയിരുത്തൽ തികച്ചും ശരിയാണ്. 1911-ൽ മഹാകവി കുമാരനാശാന്റെ 'നളിനി' എന്ന ഖണ്ഡകാവ്യത്തിനെഴുതിയ അവതാരികയിൽ എ.ആർ. രാജരാജവർമ നടത്തിയ പരാമർശത്തിലെ ദീർഘവീക്ഷണത്തോട് പൊരുത്തപ്പെടുന്ന ഒരു ദീർഘദർശനമാണ് രാജരാജശിഷ്യനായ കേസരി ഇവിടെ നടത്തിയിരിക്കുന്നത്. ആധുനിക മലയാള കവിതയിലെ ഒരു നവീന പ്രസ്ഥാനമാണ് നളിനിയിലൂടെ ആശാൻ ഉദ്ഘാടനം ചെയ്യുന്നതെന്ന രാജരാജന്റെ പ്രസ്താവ

നയുടെ അർഥവ്യാപ്തി മനസ്സിലാക്കാൻ മലയാളികൾക്ക് പല പതിറ്റാണ്ടുകൾ വേണ്ടി വന്നു. കവിത്രയം എന്ന വിശേഷണം നൽകി ആശാനെയും ഉള്ളൂരിനെയും വള്ളത്തോളിനെയും സമശീർഷരായി കരുതുന്നത് പരിമിതമായ ഒരർഥത്തിൽ ശരിയായിരിക്കാം എങ്കിലും കൂടുതൽ ശരി കുമാരനാശാനെ കവിത്രയത്തിൽ പ്രഥമഗണനീയനും ആധുനിക മലയാള കവിതാനവോത്ഥാനത്തിന്റെ അധിനായകനും ആയി കരുതുകയാണെന്ന വസ്തുത ഇപ്പോൾ പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. രാജരാജവർമ ഈ പദവി ആശാന് കൽപ്പിച്ച് കൊടുത്ത കാലത്തെന്നല്ല പിന്നെയും പല പതിറ്റാണ്ടുകൾ താണ്ടിയതിന് ശേഷമാണ് 'ഉജ്ജ്വല ശബ്ദാഢ്യ'നായ ഉള്ളൂരിനെയും 'ശബ്ദസുന്ദര'നായ വള്ളത്തോളിനെയും പോലെ 'ആശയഗംഭീരൻ' മാത്രമാണ് ആശാൻ എന്ന ധാരണ മലയാള നിരൂപകവൃന്ദം തിരുത്തിക്കുറിച്ചത്. ചങ്ങമ്പുഴയെ സംബന്ധിച്ച് കേസരി പറഞ്ഞത് പതിറ്റാണ്ടുകൾക്കു ശേഷമാണ് കേരളം അംഗീകരിച്ച് തുടങ്ങിയിരിക്കുന്നത്.

ചങ്ങമ്പുഴയ്ക്കുശേഷം മലയാള കാവ്യലോകത്തെ സമ്പന്നമാക്കിയ വൈലോപ്പിള്ളിയും ഇടശ്ശേരിയും കുഞ്ഞിരാമൻനായരും ഒ.എൻ.വി. കുറുപ്പും മറ്റും വിവിധ നിലകളിൽ ചങ്ങമ്പുഴയിൽനിന്ന് വ്യത്യസ്തരും ചിലപ്പോൾ ചങ്ങമ്പുഴയെ പിൻതള്ളുന്ന പ്രതിഭാവിലാസം കൊണ്ട് അനുഗൃഹീതരുമാണ്. പക്ഷേ, അവരെല്ലാം എന്നല്ല അവരുടെ സമകാലീനരായ പല ഇളമുറക്കാരും ചങ്ങമ്പുഴയിൽ നിന്നാണ് തങ്ങളുടെ കാവ്യതപസ്യ ആരംഭിച്ചത് എന്ന് കാണാൻ വിഷമമില്ല. ഇപ്പറഞ്ഞ കവികളെ കൂടാതെ എം.പി. അപ്പൻ, പാലാ നാരായണൻ നായർ, വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, ചില കവിതകളിൽ എങ്കിലും ജി. ശങ്കരക്കുറുപ്പ് തുടങ്ങിയവരും ഇടപ്പള്ളിക്കവികൾ തുറന്നിട്ട ജനകീയ കവിതയുടെ വഴിത്താരയിലൂടെയാണ് മുന്നേറിയത്. 1950കളിലും 60 കളിലും അന്ന് നിലവിലിരുന്ന വരേണ്യ നിരൂപകാന്ത രീക്ഷത്തിൽ ഈ കടപ്പാട് ഏറ്റു പറയാൻ പലരും മടിച്ചിരുന്നെങ്കിലും ഇന്ന് ആ സ്ഥിതിയൊക്കെ മാറിയിരിക്കുന്നു. ചങ്ങമ്പുഴ കവിതയ്ക്ക് ആസ്വാദകരുടെയും നിരൂപകരുടെയും പ്രസാധകരുടെയും ഇടയിൽ ഒരു നവവസന്തം ആരംഭിച്ചിരിക്കുന്ന പ്രതീതിയാണ് ഇപ്പോൾ കാണുന്നത്. ഇക്കഴിഞ്ഞ അഞ്ചാറ് വർഷക്കാലത്ത് ചങ്ങമ്പുഴയെ കുറിച്ച് മൗനമവലംബിച്ചിരുന്ന പല വരേണ്യ നിരൂപകരും അദ്ദേഹത്തിന്റെ ജീവചരിത്രങ്ങൾ രചിക്കാനും പഠനങ്ങൾ പ്രസിദ്ധീകരിക്കാനും 'അഹമഹമികയാ' മുന്നോട്ടു വന്നിരിക്കുന്ന കാഴ്ച മറ്റെന്താണ് തെളിയിക്കുന്നത്.

കേസരി ബാലകൃഷ്ണപിള്ളയുടെ പ്രശംസ അത്യുക്തിയായി അന്ന് പരിഗണിച്ചവർ പോലും ഇപ്പോഴത് അൽപോക്തിയായി ചുരുങ്ങി പോയില്ലേ എന്നു സംശയിച്ച് തുടങ്ങിയിരിക്കുന്നു. 20-ാം നൂറ്റാണ്ടിൽ മഹാകവി കുമാരനാശാൻ തൊടുത്തുവിട്ട കവിതാ വിപ്ലവത്തിന്റെ അടുത്തഘട്ടം പ്രോത്ഘാടനം ചെയ്തത് മഹാകവി ചങ്ങമ്പുഴ കൃഷ്ണപിള്ളയാണെന്നത് നിസ്സംശയം പറയാം. ■

7. ഇളംകുളത്തിന്റെ പ്രത്യയശാസ്ത്രവും വൈജ്ഞാനിക സംഭാവനകളും



1904 നവംബർ 8 ന് കൊല്ലം ജില്ലയിലെ കല്ലുവാതുക്കലിൽ കടയ്ക്കോണത്ത് കൃഷ്ണക്കുറുപ്പിന്റെയും ഇളംകുളത്ത് പുത്തൻവീട്ടിൽ നാണിയമ്മയുടെയും മകനായി ജനിച്ചു. 1927 ൽ മാവേലിക്കര ഹൈസ്കൂളിൽ മലയാളം മുൻഷിയായി ജോലിയിൽ പ്രവേശിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, മദ്രാസ് സർവകലാശാല എന്നിവിടങ്ങളിലെ പഠനങ്ങൾക്കുശേഷം ബി. എ. ഓണേഴ്സ് പരീക്ഷ പാസ്സായി. പിന്നീട് അണ്ണാമലയിൽ നിന്ന് ബിരുദാനന്തര ബിരുദവും നേടി. 1934 ൽ യൂണിവേഴ്സിറ്റി കോളേജിൽ ലക്ചററായി ജോലി നോക്കി. 1929 ൽ പ്രസിദ്ധപ്പെടുത്തിയ 'സാഹിത്യ മാലിക' ആണ് ആദ്യകൃതി. 1949 ൽ ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസിൽ കേരള ചരിത്രത്തെപ്പറ്റി അവതരിപ്പിച്ച പ്രബന്ധം ഏറെ ശ്രദ്ധിക്കപ്പെട്ടു. പ്രസിദ്ധ ചരിത്രഗവേഷകൻ സർദേശായിമർവീലറുടെ കീഴിൽ ഗവേഷണം നടത്താൻ ഈ പ്രബന്ധം വഴിയൊരുക്കി. 1960 വരെ യൂണിവേഴ്സിറ്റി കോളേജിൽ പ്രൊഫസറും മലയാളം വിഭാഗം തലവനുമായി സേവനമനുഷ്ഠിച്ചു. കേരള ചരിത്രത്തിന്റെ ഇരുളടഞ്ഞ ഏടുകൾ, സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ, ഉള്ളിനീലി സന്ദേശം ചരിത്രവൃക്ഷടിയിൽ, കേരളം അഞ്ചും ആറും നൂറ്റാണ്ടിൽ തുടങ്ങിയ കൃതികൾ രചിച്ചു. രാമചരിതത്തിന്റെ വ്യാഖ്യാനം തയ്യാറാക്കിക്കൊണ്ടിരിക്കെ 1973 – മാർച്ച് 4 ന് നിര്യാതനായി. ഭാർഗവിയമ്മയായിരുന്നു സഹധർമ്മിണി.

1956 വരെ കേരളം തിരുവിതാംകൂറും കൊച്ചിയും മലബാറുമായി മുറിഞ്ഞ് കിടന്നതുകൊണ്ടാവാം അയൽ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ ശാസ്ത്രീയ ചരിത്ര രചന വളരെയേറെ വൈകിപ്പോയത്. ഇന്ത്യയിൽ ആകെയും മറ്റു സംസ്ഥാനങ്ങളിലും ആധുനിക ശൈലിയിലുള്ള ചരിത്ര രചന ആദ്യം കൊളോണിയൽ അധികൃതരും പിന്നീട് ദേശീയവാദികളും പത്തൊമ്പതാം നൂറ്റാണ്ട് മുതൽ ആരംഭിച്ചതിനോടൊപ്പം തന്നെ കേരളത്തിലെ ഈ മൂന്ന് ഖണ്ഡങ്ങളിലും ശ്രമങ്ങൾ തുടങ്ങാതിരുന്നില്ല. പക്ഷേ അവയെല്ലാം തിരുവിതാംകൂറിനും കൊച്ചിക്കും മലബാറിനും എല്ലാം വെവ്വേറെ ആയിട്ടായിരുന്നു. അവയെല്ലാം ഭരണനിർവഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ആധുനിക ഭരണ നിർവഹണത്തിന് സഹായകരമായ വിധം പരിമിതമായ ലക്ഷ്യങ്ങളോടുകൂടി എഴുതിയ സർക്കാർ രേഖകളോ രചനകളോ ആയിരുന്നു. ഈ പരിമിത ലക്ഷ്യത്തിന്

പുറമെ തിരുവിതാംകൂറിലെയും കൊച്ചയിലെയും ചരിത്രകാരൻമാർ അത് രാജകുടുംബങ്ങളുടെ പാരമ്പര്യത്തെയും മഹത്വത്തെയും പ്രകീർത്തിക്കാൻ വേണ്ടി പലപ്പോഴും ശാസ്ത്രീയ ചരിത്ര രചനാ സമ്പ്രദായത്തെ വികലപ്പെടുത്തിയിട്ടും ഉണ്ട്.

തിരുവിതാംകൂറിലെ കൊട്ടാരം വൈദ്യനായിരുന്ന വൈക്കത്ത് പാച്ചു മൂത്തതിന്റെ (1814-1883) *തിരുവിതാംകൂർ ചരിത്രം* (1868) ദിവാൻ പേഷ്ക്കാർ ആയിരുന്ന പി. ശങ്കുണ്ണി മേനോന്റെ ഇംഗ്ലീഷിലുള്ള *തിരുവിതാംകൂർ ചരിത്രം (എ ഹിസ്റ്ററി ഓഫ് ട്രാവൻകൂർ, 1878)* തുടങ്ങിയവ എല്ലാം ഈ വിധത്തിൽ ഉള്ളവയാണ്. മാത്രമല്ല അവയെല്ലാം പഴം പുരാണങ്ങളുടെ മാതൃകയിൽ (എന്നാൽ അവയ്ക്കുള്ള സാഹിത്യ ചമൽക്കാരം പോലും ഇല്ലാതെ), പതിനേഴോ പതിനെട്ടോ നൂറ്റാണ്ടുകളിൽ അപ്രഗൽഭരായ ഏതോ ബ്രാഹ്മണർ പടച്ചുവിട്ട *കേരളോൽപ്പത്തി കേരള മാഹാത്മ്യം* മുതലായവയിലെ കെട്ടുകഥകളെയും ഐതിഹ്യങ്ങളെയും കൂടി അവലംബം ആക്കുന്നു. കേരളം പരശുരാമൻ മഴു എറിഞ്ഞ് കടലിൽ നിന്ന് വീണ്ടെടുത്ത് ബ്രാഹ്മണർക്ക് വീതിച്ച് കൊടുത്ത ഭൂപ്രദേശമാണെന്ന് ബ്രാഹ്മണാധിപത്യത്തെ ന്യായീകരിക്കാൻ എഴുതിപ്പിടിപ്പിച്ച കഥകൾ അൽപസ്വൽപം ഭേദഗതികളോടെ മാറ്റിയെഴുതി വേണാട് രാജവംശത്തെയും മറ്റും പ്രാചീന ചന്ദ്രവംശത്തോടും സൂര്യവംശത്തോടും മറ്റും ഘടിപ്പിക്കാനും ചേരപുരാതനൻമാരെ അവരുടെ പൂർവികൻമാരായി കൽപ്പിക്കാനുള്ള പരിഹാസ്യ ശ്രമങ്ങളും അവയിൽ കാണാം.

മറ്റൊരുവക ചരിത്രങ്ങൾ കോളനി വാഴ്ചയെ ന്യായീകരിക്കാനും അരക്കിട്ടുറപ്പിക്കാനും ബ്രിട്ടീഷ് ഇന്ത്യയിൽ എഴുതപ്പെട്ട 'ഇംപീരിയൽ ഗസറ്റിയറുകളുടെ' മാതൃകയിൽ എഴുതപ്പെട്ട 'മാന്വലുക'ളുടെ ഭാഗമായി എഴുതി ചേർത്ത ചരിത്രാഖ്യാനങ്ങളാണ്. ബാസൽ മിഷൻ പ്രവർത്തകൻ ഡോ. ഹെർമാൻ ഗുണ്ടർട്ട് എഴുതിയ *കേരളപ്പഴമ* മലബാർ കളക്ടർ വില്യം ലോഗൻ എഴുതിയ *മലബാർ മാന്വൽ* കോമാട്ടിൽ അച്യുതമേനോന്റെ *കൊച്ചിൻ സ്റ്റേറ്റ് മാന്വൽ* , വി. നാഗമയ്യയുടെയും ടി.കെ. വേലുപ്പിള്ളയുടെയും *തിരുവിതാംകൂർ സ്റ്റേറ്റ് മാന്വൽ* മുതലായവയെ ഈ ഗണത്തിൽ പെടുത്താം. ഈ മാന്വലുകളിലെ ചരിത്ര ഭാഗങ്ങൾ പാച്ചുമൂത്തതിനെയും ശങ്കുണ്ണി മേനോനെയും മറ്റുംകാൾ ശാസ്ത്രീയ സമീപനത്തിന് ശ്രമിക്കുന്നുണ്ടെങ്കിലും പ്രാചീന മധ്യകാല ചരിത്ര ഭാഗങ്ങൾക്ക് അവയും മുഖ്യമായി കടപ്പെട്ടിരിക്കുന്നത് വേണ്ടത്ര തെളിവുകൾ ഇല്ലാത്ത ഐതിഹ്യകഥകളോടാണ്. 1498 ൽ വാസ്കോഡഗാമ കോഴിക്കോടിന് വടക്ക് കാപ്പാട്ട് കടൽപ്പുറത്ത് കപ്പലിറങ്ങിയതോടെ പ്രോൽഘാടനം ചെയ്യപ്പെട്ട പാശ്ചാത്യാധിപത്യ കാലത്തെ കുറിച്ച് കെ.പി. പത്മനാഭമേനോൻ, സർദാർ കെ.എം. പണിക്കർ, കെ.വി. കൃഷ്ണയ്യർ തുടങ്ങിയ പ്രഗൽഭമതികൾ എഴുതിയ ചരിത്രങ്ങൾ പഴയ ചരിത്ര

രചനാ മൂശയിൽ ആണെങ്കിലും ആധുനികമായ ഉപാദാനങ്ങളും പടിഞ്ഞാറൻമാരുടെ സഞ്ചാരക്കുറിപ്പുകളും എഴുത്തുകുത്തുകളും ഭരണ രേഖകളും മറ്റും കൊണ്ട് ഇപ്പോഴും വിലപ്പെട്ട ശാസ്ത്രീയ കൃതികളായി അവശേഷിക്കുന്നു. പക്ഷേ അവരാരും വാസ്കോഡഗാമയ്ക്കു മുമ്പുള്ള പ്രാചീന മധ്യകാല ചരിത്രങ്ങളെ സ്പർശിച്ചിട്ടില്ല. വല്ലപ്പോഴും ചുരുക്കമായി പരാമർശിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം വെറും കെട്ടുകഥകളുടെ പരിഷ്കൃത രൂപങ്ങൾ മാത്രമായിരുന്നു. പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ളയുടെ കേരള വൈജ്ഞാനിക ചരിത്രത്തിലെ സ്ഥാനം ചരിത്ര രചനയിലെ ഈ പോരായ്മ നികത്തുന്നതിന് അദ്ദേഹം നൽകിയ ആദ്യപഥിക സംഭാവനകളാണ്. കേരളത്തിന്റെ പ്രാചീന-മധ്യകാല ചരിത്രത്തെ കെട്ടുകഥകളുടെ ചതുപ്പ് നിലത്തിൽ നിന്നും വീണ്ടെടുത്ത് ശാസ്ത്രത്തിന്റെ രാജവീഥിയിലേക്ക് നയിച്ച് ചരിത്രം സൃഷ്ടിച്ച ചരിത്രകാരനാണ് ഇളംകുളം.

ഭാഷയും സാഹിത്യവും

ഇളംകുളം ചരിത്ര ഗവേഷണത്തിലോ രചനയിലോ വിശേഷാൽ പരിശീലനം ലഭിച്ച ഒരു പണ്ഡിതൻ ആയിരുന്നില്ല. സ്കൂൾ അധ്യാപകൻ എന്ന നിലയിൽ ആദ്യകാലത്തും സർവകലാശാല അധ്യാപകൻ എന്ന നിലയിൽ പിൽക്കാലത്തും അദ്ദേഹം തുടക്കം കുറിച്ചതും അധ്യാപനം നടത്തിയതും ഗവേഷണ മേഖലയിൽ വ്യാപരിച്ചതും എല്ലാം മലയാള ഭാഷാ-സാഹിത്യ അധ്യാപകൻ എന്ന നിലയിലാണ്. എന്നാൽ അദ്ദേഹത്തിന്റെ ഭാഷാ-സാഹിത്യ പഠനങ്ങളിലും രചനകളിലും സാമൂഹ്യ വീക്ഷണവും ചരിത്രപരമായ ഉൾക്കാഴ്ചയും തുടക്കം തൊട്ടേ പ്രകടമായിരുന്നു. മലയാള ഭാഷാ വികാസ പരിണാമങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനങ്ങളും പുതിയ കണ്ടെത്തലുകളും കേരള ജനതയുടെ ചരിത്ര വികാസ പരിണാമങ്ങളിലേക്ക് വെളിച്ചം വീശുന്നവയാണ്.

ഉപരി വിദ്യാഭ്യാസം നേടി കോളേജിലെ അധ്യാപനവൃത്തിക്ക് എത്തുന്നതിന് മുമ്പ് ഒരു സ്കൂൾ അധ്യാപകനായിരുന്ന കാലത്തു തന്നെ 25-ാം വയസ്സിലോ മറ്റോ അദ്ദേഹം പ്രസിദ്ധീകരിച്ച *സാഹിത്യ മാലിക* (1929) എന്ന സമാഹാരത്തിലെ ലേഖനങ്ങൾ തന്നെ പിൽക്കാലത്ത് അദ്ദേഹത്തിൽ വികസിച്ചുവന്ന സാഹിത്യ ചരിത്ര പരിപ്രേക്ഷ്യത്തിന്റെ പ്രാഥമിക സാക്ഷ്യങ്ങളാണ്. ആ സമാഹാരത്തിലെ 'സാഹിത്യവും സമുദായവും' എന്ന ലേഖനം പ്രത്യേകം ശ്രദ്ധാർഹമാണ്. വിശ്വസാഹിത്യ ചരിത്രത്തിലെ പലഘട്ടങ്ങൾ ഉദാഹരിച്ചുകൊണ്ട് എങ്ങനെയാണ് സാഹിത്യം അതാതു കാലത്തെ സാമൂഹ്യ യാഥാർഥ്യങ്ങളെ പ്രതിഫലിപ്പിക്കുകയും സാമൂഹ്യ ജീവിതത്തിന് പുതിയ വഴിത്താരകൾ വെട്ടി തുറക്കുകയും ചെയ്തത് എന്ന് അതിൽ ഇളംകുളം ഉപന്യസിക്കുന്നു. 'കല കലയ്ക്കു വേണ്ടി' എന്ന ധർമനിരപേക്ഷമായ വാദം ഒരിക്കലും അദ്ദേഹത്തിന് സ്വീകാര്യമായിരുന്നിട്ടില്ല. തുഞ്ചത്ത് എഴുത്തച്ഛന്റെ

ഭാഷാപിതൃത്വത്തെയും കലാശിൽപചാതുരിയെയും ഭക്തി പ്രകർഷത്തെയും പ്രകീർത്തിക്കുക മാത്രമല്ല ഇളംകുളം ചെയ്തത്. എഴുത്തച്ഛന് മുമ്പുള്ള കാലഘട്ടത്തിലെ മണിപ്രവാള കൃതികളിൽ പ്രകടമാകുന്നവിധം നിലവിലിരുന്ന ധർമച്യുതിക്കും സൻമാർഗഭ്രംശത്തിനും എതിരായി ഒരു പുതുയുഗ ധർമം പ്രചരിപ്പിക്കുക എന്നത് എഴുത്തച്ഛന്റെ ലക്ഷ്യമായിരുന്നു എന്ന് സ്ഥാപിക്കുന്ന ഇളംകുളം അതുവരെയുള്ള എഴുത്തച്ഛൻ പഠനങ്ങളിൽ നിന്ന് ഏറെ മുന്നോട്ടു പോയി. മഹാത്മാഗാന്ധിയെ കുറിച്ച് കുട്ടികൾക്കുവേണ്ടി *ഗാന്ധി ദേവൻ* (1948) എഴുതിയ ഇളംകുളം ഖദർധാരിയും അടിയുറച്ച ദേശീയവാദിയും ആയിരുന്നു. ഈ ദേശീയവാദം ശാസ്ത്രീയമായ ചരിത്ര പഠനവും സാമൂഹ്യമീമാംസയും ആയി ഇണചേരുകയും സമകാലിക കേരള ചരിത്ര സംഭവങ്ങൾ അതിന് തിളക്കം ഇയറ്റുകയും ചെയ്തപ്പോൾ ഇളംകുളം മാർക്സിസത്തിലേക്കും സോഷ്യലിസത്തിലേക്കും ആകൃഷ്ടനായതിൽ അൽഭുതമില്ല. പൂർണ്ണമായ അർഥത്തിൽ അദ്ദേഹം ഒരു മാർക്സിസ്റ്റ് ആയിരുന്നു എന്നു വാദിക്കുന്നത് അതിശയോക്തി ആകാം. എങ്കിലും ഉൽപാദനോപാധികളുടെ വികാസവും ഉൽപാദന ബന്ധങ്ങളുടെ പരിണാമങ്ങളും സാമൂഹ്യ പരിവർത്തനങ്ങളെയും സാംസ്കാരിക ഘടനയെയും സ്വാധീനിക്കും എന്ന മാർക്സിസ്റ്റ് കാഴ്ചപ്പാട് അദ്ദേഹത്തിന്റെ കൃതികളിൽ വെളിച്ചം വീശുന്നുണ്ട് എന്നത് നിസ്തർക്കമാണ്.

വർണാശ്രമ വ്യവസ്ഥയുടെയും ജൻമിസമ്പ്രദായത്തിന്റെയും കടുത്ത വിമർശകനായിരുന്ന ഇളംകുളം തന്റെ ഗവേഷണ പഠനങ്ങൾ ഈ വ്യവസ്ഥകളുടെ അനീതിയെയും അസ്വീകാര്യതയെയും സമർഥിക്കാൻ ഫലപ്രദമായി ഉപയോഗപ്പെടുത്തി. 1957 ൽ അധികാരത്തിലെത്തിയ കേരളത്തിലെ പ്രഥമ കമ്യൂണിസ്റ്റ് സർക്കാരിന്റെ മൗലികമായ കാർഷിക പരിഷ്കാരങ്ങളെ കമ്യൂണിസ്റ്റ് വാരികയായ നവയുഗത്തിൽ അദ്ദേഹമെഴുതിയ ലേഖനങ്ങളാണ് *ജൻമിസമ്പ്രദായം കേരളത്തിൽ* (1959) എന്ന പേരിൽ പിന്നീട് പുസ്തകരൂപത്തിൽ പുറത്തുവന്നത്. അതിലെ ചില വാദഗതികളോടു പിൽക്കാലത്തു ഇ.എം.എസ്. വിയോജിപ്പ് രേഖപ്പെടുത്തിയെങ്കിലും അടിസ്ഥാനപരമായി അദ്ദേഹത്തിന്റെ വൈജ്ഞാനിക സംഭാവനകളെ അംഗീകരിച്ചിട്ടുണ്ട്.

മലയാളത്തിന്റെ ഉൽപത്തി

മലയാള ഭാഷയുടെ ഉൽപത്തി സംബന്ധിച്ച ചില കണ്ടെത്തലുകളാണ് ഇളംകുളത്തെ ആദ്യമായി കേരള വിജ്ഞാനീയപടുക്കളുടെ മുൻനിരയിലേക്ക് ആനയിച്ചത്. കോവുണ്ണി നെടുങ്ങാടിയെപ്പോലുള്ള ചില ആദ്യകാല പണ്ഡിതൻമാരും വടക്കുംകൂർ രാജരാജവർമയെപ്പോലുള്ള പിൽക്കാല പണ്ഡിതരും ഹിന്ദി, ബംഗാളി, മറാഠി തുടങ്ങിയ ഉത്തരേന്ത്യൻ ഭാഷകളെപ്പോലെ സംസ്കൃതമൂലത്തിൽ നിന്ന് ഉരുത്തിരിഞ്ഞ് വികസിച്ചതാണ് മലയാളം എന്നായിരുന്നു വാദിച്ചിരുന്നത്. *സംസ്കൃതഹിമഗിരിഗളിതാ* എന്ന

മനോഹരമായ കവിതാശകലം പ്രസിദ്ധമാണ്. എന്നാൽ ബിഷപ്പ് കാൾഡ്‌വെൽ, രാജരാജവർമ, ആറ്റൂർ കൃഷ്ണപിഷാരടി, ഉള്ളൂർ എസ്. പരമേശ്വര അയ്യർ തുടങ്ങി ഭൂരിപക്ഷം പ്രഗൽഭമതികളും ഈ "സംസ്കൃതഹിമഗിരി" വാദം തിരസ്കരിച്ചു. കർണാടകം, തെലുങ്ക്, തമിഴ് തുടങ്ങിയവകൾ ഉൾപ്പെടുന്ന ദ്രാവിഡഭാഷാ, കുടുംബത്തിൽപെട്ടതാണ് മലയാളമെന്നും പിൽക്കാലത്തുണ്ടായ സംസ്കൃതബന്ധം ശക്തിയാർജിച്ചതേയുള്ളൂ എന്നും പൊതുവെ അംഗീകരിക്കപ്പെട്ടു.

എന്നാൽ മലയാളഭാഷയുടെ ഈ ദ്രാവിഡകുടുംബാംഗത്വം അംഗീകരിക്കുന്നവർക്കിടയിലും ചില ഭിന്നതകൾ പ്രത്യക്ഷപ്പെട്ടു. ദ്രാവിഡഭാഷകളിൽ ഏറ്റവും പ്രായം കുറഞ്ഞത് മലയാളമാണ് എന്നതിനെക്കുറിച്ച് കാര്യമായ അഭിപ്രായ വ്യത്യാസമൊന്നും ഉണ്ടാകാൻ വഴിയില്ലായിരുന്നു, ഉണ്ടായതുമില്ല. ദ്രാവിഡകുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ ഭാഷയായ തമിഴിന്റെ രൂപപരിണാമമാണ് മലയാളത്തിന് ജൻമം നൽകിയത് എന്ന് രാജരാജവർമയും മറ്റും വാദിച്ചു. മറ്റു ചിലരാകട്ടെ ഇപ്പോൾ മൃതഭാഷയായി തീർന്നിട്ടുള്ള മൂലദ്രാവിഡഭാഷകളുടെ സന്തതികളായ തമിഴ്, തെലുങ്ക്, കന്നടം എന്നിവയെപ്പോലെ അവയ്ക്കുശേഷം പിറന്ന ഇളയ സഹോദരിയാണ് മലയാളം എന്ന് വാദിച്ചു. രക്തബന്ധസൂചകങ്ങളായ ഈ രൂപകാലങ്കാര പ്രയോഗങ്ങൾ ശാസ്ത്രീയചിന്തയെ വികലമാക്കുമെന്നതിനാൽ ഇളങ്കുളം 'സഹോദരി സന്തതി' തുടങ്ങിയ പദങ്ങൾ തിരസ്കരിച്ചു.

രാജരാജവർമയുടെയും മറ്റും നിലപാടുകളോട് കുറെയൊക്കെ യോജിച്ചുകൊണ്ട് മലയാളഭാഷയുടെ ഉൽപത്തി സംബന്ധിച്ച ചില കുരുക്കുകൾ അഴിച്ചുകൊണ്ട് കുറെക്കൂടി വിശദമായ ഒരു ചിത്രം ഇളംകുളം ആവിഷ്ക്കരിക്കുന്നു. 1953 ൽ പ്രസിദ്ധീകരിക്കപ്പെട്ട *കേരള ഭാഷയുടെ വികാസപരിണാമങ്ങൾ* എന്ന കൃതിയിലാണ് മലയാളത്തിന്റെ ഉദയവികാസങ്ങളെ സംബന്ധിച്ച തന്റെ സിദ്ധാന്തം ഇളംകുളം പൂർണമായി ആവിഷ്ക്കരിക്കുന്നത്.

ക്രിസ്തുവിന്ശേഷം 9-ാം നൂറ്റാണ്ട് കേരളചരിത്രത്തിലെ വലിയൊരു വഴിത്തിരിവായിരുന്നു. ആദിശങ്കരന്റെ ദൗത്യം. കൊല്ലവർഷാരംഭം, കേരളത്തിലെ നമ്പൂതിരി ബ്രാഹ്മണരുടെ പൂർവികരായ ഔത്തരാഹൻമാരുടെ കുടിയേറ്റത്തിന്റെ വർദ്ധന. ഒന്നാം ചേരസാമ്രാജ്യത്തിന്റെ അധോഗതി, തമിഴകത്തിലാകെ ശൈവ-വൈഷ്ണവ ഭക്തി പ്രസ്ഥാനമുന്നേറ്റം തുടങ്ങി നിരവധി യുഗസംക്രമ സംഭവങ്ങൾകൊണ്ട് സമ്പന്നമായ ഈ നൂറ്റാണ്ടൂതന്നെയാണ് മലയാളഭാഷയ്ക്കും ജൻമം നൽകിയത്. അതുവരെ ഇന്നത്തെ കേരളമാകെ തമിഴകത്തിന്റെ ഭാഗമായിരുന്നു. ഭാഷയും തമിഴ്തന്നെ. ഭൂമിശാസ്ത്രപരമായ വ്യത്യസ്തതയും മലനാട്ടു ജീവിതത്തിന്റെ പ്രത്യേകതകളും നമ്പൂതിരിമാരുടെ കുടിയേറ്റവുമെല്ലാം ചേർന്ന് 'മലനാട്ടുതമിഴ്' ക്രമേണ രൂപാന്തരം പ്രാപിച്ച് മലയാളമായിതീർന്നു എന്നാണ് ശിലാശാസനകളുടെയും

ചേപ്പേടുകളുടെയും മറ്റും സഹായത്തോടെ ഇളംകുളം സ്ഥാപിക്കുന്നത്. ആര്യൻമാരുടെ സംസ്കൃതവും മലയാംതമിഴും ഇടകലർന്ന് 'മിശ്രഭാഷ' രൂപംകൊണ്ടതും സംസ്കൃതവും മലയാളവും സമന്വയിച്ച് മണിപ്രവാള സാഹിത്യം വളർന്നതും 14-ാം നൂറ്റാണ്ടിനിടയ്ക്ക് എഴുതപ്പെട്ടത് എന്നനുമാനിക്കാവുന്ന *ലീലാതിലകമെന്ന* മണിപ്രവാള ലക്ഷണഗ്രന്ഥവും മലയാളത്തിലെ ആദികാവ്യമായ ചീരാമ മഹാകവിയുടെ *ഇരാമചരിതവും ഭാഷാകൗടലിയവും* എല്ലാം ഇളംകുളം സാക്ഷിപ്പട്ടികയിൽ ചേർത്ത് വിചാരണ നടത്തി സമത്വം സമർഥിക്കുന്നു. തുടർന്ന് കണ്ണശ്ശൻമാരുടെ തമിഴ് മലയാളവും എഴുത്തച്ഛന്റെ ലക്ഷണമൊത്ത ആധുനിക മലയാളവുമെല്ലാം രൂപം കൊള്ളുമ്പോഴേക്കും നൂറ്റാണ്ടുകൾ പിന്നിട്ട് നവയുഗത്തിലെത്തുന്നു.

ചരിത്ര രീതിശാസ്ത്രം

കേരള ചരിത്രരചനയ്ക്ക് ഇളംകുളം നൽകിയ ഏറ്റവും പ്രധാനപ്പെട്ട സംഭാവന അതിന്റെ രീതി ശാസ്ത്രം സംബന്ധിച്ചതാണ് എന്ന് നേരത്തെ പറഞ്ഞുവല്ലോ. കെട്ടുകഥകളെയും ഐതിഹ്യങ്ങളെയും 'കേരളോൽപ്പത്തി' പോലുള്ള പിൽക്കാല പടപ്പുകളെയും ആശ്രയിച്ചും അവയോട് കൂട്ടിചേർത്തും ചരിത്രമെന്ന വ്യാജേന എഴുതുന്നതിന് പകരം കൃത്യമായ ലിഖിതോപാദാനങ്ങളെ ആശ്രയിച്ചു മാത്രം വസ്തുതകൾ നിരത്തുക എന്നതായിരുന്നു ഇളംകുളത്തിന്റെ ശൈലി. ഈ ശൈലിയിൽ അത്ര വലിയ പുതുമയൊന്നും അവകാശപ്പെടാൻ ഇല്ലെങ്കിലും കേരള ചരിത്ര രചനയെ സംബന്ധിച്ചിടത്തോളം അതൊരു പുതുമതന്നെയായിരുന്നു. ശിലാശാസനങ്ങൾ, ചെപ്പേടുകൾ, താളിയോലകൾ എന്നിവയിൽ തമിഴ് വട്ടെഴുത്ത് കോലെഴുത്ത് ഗ്രന്ഥാക്ഷരം സംസ്കൃതം എന്നീ ലിപികളിൽ കിട്ടാവുന്നിടത്തോളം തെളിവുകൾ ശേഖരിച്ച് പ്രാചീന സാഹിത്യ കൃതികളെയും പുരാവസ്തു വിജ്ഞാനീയത്തെയും കഴിയുന്നത്ര ഉപയോഗപ്പെടുത്തികൊണ്ടാണ് ഇളങ്കുളം തന്റെ ഗവേഷണങ്ങൾ നടത്തിയത്. കൂടാതെ ഇബൻ ബത്തൂത്ത, മാർക്കോപോളോ തുടങ്ങിയ പ്രാചീന സഞ്ചാരികളുടെയും ശയ്ഖ് സൈനുദ്ദീന്റെ *തുഹാഫ ഉൽ മുജാഹിദ്ദീൻ* എന്ന അറബി ഗ്രന്ഥം *മൂഷകവംശം* എന്ന സംസ്കൃത മഹാകാവ്യം, *ലീലാതികലം* എന്ന മണിപ്രവാള ലക്ഷണശാസ്ത്രഗ്രന്ഥം തുടങ്ങിയവയിൽ നിന്ന് മുൻഗാമികൾക്ക് കണ്ടെത്താൻ കഴിയാത്ത പല അർത്ഥതലങ്ങളും ഇളങ്കുളം അനാവരണം ചെയ്തു.

20-ാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ തിരുവിതാംകൂറിൽ സംഘടിപ്പിക്കപ്പെട്ട പുരാവസ്തു ഗവേഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ടി.എ. ഗോപിനാഥ റാവു, കെ.വി. സുബ്രഹ്മണ്യ അയ്യർ, ആർ. വാസുദേവ പൊതുവാൾ തുടങ്ങിയവർ കണ്ടെടുത്തു പ്രസിദ്ധീകരിച്ച പുരാരേഖകൾക്ക് പുറമെ സ്വന്തമായി ചിലത് കണ്ടെത്തി പ്രയോജനപ്പെടുത്താനും ഇളംകുളം ശ്രമിച്ചു. അവരെല്ലാം നൽകിയ സംഭാവനകൾ വളരെ വിലപ്പെട്ടതായിരുന്നു, എങ്കിലും

പ്രാചീന ലിഖിതങ്ങളുടെ മൊഴിമാറ്റത്തിലും മറ്റും അവർക്ക് പ്രമാദങ്ങൾ പിണഞ്ഞു പോയിട്ടുണ്ട്. ഇളംകുളം അവ തിരുത്തിയാണ് ഉപയോഗപ്പെടുത്തിയത്. ഇവയ്ക്കു പുറമെ പ്രാചീന തമിഴ് ക്ലാസിക്കുകളും പുരാവസ്തു വിജ്ഞാനീയവും ഇളംകുളത്തിന്റെ കണ്ടെത്തലുകൾക്ക് സഹായകമായി. ഇപ്രകാരം ലഭിച്ച അപൂർവമായ ചരിത്രവസ്തുതകൾ നിരത്തി വയ്ക്കുക അല്ല ഇളംകുളം ചെയ്തത്. അവയെ യുക്തിഭദ്രമായ ഒരു ശിൽപത്തിൽ ഘടിപ്പിക്കത്തക്ക വിധം അപഗ്രഥനവും സാമാന്യവൽക്കരണവും നടത്തുന്നതിൽ ഇളംകുളം പ്രകടിപ്പിച്ച വൈദഗ്ധ്യം ഒരു വാസ്തു ശിൽപിയോടോ പ്രതിമാശിൽപിയോടോ താരതമ്യപെടുത്തത്തക്ക വിധം മികവുറ്റതാണ്. ചിലപ്പോൾ ഈ ചരിത്ര ശിൽപ രചനയിലും സാമാന്യവൽക്കരണത്തിലും. അദ്ദേഹത്തിന് പിഴവുകൾ പറ്റിപ്പോയിട്ടുണ്ടാവാം. ഇ.എം.എസ്, കെ. ദാമോദരൻ, എം.ജിഎസ്. നാരായണൻ തുടങ്ങിയ പലരും ഈ പാകപ്പിഴകളിലേക്ക് വിരൽ ചൂണ്ടിയിട്ടുള്ളത് പൂർണ്ണമായി തിരസ്ക്കരിക്കേണ്ടതില്ല.

പാശ്ചാത്യരുടെ കടന്നുകയറ്റത്തിന് മുമ്പത്തെ കേരള ചരിത്രത്തിന് ശാസ്ത്രീയമായ കാലഗണനാക്രമവും അടിത്തറയും നൽകുക എന്നതാണ് ഇളംകുളത്തിന്റെ മുഖ്യസംഭാവന എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. ഈ സംഭാവന ആകെ സംഗ്രഹിച്ചു ചിട്ടപ്പെടുത്തിയാൽ അതെന്തായിരിക്കും? പ്രാചീന തമിഴകത്തിലെ പല രാജവംശങ്ങളിൽ ഏറ്റവും മുന്തിനിന്നവ ചോളരുടെയും പാണ്ഡ്യരുടെയും ചേരൻമാരുടെയും വംശാധിപത്യങ്ങൾ ആണെന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ചോളരുടെയും പാണ്ഡ്യരുടെയും വിശദമായ ചരിത്രം ഒന്നിലേറെ പണ്ഡിതൻമാർ പല സഞ്ചികകളിൽ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ഉദാഹരണത്തിന് കെ.എ. നീലകണ്ഠ ശാസ്ത്രിയുടെ 'ചോളൻമാരുടെ ചരിത്രം' നോക്കുക. കൃഷ്ണസ്വാമി അയ്യരെ പോലുള്ളവർ പാണ്ഡ്യൻമാരുടെ ചരിത്രവും ഇതുപോലെ വിശദമായി എഴുതിയിട്ടുണ്ട്, വേറെയും കൃതികൾ ഇതുപോലെ ചൂണ്ടിക്കാണിക്കാനുണ്ടാവും. എന്നാൽ മുഖ്യമായും കേരളം ആസ്ഥാനമായി നീണ്ടകാലം നാടുവാണ ചേരൻമാരുടെ ചരിത്രം ഇപ്രകാരം ക്രമീകൃതമായോ പൂർണമായോ എഴുതപ്പെട്ടിട്ടില്ല. ഈ പോരായ്മ ഇളംകുളം പൂർണ്ണമായി നികത്തിയെന്ന് പറഞ്ഞുകൂടെങ്കിലും ഈ പോരായ്മ നികത്തുന്ന കർത്തവ്യത്തിൽ ഏറ്റവും കൂടുതൽ സംഭാവന നൽകിയ ആൾ ഇളംകുളമാണ്. അങ്ങനെ ദക്ഷിണേന്ത്യയുടെ ചരിത്രത്തിലെ ഇരുളടഞ്ഞ ഒരേടിലേക്ക് വെളിച്ചം വീശി എന്നതാണ് ഇളംകുളത്തിന്റെ മുഖ്യമായ സംഭാവന. ഈ കർത്തവ്യ നിർവഹണത്തിനിടയിൽ എല്ലാ ആദ്യപഥികർക്കും അനിവാര്യമായി പറ്റിപ്പോകുന്ന ചില പാകപ്പിഴകൾ, ഇളംകുളത്തിനും പറ്റിയിട്ടില്ലെന്നില്ല. പക്ഷേ അദ്ദേഹത്തിന്റെ നേട്ടങ്ങളുടെ 'ഗുണസന്നിപാതത്തിൽ സംഭവിച്ച നിസ്സാര കളങ്ക'ങ്ങൾ മാത്രമാണവ. ഈ കർത്തവ്യ നിർവഹണത്തിൽ ഇതുവരെ ചരിത്രകാരൻമാരുടെ ശ്രദ്ധയിൽ കാര്യമായി പതിഞ്ഞിട്ടില്ലാത്ത വളരെ

പ്രധാനപ്പെട്ട ചില രാജവംശങ്ങളെയും ചരിത്രസംഭവങ്ങളെയും വെളിച്ചത്ത് കൊണ്ടുവരാനും ഇളംകുളത്തിന് കഴിഞ്ഞു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവയിൽ പെടുന്നതാണ് 'ആയ്' രാജവംശ ചരിത്രം.

കേരള ചരിത്ര രചനയുടെ രീതി ശാസ്ത്രത്തിലെ പിഴവുകളും അതുവരെ ഉണ്ടായിരുന്ന കേരള ചരിത്ര വൈകല്യങ്ങളും വിശദമായി പരിശോധിക്കുന്ന ഇളംകുളത്തിന്റെ ആദ്യത്തെ കൃതിയാണ് *കേരള ചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ* (1953). 1955 ലും 1956 ലുമായി ഇളംകുളം മൂന്നു സഞ്ചികകളായി പ്രസിദ്ധീകരിച്ച *ചില കേരള ചരിത്ര പ്രശ്നങ്ങൾ* നേരത്തെ പറഞ്ഞ ഗ്രന്ഥത്തിന്റെ തുടർച്ചകളാണ്. തുടർന്ന് ഭാഷയും സാഹിത്യവും സംബന്ധിച്ച പല കൃതികളും ഇളംകുളം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ *ഉണ്ണുനീലി സന്ദേശം, കോകസന്ദേശം, ചന്ദ്രോൽസവം, ലീലാതിലകം* തുടങ്ങിയവയുടെ വ്യാഖ്യാനങ്ങളും മറ്റും അദ്ദേഹത്തിന്റെ ചരിത്രവീക്ഷണവുമായി വളരെ ബന്ധപ്പെട്ടതും ചരിത്ര പഠനത്തിൽ സാമൂഹ്യവും സാംസ്കാരികവുമായ ഘടകങ്ങൾക്ക് ഉണ്ടായിരിക്കേണ്ട നിർണായക പ്രാധാന്യത്തെ വ്യക്തമാക്കുന്നതും ആണെന്നതിൽ സംശയമില്ല. എന്നാൽ നാമിപ്പോൾ ചർച്ച ചെയ്ത കൃത്യമായ ചരിത്ര സംഭവങ്ങളുടെയും രാഷ്ട്രീയ വികാസത്തിന്റെയും കാഴ്ചപ്പാടിൽ എടുത്ത് പറയേണ്ട കൃതികൾ *അന്നത്തെ കേരളം* (1959) *ജൻമി സമ്പ്രദായം കേരളത്തിൽ* (1959) *കേരളം അഞ്ചും ആറും നൂറ്റാണ്ടുകളിൽ* (1961) എന്നിവയാണ്. കേരള ചരിത്രം സംബന്ധിച്ച ഇളംകുളത്തിന്റെ പ്രധാന പ്രബന്ധങ്ങൾ ഇംഗ്ലീഷിൽ വിവർത്തനം ചെയ്ത് 'സ്റ്റഡീസ് ഇൻ കേരള ഹിസ്റ്ററി' എന്ന സമാഹാരം 1970 ൽ പ്രസിദ്ധീകരിക്കപ്പെട്ടതും എടുത്തു പറയത്തക്കതാണ്.

ആയ് രാജവംശം

ആധുനിക തിരുവിതാംകൂറിന്റെ സംസ്ഥാപകനായ മാർത്താണ്ഡവർമ മഹാരാജാവിന്റെ (1706-1758) കാലം മുതൽക്കെങ്കിലും പ്രചരിച്ചുപോന്ന, അഥവാ അധികാരസ്ഥാനത്തു നിന്നും പ്രചരിപ്പിക്കപ്പെട്ടു പോന്ന ഒരന്ധവിശ്വാസമാണ് ദക്ഷിണ കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന രാജ്യം വേണാട് ആണെന്നും ഏറ്റവും നീണ്ട പാരമ്പര്യം ഉള്ള വംശം വേണാട് രാജാക്കൻമാരുടേതാണെന്നും. വൈക്കം പാച്ചു മൂത്തതും ശങ്കുണ്ണി മേനോനും മുതൽ ടി.കെ. വേലുപ്പിള്ള വരെയുള്ളവർ മാത്രമല്ല ഉമാകേരളം മഹാകാവ്യം എഴുതിയ ഉള്ളൂർ എസ്. പരമേശ്വരയ്യരെ പോലുള്ള മഹാകവികളും ഈ അന്ധവിശ്വാസത്തിന് പ്രാബല്യം നൽകി. വാസ്തവത്തിൽ ക്രിസ്തുവർഷം 7-ാം നൂറ്റാണ്ട് മുതൽക്ക് വേണാട് എന്നൊരു ചെറുസാമന്ത രാജ്യം നിലനിന്നിരുന്നു എന്നും അതിന് മുമ്പും പിമ്പും വടക്ക് തിരുവല്ല മുതൽ തെക്ക് നാഗർകോവിൽ വരെ ആധിപത്യം വഹിച്ചിരുന്നതും ആയ് രാജാക്കൻമാരായിരുന്നു എന്നും ഇളംകുളം അനിഷേധ്യമായ രേഖകളോടെ

കണ്ടുപിടിച്ചു. ചെങ്കോട്ടയ്ക്ക് സമീപമുള്ള ആയക്കുട്ടി ആയിരുന്നു അതിന്റെ തലസ്ഥാനം. അന്ന് വേണാട്, കൊല്ലം മുതൽ തിരുവനന്തപുരംവരെ തീരത്തോടു ചേർന്ന് നീണ്ടു കിടന്ന ഒരു ചെറു രാജ്യം മാത്രമായിരുന്നു. കൊല്ലം ആയിരുന്നു തലസ്ഥാനം. ഇളംകുളത്തിന് മുമ്പുതന്നെ കണ്ടെടുക്കപ്പെട്ടിരുന്ന പാലിയം ചെപ്പേടുകളിൽ പരാമർശിക്കപ്പെട്ട ഭരണനിപുണനും പണ്ഡിതനും ആയിരുന്നു വിക്രമാദിത്യ വരഗുണൻ (ക്രി.885-925) ആയ് വംശത്തിന്റെ പ്രശസ്തി ദിഗന്തങ്ങളിൽപോലും പ്രസരിപ്പിച്ചു. വിശ്വാസം കൊണ്ട് ഹിന്ദു ആയിരുന്ന വരഗുണനും മറ്റ് ആയ് രാജാക്കൻമാരും അന്ന് നിലനിന്നിരുന്ന പ്രാചീന ബൗദ്ധ-ജൈന വിശ്വാസികളോടും വ്യാപാര രംഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചെത്തുന്ന ക്രിസ്ത്യാനികളോടും ഉദാരമായ സമീപനമാണ് സ്വീകരിച്ചിരുന്നത് എന്നത് പ്രസ്താവ്യമാണ്. ഇന്ന് ദക്ഷിണ കേരളത്തിലുള്ള തിരുവനന്തപുരത്തുള്ള പത്മനാഭസ്വാമി ക്ഷേത്രം ഉൾപ്പെടെ പല ക്ഷേത്രങ്ങളും സ്ഥാപിച്ചത് ആയ് രാജാക്കൻമാരാണ്. ഉത്തരേന്ത്യയിലെ വിശ്വപ്രശസ്ത ബൗദ്ധസർവകലാശാലയായിരുന്ന നളന്ദയോട് താരതമ്യപ്പെടുത്തി 'ദക്ഷിണ നളന്ദ' എന്ന് പ്രാചീന രേഖകളിൽ പരാമർശിക്കപ്പെടുന്ന തിരുവനന്തപുരം പ്രാന്തപ്രദേശത്തെ 'കാന്തളൂർ ശാല' ആയ് രാജാക്കൻമാരുടെ അംഗീകാരവും ഔദാര്യവും കൊണ്ട് വളർന്ന സ്ഥാപനമാണ്. ആയ് രാജാക്കൻമാരെയും അവരുടെ ഭരണത്തെയും അന്നത്തെ സാമൂഹ്യ സാഹചര്യങ്ങളെയും കുറിച്ച് ഇളംകുളം വളരെ വിശ്വാസ്യമായ വിവരങ്ങൾ നൽകി കേരള ചരിത്രത്തിലെ ഇരുളടഞ്ഞ ഒരധ്യായത്തിന് വെള്ളി വെളിച്ചം നൽകി.

രണ്ടാം ചേര സാമ്രാജ്യം

'ചേരസാമ്രാജ്യം ഒൻപതും പത്തും നൂറ്റാണ്ടുകളിൽ' (1961) എന്ന കൃതിയിലും മറ്റു ചില പ്രബന്ധങ്ങളിലും ആയി ഇളംകുളം കേരള ചരിത്രത്തിൽ ഇതുവരെ ശരിയായി അറിയപ്പെടാതിരുന്ന മറ്റൊരു അധ്യായം മലർക്കെ തുറന്നുതരുന്നു. 'കേരളോൽപ്പത്തി'യിലും മറ്റു ചില രേഖകളിലും അവയിലേറെ ഐതിഹ്യങ്ങളിലും ആയി വളരെ കാലമായി കേരളീയർ കേട്ട് പരിചയിച്ചിട്ടുള്ള പെരുമാൾമാരുടെ ചരിത്രം കെട്ടുകഥകളുടെ ചപ്പുചവറുകൾ തുടച്ചു നീക്കി കൃത്യമായ കാലാനുക്രമണികയോടു കൂടി അനാവരണം ചെയ്തതാണ് ഇളംകുളത്തിന്റെ മറ്റൊരു മൗലിക സംഭാവന. ക്രിസ്തുവർഷം 800 മുതൽ നൂറ്റി പന്ത്രണ്ട് വരെ നീണ്ടുനിന്നതും കൊടുങ്ങല്ലൂരിലെ മഹോദയപുരം (തിരുവഞ്ചിക്കുളം) തലസ്ഥാനമായി ആരംഭിച്ചതും ആയ രണ്ടാം ചേര സാമ്രാജ്യത്തിന്റെ ചരിത്രമാണത്. മഹോദയപുരത്തെ ചേര രാജാക്കൻമാരും തമിഴകം വാണിരുന്ന ചോളൻമാരും തമ്മിൽ നൂറ് വർഷത്തോളം നീണ്ട യുദ്ധത്തെ കുറിച്ച് നീലകണ്ഠശാസ്ത്രി ഉൾപ്പെടെയുള്ള പല ചരിത്രകാരൻമാരും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസിദ്ധ ചോളരാജാവായ രാജാരാജ ചോളൻ (985-1014) ആയിരുന്നു ഈ ആക്രമണകാരികളിൽ പ്രമുഖൻ, യുദ്ധത്തിൽ പരാജിതരായ ചേരൻമാർ ആസ്ഥാനം തിരുവഞ്ചിക്കു

ളത്ത് നിന്നും കൊല്ലത്തേക്ക് മാറ്റുകയും അധികം താമസിയാതെ ചേര സാമ്രാജ്യം ശിഥിലീകൃതമായി ചെറിയ രാജ്യങ്ങളായി പരിണമിക്കുകയും ചെയ്തതായിട്ടാണ് ഇളംകുളം സ്ഥാപിക്കുന്നത്. അത്ഭുതകരമായ ഗവേഷണ വൈഭവത്തോടെ ഇളംകുളം ഈ രണ്ടാം ചേര സാമ്രാജ്യത്തിലെ കുലശേഖര പെരുമാൾമാരുടെ കാലനിർണയവും തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളോൽപ്പത്തിയിലും മറ്റും പരാമർശിച്ചിട്ടുള്ളത് പോലെയും പൊതുവേ കേരളീയർ വിശ്വസിച്ച് പോന്നിട്ടുള്ളതും ആയ രീതിയിൽ പെരുമാൾമാരെ ഇവിടത്തെ നാട്ടുപ്രമാണിമാർ തമിഴ്നാട്ടിൽ നിന്ന് ഇറക്കുമതി ചെയ്താണെന്ന കഥ ഇളംകുളം അംഗീകരിക്കുന്നില്ല. ഇവിടെത്തന്നെ ജനിച്ചു വളർന്ന പ്രഭുക്കൻമാരിൽ നിന്ന് ഉയർന്നുവന്നവരാണ് പെരുമാൾമാരെന്ന് ഇളംകുളം വാദിക്കുന്നു. നൂറുവർഷം നീണ്ടുനിന്ന ചേര ചോള യുദ്ധം കേരളീയ സമൂഹത്തിൽ വരുത്തിത്തീർത്ത വലിയ മാറ്റങ്ങളെ കുറിച്ച് ഇളംകുളം വിശദമായി പരിശോധിക്കുന്നുണ്ട്. നായൻമാരും മറ്റും ഒരു കാലത്ത് മക്കത്തായികൾ ആയിരുന്നെന്നും നീണ്ടകാല യുദ്ധത്തിൽ നായർ പോരാളികൾ വളരെ പേർ ചത്ത് ഒടുങ്ങുകയും നീണ്ടകാലം യുദ്ധരംഗത്ത് കഴിച്ചു കൂട്ടേണ്ടിവരികയും ചെയ്ത സവിശേഷ സാഹചര്യമാണ് നമ്പൂതിരിമാരിൽ നിന്നും മറ്റും ഭർത്താക്കൻമാരെയോ സംബന്ധക്കാരെയോ സ്വീകരിക്കാൻ അവർ നിർബന്ധിതരായത് എന്ന് ഇളംകുളം ഊഹിക്കുന്നു. ഈ അസ്വാഭാവിക സാഹചര്യങ്ങളാണ് നായൻമാർക്കിടയിലും മറ്റും മരുമക്കത്തായ സമ്പ്രദായം വളരാൻ ഇടയാക്കിയതും നമ്പൂതിരിമാർക്ക് വലിയ ഭൂവുടമകളാകാൻ അവസരം നൽകിയത് എന്നും മറ്റും ഇളംകുളം ഊഹിക്കുന്നുണ്ട്.

രണ്ടാം ചേരസാമ്രാജ്യത്തെ കുറിച്ചുള്ള ഇളംകുളത്തിന്റെ കണ്ടെത്തലുകളും അപഗ്രഥനങ്ങളും, കേരള ചരിത്ര രചനയ്ക്ക് നൽകിയ വമ്പിച്ച സംഭാവനകളാണെന്ന കാര്യത്തിൽ ആർക്കും സംശയം ഇല്ല. എന്നാൽ അദ്ദേഹത്തിന്റെ നിഗമനങ്ങൾ ചിലപ്പോൾ കാടുകയറി പോയിട്ടുണ്ടെന്ന് പലരും സംശയിക്കുന്നു. ഉദാഹരണത്തിന് അദ്ദേഹത്തിന്റെ ശിഷ്യൻകൂടിയായ എം.ജി.എസ്. നാരായണൻ മഹോദയപുരത്തെ ചേര സാമ്രാജ്യം എന്ന സങ്കൽപത്തെ തന്നെ നിഷേധിക്കുന്നു. ഇന്നത്തെ മൂന്നോനാലോ താലൂക്കുകളുടെ വിസ്താരം മാത്രം ഉണ്ടായിരുന്ന ചേരരാജ്യത്തെ 'സാമ്രാജ്യം' എന്നും മറ്റും വിശേഷിപ്പിക്കുന്നത് അസംബന്ധം ആണെന്ന് അദ്ദേഹം വാദിക്കുന്നു. അതുപോലെ നൂറ്റാണ്ട് യുദ്ധത്തെ കുറിച്ചും ഭാവന വസ്തുതകളെ മറികടക്കുന്നതായി ചിലർ കരുതുന്നു. കേരളത്തിലെ മരുമക്കത്തായ സമ്പ്രദായത്തിന്റെ യുദ്ധത്തെ നൂറ്റാണ്ട് യുദ്ധവുമായി ബന്ധിപ്പിക്കുന്നത് ചരിത്രവസ്തുതകൾക്കും സാമൂഹ്യ വികാസ നിയമങ്ങൾക്കും വിരുദ്ധമാണെന്ന് വാദിച്ചവരുടെ കൂട്ടത്തിൽ ഇ.എം.എസും, കെ. ദാമോദരനും മറ്റും ഉണ്ട്. ഉദാഹരണത്തിന് കെ. ദാമോദരൻ തന്റെ *കേരള ചരിത്രത്തിൽ* ഇപ്രകാരം എഴുതുന്നു:

> ഉൽപാതനരീതികളിലും സാമൂഹ്യ ബന്ധങ്ങളിലുമുണ്ടാകുന്ന മാറ്റങ്ങളുടെ ഫലമായിട്ടല്ലാതെ, ഏതെങ്കിലും രാജാക്കൻമാരുടെയും മറ്റു പ്രമാണികളുടെയും കൽപനകൾ കൊണ്ടോ പ്രേരണകൊണ്ടോ ഒരു രാജ്യത്തിലെ സാർവത്രികവും സുശക്തവുമായ കുടുംബബന്ധങ്ങളെ ബലാൽക്കാരമായി മാറ്റിമറിക്കാനും മറ്റൊരുതരം കുടുംബബന്ധങ്ങളെ ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കാനും കഴിയുമെന്ന ഈ അഭിപ്രായത്തിന് ചരിത്രവസ്തുതകളുമായി യാതൊരു ബന്ധവുമില്ല. അത്തരം നിയമങ്ങൾ പാസ്സാക്കിയാൽ ലഹളകളും കലാപങ്ങളും പൊട്ടിപ്പുറപ്പെടുമെന്ന് പ്രാചീനകാലം മുതല്ക്കേ ഇന്ത്യയിലെ ഭരണാധികാരികൾക്ക് അറിയാമായിരുന്നു. (പേജ് 201-202)

ഇതുപോലെ വിമർശനത്തിന് ഇടനൽകുന്ന നിഗമനങ്ങളും പരാമർശങ്ങളും മറ്റേതൊരു ചരിത്രകാരന്റെയും കൃതികളിൽ എന്നപോലെ ഇളംകുളത്തിന്റെ കൃതികളിലും കണ്ടെത്താവുന്നതാണ്. പക്ഷേ അതുകൊണ്ടാന്നും പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ളയുടെ മൗലികത്വത്തിനോ മഹത്വത്തിനോ ക്ഷതം സംഭവിക്കുന്നില്ല. കേരള ചരിത്ര ശാസ്ത്രത്തിന്റെയും സാമൂഹ്യ വികാസത്തിന്റെയും ഭാഷാപരിണാമങ്ങളുടെയും ചരിത്രത്തിൽ അവിസ്മരണീയനായ പ്രതിഭാശാലിയായി പ്രൊഫ. ഇളംകുളം പി.എൻ. കുഞ്ഞൻപിള്ള എക്കാലത്തും ആദരിക്കപ്പെടും. അദ്ദേഹത്തിന്റെ കാൽപ്പാടുകൾ പിന്തുടർന്ന് കേരള പഠനങ്ങൾക്കു കൂടുതൽ വ്യാപ്തിയും ഗഹനതയും നൽകുവാൻ പ്രതിജ്ഞ ചെയ്തുകൊണ്ട് ആ മഹാപ്രതിഭയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കാം. ■

8. പ്രൊഫസർ എസ്. ഗുപ്തൻനായർ: പ്രസിദ്ധനായ നിരൂപകൻ പ്രശസ്തനായ അധ്യാപകൻ



1919 ആഗസ്റ്റ് 22 ന് ആലപ്പുഴ തിരുവിഴ യാറ്റിൻകരവീട്ടിൽ ഭാരതിയിൽ ചേലക്കാട്ടിൽ വീട്ടിൽ നാരായണിയുടെയും നാരായണന്റെയും മക നായി ജനിച്ചു. കായംകുളത്തും തിരുവനന്തപുരത്തു മായി വിദ്യാഭ്യാസം പൂർത്തിയാക്കി. 1941 ൽ തിരുവിതാം കൂർ കോളജ് സർവകലാശാലയുടെ ആദ്യ ബാച്ചിൽ ബി.എ. ഓണേഴ്സ് ഒന്നാം ക്ലാസിൽ ജയിച്ചു. അക്കാ ലത്തെ 'മലയാളി' ദിനപത്രത്തിന്റെ പത്രാധിപർ. 1944 ൽ യൂണിവേഴ്സിറ്റി കോളേജിൽ അധ്യാപകൻ. 1951 ൽ പുറത്തുവന്ന 'ആധുനിക സാഹിത്യം' പ്രഥമകൃതി. വിവാദം സൃഷ്ടിച്ച 'ഇന്നത്തെക്കുറ്റം', 'ഭാഷാഭേ കവിയും വൃത്തിയും', 'നിയമം ചൂണ്ടിയും' അങ്ങനെയുള്ള പുസ്തകങ്ങൾ തുടർന്ന് ആനുകാലികങ്ങളിലായി വന്നുകൊണ്ടിരുന്ന 25 ഓളം പുസ്തകങ്ങളുടെ രചനാകാലം 1970–74 വരെ മാത്രം ഉൾപ്പെടുത്തി അവസാനിപ്പിക്കുന്നു. 1975–76 ൽ കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് പ്രൊഫസറായി വിരമിച്ചു. കേരള സാഹിത്യ അക്കാദമി പുരസ്കാരം (1986), കേരള സാഹിത്യ അക്കാദമി ഫെലോഷിപ്പ് (1994), വള്ളത്തോൾ പുരസ്കാരം (1999), എം.പി. പോൾ സ്മാരക (2000), എഴുത്തച്ഛൻ പുരസ്കാരം (2006) ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചു. കെ.ടി.സരോജിനിയമ്മയാണ് ഭാര്യ. 2006 ഫെബ്രുവരി 6 ന് അന്തരിച്ചു.

കഴിഞ്ഞ അറുപതിലേറെ വർഷമായി മലയാള സഹൃദയലോകത്തിൽ നിറഞ്ഞുനിന്നിരുന്ന മധുരോദാരമായ സാന്നിദ്ധ്യമായിരുന്നു പ്രൊഫസർ എസ്. ഗുപ്തൻനായർ (1921–2006). സുഭഗമായ ആകാരവടിവും കർണ്ണങ്ങളിൽ കർപ്പൂരം പൊഴിക്കുന്ന ശബ്ദസൗകുമാര്യവും കരടും തടവുമില്ലാത്ത ആഖ്യാനശൈലിയും പ്രൊഫസർ ഗുപ്തൻനായരെ ആയിരക്കണക്കിനു വിദ്യാർത്ഥികൾക്കെന്നപോലെ പതിനായിരക്കണക്കിന് ശ്രോതാക്കൾക്ക് പ്രഗൽഭനായ അധ്യാപകനും സമർത്ഥനായ

പ്രഭാഷകനുമെന്ന നിലയിൽ പ്രിയങ്കരനാക്കി തീർത്തു.

പ്രൊഫസർ ഗുപ്തൻനായരുടെ സാഹിത്യനിരൂപണങ്ങൾ പുതിയ ഏതെങ്കിലും ചിന്താധാരകൾ തുറന്നുവിടുകയോ അചുംബിതമായ ഏതെങ്കിലും നവീനാശയങ്ങൾ അവതരിപ്പിച്ച് വിവാദങ്ങൾക്ക് തിരികൊളുത്തുകയോ ചെയ്യുന്നവയല്ല. എങ്കിലും അവയുടെ അക്കാദമികപൂർണിമയും ഒഴുക്കുള്ള ഹൃദ്യമായ ശൈലീഭംഗിയും അവയെ നിരൂപണവിഷയമായ സർഗസൃഷ്ടി എന്നപോലെ അനുവാചകരെ ആഹ്ലാദിപ്പിക്കുന്നു. പ്രത്യേകിച്ചും സാഹിത്യസൗധത്തിന്റെ മണിയറയിലേക്ക് പ്രവേശിക്കാൻ മടിച്ചുനിൽക്കുന്ന യുവസഹൃദയരെ അകത്തേക്ക് ആകർഷിക്കുന്നു. മറ്റുപല പ്രഗൽഭരെന്നു കരുതപ്പെടുന്ന നിരൂപകരെപ്പോലെ നിരൂപകർക്കുവേണ്ടി എഴുതുന്നവയല്ല ഗുപ്തൻനായരുടെ നിരൂപണങ്ങൾ. *ആധുനിക സാഹിത്യം* (1951), *സാഹിത്യസ്വരൂപം* (1953), *സമാലോചന* (1957), *ക്രാന്തദർശികൾ* (1958) തുടങ്ങിയ ഗുപ്തൻനായരുടെ ആദ്യകാല സാഹിത്യരംഗങ്ങളെല്ലാം വിദ്യാർത്ഥികൾക്കും യുവസഹൃദയർക്കും സാഹിത്യ ആരാമത്തിലേക്കുള്ള പുഷ്പാലംകൃത വാതായനങ്ങളാണ്.

പ്രൊഫസർ ഗുപ്തൻനായർ സാഹിത്യസപര്യ ആരംഭിച്ചത് പ്രതിബദ്ധതയുള്ള ഉൽബുദ്ധനായ ഒരു പുരോഗമന സാഹിത്യനിരൂപകൻ എന്ന നിലയിലാണ്. എന്നാൽ, 'ചുവന്ന പതിറ്റാണ്ട്' എന്നറിയപ്പെടുന്ന 1950കളുടെ അവസാനത്തോടെ 'വിമോചന സമര'ത്തിലൂടെയും മറ്റും കേരളത്തിന്റെ ചുവപ്പിൽ കാളിമ കലരാൻ തുടങ്ങിയപ്പോൾ ആ കെട്ട കാലാവസ്ഥയെ ചെറുത്തുനിൽക്കാൻ ആദ്ദേഹത്തിന് കഴിയാതെപോയി. അതോടുകൂടി അദ്ദേഹത്തിന്റെ ആദ്യകാല സാഹിത്യരചനകളിലെ ആർജവവും തിളക്കവും മങ്ങിത്തുടങ്ങിയോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. 1958ലെ *ക്രാന്തദർശികൾക്കുശേഷം* എട്ടുകൊല്ലം കാത്തിരുന്നിട്ടാണ് 1966ൽ *ഇസങ്ങൾക്കപ്പുറം* എന്ന അദ്ദേഹത്തിന്റെ അടുത്ത കൃതി എവിടുന്നോ എന്നപോലെ പെട്ടെന്ന് പൊട്ടിവീണത്. സാഹിത്യത്തിലെ സാമൂഹ്യപ്രതിബദ്ധത ആദർശദാർഢ്യത്തിന്റെയും ദിശാബോധത്തിന്റെയും വഴികാട്ടിയായി കരുതിയിരുന്ന ആദ്യകാലകൃതികളിൽനിന്ന് പ്രൊഫസറുടെ വ്യതിയാനം ആരംഭിക്കുന്നത് ഈ കൃതിയോടുകൂടിയാണ്. താൻ ഒരിസത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും പ്രതിനിധിയോ തടവുകാരനോ അല്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് മഹാകവി കുമാരനാശാൻ ഒരു ജനകീയ കവിയെ അല്ലെന്നും ജനകീയത എന്നത് സാഹിത്യമേൻമയെ ചോർത്തിക്കളയുന്ന ചതിക്കുഴിയാണെന്നുംവരെ ഗുപ്തൻനായർ അതിൽ വാദിച്ചുറപ്പിക്കാൻ ശ്രമിക്കുന്നു. ആദ്യകാല സാഹിത്യരചനകളിൽ പുരോഗമന സാഹിത്യചിന്തയെയും പ്രസ്ഥാനത്തെയും പ്രകീർത്തിച്ച് എഴുതിയ ഗുപ്തൻനായർ ഈ കൃതിയിൽ അവയെല്ലാം തിരസ്ക്കരിക്കുന്നു. 'ഇസ'ങ്ങൾ ഇല്ലെന്നു പറയുന്നത് ഒരു സവിശേഷ 'ഇസ'ത്തിന്റെ പ്രഖ്യാപനമാണെന്നും പ്രത്യയശാസ്ത്രനിഷേധംതന്നെ ഒരു പ്രത്യ

യശാസ്ത്രമാണെന്നും കുമാരനാശാന്റെ മഹത്വം 20-ാം നൂറ്റാണ്ടിലെ മലയാള കവിതാ വിപ്ലവത്തിനു തുടക്കംകുറിച്ചതാണെന്നും ജനകീയതയുടെ നിഷേധമായിരുന്ന 'നിയോ ക്ലാസിസ'ത്തിന്റെ മാരകമായ നീരാളിപ്പിടിത്തത്തിൽനിന്ന് മലയാളകവിതയെ മോചിപ്പിച്ചതാണ് കുമാരനാശാന്റെ മഹാകവിപട്ടത്തിന്റെ നിദാനമെന്നും വാദിച്ചുകൊണ്ട് ഈ ലേഖകൻ ഒരു പ്രത്യാഖ്യാനം എഴുതുകയുണ്ടായി. ശ്രീനാരായണൻ പ്രോൽഘാടനംചെയ്ത നവോത്ഥാനത്തിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച ആശാനേക്കാൾ ജനകീയനായി ആരാണുള്ളത്? (ഈ ലേഖകന്റെ *ഇസങ്ങൾക്കിപ്പുറം* എന്ന കൃതി നോക്കുക) തീർച്ചയായും പുരോഗമന സാഹിത്യപക്ഷത്തുനിന്നുള്ള ഈ നിശിതമായ പ്രത്യാഖ്യാനം പ്രൊഫസറെ അലട്ടുകയും ചൊടിപ്പിക്കുകയും ചെയ്തു. ചില മറുപടികൾ അദ്ദേഹത്തിന്റെയും ശിഷ്യൻമാരുടെയും പക്ഷത്തുനിന്ന് ഉണ്ടാവുകയും ചെയ്തു. എങ്കിലും ഞങ്ങൾ തമ്മിലുള്ള വ്യക്തിപരമായ സ്നേഹബന്ധങ്ങളിൽ ഈ വിവാദം പ്രകടമായ മാറ്റമൊന്നും വരുത്തിയില്ലെങ്കിൽ അതിന്റെ കാരണം പ്രൊഫസർ ഗുപ്തൻനായരുടെ സുജനമര്യാദയാണ്.

ഗുപ്തൻനായരുടെ *ഇസങ്ങൾക്കപ്പുറ*ത്തിൽ പ്രതിഫലിക്കുന്ന നിലപാടുകൾ അദ്ദേഹം ഉപേക്ഷിച്ചതായി തെളിവൊന്നും ഇല്ലെങ്കിലും അദ്ദേഹത്തിന്റെ അവസാനകാല കൃതികളിൽ ചില മാറ്റങ്ങളുടെ മാറ്റൊലികൾ മുഴങ്ങുന്നുണ്ട്. നേരത്തെ പരാമർശിച്ച മലയാളത്തിലെ ആദ്യകാല സാഹിത്യനിരൂപണങ്ങളുടെ സമാഹാരത്തിന് അദ്ദേഹമെഴുതിയ ആമുഖപഠനംതന്നെ ഒരു തെളിവ്. *കേസരിയുടെ വിമർശനം* (1987) എന്ന അദ്ദേഹത്തിന്റെ കൃതിയിൽ ഗുപ്തൻനായരിലെ പുരോഗമനചിന്തയും യാഥാസ്ഥിതികത്വവും പരസ്പരം ഉരസ്സിനിൽക്കുന്ന പ്രതീതിയാണ് ഉളവാക്കുന്നത്. കേസരിയുടെ വിപ്ലവകരമായ രാഷ്ട്രീയവും പുരോഗമനോൻമുഖമായ സാഹിത്യവീക്ഷണവും പൂർണമായി സ്വാംശീകരിക്കാൻ ഗുപ്തൻനായർക്ക് കഴിഞ്ഞിട്ടില്ല. ഇരുവരുടെയും വ്യക്തിത്വങ്ങളും വീക്ഷണങ്ങളും ഇരുധ്രുവങ്ങളിലാണെന്നു വ്യക്തം.

തന്റെ സഹപാഠിയും സ്നേഹപാത്രവുമായിരുന്ന മഹാകവി ചങ്ങമ്പുഴയെയും അദ്ദേഹത്തിന്റെ കവിതയെയുംകുറിച്ച് ഗുപ്തൻനായരുടെ ആദ്യകാല കൃതികളിൽ പരാമർശം കാണുന്നില്ല. 1980കൾ മലയാള സാഹിത്യചരിത്രത്തിൽ ചങ്ങമ്പുഴയുടെ പുനരുജ്ജീവനത്തിന്റെ കാലമായിരുന്നെന്നു പറഞ്ഞാൽ തെറ്റില്ല. 1948ൽ ചങ്ങമ്പുഴ നിര്യാതനായശേഷം മൂന്ന് പതിറ്റാണ്ടുകളോളം അദ്ദേഹത്തെകുറിച്ച് മൗനം അവലംബിച്ചിരുന്ന രൂപകലോകം പെട്ടെന്ന് തട്ടിയുണർന്ന് ജീവചരിത്രങ്ങളും പഠനങ്ങളും അനുസ്മരണസെമിനാറുകളുംകൊണ്ട് അദ്ദേഹത്തെ അനുസ്മരിക്കാൻ തുടങ്ങിയ പുതിയ സാഹിത്യകാലാവസ്ഥ തന്റെ പഴയ ചങ്ങാതിയെക്കുറിച്ചെഴുതാൻ ഗുപ്തൻ

നായർക്ക് പ്രേരകമായിക്കാണണം.

മനോഹരമായ മലയാളം എന്നപോലെ ശൈലീഭദ്രവും കുറ്റമറ്റതുമായ ഇംഗ്ലീഷും ഗുപ്തൻനായർ വാമൊഴിയായും വരമൊഴിയായും കൈകാര്യം ചെയ്യുമായിരുന്നു. സി.വി. രാമൻപിള്ളയെക്കുറിച്ച് സാഹിത്യ അക്കാദമിക്കു വേണ്ടി ഇംഗ്ലീഷിൽ എഴുതിയ പഠനം ഗുപ്തൻനായർ കുറെക്കൂടി ഇംഗ്ലീഷിൽ എഴുതിയില്ലല്ലോ എന്ന വ്യസനത്തിലേക്കാണ് നമ്മെ നയിക്കുക. നാടൻ പാട്ടുകളുടെ ശേഖരണത്തിലും ഇംഗ്ലീഷ് നാടകങ്ങളുടെ വിവർത്തനങ്ങളിലും പ്രകടിപ്പിച്ച പ്രാഗൽഭ്യം അദ്ദേഹത്തിന്റെ വിവിധ വിഷയസ്പർശിയായ പ്രതിഭയ്ക്ക് ഉദാഹരണമാണ്.

പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ വീക്ഷണത്തെയും മാർക്സിസ്റ്റ് സാഹിത്യ സിദ്ധാന്തങ്ങളെയും അനുകൂലിക്കുന്ന ആദ്യകാലകൃതികൾ എന്തുകൊണ്ട് തന്റെ നിലപാട് മാറ്റത്തോടെ പിൻവലിക്കുന്നില്ലെന്ന് ഈ ലേഖകൻ ഒരിക്കൽ അദ്ദേഹത്തോടാരാഞ്ഞു. അന്നത്തെപ്പോലെതന്നെ ആവേശത്തോടെ അവയിലൊന്നും താൻ വിശ്വസിക്കുന്നില്ലെങ്കിലും അവയിലും സത്യമുണ്ടെന്നും അവയും തന്റെ പൈതൃകമായി അവശേഷിക്കട്ടെ എന്നുമാണ് പ്രൊഫസർ മറുപടി പറഞ്ഞത്. അതുതന്നെയാണ് ഈ വേർപാടിന്റെ സന്ദർഭത്തിൽ നമുക്ക് ആവർത്തിക്കാനുള്ളത്. മലയാള സാഹിത്യതറവാട്ടിലെ ഉന്നതശീർഷനായ ഈ കാരണവരുടെ വേർപാടിൽ മലയാള സഹൃദയ ലോകത്തോടൊപ്പം നമുക്ക് പുഷ്പചക്രവും ആദരാഞ്ജലിയും അർപ്പിക്കാം. ■

9. ഡോ. കെ.എം. ജോർജ്:
ഭാരതമാകെ നിറഞ്ഞുനിന്ന മലയാള സാഹിത്യപ്രതിഭ



പത്തനംതിട്ട ജില്ലയിൽ ഇടയാറൻമുളയിൽ 1914 ഏപ്രിൽ 20ന് ജനിച്ചു. 1940–55 വരെ ചെന്നൈ ക്രിസ്ത്യൻ കോളേജിൽ മലയാളം വകുപ്പ് മേധാവി. 1951ൽ മദ്രാസ് സർവകലാശാലയിൽ നിന്ന് പി. എച്ച്. ഡി. ലഭിച്ചു. 'രാമചരിതം ആന്റ് ഒ ഏർളി മലയാളം' ആയിരുന്നു ഡോക്ടറൽ ഗവേഷണ പ്രബന്ധം. 1955–60 വരെ കേന്ദ്ര സാഹിത്യ അക്കാദമിയിൽ അസിസ്റ്റന്റ് സെക്രട്ടറി. 1960–68 വരെ ചെന്നൈയിൽ സാഹിത്യ അക്കാദമി ദീപണൽ സെക്രട്ടറി. 1969–75 വരെ സർവവിജ്ഞാനകോശം സബ് എഡിറ്റർ. 1988 ൽ പദ്മശ്രീ, 1989 ൽ കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം, 1996ൽ എഴുത്തച്ഛൻ പുരസ്കാരം, 1998 ൽ വള്ളത്തോൾ പുരസ്കാരം തുടങ്ങിയ നിരവധി അവാർഡുകൾ ലഭിച്ചു. എ സർവേ ഓഫ് മലയാളം ലിറ്ററേച്ചർ, ഭാരതത്തിലെ ഭാഷകൾ, വെസ്റ്റേൺ ഇൻഫ്ലുവൻസ് ഓൺ മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, ജനഞ്ഞുടെ മലയാളം എന്നിവ പ്രധാന കൃതികൾ. ഏലിയാമ്മയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. 2002 നവംബർ 19 ന് അന്തരിച്ചു.

1914 ഏപ്രിൽ 20ന് ഇപ്പോഴത്തെ പത്തനംതിട്ട ജില്ലയിലെ ഇടയാറൻ മുളയിൽ ജനിച്ച കരിമ്പുമണ്ണിൽ മത്തായി ജോർജ് എന്ന ഡോക്ടർ കെ.എം. ജോർജ് കവടിയാറിൽ മമ്മി കോളനിയിലെ കരിമ്പുമണ്ണിൽ വീട്ടിൽ ഭാര്യയോടൊപ്പമാണ് കഴിഞ്ഞ കുറേ വർഷങ്ങളായി പാർത്തുവന്നത്. എഞ്ചിനീയറായ മകൻ കെ.ജി. മാത്യുവും മരുമകൾ കൊച്ചുമോളും അമേരിക്കയിലാണ്. ബാങ്ക് മാനേജരായിരുന്ന മകൾ വൽസയും ചാർട്ടേർഡ് അക്കൗണ്ടന്റ് മരുമകൻ തോമസ്മാത്യുവും തിരുവനന്തപുരത്തുതന്നെ പ്രത്യേകം താമസിക്കുന്നു.

സാഹിത്യചരിത്രകാരൻ, നിരൂപകൻ, ജീവചരിത്രകാരൻ, സഞ്ചാരസാഹിത്യകാരൻ, പ്രസാധകൻ, നാടകകൃത്ത്, വിവർത്തകൻ, ബൃഹത് സാഹി

ത്യസമാഹാരങ്ങളുടെ സമ്പാദക-പ്രസാധകൻ, ഉപന്യാസകാരൻ, ഗവേഷകൻ, പത്രാധിപർ, അധ്യാപകൻ, സാംസ്കാരികസംഘാടകൻ എന്നീ വിവിധ നിലകളിൽ സാഹിത്യസാംസ്കാരികചരിത്രത്തിൽ വ്യക്തിമുദ്രപതിച്ച വ്യക്തിയാണ് ഡോക്ടർ ജോർജ്. ഇംഗ്ലീഷിലും മലയാളത്തിലുമായി നേരിട്ട് എഴുതിയും എഡിറ്റ് ചെയ്തും വിവർത്തനം നിർവഹിച്ചും 70ൽപരം കൃതികൾ രചിച്ചിട്ടുണ്ട്. കേന്ദ്ര സർവകലാശാലയുടെ ഡി ലിറ്റ്, സംസ്ഥാന സർക്കാരിന്റെ എഴുത്തച്ഛൻ പുരസ്കാരം, വള്ളത്തോൾ പുരസ്കാരം തുടങ്ങി ഒട്ടേറെ ബഹുമതികളും ജോർജിനെ തേടിയെത്തി.

പ്രാഥമിക-ദ്വതീയതല വിദ്യാഭ്യാസങ്ങൾ നാട്ടിൽ നിർവഹിച്ചശേഷം ഇന്നത്തെ പ്രീഡിഗ്രിയായ അന്നത്തെ ഇന്റർമീഡിയറ്റ് പഠനം ആലുവ യു.സി. കോളേജിലാണ് അദ്ദേഹം നിർവഹിച്ചത്. അതിനുശേഷം രണ്ടുമൂന്നുവർഷം സ്കൂൾ അധ്യാപകനായി ജോലിനോക്കി. ബിരുദംവരെ അദ്ദേഹം ഐച്ഛികമായി സ്വീകരിച്ച ഗണിതശാസ്ത്രമാണ് വിദ്യാലങ്ങളിൽ പഠിപ്പിച്ചത്. ബിരുദവും ബിരുദാനന്തരബിരുദവും ഡോക്ടറേറ്റും അദ്ദേഹം ചെന്നൈയിലെ പേരുകേട്ട മദ്രാസ് ക്രിസ്ത്യൻ കോളേജിൽ പൂർത്തിയാക്കി. അവിടെനിന്നുതന്നെ അധ്യാപകനായി ജീവിതവൃത്തിയാരംഭിച്ചു.

ബിരുദാനന്തരബിരുദകാലത്താണ് ശാസ്ത്രത്തിൽനിന്ന് ഭാഷയിലേക്കും സാഹിത്യത്തിലേക്കും അദ്ദേഹം പ്രവേശിച്ചത്. ശാസ്ത്രവിഷയങ്ങളിലെന്നപോലെ ഭാഷയിലും സാഹിത്യത്തിലും ഉയർന്ന നിലവാരത്തിൽ ജയിച്ച് പുരസ്കാരങ്ങൾ നേടാൻ കഴിഞ്ഞ ജോർജിന്റെ പിഎച്ച്.ഡി. ഗവേഷണവിഷയം പ്രസിദ്ധ പ്രാചീന മലയാളകാവ്യമായ *രാമചരിത*ത്തെക്കുറിച്ചുള്ള പഠനമായിരുന്നു. പിന്നീടത് ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ ആ കാലഘട്ടത്തെയും കൃതിയെയും കുറിച്ചുള്ള ഏറ്റവും ആധികാരികമായ കൃതി മലയാളത്തിനു ലഭിച്ചു.

1940ൽ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ മലയാള ഭാഷാ ലക്ചററായി നിയമിക്കപ്പെട്ട ജോർജ് 1955ൽ കേന്ദ്ര സാഹിത്യ അക്കാദമിയുടെ അസിസ്റ്റന്റ് സെക്രട്ടറിയായി ചുമതലയേൽക്കാൻ പോകുമ്പോൾ വകുപ്പുമേധാവിയായി ഉയർന്നിരുന്നു. ഈ കാലയളവിനുമുമ്പുതന്നെ ജോർജിന്റെ പഠനകൗതുകവും സാഹിത്യവാസനയും പ്രകടമായിരുന്നു എന്നതിന് 21-ാം വയസ്സിൽ 1935ൽ എഴുതിയ *വേദപുസ്തകമാഹാത്മ്യം* തെളിവ് നൽകുന്നു. ചെന്നൈയിലെ പഠനകാലവും അധ്യാപനകാലവും അദ്ദേഹത്തിലെ സാംസ്കാരികപ്രവർത്തകനെയും ഗ്രന്ഥകാരനെയും ഗണ്യമായി വളർത്തി. ഡോ. ചേലനാട്ട് അച്യുതമേനോൻ തുടങ്ങിയ പ്രഗൽഭമതികൾ നയിച്ചിരുന്ന മദിരാശി സർവകലാശാലയിലെ മലയാളം വകുപ്പും മദിരാശി നഗരത്തിലെ

വിവിധ മലയാളി സാംസ്കാരിക സംഘടനകളുമായുള്ള സഹകരണവും ഡോ. ജോർജിന്റെ വ്യക്തിത്വ വികാസത്തിൽ ഗണ്യമായ പങ്ക് വഹിച്ചു. ഇക്കാലത്ത് മദിരാശിയിൽനിന്ന് പുറപ്പെട്ടിരുന്ന *ലോകവാണി*യെന്ന നിലവാരപ്പെട്ട ഒരു മലയാളസാഹിത്യമാസികയുടെ പത്രാധിപത്യവും അദ്ദേഹം ഏറ്റെടുത്തു.

1955ൽ സാഹിത്യ അക്കാദമിയുടെ അസിസ്റ്റന്റ് സെക്രട്ടറിയായി ദില്ലിക്ക് പുറപ്പെടുമ്പോഴേക്ക് 16 പുസ്തകങ്ങൾ അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചു കഴിഞ്ഞിരുന്നു. അവയിൽ ജീവചരിത്രങ്ങളും റേഡിയോ നാടകങ്ങളും സഞ്ചാരസാഹിത്യവും (അമേരിക്ക) വിവർത്തനവും നിരൂപണവും എല്ലാം ഉൾപ്പെടും. 1955 മുതൽ 1969 വരെ ആദ്യം സാഹിത്യ അക്കാദമി അസിസ്റ്റന്റ് സെക്രട്ടറിയായും പിന്നീട് റീജണൽ സെക്രട്ടറിയായും സേവനമനുഷ്ഠിച്ച ഡോ. ജോർജ് 1969ൽ അക്കാദമിയിൽനിന്ന് വിരമിച്ച് വീണ്ടും തനിക്ക് പ്രിയപ്പെട്ട തമിഴകത്തിന്റെ ആസ്ഥാനത്ത് താമസം ഉറപ്പിച്ചപ്പോഴാണ് അന്ന് കേരള മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസിന്റെ രണ്ട് ദൂതൻമാർ അദ്ദേഹത്തെ വീട്ടിൽചെന്ന് കണ്ട് കേരളത്തിലേക്കു ക്ഷണിച്ചത്.

ഇ.എം.എസിന്റെ സന്ദേശവുമായി ജോർജിനെ ചെന്നുകണ്ടത് അന്നത്തെ കേരള വിദ്യാഭ്യാസ സെക്രട്ടറിയായിരുന്ന ശങ്കരനാരായണൻ ഐഎഎസും, എംഎൽഎ ആയിരുന്ന ഈ ലേഖകനുമാണ്. കീഴില്ലം സെന്റ് തോമസ് സ്കൂളിൽ 1938ൽ വിദ്യാർത്ഥിയായിരുന്നപ്പോൾ ജോർജ് സാർ എന്നെ കണക്കും ക്ഷേത്രഗണിതവും പഠിപ്പിച്ചിരുന്നുവെന്ന ഗുരുശിഷ്യബന്ധം എന്റെ ഒരു മുതൽക്കൂട്ടായിരുന്നു.

ഭാഷാപോഷണ മഹാസംരംഭം

ഇ.എം.എസിന്റെ സന്ദേശത്തിന്റെ അന്തിമമായ കർമഭാഗം ഡോ. ജോർജ് കേരളത്തിൽ വന്ന് ഒരുതരത്തിലും മുന്നോട്ടു നീങ്ങാനാകാതെ ഒമ്പതുകൊല്ലക്കാലമായി മരവിച്ചുകിടന്ന സർവവിജ്ഞാനകോശ പദ്ധതിയെ തട്ടിയുണർത്തി പ്രവർത്തിപ്പിക്കണം എന്നതായിരുന്നെങ്കിലും അതിന് കുറെക്കൂടി വിശാലമായ പശ്ചാത്തലം ഉണ്ടായിരുന്നു.

1957ൽ ഐക്യകേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയായി ചുമതലയേറ്റപ്പോൾ മലയാള ഭാഷയുടെയും കേരള സംസ്കാരത്തിന്റെയും ത്വരിതവും ശാസ്ത്രീയവുമായ ആധുനികീകരണത്തിനും വികസനത്തിനും ആവശ്യമായ കുറേയെറെ പദ്ധതികൾക്ക് അദ്ദേഹം അടിത്തറയിട്ടിരുന്നു. ഭരണവും വിദ്യാഭ്യാസവും മാതൃഭാഷയിലാക്കുക, അതിനാവശ്യമായ ടൈപ്പ്റൈറ്റർ, അച്ചടിയന്ത്രം, അച്ചുകൾ മുതലായവ കാലോചിതമായി പരിഷ്ക്കരിക്കുക,

ആധുനിക വിശ്വവിജ്ഞാനത്തിലെ എല്ലാവിധ സമ്പത്തുകളും സാധാരണ മലയാളികൾക്കും വിദ്യാർത്ഥികൾക്കും അഭിഗമ്യമായ രീതിയിൽ വിവർത്തനം ചെയ്യിച്ചും സ്വതന്ത്രമായി എഴുതിച്ചും പ്രസാധനം ചെയ്യുക എന്നതെല്ലാം ഈ ബൃഹത് പദ്ധതിയിൽ ഉൾപ്പെടുന്നു. അതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി പാഠപുസ്തകങ്ങളും പൊതുവിജ്ഞാനകൃതികളും ശാസ്ത്രസാങ്കേതിക ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കാൻ 1967-ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയും അതിന്റെ ഡയറക്ടറായി എൻ.വി. കൃഷ്ണവാര്യരെ നിയമിക്കുകയും ചെയ്തു.

അതോടൊപ്പം ആധുനിക ടൈപ്പ്റൈറ്ററുകൾക്കും അച്ചടിയന്ത്രങ്ങൾക്കും ഉപയുക്തമാകുംവണ്ണം മലയാളലിപിയും അച്ചുകളും പരിഷ്ക്കരിക്കുന്നതിനായി ശൂരനാട്ട് കുഞ്ഞൻപിള്ള, ഡോ. കെ. ഭാസ്കരൻ നായർ, എൻ.വി. കൃഷ്ണവാര്യർ, കണ്ടത്തിൽ കുടുംബാംഗവും ഇ.എം.എസിന്റെ ചിരകാല സുഹൃത്തും ചെന്നൈയിലെ ചാസൺ ഫൗണ്ട്രി ഉടമസ്ഥനുമായ എബ്രഹാം തുടങ്ങിയവർ ഉൾക്കൊള്ളുന്ന ഒരു വിദഗ്ദ്ധസമിതിയെ നിയമിച്ച് റിപ്പോർട്ട് വരുത്തിച്ചു. ഈ ലേഖകനും ആ കമ്മിറ്റിയുടെ കൺസൾട്ടന്റായി പ്രവർത്തിച്ചിട്ടുണ്ട്.

ഉപരിവിദ്യാഭ്യാസ മേഖല

രണ്ടാം ഇ.എം.എസ്. മന്ത്രിസഭയുടെ ഈ ദൃശ്യപ്രവർത്തനങ്ങളുടെ മറ്റൊരു പ്രധാനപ്പെട്ട ഭാഗം സർവകലാശാലാ പുനഃസംഘടനയായിരുന്നു. കേരള സർവകലാശാലയ്ക്കുപുറമെ കൊച്ചിയിലും കോഴിക്കോട്ടും ഓരോ സർവകലാശാലകൾ ആരംഭിച്ചത് അങ്ങനെയാണ്. മാത്രമല്ല, ഈ സർവകലാശാലകളുടെ തലപ്പത്ത് ആരെയെങ്കിലുമൊക്കെ പ്രതിഷ്ഠിച്ചാൽ പോരെന്നും പ്രഗൽഭരായ വിദ്യാഭ്യാസ വിചക്ഷണരും പണ്ഡിതാഗ്രേസരരും വേണമെന്നും ഇ.എം.എസിന് നിർബന്ധമുണ്ടായിരുന്നു. അന്നത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന സി.എച്ച്. മുഹമ്മദ്കോയ ഇക്കാര്യത്തിൽ ഇ.എം.എസിന് സർവവിധ പിന്തുണയും നൽകി. കൊച്ചി സർവകലാശാലയുടെ വൈസ് ചാൻസലറായി പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയെയും കാലിക്കറ്റ് സർവകലാശാലയുടെ വൈസ് ചാൻസലറായി വിദ്യാഭ്യാസ ഡയറക്ടർ ആയിരുന്ന പ്രശസ്ത തമിഴ്നാട് പണ്ഡിതൻ മൊഹമ്മദ്ഘനിയെയും നിയമിച്ചത് ഈ വഴിക്കുള്ള പ്രശംസാർഹമായ കാൽവെപ്പായിരുന്നു. ഇനി കേരള സർവകലാശാലയ്ക്ക് ആരെന്ന ചോദ്യം ഉയർന്നു. പല അന്വേഷണങ്ങൾക്കും ശേഷം അഖിലേന്ത്യാ തലത്തിൽ പ്രശസ്തിയാർജിച്ചിരുന്ന നരവംശശാസ്ത്രജ്ഞൻ ഡോ. അയ്യപ്പന്റെ പേരിനാണ് മുൻതൂക്കം ലഭിച്ചത്. മദിരാശിയിൽ ഡോ. ജോർജിനെയും കാണുന്നതോടൊപ്പം കേരള സർവ്വ

കലാശാല വൈസ് ചാൻസലർ പദം ഏറ്റെടുക്കാൻ ഡോ. അയ്യപ്പനോട് അപേക്ഷിക്കണം എന്ന നിർദേശവും ഇ.എം.എസ്. ഞങ്ങൾക്കിരുവർക്കും നൽകിയിരുന്നു. ഡോ. അയ്യപ്പന് കേരളത്തിലെ സ്ഥാപിത താൽപര്യക്കാർ വിളയാടുന്ന വിദ്യാഭ്യാസമേഖലയിൽ ചുമതലയേൽക്കാൻ വിമുഖത ഉണ്ടായിരുന്നെങ്കിലും ക്ഷണം ഇ.എം.എസിന്റെ ആകയാൽ നിരസിക്കാൻ മനസ്സുവരുന്നില്ലെന്നു പറഞ്ഞ് സമ്മതിക്കുകയും ചെയ്തു. ഇക്കൂട്ടത്തിലാണ് കേരള സാഹിത്യഅക്കാദമി അധ്യക്ഷനായി കുറ്റിപ്പുഴ കൃഷ്ണപിള്ളയെ നിയമിച്ചത്. ബയോഡാറ്റയുമായി പാർടിയാപ്പീസുകൾതോറും കയറിയിറങ്ങുന്നവരെയല്ല, തികഞ്ഞ യോഗ്യൻമാരെയാണ് ഓരോരോ രംഗങ്ങളിൽ ഇ.എം.എസ്. അന്ന് നിയമിച്ചത്.

ഇങ്ങനെ സർവാംഗീണമായ ഭാഷാപോഷണയത്നത്തിന്റെ ഭാഗമായിട്ടാണ് ഒമ്പതുവർഷമായി മരവിച്ച് കിടന്ന സർവവിജ്ഞാനകോശത്തെ പുനരുജ്ജീവിപ്പിക്കാനുള്ള ചുമതല ജോർജിനെ ഏൽപിക്കുന്നത്. ഈ മഹനീയ സന്നാഹത്തിൽ സഹകരിക്കാനാണ് ക്ഷണിക്കുന്നതെന്ന് ജോർജിന് വിശദീകരിച്ചു കൊടുക്കാൻ ഇ.എം.എസ്. പ്രത്യേകമായി ഞങ്ങളോട് ഏർപ്പാട് ചെയ്തിരുന്നു. ആദ്യം ഒരുദ്യോഗനിയമനത്തിനു മാത്രമുള്ള ക്ഷണമായിക്കണ്ട ജോർജിനെ ഈ വിശദീകരണം ആവേശഭരിതമാക്കി. ഒരുപാധിയും മുന്നോട്ടുവെക്കാതെ താനിത് സ്വീകരിക്കുന്നു എന്നദ്ദേഹം ഉള്ളുതുറന്നു പറഞ്ഞു.

മുഖ്യമന്ത്രിയും ജോർജും

ചുമതലയേൽക്കുംമുമ്പ് ഇ.എം.എസിനെ ജോർജ് സന്ദർശിച്ചപ്പോൾ ശങ്കരനാരായണനും ഞാനും സന്നിഹിതരായിരുന്നു. ഔപചാരികതയുടെ കുശലങ്ങളോ ആർഭാടങ്ങളോ ഒന്നുമില്ലാതെ സ്വതസിദ്ധമായ ലളിതസൗഹൃദ പ്രകടനത്തോടെ ഇ.എം.എസ്. ജോർജിനോട് തന്റെ ഭാഷാപോഷണ പദ്ധതിയുടെ ചുരുക്കം വിവരിച്ചുകൊടുത്തതിനുശേഷം ഇപ്രകാരം പറഞ്ഞു. 'ഡോക്ടർ എനിക്കുവേണ്ടത് റിസൾട്ടാണ്. ഒമ്പതുകൊല്ലമായി സർക്കാർ ഖജനാവ് ചോർത്തിക്കൊണ്ട് ചീർത്ത ശവംപോലെ ഈ വകുപ്പ് ശകുനം മുടക്കി കിടക്കുകയാണ്. നിങ്ങളത് സജീവമാക്കണം. രണ്ടുവർഷവും ഓരോ സഞ്ചിക വീതമെങ്കിലും പ്രസിദ്ധീകരിച്ച് 1990നകം എങ്കിലും ഈ പദ്ധതി പൂർത്തിയാക്കണം. അതിന്റെ തുടക്കമിടണം. പിന്നീടുള്ള പ്രവർത്തനങ്ങൾക്ക് കാലബന്ധിതമായ പദ്ധതിയും ആവിഷ്കരിക്കണം. ആകുമോ? ഗുണനിലവാരത്തെ സംബന്ധിച്ചിടത്തോളം ഡോക്ടർ വിട്ടുവീഴ്ചയില്ലാത്ത കണിശക്കാരനാണെന്ന് എനിക്കറിയാം. അതുകൊണ്ട് അക്കാര്യം ഞാൻ പറയുന്നില്ല'.

ഡോക്ടറുടെ മറുപടി: 'ഒന്നും വിശദീകരിക്കുന്നില്ല, ഇത് അക്ഷരം പ്രതി നിർവഹിച്ചിരിക്കും'.

ഇ.എം.എസ്: 'എന്നാലിനി സി.എച്ചിനെ (വിദ്യാഭ്യാസമന്ത്രി സി.എച്ച്. മുഹമ്മദ്കോയ) കണ്ടോളൂ' എന്നു പറഞ്ഞ് വാതിൽക്കലേക്ക് കൈനീട്ടി.

ചായയും ബിസ്കറ്റും കിട്ടിയില്ലെങ്കിലും വയറു നിറഞ്ഞുവെന്ന് ഡോ. ജോർജ് പുറത്തുകടന്നപ്പോൾ നർമബോധത്തോടെ സംതൃപ്തി പ്രകടിപ്പിച്ചു. 1972 ഡിസംബറിൽ സർവവിജ്ഞാനകോശത്തിന്റെ ഒന്നാംവോള്യം പുറത്തിറങ്ങുംമുമ്പ് ഇ.എം.എസ്. സ്ഥാനം ഒഴിഞ്ഞിരുന്നെങ്കിലും ഡോ. ജോർജ് ഒരാഴ്ചയുടെ വ്യത്യാസംപോലും കൂടാതെ വാക്കുപാലിച്ചു. സാധാരണ സാഹിത്യകാരൻമാർക്കിടയിലും പണ്ഡിതൻമാരിലും കാണാത്ത ഡോ. ജോർജിന്റെ കൃത്യനിഷ്ഠയും സംഘടനാപാടവവും കർമ്മകുശലതയും അങ്ങനെ ഒരിക്കൽകൂടി തെളിഞ്ഞു. അടുത്ത ഒരുവോള്യംകൂടി ഇ.എം.എസിനോട് ചെയ്ത വാഗ്ദാനപ്രകാരം പുറത്തിറക്കാൻ ജോർജിന് കഴിഞ്ഞു. അദ്ദേഹം വിരമിച്ചശേഷം പഴയ ചരിത്രം ആവർത്തിച്ചില്ലെങ്കിലും പ്രസാധനം മന്ദഗതിയിലായി.

എങ്കിലും എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക തുടങ്ങിയ സാർവദേശീയ നിലവാരമുള്ള വിജ്ഞാകോശങ്ങളുമായി താരതമ്യപ്പെടുത്താൻ കഴിയുംവിധം കെട്ടുംമട്ടും രൂപകൽപനയും ഡോ. ജോർജ് നൽകിയത് ഇപ്പോഴും ഏറെക്കുറെ തുടർന്നുവരുന്നുവെന്ന് സമാധാനിക്കാം.

കേരളത്തിന്റെ അഭിമാനഭാജനമായ ഈ കൈരളീസേവകനെ കേരളത്തിലേക്ക് തിരികെക്കൊണ്ടുവന്ന ഇ.എം.എസിന്റെ നടപടി കേരളത്തിനും ഭാഷയ്ക്കും എത്രമാത്രം അനുഗ്രഹമായി. ■

10. തോപ്പിൽ ഭാസി
മലയാള നാടകത്തിലെ വിപ്ലവകാരി



1924 ഏപ്രിൽ 8ന് ആലപ്പുഴ ജില്ലയിലെ വള്ളികുന്നത്ത് തോപ്പിൽ പരമേശ്വരൻ പിള്ളയുടേയും നാണിക്കുട്ടിയമ്മയുടേയും മകനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ചങ്ങൻകുളങ്ങര സംസ്കൃത സ്കൂളിൽ നിന്ന് ശാസ്ത്രി പരീക്ഷ പാസ്സായി. തിരുവനന്തപുരം ആയുർവേദകോളേജിൽ വിദ്യാർത്ഥി ആയിരിക്കെ വിദ്യാർത്ഥി പ്രസ്ഥാനവുമായി ബന്ധപ്പെട്ടു. വൈദ്യകലാനിധി പരീക്ഷ ഒന്നാം റാങ്കോടെ പാസായി. 1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വതന്ത്രയായപ്പോൾ ഭാസി ജയിലിലായിരുന്നു. 1948–52 കാലത്ത് കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകൻ എന്ന നിലയിൽ ഒളിവിൽ പ്രവർത്തിച്ചു. 1954 ൽ ഭരണിക്കാവിൽ നിന്നും 1957 ൽ പത്തനംതിട്ടയിൽ നിന്നും നിയമസഭാംഗമായി. 'മുന്നേറ്റം' എന്ന ഏകാങ്ക നാടകമായിരുന്നു ആദ്യരചന. സോമൻ എന്ന പേരിൽ 1952 ൽ 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി' രചിച്ചു. സർവ്വേക്കല്ല്, വിശക്കുന്ന കരികാലി, ശരശയ്യ, പുതിയ ആകാശം പുതിയ ഭൂമി, തൂലാഭാരം, ഒളിവിലെ ഓർമ്മകൾ, മൂടിയനായ പുത്രൻ, മൂലധനം എന്നിവ പ്രധാന രചനകളാണ്. നൂറിലേറെ ചിത്രങ്ങൾക്ക് തിരക്കഥയെഴുതുകയും 16 ചിത്രങ്ങൾ സംവിധാനം നിർവഹിക്കുകയും ചെയ്തു. കേന്ദ്ര- കേരള സാഹിത്യ അക്കാദമി അവാർഡ്, സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ് എന്നിങ്ങനെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചു. അമ്മിണിയമ്മയെയാണ് അദ്ദേഹം വിവാഹം ചെയ്തത്. 1992 ഡിസംബർ 8ന് അന്തരിച്ചു.

കഴിഞ്ഞ നാലു പതിറ്റാണ്ട് കാലത്ത് നാടകവും സിനിമയുമുൾപ്പെടെ മലയാളരംഗ കലാമേഖലയിലാകെ അതികായനായി നിറഞ്ഞുനിന്ന ഉജ്ജ്വലപ്രതിഭയാണ് സഖാവ് തോപ്പിൽ ഭാസിയുടെ (68) നിര്യാണത്തോടെ കാലയവനികയ്ക്ക് പിന്നിലേക്ക് മറഞ്ഞുപോയത്.

എല്ലാവർക്കും അറിയാവുന്നതുപോലെ തന്റെ ഒന്നാമത്തെ നാടകം കൊണ്ടുതന്നെ ഭാസി ചരിത്രം സൃഷ്ടിച്ചു: "നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി". "നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി"യെന്ന കേരള പീപ്പിൾസ് ആർട്സ് ക്ലബ് (കെ.പി.എ.സി) രംഗത്ത് അവതരിപ്പിച്ച 1953ൽ തന്നെ അത് നിരോധിക്ക

പ്പെട്ടു. അന്നത്തെ തിരു-കൊച്ചി നിയമസഭയിലും പുറത്തും പൊട്ടിപ്പുറപ്പെട്ട ഗംഭീരമായ പ്രതിഷേധത്തെ തുടർന്ന് നിരോധനം പിൻവലിക്കാൻ കോൺഗ്രസ് മന്ത്രിസഭ നിർബന്ധിതമായി. പിന്നീടങ്ങോട്ടുള്ള ഭാസി നാടകങ്ങളുടേയും കെ.പി.എ.സി.യുടേയും അപ്രതിരോധ്യമായ ജൈത്രയാത്രയും ജനപ്രീതിയും നാലു പതിറ്റാണ്ടു തികയുമ്പോഴും ഇനിയും നിലച്ചിട്ടില്ല. അതോടൊപ്പം ഭാസിയുടേയും കെ.പിഎ.സിയുടേയും വിപ്ലവപ്രസ്ഥാനത്തോടുള്ള പ്രതിബദ്ധതയും. ഏറ്റവും ഒടുവിലായി ഇറങ്ങിയ "ഒളിവിലെ ഓർമ്മകൾ" ഈ വസ്തുതയ്ക്ക് സാക്ഷ്യംവഹിക്കുന്നു.

ഭാസിയുടെ ഒസ്യത്ത്

ഒരുതരത്തിൽ പറഞ്ഞാൽ ഭാസിയുടെ ആദ്യത്തെയും അവസാനത്തേയും നാടകങ്ങൾ (മരിക്കുന്ന സന്ദർഭത്തിലും അദ്ദേഹം ഒരു നാടകത്തിന്റെ പണിപ്പുരയിലായിരുന്നു എങ്കിലും രംഗത്തവതരിപ്പിക്കപ്പെട്ട അവസാനത്തെ സൃഷ്ടിയാണിവിടെ പരാമർശിക്കുന്നത്) ഒരേപോലെ തോപ്പിൽ ഭാസിയുടെ ആമരണാന്ത താൽപ്പര്യങ്ങളെ (കൺസേൺ) പ്രതിഫലിപ്പിക്കുന്നു. ആദ്യത്തേത് മധ്യതിരുവിതാംകൂർ പശ്ചാത്തലത്തിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനം പടിപടിയായി മുളച്ചുവളരുന്നതിന്റെ ആവിഷ്ക്കാരമാണെങ്കിൽ രണ്ടാമത്തേത് കമ്യൂണിസ്റ്റ് പ്രസ്ഥാനം തരണംചെയ്ത കണ്ണീരും രക്തവും കലർന്ന ആവേശകരമായ പാതയുടെ അനാവരണമാണ്. ദേശാഭിമാനി ചൂണ്ടിക്കാട്ടിയതുപോലെ ഭാസിയുടെ ഔസ്യത്തായി അതിനെ കണക്കാക്കാം. കെ.പി.എ.സിയുടെ നാടകശൈലി മാറ്റത്തിന് വിധേയമാണ്. എന്നാൽ ഈ നാടകത്തിലെ ഇതിവൃത്തം വിപ്ലവപ്രസ്ഥാനത്തിന്റെ നിത്യനൂതനമായ ഔസ്യത്താണ്. പ്രതിസന്ധികളും വെല്ലുവിളികളും നേരിടുന്ന തൊഴിലാളിവർഗ പ്രസ്ഥാനത്തിന് ആത്മവിശ്വാസവും കരുത്തും പകരുന്ന പൈതൃകസ്മരണയാണത്.

"മുടിയനായ പുത്രൻ" "മൂലധനം" തുടങ്ങിയ മറ്റനേകം ഉജ്ജ്വല സൃഷ്ടികളിലും ഇതേ പ്രമേയം ആകർഷകമായ രൂപവൈവിധ്യത്തോടെ അദ്ദേഹം കൈകാര്യം ചെയ്യുന്നു. കമ്യൂണിസ്റ്റ് പ്രസ്ഥാനം സമൂഹത്തെ മാത്രമല്ല വ്യക്തിയേയും മാറ്റിത്തീർക്കുന്നുവെന്നും പരിസ്ഥിതിജന്യമായ മാലിന്യങ്ങളിൽനിന്ന് എല്ലാ മനുഷ്യനിലുമുള്ള നൻമയുടെയും സ്നേഹത്തിന്റെയും ധർമ്മബോധത്തിന്റെയും സത്ത തീയിലുതിയ പൊന്നുപോലെ തിളക്കി എടുക്കുന്നുവെന്നും ഉള്ളതാണ് ഭാസിയുടെ ഒരു പ്രധാന പ്രമേയം.

പുതിയ രുചി, പുതിയ പാരമ്പര്യം

"പുതിയ ആകാശം പുതിയ ഭൂമി" "ശരശയ്യ" മുതലായവയിൽ ഭാസി

മനുഷ്യയത്നത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും പുതിയ മേഖലകളിലേക്ക് പ്രവേശിക്കുന്നു. "നിർമ്മാണപ്രവർത്തനങ്ങളും ബ്യൂറോക്രസി"യുമാണ് ആദ്യത്തേതിന്റെ വിഷയമെങ്കിൽ കുഷ്ഠരോഗവും അത് സംബന്ധിച്ച അന്ധവിശ്വാസങ്ങളും സൃഷ്ടിക്കുന്ന ദുരന്തവും അതിനെതിരെ പോരാടുന്ന നൻമയുടെ ആകാരരൂപമായ ഭിഷഗ്വരമഹത്വവുമാണ് "ശരശയ്യ"യുടെ ഇതിവൃത്തം. "കയ്യും തലയും പുറത്തിടരുത്" എന്ന ഭാസിയുടെ നാടകം വളരെ വിമർശിക്കപ്പെട്ടു. അത് ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ അധിക്ഷേപിക്കുന്നുവെന്ന്. പക്ഷേ ട്രേഡ് യൂണിയനുകൾ ചിലപ്പോൾ വഴിതെറ്റാമെന്ന സൂചനയും സ്വയംവിമർശനത്തിന്റെ ആവശ്യകതയും ഉയർത്തിക്കാട്ടാൻ തൊഴിലാളിവർഗപക്ഷപാതികളായ കലാകാരർക്കും കടമയുണ്ട് എന്ന ഭാസിയുടെ വിശ്വാസം അസ്ഥാനത്താണോ?

ഇന്ത്യൻ പീപ്പിൾസ് തീയേറ്റർ അസോസിയേഷൻ (ഇപ്റ്റ) ആയിരുന്നു കെ.പി.എ.സിയുടെ രൂപീകരണത്തിന് പ്രചോദനം നൽകിയതെങ്കിലും കെ.പി.എ.സി. സംഘടനയിലും കലാശൈലിയിലും വ്യത്യസ്ത മാർഗമാണവലംബിച്ചത്. കലാമേൻമയോടും സാമൂഹ്യലക്ഷ്യബോധത്തോടുമൊപ്പം ജനപ്രീതിക്കായി പ്രൊഫഷണൽ നാടകവേദിക്കാർ ഉപയോഗിക്കുന്ന ചെപ്പടിവിദ്യകൾ ചിലവ ഔചിത്യബോധം കൈവിടാതെ പ്രയോഗിക്കുന്നതിൽ കെ.പി.എ.സി. മടി കാട്ടിയില്ല. അങ്ങിനെ സംഗീതവും ഫലിതവും മറ്റും ആധുനിക നാടകക്കാരെക്കാൾ കൂടുതൽ ചേരുംപടി ചേർക്കാൻ കെ.പി.എ.സിയും ഭാസിയും ശ്രദ്ധിച്ചു. അതുകൊണ്ട് കെ.പി.എ.സി. ഒരു പ്രൊഫഷണൽ നാടകവേദി എന്ന നിലയിൽ ഇപ്റ്റയിൽ നിന്ന് വ്യത്യസ്തമായി പ്രവർത്തിക്കുകയും അത്ഭുതാവഹമായ ജനപ്രീതിയും സാമ്പത്തികവിജയവും നേടുകയും ചെയ്തു. പക്ഷേ 1950കളിൽ പോലും നിലനിന്നിരുന്ന വികൃതമായ കോമാളിത്തങ്ങളും അരങ്ങിൽ തള്ളിക്കയറുന്ന ഹാർമോണിയവും ക്ലാസിക്കൽ കച്ചേരികളും കെ.പി.എ.സി. ഒഴിവാക്കി. ഒ.എൻ.വിയുടെയും വയലാറിന്റെയും മറ്റും കാവ്യപ്രതിഭ മുറ്റിനിൽക്കുന്ന മൗലികഗാനങ്ങളാണ് കെ.പി.എ.സിയുടെ വിപ്ലവകഥകൾക്ക് അലങ്കാരവും അർഥവും നൽകിയത്. ദേവരാജനും ഒ.എൻ.വിയും ചേർന്ന് മലയാളത്തിന് ഒരു നവീന ഗാനപാരമ്പര്യം വാർത്തെടുക്കാനും കെ.പി.എ.സി. നാടകങ്ങൾ അരങ്ങൊരുക്കി.

പ്രസ്ഥാന നായകൻ

ഈ പരീക്ഷണങ്ങളുടെയും പരിഷ്ക്കാരങ്ങളുടെയും ഫലമായി കേരളീയരുടെ നാടകാഭിരുചിയിൽ വന്ന മാറ്റങ്ങൾ അഭൂതപൂർവമായിരുന്നു. "നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി" എന്ന നാടകവും കെ.പി.എ.സിയും ഒ.എൻ.വി-വയലാർ-ദേവരാജൻ ഗാനങ്ങളുമാണ് 1957ലെ കമ്യൂണിസ്റ്റ് മന്ത്രി

സഭയ്ക്ക് വഴിതെളിച്ചത് എന്നുവരെ പലരും പറയാൻ തയ്യാറായി. അതിൽ അതിശയോക്തി ഉണ്ട് എങ്കിലും അങ്ങിനെപോലും പറയാൻ ഇട നൽകിയ അളവിലായിരുന്ന 'ചുവന്ന പതിറ്റാണ്ട്' എന്ന് വിളിക്കപ്പെടുന്ന 1950 കളിൽ കെ.പി.എ.സി. നേടിയ ജനപ്രീതി. ദുർഗ്രഹമായ ന്യൂനപക്ഷ വരേണ്യ പരീക്ഷണങ്ങൾക്കും വികൃതമായ ജനപ്രീതി മസാലകൾക്കും മധ്യേ അവരണ്ടിൽനിന്നും വ്യത്യസ്തമായ ഒരു പാത വെട്ടിത്തെളിച്ചതാണ് ഭാസിയുടെയും കെ.പി.എ.സിയുടെയും ഐതിഹാസികമായ സംഭാവന.

അതാകട്ടെ ഭാസിയുടെ മാത്രം സംഭാവനയായിരുന്നില്ല. ഒ.എൻ.വി, വയലാർ, ദേവരാജൻ, രാഘവൻ തുടങ്ങിയ കവികളും ഗാനസംവിധായകരും കെ.എസ്. ജോർജ്, സുലോചന തുടങ്ങിയ ഗായകരും ജനാർദ്ദനക്കുറുപ്പ്, കാമ്പിശേരി കരുണാകരൻ, ഒ. മാധവൻ, ഖാൻ, തോപ്പിൽ കൃഷ്ണപിള്ള, സി.ജി. ഗോപിനാഥ്, സുധർമ്മ, വിജയകുമാരി, സുലോചന, ശ്രീനാരായണപിള്ള, മണവാളൻ ജോസഫ്, രാജഗോപാലൻ നായർ തുടങ്ങിയ അഭിനേതാക്കളും സംഘാടകരും കെ.പി.എ.സി. എന്ന മഹാപ്രസ്ഥാനത്തിന്റെ വിജയത്തിൽ പങ്കാളികളായി. പി.ജെ. ആന്റണി, കെ.ടി. മുഹമ്മദ് തുടങ്ങിയവരും ഓരോ കാലത്ത് കെ.പി.എ.സിയുമായി ബന്ധപ്പെട്ടു. ഇവരെല്ലാം കെ.പി.എ.സിയിൽ വെച്ചും പിന്നീട് പിരിഞ്ഞുപോയി മറ്റ് നാടകസംഘങ്ങളിലും ശോഭിച്ചു. അപ്പോഴും അവർ കെ.പി.എ.സിയുടെ ശൈലിയും സാധനയും പിന്തുടർന്നു. എന്നാൽ ഇവയുടെയെല്ലാം ഉത്തമ സാധാരണ ഘടകം തോപ്പിൽഭാസിയായിരുന്നുവെന്ന് പറഞ്ഞാൽ തർക്കിക്കാൻ ആരും മുതിരുകയില്ല. അതാണ് അദ്ദേഹത്തെ ഒരു പ്രസ്ഥാനനായകന്റെ പദവിയിലേക്ക് ഉയർത്തുന്നത്.

1960കളിൽ ചലച്ചിത്രരംഗത്തും കഥാകാരൻ, തിരക്കഥാകൃത്ത്, സംവിധായകൻ എന്നീ നിലകളിൽ ഭാസി തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു.

പരിമിതിയും മഹത്വവും

1990കളിലെ കണ്ണുകൾകൊണ്ട് തിരിഞ്ഞുനോക്കുമ്പോൾ ഭാസിയുടെ കലയിലും കഥയിലും പഴമയുടെ കാലഹരണപ്പെട്ട ദോഷങ്ങൾ എന്നപോലെ ശൈലിയിലെ വൈകല്യങ്ങളും കണ്ടെത്താൻ കഴിഞ്ഞേക്കും. ("നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി"യിലെ കഥാപാത്രമായ ഗോപാലനെപ്പോലുള്ളവരുടെ പാത്രസൃഷ്ടിയിൽ വന്ന മിഴിവു കുറവിനെക്കുറിച്ച് ഇ.എം.എസ്. നമ്പൂതിരിപ്പാട് അക്കാലത്തുതന്നെ ചൂണ്ടിക്കാണിച്ചതോർക്കുക). രംഗകലകളിലും ഇലക്ട്രോണിക് തിരശീലാവിഷ്കാരങ്ങളിലും വന്നുകൊണ്ടിരിക്കുന്ന വലിയ പല മാറ്റങ്ങളും ഭാസിക്കുൾക്കൊള്ളാൻ കഴിഞ്ഞില്ല എന്നത് അദ്ദേഹത്തിന്റെ ഐതിഹാസികമായ മഹത്വത്തിനോ പ്രസ്ഥാന നായകസ്ഥാനത്തിനോ പോറലേൽ

പ്പിക്കുന്നില്ല. പുതിയ വിപ്ലവകലയുടെ ലക്ഷ്യവും മാർഗവും ഭാസിയിൽ ഒതുങ്ങികൂടുക എന്നതല്ല ഭാസിയിൽനിന്ന് മുന്നോട്ട് എന്നായിരിക്കും എന്ന് പറഞ്ഞാൽ അത് ഭാസിയുടെ യുഗപ്രഭാവത്വത്തെ വെട്ടിച്ചുരുക്കലാവില്ല, കാലത്തിന്റെ മാറ്റത്തെ മാനിക്കൽ മാത്രം; ഭാസി കാലത്തിന്റെ മാറ്റത്തെ മാനിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തതുപോലെതന്നെ.

ഭാസി ഒരു നാടകകൃത്തും സംവിധായകനും ചലച്ചിത്രകാരനും മാത്ര മായിരുന്നില്ല. ഈ രംഗത്തെല്ലാം അദ്ദേഹത്തെ വളർത്തിയതും മൗലികത പ്രദാനം ചെയ്തതും അദ്ദേഹത്തിലെ കമ്യൂണിസ്റ്റുകാരനാണ്. ഒരു പോരാ ളിയും സംഘാടകനും നിയമസഭാ സാമാജികനും പംക്തികാരനും പ്രക്ഷോ ഭകനും എന്ന നിലയിൽ ഭാസിയുടെ സംഭാവനകൾ ഒട്ടും ചെറുതല്ല.

വികാരവും വിചാരവും

കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ പിളർപ്പുമായി അദ്ദേഹത്തിനൊരിക്കലും പൊരുത്തപ്പെടാൻ കഴിഞ്ഞിരുന്നില്ല. അതിന്റെ പ്രത്യയശാസ്ത്രപരവും രാഷ്ട്രീയപരവുമായ വശങ്ങൾ ആഴത്തിൽ പരിശോധിക്കാനുള്ള മനസോ കഴിവോ ആ പ്രതിഭാധനനുണ്ടായില്ല. പലപ്പോഴും വൈകാരികമായിട്ടാണ്. പിളർപ്പിനെ ഒരു ദുരന്തമോ ഗൂഢാലോചനാഫലമോ ആയി മാത്രം കണ്ടാണ് ഭാസി പ്രതികരിച്ചത്. വിചാരത്തെക്കാളേറെ വികാരം മുറ്റിയ അത്തരം പരാ മർശങ്ങൾ പലപ്പോഴു ഉപരിപ്ലവങ്ങൾ ആയിരുന്നിരിക്കാം. അതുകൊണ്ട് പല പ്പോഴും സി.പി.ഐ.(എം)നും അതിന്റെ നേതാക്കൾക്കും ഭാസിയുമായി രൂക്ഷമായി ഏറ്റുമുട്ടേണ്ടിവന്നിട്ടുണ്ടാകാം, പക്ഷേ ഭാസി എന്ന അനുപമ മായ കലാപ്രതിഭയേയോ, ആ വിപ്ലവപ്രതിഭ ഇടതുപക്ഷ പ്രസ്ഥാനത്തിനും രംഗകലയ്ക്കും നൽകിയ വമ്പിച്ച സംഭാവനകളെയോ അദ്ദേഹത്തിന്റെ ആ ത്മാർത്ഥതയോ ഞങ്ങളൊരിക്കലും നിഷേധിച്ചിട്ടില്ല. ആധുനിക കേരളത്തി ലെ തൊഴിലാളിവർഗ ചരിത്രവും സാഹിത്യകലാപുരോഗതിയും തോപ്പിൽ ഭാസിയുടെ സംഭാവനകളിൽ നിന്നൊരിക്കലും വേറിട്ടല്ല നിലകൊള്ളുന്നത്. ആ മഹാപ്രതിഭയ്ക്കു മുമ്പിൽ ഞങ്ങൾ തലകുനിക്കുന്നു, രക്തഹാരം ചാർ ത്തുന്നു.

11. പൊൻകുന്നം വർക്കി: പ്രതിഭയും പ്രതിബദ്ധതയും



ആലപ്പുഴ ജില്ലയിലെ എടത്വായിൽ കട്ടപ്പുറത്ത് വീട്ടിൽ ജോസഫ്-അന്നമ്മ ദമ്പതികളുടെ മകനായി 1908 ജൂലായ് 1ന് ജനിച്ചു. മലയാളം വിദ്വാൻ പരീക്ഷ പാസ്സായി. പൊൻകുന്നത്തെ ഒരു കത്തോലിക്കാ സ്കൂളിൽ അദ്ധ്യാപകനായി. 1939 ൽ ആദ്യകൃതി *തിരുമുൽക്കാഴ്ച* രചിച്ചു. 1944ൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം രൂപീകരിക്കുന്നതിന് പ്രധാനപങ്കുവഹിച്ചു. 1946ൽ സാഹിത്യരാഷ്ട്രീയകഥകൾ രചിച്ചതിന് തടവറയിലായി. *അവിശ്വസിക്കുന്ന കലമ, ഇടിവണ്ണി, തൊഴിലാളി കവി യുടെ കവി നിഘണ്ടുകൾ* എന്നിവ പ്രധാനകൃതികൾ. മിഡ്വാൻ സി.പി. രാമസ്വാമി അയ്യരുടെ നയങ്ങളെ ആസ്പദമാക്കി *മന്ത്രിക്കുട്ട് മോഡൽ* എന്നീ കഥകളും രചിച്ചു. 1997 ൽ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചു. ക്ഷാമമായാണ് ഭാര്യ. 2004 ജൂലായ് 2 ന് അന്തരിച്ചു.

ഇന്ത്യൻ സ്വാതന്ത്ര്യസമരവും തിരുവിതാംകൂറിലെ ഉത്തരവാദഭരണ പ്രക്ഷോഭണവും കേരളത്തിന് നൽകിയ അപൂർവ വരദാനമായിരുന്നു, കലാപകാരിയായിരുന്ന കലാസാംസ്കാരിക നായകൻ പൊൻകുന്നം വർക്കി (1910-2004).

ആദർശധീരരായ പല സ്വാതന്ത്ര്യസമരസേനാനികളെയും പോലെ വർക്കിയും സയുക്തികമായി അവസാനം എത്തിച്ചേർന്നത് കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലാണ്. പുരോഗമനവാദികളായ ദേശീയവാദികളുടെയും കമ്യൂണിസ്റ്റ് സാഹിത്യനായകരുടെയും ശ്രമഫലമായി 1937ൽ രൂപംകൊണ്ട ജീവൽസാഹിത്യസംഘവും അതിന്റെ പിൽക്കാലരൂപമായ പുരോഗമന സാഹിത്യസംഘവും ഈ സാംസ്കാരിക-രാഷ്ട്രീയ വളർച്ചയിൽ വർക്കിക്ക് വഴികാട്ടിയായി-തിരിച്ച് വർക്കി ഈ പ്രസ്ഥാനത്തിന്റെ വഴികാട്ടിയുമായി.

കോട്ടയത്തിന് കിഴക്ക് പാമ്പാടിയിലെ പെരിഞ്ചേരി വീട്ടിൽ സാംസ്കാരികനായകരും ബന്ധുമിത്രാദികളും ഇടതുപക്ഷ പ്രവർത്തകരും ചേർന്ന് ആഘോഷിച്ച 94-ാം പിറന്നാൾ മധുരം നുകർന്നതിന്റെ പിറ്റേദിവസമാണ് (2004 ജൂലായ് 2) അന്ത്യനിമിഷംവരെ ജ്വലിച്ചുനിന്നിരുന്ന ആ അഗ്നിശൈലം നിർവാണം പ്രാപിച്ചത്.

അന്ത്യനിമിഷംവരെ എന്ന് മനപൂർവം എഴുതിയതാണ്. കാരണം പല വിപ്ലവകാരികളായ സാഹിത്യ സാംസ്കാരിക നായകരും വിപ്ലവവും കലാപവും ഒക്കെ കൗമാരലീലകളോ യൗവനോൻമാദമോ ആണെന്ന് ന്യായീകരിച്ച് വാർധക്യത്തിലേക്ക് അടുക്കുമ്പോഴേക്കും മോഹഭംഗത്തിന്റെ പേരിൽ യാഥാസ്ഥിതിക പക്ഷത്തേക്ക് വഴുതിവീഴുന്നത് നാം കണ്ടിട്ടുണ്ട്. പക്ഷേ, പലരിലും വാർധക്യസഹജമായി പിടിപെടുന്ന ഈ രോഗത്തിൽ നിന്ന് തൊണ്ണൂറ്റിനാലാം വയസ്സിലും വർക്കി തികച്ചും വിമുക്തനായിരുന്നു.

യൗവനകാലംതൊട്ട് പള്ളിക്കാരുടെയും പട്ടക്കാരുടെയും ദുരധികാരത്തെയും യാഥാസ്ഥിതിക രാഷ്ട്രീയത്തെയും ആഡംബര ജീവിതത്തെയും നിശിതമായി എതിർത്ത് സംസാരിക്കുകയും കഥയെഴുതുകയും ചെയ്ത് അവരുടെ ശത്രുത നേടിയ സാമൂഹ്യ പരിഷ്കർത്താവായിരുന്നു വർക്കി. അദ്ദേഹത്തിന്റെ സഹപ്രവർത്തകനും വഴികാട്ടിയും ആയിരുന്ന പ്രൊഫ. എം.പി. പോളിന് ലഭിച്ചപോലെ അവസാനം പള്ളി സെമിത്തേരിയിലെ തെമ്മാടി കുഴിയാണ് അദ്ദേഹത്തിന്റെ വിധി എന്ന് സർവവിദിതം ആയിരുന്നു. എന്നാൽ കഴിഞ്ഞ നാലഞ്ച് പതിറ്റാണ്ടുകാലത്ത് കത്തോലിക്കാ പുരോഹിത മേധാവിത്വത്തിന് പല കാരണങ്ങളാലുണ്ടായ മാനസാന്തരങ്ങൾ മൂലം പള്ളിയിൽ മാന്യൻമാരായ വിശ്വാസികളോടൊപ്പം എല്ലാ കൂദാശകളോടും കൂടി വർക്കിയുടെ മൃതദേഹം സംസ്കരിക്കാൻ അവർ തയ്യാറായിരുന്നു എന്ന് അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ വ്യക്തമായി. എന്നിട്ടും യാതൊരു മതാചാരവും തന്റെ മരണാനന്തര ചടങ്ങുകളിൽ കടന്നുകൂടരുതെന്ന് ബന്ധുമിത്രാദികളെ മുൻകൂറായി അദ്ദേഹം കർശനമായി ചട്ടംകെട്ടിയിരുന്നു. തന്റെ കുടുംബവളപ്പിൽ തന്നെയാകണം തന്റെ ശവസംസ്കാരം എന്നും നിർദേശിച്ചിരുന്നു. അതിൻ പ്രകാരമാണ് അത് നടന്നതും.

ഈ സംഭവം അദ്ദേഹത്തിന്റെ എല്ലാ ജീവിതാദർശങ്ങളുടെയും മേൽ പ്രകാശം പരത്തി മാലോകരെയെല്ലാം ബോധ്യപ്പെടുത്തുന്ന സംഭവമായിരുന്നു.

പൊൻകുന്നം വർക്കി എന്ന പേരിലാണ് അദ്ദേഹം പ്രശസ്തനായത്. എങ്കിലും അദ്ദേഹം ജനിച്ചതോ മരിച്ചതോ പൊൻകുന്നത്ത് ആയിരുന്നില്ല. എടത്വയിലെ കട്ടപ്പുറത്ത് വർക്കിയുടെയും അന്നമ്മയുടെയും മകനായി 1910ൽ ജനിച്ച വർക്കി പിതാവിന്റെ അകാലചരമത്തെ തുടർന്ന് മാതൃഗൃഹമായ

പൊൻകുന്നത്തേക്ക് താമസം മാറ്റുകയാണ് ചെയ്തത്. വിദ്യാഭ്യാസം പൊൻകുന്നത്തുതന്നെ നിർവഹിച്ചശേഷം അവിടെ കത്തോലിക്കാസഭ വക വിദ്യാലയത്തിൽ അധ്യാപകനായിട്ടാണ് വർക്കി ജീവിതവൃത്തി ആരംഭിച്ചത്. അവിടെവച്ചുതന്നെ വായനയും എഴുത്തും രാഷ്ട്രീയവും എല്ലാം ആരംഭിച്ച വർക്കിക്ക് സഭാ നേതൃത്വവുമായി ഇടയേണ്ടിവന്നു. എങ്ങനെയെങ്കിലും അവരുടെ മേൽക്കോയ്മയിൽനിന്ന് തടിതപ്പി സ്വതന്ത്രവായു ശ്വസിക്കണമെന്ന് ആഗ്രഹിച്ചിരുന്നപ്പോഴാണ് ഒരു സർക്കാർ അധ്യാപക ജോലി തരപ്പെട്ടു കിട്ടിയത്. പാമ്പാടിയിലെ സർക്കാർ വിദ്യാലയത്തിൽ 1942ൽ അധ്യാപകനായി ചേർന്നു എങ്കിലും സർക്കാരുമായി ഇടയേണ്ടിവന്നതിനാൽ അധികം താമസിയാതെ ജോലി രാജിവച്ച് മുഴുവൻ സമയം എഴുത്തിനും പൊതുപ്രവർത്തനത്തിനുമായി നീക്കിവച്ചു.

പാമ്പാടിയിലെ താമസം തുടർന്നു. അന്ത്യംവരെ അവിടെ കഴിച്ചുകൂട്ടി. പൊൻകുന്നം മണ്ണാരകുന്നേൽ ക്ലാരമ്മയായിരുന്നു ഭാര്യ. അവർ വർക്കിക്കു മുമ്പുതന്നെ അന്തരിച്ചു. വർക്കി-ക്ലാരമ്മ ദമ്പതികൾക്ക് ഏഴു മക്കളുണ്ടായി. ഒരാൾ നേരത്തെ മരിച്ചുപോയി. 1942 ൽ സർക്കാർ ജോലിയിൽ പ്രവേശിക്കാൻ പാമ്പാടിയിൽ എത്തുന്നതിനു മുമ്പു തന്നെ അദ്ദേഹം എഴുത്തും പൊതുപ്രവർത്തനവും ആരംഭിച്ചുകഴിഞ്ഞിരുന്നു എന്ന് പറഞ്ഞുവല്ലോ. സർക്കാർ ജോലിയിൽ നിന്ന് വിരമിച്ചശേഷം അൽപകാലം പ്രൊഫസർ എം.പി. പോളിന്റെ ട്യൂട്ടോറിയൽ കോളേജിൽ അധ്യാപകനായിരുന്നതൊഴിച്ചാൽ മറ്റ് ശമ്പളം കിട്ടുന്ന ഉദ്യോഗങ്ങൾക്കൊന്നും അദ്ദേഹം പോയില്ല. പുസ്തകം എഴുത്തിൽനിന്നു കിട്ടിയ ചെറിയ വരുമാനമാണ് ഈ വലിയ സാഹിത്യകാരനെ പുലർത്തിപ്പോന്നത്.

1939ലാണ് അദ്ദേഹത്തിന്റെ ആദ്യകൃതിയായ *തിരുമുൽക്കാഴ്ച* പ്രസിദ്ധീകരിക്കപ്പെട്ടത്. പുസ്തകരൂപത്തിൽ ആദ്യം പുറത്തുവന്നത് *തിരുമുൽക്കാഴ്ച* ആണെങ്കിലും അക്കാലത്തെ കാലികങ്ങളിൽ അദ്ദേഹത്തിന്റെ കൃതികൾ വെളിച്ചം കാണാറുണ്ടായിരുന്നു. അവയിൽ ചില വൃത്തനിബദ്ധമായ കവിതകളും ഉണ്ടായിരുന്നു. *തിരുമുൽക്കാഴ്ച*, പ്രധാനമായും അക്കാലത്ത് ഒരു ഫാഷനായി തീർന്നുകൊണ്ടിരുന്ന ഗദ്യകവിതാ ശൈലിയിൽ എഴുതപ്പെട്ട വികാരതരളിതവും ചങ്ങമ്പുഴയുടെയും മറ്റും മധുരകോമളകാന്തപദാവലികളെ അനുസ്മരിപ്പിക്കുന്ന ശൈലിയാർന്നതും ജനപ്രീതി നേടിയതുമായ കൃതിയാണ്. *തിരുമുൽക്കാഴ്ച*യിൽ പിൽക്കാലത്തെ വിപ്ലവകാരിയായ വർക്കിയുടെ വീക്ഷണങ്ങൾ തെളിഞ്ഞു തുടങ്ങിയിരുന്നില്ല. മഹാകവി ഉള്ളൂരാണ് അതിന് അവതാരിക എഴുതിയത്. കാൽപനിക ഭാവനയുടെ അതിമധുരംകൊണ്ട് മധുവർഷംപോലെ പ്രവഹിക്കുന്ന അതിലെ കൃതികളിൽ വർക്കിയുടെ മനുഷ്യപ്പറ്റും ഭാഷാവൈദഗ്ധ്യവും പതഞ്ഞുപൊന്തുന്നു.

വർക്കിയുടെ ഏറ്റവും പ്രചാരം ലഭിച്ച ആവിഷ്കാര മാധ്യമം ചെറുക

ഥയും നാടകവുമായിരുന്നു. എങ്കിലും കുറെ സിനിമാ തിരക്കഥകളും ഒരു ആത്മകഥയും ഒരു ലഘുനോവലും കൂടി അദ്ദേഹത്തിന്റേതായി നമുക്ക് ലഭിച്ചിട്ടുണ്ട്. നൂറ്റി ഇരുപതോളം ചെറുകഥകളാണ് വർക്കി എഴുതിയിട്ടുള്ള തെന്ന് തിട്ടപ്പെടുത്തിയിരിക്കുന്നു. വർക്കിയുടെ ചെറുകഥകളെ മുൻനിർത്തി കേസരി എ. ബാലകൃഷ്ണപിള്ള അഭിപ്രായപ്പെട്ടത് മലയാള ഭാഷയിൽ പ്രകടമായ രാഷ്ട്രീയ വിഷയങ്ങൾ കഥകൾക്ക് ഇതിവൃത്തമാക്കിയ ആദ്യത്തെ സാഹിത്യകാരൻ വർക്കി ആണെന്നത്രെ.

വർക്കിയുടെ രാഷ്ട്രീയം ഫ്യൂഡൽ മുതലാളിത്ത സാമ്പത്തിക ബന്ധങ്ങളിൽനിന്ന് ഉളവാക്കുന്ന ദുരിതങ്ങളുടെ ഉൽപന്നങ്ങളാണ്. അന്ന് നിലവിലിരുന്ന ദിവാൻ സർ സി.പി. രാമസ്വാമിഅയ്യരുടെ സ്വേച്ഛാധിപത്യത്തിന് എതിരെ സമരം ചെയ്തു ജയിലിൽ പോയിട്ടുള്ള വർക്കി കഥയെഴുതിയതിനും തടവുശിക്ഷ അനുഭവിച്ചിട്ടുണ്ട്. *മന്ത്രിക്കെട്ട്*, *മോഡൽ* എന്നീ ചെറുകഥകളാണ് സർ സി.പിക്ക് വർക്കിയെ തടവിലാക്കാൻ പ്രകോപനം ആയത്. ഭരണനടപടികളെ നിശിതമായി വിമർശിക്കുന്ന മറ്റു കഥകളും വർക്കിയുടേതായി നമുക്ക് കിട്ടിയിട്ടുണ്ട്. വർക്കിയുടെ കഥകളിൽ വിവർത്തനങ്ങളിലൂടെ വിശ്വപ്രശസ്തി നേടിയ കഥ *ശബ്ദിക്കുന്ന കലപ്പ*യാണ്. അത്യുത്തമ ലോകസാഹിത്യങ്ങളുടെ സമാഹാരങ്ങളിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള *ശബ്ദിക്കുന്ന കലപ്പ* മനുഷ്യനും മണ്ണും കലപ്പയും കാളയും തമ്മിലുള്ള ഹൃദയവേഴ്ചയുടെ അതീവശക്തവും സുന്ദരവുമായ ആവിഷ്കാരമാണ്. ഔസേപ്പ് എന്ന കൃഷിക്കാരനും കണ്ണനെന്ന ഉഴവുകാളയും തമ്മിലുള്ള ഹൃദയവേഴ്ച ഭാരതീയ കർഷക ജനതയുടെ ആത്മാവിലേക്കുള്ള തീർത്ഥയാത്രയാണ്.

അന്തോണീ നീയും അച്ചനായോടാ എന്ന വർക്കിയുടെ കഥയിൽ പള്ളിക്കാരുടെ ആഡംബര സമൃദ്ധമായ ജീവിതത്തെയും കള്ളനാട്യങ്ങളെയും തെരഞ്ഞെടുപ്പിലും മറ്റും അവിഹിതമായി ഇടപെട്ട് സ്ഥാപിതതാൽപര്യക്കാരുടെ ദല്ലാളുകളായി പ്രവർത്തിക്കുന്നതുമെല്ലാം സരസവും തീക്ഷ്ണവും ആയ ഭാഷയിൽ ആവിഷ്കരിക്കുന്നു. വർക്കിയുടെ *ഫാദർ പാളയങ്കോടൻ* ആക്ഷേപഹാസ്യകഥകൾക്ക് ഉത്തമ മാതൃകയാണ്.

നാടകവും സിനിമയും

വി.ടി. ഭട്ടതിരിപ്പാട്, കെ. ദാമോദരൻ, തോപ്പിൽ ഭാസി, ചെറുകാട് തുടങ്ങിയവരെപ്പോലെ പൊൻകുന്നം വർക്കിയും നാടകകലയുടെ അനന്യസാധാരണമായ പ്രചാരണമൂല്യത്തെ കണ്ടറിഞ്ഞിരുന്നു. നാടകങ്ങൾ എഴുതുന്നതിൽ മാത്രമല്ല അവ അരങ്ങിൽ അവതരിപ്പിക്കാനുള്ള സംഘടനായത്നങ്ങളിലും വർക്കി കർമനിരതനായിരുന്നു. കായംകുളം കേന്ദ്രമായി പ്രവർത്തിച്ചുവന്ന തോപ്പിൽ ഭാസിയുടെ കെ.പി.എ.സിയെയും എറണാകുളം

കേന്ദ്രമായി പ്രവർത്തിച്ചുവന്ന പി.ജെ. ആന്റണിയുടെ പ്രതിഭയെയും മറ്റും പോലെ കോട്ടയം ആസ്ഥാനമായി 'കേരളാ തിയറ്റേഴ്സ്' എന്നൊരു സംഘടന കമ്യൂണിസ്റ്റ് പാർട്ടിയുടെ സഹായത്തോടുകൂടി 1954ൽ വർക്കി സംഘടിപ്പിച്ചു. അദ്ദേഹം തന്നെയായിരുന്ന അതിന്റെ പ്രസിഡന്റ്. കമ്യൂണിസ്റ്റ് നേതാവും അഭിനയവാസനകൊണ്ട് അനുഗൃഹിതനുമായ അഡ്വ. കുമരകം ശങ്കുണ്ണിമേനോനായിരുന്നു അതിന്റെ സെക്രട്ടറി. കതിരുകാണാക്കിളി, ജേതാക്കൾ, പ്രേമവിപ്ലവം, അൾത്താര, വിശറിക്ക് കാറ്റുവേണ്ട, ചലനം തുടങ്ങി ഒരു ഡസനിലേറെ നാടകങ്ങൾ കേരള തിയറ്റേഴ്സ് രംഗത്തവതരിപ്പിച്ച് പ്രശസ്തിനേടി.

'വിശറിക്ക് കാറ്റുവേണ്ട' എന്ന നാടകം ആയിടയ്ക്ക് അകാലചരമം പ്രാപിച്ച പുരോഗമനസാഹിത്യസംഘം പ്രസിഡന്റ് പ്രൊഫ. എം.പി. പോളിന്റെ ജീവിതത്തിന്റെ സമരങ്ങളുടെയും പുരോഹിതവർഗം അദ്ദേഹത്തോട് കാണിച്ച അന്യായങ്ങളുടെയും കഥയാണ്. 'ജേതാക്കൾ' വർഗസമരവും രാഷ്ട്രീയ മൽസരങ്ങളും ചേർന്ന ഒരു കഥയെ അവലംബിച്ചാണ് എഴുതിയിട്ടുള്ളത്. അദ്ദേഹത്തിന്റെ ചില നാടകങ്ങൾ ചലച്ചിത്രങ്ങളായും അവതരിപ്പിക്കപ്പെട്ടു. 'നവലോകം' 'കതിരുകാണാക്കിളി' 'ചലനം' മുതലായവ കാണികളുടെയും നിരൂപകരുടെയും പ്രശംസ പിടിച്ചുപറ്റിയെങ്കിലും സാമ്പത്തികമായി വിജയങ്ങളായിരുന്നില്ല. സത്യൻ, ഗോവിന്ദൻകുട്ടി, പി.ജെ. ആന്റണി തുടങ്ങി പിൽക്കാലത്ത് പ്രസിദ്ധി നേടിയ പല അഭിനേതാക്കളും വർക്കിയുടെ അരങ്ങിലും അണിയറയിലും പയറ്റിയിട്ടുണ്ട്.

പൊൻകുന്നം വർക്കിയുടെ കർമകുശലതയും നേതൃത്വവും ലഭിച്ച മറ്റ് രണ്ട് സംഘടനകൾ സാഹിത്യ പ്രവർത്തക സഹകരണസംഘവും പുരോഗമന സാഹിത്യസംഘവും ആയിരുന്നു. അക്കാലത്ത് പുസ്തകങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിച്ച് കിട്ടാനും പ്രസിദ്ധികരിച്ചാൽ തന്നെ പ്രതിഫലം കിട്ടാനും വളരെ വിഷമമായിരുന്നതിനാൽ ഗ്രന്ഥകാരൻമാർ അനുഭവിച്ച ക്ലേശത്തിന് കണക്കില്ല. നാടകമെഴുത്തുകാർക്കും അതു തന്നെയായിരുന്നു അവസ്ഥ. വൈക്കം മുഹമ്മദ് ബഷീറിന്റെ *കഥാബീജം* പി. കേശവദേവിന്റെ *നാടകകൃത്ത്* തുടങ്ങിയ അക്കാലത്തെ ചില കൃതികളിൽ ചൂഷകരായ പ്രസാധകരേയും നാടക ഉടമകളേയും നിശിതമായി വിമർശിച്ചിട്ടുണ്ട്. അതു മാത്രമല്ല പുസ്തക പ്രസാധന കല തന്നെ പ്രാകൃതാവസ്ഥയിലായിരുന്നു. പുസ്തകങ്ങളുടെ പുറന്താൾ ആകർഷകമാക്കാനോ അകന്താളുകൾ രൂപകൽപന ചെയ്യാനോ ആരും മെനക്കെടാറില്ലായിരുന്നു.

പുസ്തക പ്രസാധനത്തെയും ഗ്രന്ഥകാരൻമാരെയും ഈ ദുരവസ്ഥയിൽനിന്ന് കരകയറ്റാൻ എം.പി. പോൾ, കാരൂർ നീലകണ്ഠപിള്ള, ഡി.സി. കിഴക്കേമുറി, സി.കെ. മാണി, പി.ടി. ചാക്കോ, തകഴി, ശിവശങ്കരപ്പിള്ള, പൊൻകുന്നം വർക്കി തുടങ്ങിയ ദീർഘദൃഷ്ടികൾ ആസൂത്രണം ചെയ്ത് സംഘ

ടിപ്പിച്ചതാണ് സാഹിത്യ പ്രവർത്തക സഹകരണ സംഘവും അതിന്റെ വിൽപന ശാലകളായ നാഷണൽ ബുക്ക് സ്റ്റാളുകളും. പൊൻകുന്നം വർക്കി ഈ സംരംഭത്തിലെ പ്രമാണികനായ പങ്കാളിയായിരുന്നു. സി.ജെ. തോമസ്, ജേക്കബ് ഫിലിപ്പ് തുടങ്ങിയ കമ്യൂണിസ്റ്റുകാരും (സി.ജെ. അന്ന് കമ്യൂണിസ്റ്റായിരുന്നു) ഈ സംരംഭത്തിന്റെ ശിൽപികളിൽ പെടുന്നു.

പുരോഗമന സാഹിത്യസംഘത്തിൽ 1940കൾ തൊട്ട് വർക്കി പ്രമുഖ നേതാവായിരുന്നു. 1948ൽ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിലെ ഇ.എം.എസ്, ദേവദാസ്, സി. അച്യുതകുറുപ്പ് തുടങ്ങിയ കമ്യൂണിസ്റ്റുകാരും എം.പി.പോൾ, കേശവദേവ്, മുണ്ടശ്ശേരി തുടങ്ങിയ കമ്യൂണിസ്റ്റിതരരും തമ്മിൽ കടുത്ത ഭിന്നത പൊട്ടിപ്പുറപ്പെട്ടപ്പോൾ കുറ്റിപ്പുഴ കൃഷ്ണപിള്ളയേയും പൊൻകുന്നം വർക്കിയേയും പോലുള്ള ചിലർ ഏതു ഭാഗത്ത് ചേരണം എന്നറിയാതെ അൽപനാൾ അറച്ചുനിന്നു. പിന്നീടവർ പോളിന്റെയും മുണ്ടശ്ശേരിയുടെയും ചേരിയിലേക്ക് ചാഞ്ഞെങ്കിലും ആ ഭിന്നത നീണ്ടകാലം നിലനിന്നില്ല. 1950കളുടെ മദ്ധ്യത്തോടെ അവരെല്ലാം വീണ്ടും ഇടതുപക്ഷ പ്രസ്ഥാനത്തിലേക്കും കമ്യൂണിസ്റ്റ് പാർട്ടിയിലേക്കും തിരികെ വന്നു.

1930കളുടെ മദ്ധ്യത്തോടെ വളർന്നുപന്തലിക്കാൻ തുടങ്ങിയ ഗദ്യസാഹിത്യ മുന്നേറ്റത്തിൽ പ്രധാന പങ്ക് ചെറുകഥയ്ക്കായിരുന്നു. തകഴി, പൊറ്റെക്കാട്, കേശവദേവ്, പൊൻകുന്നം വർക്കി, വൈക്കം മുഹമ്മദ് ബഷീർ, ഉറൂബ് എന്ന പി.സി. കുട്ടികൃഷ്ണൻ തുടങ്ങിയവരായിരുന്നു ഈ മുന്നേറ്റത്തിലെ മുൻനിരക്കാർ. ഈ മുൻനിരക്കാരിൽ തന്നെ പൊൻകുന്നം വർക്കിക്ക് സവിശേഷമായ ഒരു സ്ഥാനമാണുള്ളത്. രാഷ്ട്രീയമായി ഇവരെല്ലാം ദേശീയ സ്വാതന്ത്ര്യസമരത്തേയും ഇവരിൽ ചിലരെല്ലാം ഇടതുപക്ഷത്തേയും അനുകൂലിച്ചിരുന്നു എങ്കിലും ശാരീരികമായി തന്നെ സമരരംഗത്ത് ഇറങ്ങി പടവെട്ടാൻ മൂന്നുപേരെ ഉണ്ടായിരുന്നുള്ളൂ: വർക്കി, ബഷീർ, ദേവ്. ഇവരിൽ ദേവ് അധികം താമസിയാതെ യാഥാസ്ഥിതികത്വത്തിലേക്ക് വഴുതിവീണപ്പോൾ ബഷീർ സ്വാതന്ത്ര്യപ്രാപ്തിയോടെ മിക്കവാറും രാഷ്ട്രീയ രംഗത്ത് നിസ്സംഗനായി തീർന്നു. എന്നാൽ, തുടക്കത്തിൽ വിവരിച്ചതുപോലെ വർക്കി പരിപക്വമായ 94-ാം വയസ്സിലും കർമവിമുഖനോ മോഹഭംഗക്കാരനോ ആയില്ല. പൊൻകുന്നം വർക്കിയേക്കാൾ കലാവാസന കൂടിയവരും മറ്റും വേറെയുണ്ടാകാം. അദ്ദേഹത്തേക്കാൾ കൂടുതൽ എഴുതിയവരും കാണും. എന്നാൽ, അദ്ദേഹത്തപ്പോലെ ധീരതയും ആർജവവും വിശ്വാസദാർഢ്യവും പ്രകടിപ്പിച്ച പുരോഗമനവാദികളായ എഴുത്തുകാർ വളരെ ചുരുങ്ങും. പാമ്പാടിയിലെ പെരുഞ്ചേരി വീട്ട് പറമ്പിലെ പൊൻകുന്നം വർക്കിയുടെ അന്ത്യവിശ്രമ കുടീരത്തിൽ സഹൃദയ കേരളവും വിപ്ലവകേരളവും രക്തപുഷ്പങ്ങൾ അർപ്പിച്ച് മുഷ്ടി ചുരുട്ടി അഭിവാദ്യം ചെയ്യുന്നു. ■

12. വി.കെ.എൻ: കിള്ളിക്കുറിശിമംഗലത്തെ രണ്ടാം കുഞ്ചൻ



1932 ഏപ്രിൽ 6 ന് തൃശ്ശൂർ ജില്ലയിലെ തിരുവില്വാമലയിൽ വി.കെ.എൻ. എന്ന വടക്കേല കുട്ടാല നാരായണൻകുട്ടി നായർ ജനിച്ചു. അച്ഛൻ കൃഷ്ണൻനായർ. അമ്മ ലക്ഷ്മി അമ്മ. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം 1951–58 കാലത്ത് മലബാർ ദേവസ്വം ബോർഡിൽ ഉദ്യോഗസ്ഥൻ. 1959 മുതൽ 69 വരെ ഡില്ലിയിൽ *സകേഴ്സ് വീക്കിലി* ഉൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങളിൽ ജോലി നോക്കി. അവിടെ വച്ച് *ബുഷ് ഷർട്ട്* എന്നൊരു ലഘുലേഖ എഴുതി. *വിവാഹപിറ്റേന്ന്* ആയിരുന്നു ആദ്യം അച്ചടിച്ച കഥ. 1975–77 ലെ അടിയന്തരാവസ്ഥ കാലത്തെ ഡില്ലി രാഷ്ട്രീയത്തിൽ അരങ്ങേറിയ അന്തർനാടകങ്ങളേയും ഇന്ദിരാഗാന്ധിയേയും വിമർശിച്ച് എഴുതിയ *അധികാരം* എന്ന നോവൽ വിവാദം സൃഷ്ടിച്ചു. *അസുരവാണി, ആരോഹണം, പിതാമഹൻ, സിൻഡിക്കേറ്റ്, നാണ്വാർ, അനന്തരം* തുടങ്ങി 15 ഓളം നോവലുകളും *പയ്യൻ കഥകൾ, പയ്യന്റെ കാലം, പയ്യൻ ഡയറി, എന്റെ പൊടികഥകൾ* തുടങ്ങി പത്തിലേറെ കഥാസമാഹാരങ്ങളും പ്രസിദ്ധപ്പെടുത്തി. ആരോഹണത്തിന് 1979 ൽ കേരള സാഹിത്യ അക്കാദമി അവാർഡും പിതാമഹന് 1978 ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. ഇവ കൂടാതെ എം. പി. പോൾ പുരസ്കാരവും മുട്ടത്തുവർക്കി പുരസ്കാരവും ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ ലഭിച്ചു.

1988–91 വരെ കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. ഏറെകാലം കുഞ്ചൻ സ്മാരകത്തിന്റെ ചെയർമാനുമായിരുന്നു. മേതിൽ വേദവതിയാണ് ഭാര്യ. രണ്ടുമക്കളുമുണ്ട്. 2004 ജനുവരി 25ന് അന്തരിച്ചു.

തൃശ്ശൂർ ജില്ലയുടെ വടക്കേ അറ്റത്ത് ഭാരതപ്പുഴയോരത്തുനിന്നും വളരെയകലെയല്ലാതെ തിരുവില്വാമല എന്നപ്രദേശം കേരളത്തനിമയുടെ നേർ പ്രതീകമാണ്. വിശാലമായ നെൽവയലുകളുടെയും തെങ്ങിൻതോപ്പുകളുടെയും ഇടയിൽ പച്ചത്തുരുത്തുകൾപോലുള്ള പുരയിടങ്ങളും പൊട്ടിപാറുന്ന നിരത്തുകളും കാണാം. ആഗോളവൽക്കരണത്തിന്റെയും പരിഷ്കാരങ്ങളുടെയും ശല്യം ഏറെ ബാധിച്ചിട്ടില്ലെങ്കിലും അവിടവിടെയായി

ചെറിയ കടകൾക്കിടയിൽ ടെലിഫോൺ ബൂത്തുകളും ടെലിവിഷൻ കടകളും കമ്പ്യൂട്ടർ പഠനകേന്ദ്രങ്ങളും ഇല്ലാതില്ല. കൊടികളായി ചെങ്കൊടികളും സംഘപരിവാറിന്റെ കവിക്കൊടികളും അവിടവിടെയായി പാറുന്നു. ചുവരെഴുത്തുകളും പോസ്റ്ററുകളും നിരപ്പെ നിങ്ങളെ മാടിവിളിച്ച് കുശലം പറയുന്നതിന് ഒരു കുറവുമില്ല. ഈ പശ്ചാത്തലത്തിൽ തല ഉയർത്തി നിൽക്കുന്ന ചരിത്ര പ്രസിദ്ധമായ തിരുവില്വാമല ക്ഷേത്രത്തിന്റെയും അംബരചുംബിയായ കൊടിമരത്തിന്റെയും തെക്ക് തണൽപറ്റി വൃക്ഷങ്ങളും വാഴകളും വള്ളിച്ചാർത്തുകളും നിറഞ്ഞ ഒരു പഴയ തറവാടുണ്ട്. നിരയും പലകയും അഴിയും ചാരുപടികളും എല്ലാമായി പഴയ കേരളീയ വാസ്തുശില്പ മാതൃകയിലുള്ള അത്ര ചെറുതല്ലാത്ത വീട്ടിലാണ് വടക്കേ കൂട്ടാല നാരായണൻ കുട്ടി നായർ എന്ന ചിരിയുടെയും ചിന്തയുടെയും കേരള കുലശേഖരനായ വികെഎൻ പാർത്തുവന്നത്.

അവിടെ നിന്ന് അല്പം വടക്കോട്ട് നടന്ന് ഭാരതപ്പുഴ കടന്നാൽ വികെഎന്റെ പൂർവികനും കുലഗുരുവമായി കരുതാവുന്ന മഹാകവി കുഞ്ചൻ നമ്പ്യാരുടെ കിളികുറിശിമംഗലമായി. കുറെനാൾ വി.കെ.എൻ. അദ്ധ്യക്ഷത വഹിച്ച് വളർത്തിയ കുഞ്ചൻസ്മാരകവും ഗ്രന്ഥശാലയുമെല്ലാം അല്പമൊക്കെ പൊടിയണിഞ്ഞാണെങ്കിലും കേരളപ്പഴമയുടെ പ്രതീകങ്ങളായി അവിടെ വിലസുന്നു. ആ മഹാസ്ഥാപനത്തെ ഒരു ഉയർന്ന ദേശീയ ഗവേഷണ പഠന കേന്ദ്രവും-കേരള സംസ്കാരത്തിന്റെ കാഴ്ചബംഗ്ലാവും ആക്കി വളർത്താനുള്ള തന്റെ പദ്ധതികൾ അധികാരി വൃന്ദത്തിന്റെ അലംഭാവവും വിഭവ ദാരിദ്ര്യവും മൂലം നടക്കാതെ പോയി എന്നത് വി.കെ. എന്നിന്റെ അവസാന നാളുകളിലെ മോഹഭംഗങ്ങളിൽ ഒന്നായിരുന്നു. വേദനിപ്പിക്കുന്ന ഒന്നായിരുന്നു ആ മോഹഭംഗമെങ്കിലും അതെപ്പറ്റി വികെഎൻ പറയുന്ന പരാതികളും പരിഭവങ്ങളും നമ്മെ പൊട്ടിച്ചിരിപ്പിക്കാൻ പാകത്തിൽ ഇതെക്കുറിച്ച് മന്ത്രിമാരും സെക്രട്ടറിമാരുമായുള്ള ചർച്ചകളുടെ ഹാസ്യാനുകരണമായിരുന്നു. നമ്മെ ചിരിപ്പിക്കുന്നതിനോടൊപ്പം മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും തഹസിൽദാറുടെയും അജ്ഞതാവിലസിതമായ പ്രതികരണങ്ങൾ അവരുടെ വികലമായ വെങ്കലഭാഷയിലും വികൃതമായ സ്വരങ്ങളിലും അനുകരിച്ചവതരിപ്പിച്ചുകൊണ്ട് കുലുങ്ങികുലുങ്ങി കുംഭയും തടവി വികെ.എൻ. ചിരിച്ച് തള്ളുന്ന ചിത്രം ഓർക്കുമ്പോൾ ഇപ്പോഴും ചിരി അടക്കാൻ കഴിയുന്നില്ല.

വാസ്തവം പറഞ്ഞാൽ വി.കെ.എന്റെ കഥകളും നോവലുകളും വായിച്ച് ചിരിക്കുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ അനുപമമായ ഈ സംഭാഷണചാതുരി അനുഭവിച്ചാണ് ഈ ലേഖകൻ അദ്ദേഹത്തെ അടുത്തറിയാൻ തുടങ്ങിയത്. 1960കളുടെ ആദ്യം. സി.പി.ഐ. ജനറൽ സെക്രട്ടറി അജയ ഘോഷ് നിര്യാതനായതിനെ തുടർന്ന് ഇ.എം.എസ്. നമ്പൂതിരിപ്പാട് ജനറൽ

സെക്രട്ടറിയായി ചുമതല ഏൽക്കുകയും പാർട്ടിയിലെ ഐക്യത്തിനുവേണ്ടി അതുവരെയില്ലാതിരുന്ന ഒരു ചെയർമാൻ സ്ഥാനം സൃഷ്ടിച്ച് എസ്.എ. ഡാങ്കെയെ അവിടെ പ്രതിഷ്ഠിക്കുകയും ചെയ്ത കാലം. അന്ന് ഇ.എം.എസിന്റെ താൽപര്യപ്രകാരം കേരളത്തിലെ കർഷകസംഘം പ്രവർത്തനങ്ങളിൽ നിന്ന് വിരമിച്ച് ദില്ലിയിൽ രാംലീല മൈതാനത്തിനടുത്തുള്ള അസഫ് അലി റോഡിൽ പ്രവർത്തിച്ചുവന്ന സി.പി.ഐ. കേന്ദ്ര കാര്യാലയത്തിലെ പ്രസിദ്ധീകരണ വിഭാഗത്തിൽ ഞാൻ നിയമിക്കപ്പെട്ടു. അന്ന് പാർട്ടി സ്ഥാപനമായ 'പീപ്പിൾസ് പബ്ലിഷിംഗ് ഹൗസി'ലെ നാരായണൻ കുട്ടിയുടെ അടുത്ത സുഹൃത്തായിരുന്നു വികെ. നാരായണൻകുട്ടി നായർ. മറ്റെ നാരായണൻ കുട്ടിയുടെ പേര് ടി.കെ.എൻ. മേനോൻ. ഇ.എം.എസിന്റെ രണ്ടാം മന്ത്രിസഭാ കാലത്ത് കേരള സർക്കാരിന്റെ പബ്ലിക് റിലേഷൻസ് ഡയറക്ടറായി കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന ടി.കെ.എൻ. മികവുറ്റ ഒരു പത്ര ലേഖകനും എഡിറ്ററും ഇംഗ്ലീഷ് സ്റ്റൈലിസ്റ്റുമായിരുന്നു. ഈ മൂന്ന് യോഗ്യതകളും വികെഎന്നും ഉണ്ടായിരുന്നു. ഈ മൂന്ന് യോഗ്യതകൾക്കു പുറമെ ഇരുവരുടെയും ലഹരിയോടുള്ള ആഭിമുഖ്യവും വെടിപറയുന്നതിലുള്ള ചാതുരിയും അവരെ അടുപ്പിച്ചു. മലബാറിൽ ചില ദേവസ്വം ലാവണങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന വി.കെ.എൻ. ഇന്ത്യാ ഗവൺമെന്റിന്റെ കീഴിൽ ഒരു അർധ ഔദ്യോഗിക ഇംഗ്ലീഷ് പ്രസിദ്ധീകരണത്തിന്റെ ചുമതലക്കാരനായിട്ടാണ് 1959 ൽ എത്തിയതാണ് ദില്ലിയിൽ.

ഇംഗ്ലീഷ് പത്രപ്രവർത്തന മേഖലയിൽ ഉന്നത സ്ഥാനങ്ങൾ വഹിച്ചിരുന്ന മറ്റൊരു സ്റ്റൈലിസ്റ്റായിരുന്നു പാലക്കാട്ട് പറളിയിൽ ജനിച്ചു വളർന്ന സി.പി. രാമചന്ദ്രൻ. *ഹിന്ദുസ്ഥാൻ ടൈംസി*ന്റെ 2-ാം നമ്പർ കാരനായി ഉയർന്ന അദ്ദേഹത്തിന് ഒന്നാം സ്ഥാനം നിഷേധിക്കപ്പെട്ടത് ഇന്ദിരാഗാന്ധിയുടെ അടിയന്തരാവസ്ഥയോടുള്ള എതിർപ്പായിരുന്നു എന്നത് മാധ്യമലോകത്ത് പ്രസിദ്ധം. *ഹിന്ദുസ്ഥാൻ ടൈംസി*ൽ ചേരുന്നതിനുമുമ്പ് സി.പി, സി.പി.ഐ. മുഖപത്രമായ *ന്യൂ ഏജി*ന്റെ എഡിറ്റോറിയൽ സംഘത്തിലായിരുന്നു. ഈ മൂവരുടെയും സിദ്ധികളൊ സാധനകളൊ അവകാശപ്പെടാനില്ലെങ്കിലും സന്ദർഭവശാൽ ഞാനും അതിൽ ചെന്നുപെട്ടു എന്നെയുള്ളൂ.

വൈകുന്നേരങ്ങളിൽ അസഫ് അലി റോഡിലൂടെ കൊനാട്ട് പ്ലേസിലെത്തി ഞാൻ താമസിച്ചുവന്ന ഫ്ളാറ്റിലേക്ക് നടന്നുപോവുക പതിവായിരുന്നു. എം.പിയായിരുന്ന പി.കെ. വാസുദേവൻ നായരുടെ സൗത്ത് അവന്യൂവിലുള്ള 56-ാം നമ്പർ വീട്ടിലാണ് ഞാൻ താമസിച്ചിരുന്നത്. അവിടെ ചെല്ലുമ്പോൾ പിൽക്കാലത്ത് പ്രസിദ്ധരായിത്തീർന്ന ബേബി എന്ന ജി.വി. കാക്കനാടനും നാണപ്പൻ എന്ന എം.പി. നാരായണപിള്ളയും കാത്തിരിപ്പുണ്ടാകും. ചുരുക്കം ചില സന്ദർഭങ്ങളിൽ എം. മുകുന്ദനും ഒ.വി. വിജയനും പി.കെ.വിയുടെ ഭവന സദസ്സ് സമ്പന്നമാക്കാൻ വരാറുണ്ട്. പിന്നെ

പുറത്തെ പുൽത്തകിടിയിൽ കസേരകൾ വലിച്ചിട്ട് നർമഭാഷണങ്ങളും ദാർശനികചർച്ചകളും രാഷ്ട്രീയ വിവാദങ്ങളും പരദൂഷണങ്ങളും തകർക്കുകയായി. ചായയും കാപ്പിയും വന്നുകൊണ്ടിരിക്കും. ഈ പി.കെ.വിയുടെയും പിജിയുടെയും ശഷ്പപുഷ്പജല പാനീയങ്ങളൊന്നും നമുക്കുപറ്റിയതല്ല എന്നൊക്കെ ഇടയ്ക്കിടെ വി.കെ.എൻ. കുലുങ്ങികുലുങ്ങി ചിരിച്ചുകൊണ്ട് ആരോടെന്നില്ലാതെ പ്രഖ്യാപിച്ചുകൊണ്ടിരിക്കും.

ഇങ്ങനെ ഏതാനും മണിക്കൂർ ചെലവഴിച്ചശേഷം പിരിയുമ്പോഴേക്കും ചിരിച്ച്ചിരിച്ച് ഞങ്ങളുടെ വാരിയെല്ലുകൾ അക്ഷരാർത്ഥത്തിൽ വേദനിച്ചു തുടങ്ങിയിരിക്കും. പ്രധാനപ്പെട്ട സംഭാഷകൻ വി.കെ.എൻ.തന്നെ. പക്ഷേ ഇങ്ങനെ ചിരിയുടെ മാലപ്പടക്കത്തിന് തിരികൊളുത്തുമ്പോഴും ഈ പറയുന്നതിലെല്ലാം വളരെ ഗൗരവമുള്ള ആശയങ്ങൾ അടങ്ങിയിരിക്കും എന്ന് ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ ഓർക്കുന്നു. പി.കെ.വി. ആയിരുന്നു ഞങ്ങളുടെ ഔപചാരിക ആഥിയേൻ എങ്കിലും അദ്ദേഹം ഈ വെടിവട്ടത്തിൽ പങ്കുചേരാറില്ല. വി.കെ.എന്നും ടി.കെയും സി.പിയും എല്ലാം അന്നത്തെ ഉൾപ്പാർട്ടി സമരപ്രശ്നങ്ങളിൽ സി.പി.ഐ. നേതൃത്വത്തിനെതിരെ പിൽക്കാലത്തെ സി.പി.ഐ. (എം) നേതൃത്വത്തോടാണ് ചായ്വ് പ്രകടിപ്പിച്ചിരുന്നത്. ഇന്ത്യാ-ചൈനാ അതിർത്തി തർക്കത്തിൽ ചൈനയുടെ നിലപാടിനെ അംഗീകരിക്കാൻ വി.കെ.എൻ. തയ്യാറായില്ല. എന്നാൽ ടി.കെ.എന്നും സി.പിയും സാർവദേശീയ പ്രസ്ഥാനത്തിലെ തർക്കപ്രശ്നങ്ങളിൽ ക്രൂഷ്ചേവിനെതിരെ ചൈനയോട് അനുഭാവം പ്രകടിപ്പിക്കുകയും അതിന്റെ ഭാഗമായി ഇന്ത്യാ-ചൈനാ തർക്കത്തിൽ ചൈനയോട് മൃദുലമായ സമീപനം കൈക്കൊള്ളുകയും ചെയ്തിരുന്നുവെന്നും ഞാൻ ഓർക്കുന്നു.

ഇതിൽ നിന്ന് വ്യക്തമാകുന്നതുപോലെ വി.കെ.എൻ. എക്കാലത്തും ഒരു ഉറച്ച ദേശീയവാദിയും ദേശാഭിമാനിയുമായിരുന്നു. ഗാന്ധിയെയും നെഹ്റുവിനെയും അവരുടെ മതനിരപേക്ഷതയെയും വി.കെ.എൻ. എപ്പോഴും പ്രകീർത്തിക്കുമായിരുന്നു. എന്നാൽ വി.കെ.എൻ. 1960കളുടെ ആദ്യ പകുതിയിൽ ഇംഗ്ലീഷിൽ നർമലേഖനങ്ങളും മലയാളത്തിൽ കല്പിത കഥകളും എഴുതാൻ തുടങ്ങിയ കാലത്ത് ഗാന്ധിയുടെയും നെഹ്റുവിന്റെയും പ്രസ്ഥാനം അധോഗതിയിലേക്ക് നീങ്ങി തുടങ്ങിയിരുന്നു എന്നത് അദ്ദേഹത്തെ വളരെ വേദനിപ്പിച്ച സംഭവമായിരുന്നു. അത്രത്തോളംതന്നെയൊ അതിലേറെയോ അദ്ദേഹത്തെ വിഷമിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്ത മറ്റൊരു സംഭവവികാസമാണ് കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ പിളർപ്പ്. ഈ പിളർപ്പിന്റെ അനിവാര്യതയും ഒരതിർത്തിവരെ ആശാസ്യതയും വി.കെ.എന്നിനെ ബോധ്യപ്പെടുത്താൻ അക്കാലത്ത് ടി.കെ.എന്നും മറ്റും പഠിച്ചപണി പതിനെട്ടും നോക്കിയിട്ടും പരാജയപ്പെട്ടെങ്കിലും 1970കളായപ്പോഴേക്കും അനിവാര്യത അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടതായി തെളി


വുണ്ട്. എങ്കിലും തന്റെ രാഷ്ട്രീയ ആഖ്യാന പ്രധാനമായ കഥകളിലും ആഖ്യായികകളിലും ഈ പ്രശ്നങ്ങൾ കഴിവുള്ളത്ര ഒഴുവാക്കാനായിരുന്നു വി.കെ.എന്നിന്റെ ശ്രമം. എങ്കിലും ഒരിക്കൽ കമ്യൂണിസ്റ്റ് പാർട്ടിയെയും കർഷകത്തൊഴിലാളി പ്രസ്ഥാനത്തെയും അതിന്റെ നേതാക്കളെയും ആക്ഷേപിച്ചുകൊണ്ട് ഒരു ചെറുനോവൽ അദ്ദേഹം എഴുതുകയുണ്ടായി. അതിൽ പരിഭവം പ്രകടിപ്പിച്ച ഞങ്ങളിൽ ചിലരോട് താൻ പറഞ്ഞ കഥയിൽ കാര്യമുണ്ടോയെന്ന് ചിറ്റൂർ താലൂക്കിൽ പോയി അന്വേഷിക്കൂ എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അധികം താമസിയാതെ വി.കെ.എന്നിന്റെ ആക്ഷേപത്തിന് വിധേയമായ ചിറ്റൂർ താലൂക്കിലെ പ്രസ്ഥാനത്തിൽ നിന്ന് അഴിമതിക്കാരായ രണ്ട് നേതാക്കളെ ബഹിഷ്കരിച്ചതോടുകൂടി തന്റെ വിമർശനം ശരിയായിരുന്നില്ലേയെന്ന് ചോദിച്ച് അദ്ദേഹം ഞങ്ങളിൽ ചിലരെ ഉത്തരം മുട്ടിക്കാറുണ്ട്.

ഇങ്ങനെ ചുരുക്കം ചില സന്ദർഭങ്ങൾ എടുത്തു പറയാനുണ്ടെങ്കിലും വി.കെ.എന്നിന്റെ പരിഹാസത്തിന്റെ കൂരമ്പുകൾ ഏറ്റവും കൂടുതൽ ഏൽക്കേണ്ടിവന്നത് 1970കൾവരെ ഭാരതത്തിന്റെ ഭാഗ്യവിധാതാക്കളായി വിലസിയ കോൺഗ്രസ്സിനും കോൺഗ്രസ്സിന്റെ ഭരണത്തിനുമാണ്. *ആരോഹണം, പിതാമഹൻ, സിൻഡിക്കേറ്റ്, അധികാരം* തുടങ്ങിയ അദ്ദേഹത്തിന്റെ കൃതികൾ കോൺഗ്രസ്സിന്റെ അപചയകാലത്തെക്കുറിച്ചുള്ള അതിശക്തമായ പരിഹാസങ്ങളാണ്. അവയുടെ രൂപം കല്പിതകഥകളുടേതും ശൈലി നർമനിർഭരവും ആണ് എങ്കിലും 1960കളുടെയും 1970കളുടെയും 1980കളുടെയും ഇന്ത്യാ ചരിത്രം പഠിക്കുന്നവർക്ക് അവ ആഴം കാണാൻ കഴിയാത്ത രത്നഖനികളാണ്. വ്യക്തികളുടെയും വസ്തുതകളുടെയും സംഭവങ്ങളുടെയും വൈകാരികമാനങ്ങൾക്കും നർമരസികത്വത്തിനും ആണ് അവയിൽ മുൻതൂക്കം എങ്കിലും അവയെല്ലാം ഉൾക്കാഴ്ചയും ജനകീയ പ്രതിബദ്ധതയും ഉള്ള ഒരു നിരീക്ഷകന്റെ വിലയിരുത്തലുകളായി അനുവാചകർക്ക് അനുഭവപ്പെടും. പലരും വി.കെ.എന്നിനെ കലക്കത്ത് കുഞ്ചൻ നമ്പ്യാരോടും വൈക്കം മുഹമ്മദ് ബഷീറിനോടും താരതമ്യപ്പെടുത്തുന്നത് ഉചിതംതന്നെയെങ്കിലും ചില കാര്യങ്ങളിൽ വി.കെ.എന്നിന്റെ രാഷ്ട്രീയ ഗഹനതയും നിരീക്ഷണപാടവവും കുറേക്കൂടി മികച്ചുനിൽക്കുന്നില്ലെ എന്ന് സംശയം.

1969ൽ കോൺഗ്രസ്സിലുണ്ടായ പിളർപ്പിനെ തുടർന്നുള്ള കാലഘട്ടത്തിലാണ് വി.കെ.എൻ. ദില്ലിവാസം കഴിഞ്ഞ് വീണ്ടും തിരുവില്വാമലയിൽ എത്തിയത്. ഇന്ത്യയിലെയും ലോകത്തിലെയും സംഭവവികാസങ്ങൾ നിരീക്ഷിക്കാൻ പറ്റുന്ന ഒരു "റിംഗ്സൈഡ്സീറ്റ്" ആയിരുന്നു ദില്ലി. അവിടെ നിന്നും പുറം ലോകവുമായി വലിയ ബന്ധമില്ലാത്ത തിരുവില്വാമലയിൽ എത്തിയിട്ടും പത്രമാസികകൾ, റേഡിയോ, ടെലിവിഷൻ, സൗഹൃദസന്ദർശനങ്ങൾ മുതലായവ ഫലപ്രദമായി ഉപയോഗിച്ച് ലോകകാര്യങ്ങളും

ദേശീയ സംഭവവികാസങ്ങളും എത്ര നിഷ്കർഷയോടെ ആണ് അദ്ദേഹം പിൻതുടർന്ന് പഠിച്ചതും വിലയിരുത്തിയതും എന്ന് കാണുമ്പോൾ നാം അദ്ഭുതപ്പെട്ടുപോകും. സമകാലിക ലോകകാര്യങ്ങൾ ഇത്രയേറെ ഉൾക്കാഴ്ചയോടെ പഠിച്ച് വിലയിരുത്തുകയും അവയ്ക്ക് മജ്ജയും മാംസവും രക്തവും നൽകി കല്പിതകഥാമൂശയിൽ വാർത്ത് സംവേദനം നടത്താൻ വി.കെ.എന്നിനുണ്ടായിരുന്ന കഴിവ് മറ്റേതെങ്കിലും മലയാള കഥാകാരന് അവകാശപ്പെടാൻ കഴിയുമോ എന്ന് സംശയമാണ്. തലമുറകൾ കഴിഞ്ഞാലും സർവാന്റീസിനെയും ഡീൻസ്വിഫ്റ്റിനെയും മാർക്ടൊയിനെയും നമ്മുടെ കുഞ്ചൻ നമ്പ്യാരെയും തെലുങ്കരുടെ തെനാലി രാമനെയും പോലെ അദ്ദേഹം മലയാളിയുടെ സ്മരണയിൽ നിറഞ്ഞുനിൽക്കും. വി.കെ.എന്നിനു സമം വി.കെ.എൻ. മാത്രം.

13. പ്രൊഫസർ എം. കൃഷ്ണൻ നായർ
സൂര്യൻ അസ്തമിക്കാത്ത സാഹിത്യ സാമ്രാജ്യത്തിനുടമ



തിരുവനന്തപുരത്ത് പൂജപ്പുരയിൽ 1923 മാർച്ച് 21ന് ജനിച്ചു. അച്ഛൻ വി. കെ. മാധവൻ പിള്ള, അമ്മ ശാരദ. മൈക്കം, അരൂക്കുറ്റി എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം. തിരുവനന്തപുരം,പറവൂർ, കൊട്ടാരക്കര എന്നിവിടങ്ങളിൽ ഹൈസ്കൂൾ പഠനം. 1945 ൽ തിരു. യൂണിവേഴ്സിറ്റി കോളേജിൽ നിന്നും മലയാളം ഓണേഴ്സ് ഒന്നാം ക്ലാസിൽ ജയിച്ചു. 1950 വരെ സെക്രട്ടറിയേറ്റിൽ ഉദ്യോഗസ്ഥൻ. പിന്നീട് കേരളത്തിലെ വിവിധ കോളേജുകളിൽ അദ്ധ്യാപകൻ. 1978 ൽ എറണാകുളം മഹാരാജാസ് കോളേജിൽ നിന്നും പ്രഫസറും മലയാളം വകുപ്പ് തലവനുമായി വിരമിച്ചു. 1970ൽ ആരംഭിച്ച സാഹിത്യവാരഫലം എന്ന പ്രതിവാരപംക്തി 35 വർഷം മൂന്ന് സാഹിത്യപ്രസിദ്ധീകരണങ്ങളിലായി തുടർന്നു. 'സാഹിത്യവാരഫലം' (സമാഹാരം), 'ആധുനിക മലയാള കവിത', 'ചിത്രശലഭങ്ങൾ', 'കലാസ്വകൽപങ്ങൾ', 'ഒരു ശബ്ദത്തിൽ ഒരു രാഗം', 'ശരൽക്കാല ദീപ്തി' എന്നിവ പ്രധാനകൃതികൾ. 2001 ൽ കേരള സാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം ലഭിച്ചു. 1989 ൽ 'സാഹിത്യവാരഫലം' പംക്തിക്ക് ബി. ഡി. ഗോയങ്ക അവാർഡും ലഭിച്ചു. 2006 ഫെബ്രുവരി 23 ന് അന്തരിച്ചു. ഭാര്യ: ജെ. വിജയമ്മ.

പ്രൊഫ. എസ്. ഗുപ്തൻ നായരുടെ നിര്യാണത്തിനു ശേഷം ഇത്ര വേഗം പ്രൊഫ. എം. കൃഷ്ണൻ നായരും നമ്മെ വിട്ടുപിരിഞ്ഞത് മലയാള സാഹിത്യ ജീവിതത്തിന് ഇരട്ടപ്രഹരമായി. ഇരുവരും ഒരേ തരക്കാരോ പ്രകൃതക്കാരോ എന്നല്ല സൂചന. രണ്ടുപേർ എത്രമാത്രം വ്യത്യസ്തരാകാമോ അത്രയും വ്യത്യസ്തരായിരുന്നു ഗുപ്തൻനായരും കൃഷ്ണൻ നായരും. എങ്കിലും ഇരുവരും താന്താങ്ങളുടെ വഴിയിലും ശൈലിയിലും മലയാള സാഹിത്യ നിരൂപണരംഗത്തെ സജീവവും സമ്പന്നവും ആക്കിയവരാണ് എന്ന കാര്യത്തിൽ സംശയമില്ല.

ഏതുകാര്യവും ആലോചിച്ചും പഠിച്ചും അഭിപ്രായങ്ങൾ പറയുകയും എഴുതുകയും ചെയ്യുന്ന ആളായിരുന്നു ഗുപ്തൻ നായരെങ്കിൽ കൃഷ്ണൻ നായരുടെ വിചാരങ്ങളുടെയും വായനയുടെയും മേഖല അതിലേറെ വ്യാപകവും അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ സൂചിന്തനങ്ങൾ എന്നതിനേക്കാൾ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾകൊണ്ട് നിറംപകർന്നതുമായിരുന്നു.

കൃഷ്ണൻ നായരുടെ മുഖ്യ സാംവേദനരംഗം അദ്ദേഹത്തിന്റെ *വാരഫലം* എന്ന പംക്തിയായിരുന്നതിനാൽ അതിൽ സൂചിന്തതമായ പഠനങ്ങളേയും വിശകലനങ്ങളേയുംകാൾ കൂടുതൽ ഹ്രസ്വമായ അഭിപ്രായ പ്രകടനങ്ങൾക്കും പരിചയപ്പെടുത്തലുകൾക്കുമായിരുന്നു പ്രസക്തി. ആദ്യം *മലയാള നാടി*ലും പിന്നീട് *കലാകൗമുദി*യിലും അവസാനം *മലയാളം* വാരികയിലുമായി നാല് പതിറ്റാണ്ടിലേറെക്കാലം ഇത്ര തുടർച്ചയായി ആഴ്ചകൾതോറും ഇത്രയേറെ വിഷയങ്ങളേയും കൃതികളേയുംപറ്റി മുറതെറ്റാതെ എഴുതിക്കൊണ്ടിരിക്കുക എന്നത് അഭൂതപൂർവ്വമായ ഒരഭ്യാസമാണ്.

ഒരുകാലത്ത് മാതൃഭാഷ കഴിഞ്ഞാൽ അല്പം സംസ്കൃതത്തിലും കുറെ ഇംഗ്ലീഷിലുമായി കാലംകഴിച്ചുകൊണ്ടിരുന്ന മലയാളി സഹൃദയരെ വിശ്വസാഹിത്യത്തിന്റെ പാരാവാരത്തിലേക്ക് ആദ്യം കപ്പലിറക്കി പരിചയപ്പെടുത്തിയത് മഹാനായ കേസരി ബാലകൃഷ്ണപിള്ളയായിരുന്നു. അതിനുശേഷം ആ മഹത്കൃത്യം തുടരാൻ ചിലരൊക്കെ മുന്നോട്ടു വന്നെങ്കിലും കൃഷ്ണൻ നായരോളം ആ കൃത്യം ഇത്ര ഗംഭീരമായി നിർവഹിച്ച മറ്റൊരാളെ ചൂണ്ടിക്കാട്ടാനില്ല. കേസരി ഇംഗ്ലീഷിലും ഫ്രഞ്ചിലും റഷ്യനിലും പഴയ സംസ്കൃതത്തിലും ഉള്ള ഏതാനും കൃതികൾ മലയാള വായനക്കാർക്ക് പരിചയപ്പെടുത്തുകയും ചിലത് വിവർത്തനം ചെയ്യുകയും അവയിലെ സിദ്ധാന്തങ്ങളും സങ്കൽപ്പങ്ങളും മലയാള നിരൂപണത്തിൽ സന്നിവേശിപ്പിക്കുകയും ചെയ്തിരുന്നു എന്നതിൽ തർക്കമില്ല. എന്നാൽ പഴയ ബ്രിട്ടീഷ് സാമ്രാജ്യം പോലെ കൃഷ്ണൻ നായരുടെ സാഹിത്യ സാമ്രാജ്യത്തിൽ സൂര്യൻ അസ്തമിച്ചിരുന്നില്ല. ചിലിയും മെക്സിക്കോയും നൈജീരിയായും ദക്ഷിണാഫ്രിക്കയും ചൈനയും യൂറോപ്പും ഓസ്ട്രേലിയയുമെല്ലാം അദ്ദേഹത്തിന്റെ അവിശ്വസനീയം എന്നു തോന്നത്തക്കവിധമുള്ള വായനയുടെ പരപ്പിൽ പെടുന്നു. പരപ്പിന് സമാനമായ ആഴം ഉണ്ടായിരിക്കാമെങ്കിലും ആദ്ദേഹത്തിന്റെ വാരഫലങ്ങളിൽ ആഴത്തേക്കാൾ പരപ്പിനാണ് പ്രാമാണ്യം.


കൃഷ്ണൻ നായരുടെ അഭിപ്രായ പ്രകടനങ്ങൾക്ക് കൃത്യമായ പ്രത്യയശാസ്ത്ര തുടർച്ചയോ, ചായ്വോ ഇല്ല. ഗുപ്തൻ നായരുടെ *ഇസങ്ങൾക്കപ്പുറ*മുള്ള വീക്ഷണ വ്യാപാരം എന്നതിനേക്കാൾ സ്വന്തം ഇഷ്ടാനിഷ്ടങ്ങളും വായിക്കുന്ന സന്ദർഭത്തിലെ ചഞ്ചലമായ വിചാര വികാരങ്ങളും ആയിരുന്നു കൃഷ്ണൻ നായർക്ക് പ്രചോദനം. ചിലപ്പോൾ വളരെ പ്രശസ്തനായ

ഒരു കവിയേയോ കഥാകൃത്തിനേയോ ആക്ഷേപിച്ചു തള്ളണമെങ്കിൽ അതു വായിച്ചതിനുശേഷം എന്റെ തലവേദന മാറിയിട്ടില്ലെന്നോ ദീപനം ക്ഷയിച്ചുവെന്നോ മാത്രം പറഞ്ഞാൽ അദ്ദേഹം മറ്റുള്ളവർ എന്തു വിചാരിക്കുമെന്നൊന്നും ആലോചിക്കാതെ അവയെ തിരസ്കരിക്കും. ദീർഘമായ തന്റെ ജീവിതത്തിലെ അനുഭവങ്ങളും കേട്ടറിഞ്ഞ സംഭവകഥകളും ചില പ്പോൾ സ്വപ്നം കണ്ട കാര്യങ്ങളും വിമർശനങ്ങൾക്കിടയിൽ ഇടയ്ക്കിടെ തെളിഞ്ഞുവരുമ്പോൾ പരമൃഷ്ട കൃതികളെപ്പറ്റിയുള്ള ധാരണ ലഭിച്ചില്ലെങ്കിലും വായനക്കാർക്ക് ഗൃഹസദസ്സിലെ വെടിപറച്ചിലിന്റെ ഒരു രസം കിട്ടും എന്നമെച്ചമുണ്ട്. ഒരാഴ്ച താൻ വാനൊളം പുക്ത്തിയ ഒരെഴുത്തുകാരനെ പിറ്റേയാഴ്ച പാതാളത്തോളം ചവുട്ടിതാഴ്ത്താൻ കൃഷ്ണൻ നായർക്ക് ഒരു മനസ്സ് ചാഞ്ചല്യവും അനുഭവപ്പെട്ടിട്ടില്ല എന്നുള്ളത് ആലോചനാമൃതമാണ്.

എഴുതാനുള്ള അദ്ദേഹത്തിന്റെ അദമ്യമായ ആവേശവും അനിതരസാധാരണമായ കഴിവും എന്നെ അമ്പരപ്പിച്ചിട്ടുണ്ട്. രണ്ടുമൂന്നാഴ്ച മുൻപ് ഞാൻ അദ്ദേഹത്തെ വീട്ടിൽപോയി സന്ദർശിച്ചപ്പോൾ വർത്തമാനം പറയാനെന്നല്ല ഒന്നു തൊഴാൻ പോലും കഴിയാത്ത അവസ്ഥയിലായിരുന്നു. ചാരുകസേരയിൽ തളർന്നുകിടക്കുന്ന കൈ ആരെങ്കിലും എടുത്തുപൊക്കി കസേരകയ്യിൽ വച്ചിരിക്കുന്ന പലകയിൽ ചേർത്ത് പേനയുമെടുത്തുകൊടുത്താലേ എഴുതുവാൻ കഴിയൂ. പക്ഷേ അത്രയും ചെയ്തുകഴിഞ്ഞാൽ ആ തളർന്ന കൈകൾ അദ്ദേഹത്തെപ്പോലെ നീണ്ട് നിവർന്ന വടിവിൽ വ്യക്തമായി വായിക്കാവുന്ന കൈപ്പടയിൽ എഴുതി തുടങ്ങുന്നത് കാണുമ്പോൾ നാം അത്ഭുതപ്പെട്ടുപോകും. അങ്ങനെ അവിടെ ആ ആഴ്ചത്തേക്ക് എഴുതിവച്ചിരുന്ന വാരഫലം എനിക്ക് അനായാസമായി വായിച്ച് രസിക്കാൻ കഴിഞ്ഞു. അതുപോലെ തന്നെ എന്നോടുള്ള സ്നേഹസൂചകമായി എനിക്കദ്ദേഹം സമ്മാനിച്ച പുസ്തകത്തിൽ വളരെ വൃത്തിയായി അല്പം പ്രശംസയോടുകൂടി എന്റെ പേരെഴുതി ഒപ്പിട്ട്, തീയതിയും വച്ച് എനിക്കു തന്നത് എന്നെ സന്തോഷിപ്പിച്ച കാര്യമാണ്.

തീർച്ചയായും സാഹിത്യരംഗത്തെ വിവാദ പുരുഷനായിരുന്നു കൃഷ്ണൻ നായർ എങ്കിലും ഒരുപക്ഷേ തിരുവനന്തപുരത്തെ കിംസ് ആശുപത്രിയിൽ തന്റെ വായനക്കാരോട് അന്ത്യവിട പറയാനായി പോകുംവരെ 'മങ്ങാത്ത മസ്തിഷ്കവും മഷിയുണങ്ങാത്ത പേനയും' ആയിരുന്നു. പ്രൊഫ. എം. കൃഷ്ണൻ നായരുടെ സവിശേഷ വ്യക്തിത്വത്തിന്റെ സ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ■

14. എസ്.എൽ. പുരത്തിന്റെ നാടകമെന്ന സമരപഥം



1927 ഏപ്രിൽ 14 ന് ആലപ്പുഴ ജില്ലയിലെ ചേർത്തല സേതുലക്ഷ്മിപുരത്ത് നാരായണന്റെയും കാർത്ത്യായനിയുടേയും മകനായി ജനിച്ചു. വിദ്യാർത്ഥി ആയിരിക്കുമ്പോൾതന്നെ നാടകാഭിനയം തുടങ്ങി. കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനത്തിന്റെ പേരിൽ ജയിലിലായി. ചേർത്തല കേന്ദ്രമാക്കി 'കലപന തീയറ്റേഴ്സ്' രൂപീകരിച്ച് ' ഒരാൾ കൂടി കള്ളനായി' എന്ന നാടകം രചിച്ച് സംവിധാനം ചെയ്തുകൊണ്ട് രംഗപ്രവേശനം നടത്തി. 1949 ൽ എഴുതിയ 'ഇത്തിരിമണ്ണും ഒത്തിരിമനുഷ്യരും' കേന്ദ്ര വിദ്യാഭ്യാസവകുപ്പിന്റെ അവാർഡ് നേടി. 'പ്രത്യാശ' എന്ന ചിത്രത്തിലൂടെ ചലച്ചിത്ര ലോകത്തേക്ക്. 1962ൽ ' ശ്രീകോവിൽ' എന്ന ചിത്രത്തിന് തിരക്കഥ എഴുതി. 'കാട്ടുകുതിര' എന്ന നാടകം കേരളത്തിൽ ജനപ്രീതിയുടെ അശ്വമേധം സൃഷ്ടിച്ചു. 'ചെമ്മീനി'ന്റെ സംഭാഷണരചനയിലൂടെ കൂടുതൽ കീർത്തി നേടി. 48 നാടകങ്ങളുടെയും 152 സിനിമകളുടെയും അണിയറയിൽ പ്രവർത്തിച്ചു. 2005 സെപ്തംബർ 16 ന് അന്തരിച്ചു. ഭാര്യ: ഓമന.

ജ്യോതിഷത്തിന്റെ ഭാഷയിൽ പറഞ്ഞാൽ 2005 നാടകകലയുടെ കണ്ടകശനിദശയാണ്. ചുരുങ്ങിയ കാലയളവിനുള്ളിൽ എത്ര നാടകപ്രതിഭകളാണ് മലയാളക്കരയോട് വിടപറഞ്ഞുപിരിഞ്ഞത്? പി.എൻ. ദാമോദരൻ പിള്ള, കെ.പി.എ.സി. സുലോചന, കണിയാപുരം രാമചന്ദ്രൻ, ഒ. മാധവൻ.. എസ്.എൽ.പുരം സദാനന്ദൻ.

ഇവരെല്ലാം കമ്യൂണിസ്റ്റുകാരും പുരോഗമനവാദികളുമായിരുന്നു എന്നത് ആകസ്മികമല്ല. പൊതുവെ നാടകങ്ങളിലൂടെയും കേരളത്തിലെ സ്വാതന്ത്ര്യാനന്തരകാല നാടക നവോത്ഥാനത്തിന്റെയും സ്ഥായീഭാവം പ്രകടമാക്കുന്ന സംഗതികൂടിയാണ്. ഈ കാലയളവിൽ മലയാള നാടകവേദിയിൽ മായാത്തമുദ്രപതിപ്പിച്ചവരിൽ എൻ. കൃഷ്ണൻപിള്ള, എൻ.എൻ. പിള്ള, ടി.എൻ. ഗോപിനാഥൻ നായർ, ജി. ശങ്കരപ്പിള്ള തുടങ്ങി ഏതാനും കമ്യൂണിസ്റ്റിതരർ ഇല്ലായിരുന്നുവെന്നല്ല. എന്നാൽ, പൊൻകുന്നം വർക്കി, ഇടശ്ശേരി, കെ. ദാമോദരൻ, ചെറുകാട്, കെ.ടി. മുഹമ്മദ്, ഇ.കെ. അയമു, നിലമ്പൂർ അയിഷ, പി.ജെ. ആന്റണി, തോപ്പിൽ ഭാസി, ഒ. മാധവൻ, ഇബ്രാഹിം വേങ്ങര, എം.പി. ഭട്ടതിരിപ്പാട് തുടങ്ങിയ സാമൂഹ്യപ്രതിബദ്ധത പുലർത്തിയവരെപ്പോലെ അരങ്ങിൽ പുരോഗമനോൻമുഖമായ പരീക്ഷണങ്ങൾ നടത്തുന്നതോടൊപ്പം നാടിനെയും നാട്ടാരെയും ഇളക്കിമറിച്ചവർ ഏറെയില്ലെന്നത് ചരിത്രം. സി.എൻ. ശ്രീകണ്ഠൻനായരെപ്പോലുള്ളവർ കമ്യൂണിസ്റ്റുകാരായിരുന്നില്ലെങ്കിലും ഇടതപക്ഷക്കാർതന്നെയായിരുന്നു.

ഈ സ്ഥിതിക്കെന്തു കാരണം? മറ്റേതു കലാരൂപത്തെയുംകാൾ കൂടുതൽ ജനകീയതയും സാമൂഹ്യതയും നാടകകലയുടെ സത്തയിൽ ഇഴുകിച്ചേർന്നിരിക്കുന്നുവെന്നതാണത്. ചിലർ പ്രകടമായ രാഷ്ട്രീയ പ്രമേയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ മറ്റു ചിലരുടെ സൃഷ്ടിയിൽ അന്തർധാരയായി അധികാരഘടനയുടെയും സാമൂഹ്യ-സംത്രാസത്തിന്റെയും അലകൾ അടിക്കുന്നുവെന്നു മാത്രം.

മാരാരിക്കുളം സദാനന്ദൻ

ഈ രണ്ടു പ്രവണതകളുടെയും സമർഥമായ സമ്മേളനമാണ് എസ്.എൽ. പുരം കലയുടെ മുഖമുദ്ര. വാസ്തവത്തിൽ എസ്.എൽ. പുരം സദാനന്ദന്റെ പേർ മാരാരിക്കുളം സദാനന്ദൻ എന്നാകേണ്ടതായിരുന്നുവെന്ന് ഞാൻ ചിലപ്പോൾ കൊച്ചുവർത്തമാനങ്ങൾക്കിടയിൽ അദ്ദേഹത്തോടു പറയാറുണ്ട്. അതിലും ശരിയുണ്ട് എന്ന മട്ടിൽ അദ്ദേഹം ചിരിക്കുകയും പതിവാണ്. കാരണം അദ്ദേഹത്തിന്റെ വീട് പുന്നപ്രയോടും വയലാറിനോടും സമാനമായോ അല്ലെങ്കിൽ അവയ്ക്ക് തൊട്ടടുത്തോ 1946 ലെ ഐതിഹാസിക സമരവുമായി ബന്ധപ്പെട്ട മാരാരിക്കുളത്താണ്. അതിന്റെ ഒരു മൂലയ്ക്ക് സർക്കാർ നിരത്തുകൾ സംയോജിക്കുന്ന കവലയ്ക്ക് സേതുലക്ഷ്മിഭായി എന്ന ഒരു റാണിയുടെ പേരിൽ എസ്.എൽ. പുരം എന്ന ഒരു പേർ അബദ്ധവശാൽ വീണുപോയി എന്നേയുള്ളൂ.

സദാനന്ദൻ 79 വർഷം മുമ്പ് മാരാരിക്കുളത്തെ ഒരിടത്തരം കുടുംബത്തിൽ കാക്കരവീട്ടിൽ നാരായണന്റെയും കാർത്യായനിയുടെയും മകനായി ജനിച്ചുവെന്നതു മാത്രമല്ല അദ്ദേഹത്തിന് ആ സ്ഥലവുമായുള്ള ബന്ധം.

വയലാർ സമരകാലത്ത് ദിവാൻ സർ. സി.പി. രാമസ്വാമി അയ്യരുടെ പൊലീസ് അങ്ങോട്ട് പോകുന്നത് തടയാനായി മാരാരിക്കുളത്തെ കലുങ്ക് തകർക്കാൻ നിയോഗിക്കപ്പെട്ട ചെറുസംഘത്തിൽ ചെറുപ്പം വിടാത്ത സദാനന്ദനുമുണ്ടായിരുന്നു. പക്ഷേ അവരുടെ ശ്രമം വിജയിക്കുന്നതിന് മുമ്പു തന്നെ പൊലീസ് എത്തി വെടിവെപ്പ് നടത്തുകയും ഏതാനും പേർ തൽസമയം തന്നെ രക്തസാക്ഷികളാകുകയും ചെയ്തു. പിൽക്കാലത്ത് നാടകത്തിലൂടെയും ചലച്ചിത്രത്തിലൂടെയും മാരാരിക്കുളം പോരാട്ടത്തിന്റെ ആവേശകരമായ സന്ദേശം നമുക്ക് പകർന്ന് തരുവാൻ എസ്.എൽ. പുരം സദാനന്ദൻ മരിക്കാതെ രക്ഷപ്പെട്ടുവെന്നുമാത്രം. ഈ സംഭവത്തെ മുൻനിർത്തി വിപ്ലവസാഹിത്യകാരനായ ഡി.എം. പൊറ്റക്കാട് എഴുതിയ "രക്തസാക്ഷിക്കലു....." എന്ന ചെറുകഥ മലയാളത്തിലെ മികച്ച വിപ്ലവകഥകളിൽപെടുന്നു.

മാരാരിക്കുളം സംഘട്ടനവും രക്ഷപ്പെടലും സദാനന്ദന്റെ ജീവിതത്തിലെ ആദ്യരാഷ്ട്രീയ സംഭവമായിരുന്നില്ല. ചേർത്തല ശ്രീനാരായണ വിദ്യാലയത്തിലെ വിദ്യാർഥിയായിരിക്കുമ്പോൾ അനാഗതശ്മശ്രുവായ സദാനന്ദനെ തേടി പൊലീസ് എത്തിയപ്പോൾ പിടികൊടുക്കാതെ ജനൽവഴി ചാടി ഓടി രക്ഷപ്പെട്ടത് മറ്റൊരു സംഭവം. കർഷകത്തൊഴിലാളികളുടെ പ്രാദേശിക സംഘടനയുടെ നേതാവായിരുന്ന സദാനന്ദൻ ന്യായമായി പതം നൽകാത്ത കൃഷിയുടമയുടെ കളത്തിൽനിന്ന് സഖാക്കളുമൊത്ത് കറ്റവാരിക്കെട്ടികൊണ്ടുപോയതാണ് പൊലീസിനെ പ്രകോപിപ്പിച്ചത്. വയലാർ സമരത്തിന്റെ പരിശീലന ക്യാമ്പിലും ഈ കുട്ടി വിപ്ലവകാരി പങ്കെടുത്തിരുന്നു. അതിന്റെ അംഗീകാരമെന്ന നിലയിലാണ് മാരാരിക്കുളത്ത് സിപിയുടെ ഇടിവണ്ടി തടയാനുള്ള ഉയർന്ന കർത്തവ്യ നിർവഹണത്തിനയാൾ നിയോഗിക്കപ്പെട്ടത്.

പിന്നീട് ഒളിവിലും തടവിലും ആയി സദാനന്ദൻ എന്ന കൗമാരപ്രായക്കാരൻ രാഷ്ട്രീയപ്രവർത്തനവുമായി അലഞ്ഞു നടന്നതും ദൗത്യങ്ങൾ നിർവഹിച്ചതും അവയ്ക്ക് പ്രതിഫലമായി പൊലീസിന്റെ അടിയും തൊഴിയുമെല്ലാം മുറയ്ക്ക് വാങ്ങിക്കൊണ്ടിരുന്നതും മറ്റും ഇപ്പോഴിവിടെ വിവരിക്കാൻ സ്ഥലം പോര. എങ്കിലും അന്ത്യശ്വാസംവരെ സദാനന്ദൻ കാത്തു സൂക്ഷിച്ചിരുന്ന വേദനാനിർഭരമെങ്കിലും ആവേശകരമായ ഒരു സ്മരണ അവഗണിക്കാനാവില്ല. സദാനന്ദന്റെ കലയിലും ജീവിതത്തിലും അത്രമാത്രം തിളച്ചുനിന്ന ഒന്നായിരുന്നു അത്.

സഖാവിന്റെ അന്ത്യകാല ശുശ്രൂഷ

പേരുചേർക്കാതെ സഖാവ് എന്നു മാത്രം പറഞ്ഞാൽ കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ ഒരാളെ മാത്രമാണ് അതുകൊണ്ട് പരാമർശിക്കുക. കേരളത്തിലെ കമ്യൂണിസ്റ്റുപാർട്ടിയുടെ സ്ഥാപക സെക്രട്ടറി സഖാവ്

കൃഷ്ണപിള്ളയെ. 1948ൽ സഖാവ് ഒളിവിലിരുന്ന പല വീടുകളിൽ പ്രധാനം സദാനന്ദന്റെ വീട്ടിൽ നിന്ന് വളരെ ദൂരെയല്ലാതെ ആര്യാട്ടെ കണ്ണാർക്കാട്ടു വീട്ടിലായിരുന്നു. അതിന്റെ പരിസരത്തുവെച്ചാണ് മഹാനായ സഖാവ് സർപ്പദംശനമേറ്റു നിര്യാതനായത്. സഖാവിന്റെ സഹായികളിലും സന്ദേശവാഹകരിലും ഒരാളായിരുന്ന സദാനന്ദൻ വിഷബാധയേറ്റ സഖാവിന്റെ അന്ത്യനിമിഷങ്ങളിൽ അദ്ദേഹത്തെ ശുശ്രൂഷിക്കാൻ ഒപ്പമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിലാപയാത്രയിലും സാധാരണ കരഞ്ഞ് ശീലമില്ലാത്ത ഈ ചെറുപ്പക്കാരൻ വിതുമ്പി വിതുമ്പി അനുഗമിച്ചിരുന്നു. സഖാവിന്റെ അന്ത്യസന്ദേശമായി കേരളത്തിലെ ജനലക്ഷങ്ങൾ കരുതുന്ന "സഖാക്കളെ മുന്നോട്ട്" എന്ന അർധോക്തിയിൽ നിലച്ചു പോയ കയ്യെഴുത്ത് ആദ്യം കണ്ടവരിൽ ഒരാൾ സദാനന്ദനായിരുന്നുവെന്ന് പറയപ്പെടുന്നു. ഇക്കാലത്ത് സഖാക്കൾ ആർ. സുഗതൻ, സി.കെ. കുമാരപണിക്കർ, കെ.കെ. കുഞ്ഞൻ, സി.ജെ. സദാശിവൻ, പത്രോസ് തുടങ്ങിയ നേതാക്കളുമായി സന്ദേശവാഹകർ എന്ന നിലയിലും മറ്റുതരത്തിലും ബന്ധപ്പെടാൻ സദാനന്ദനു സൗകര്യം ലഭിച്ചിരുന്നു. സദാനന്ദന്റെ രാഷ്ട്രീയ പ്രവർത്തനത്തിലുള്ള ചൊടിക്കും ചൂണക്കും പുറമെ സംഭാഷണചാതുരിയും സാഹിത്യവായനയും അവരിൽ ചിലർ കണ്ടറിഞ്ഞു. പള്ളിക്കൂടത്തിലെ പഠിത്തം പകുതിക്കുവച്ച് നിലച്ചുപോയെങ്കിലും സംഗീതവാസനയും കവിതാവൈഭവവും ഭാഷാവൈദഗ്ദ്ധ്യവും മറ്റും പഠിച്ചുയർന്നവരേക്കാളെല്ലാം കൂടുതലായിരുന്നു. പഠിത്തം മുടങ്ങിയ സദാനന്ദൻ പാർട്ടി യോഗങ്ങളിൽ പാട്ടെഴുതിപ്പാടുകയും കലാപ്രകടനങ്ങളിൽ പങ്കെടുക്കുകയും ചില്ലറ കലാപരിപാടികളും ഏകാങ്കങ്ങളും സ്വന്തമായി എഴുതി കൂട്ടുകാരെ ചേർത്ത് അവതരിപ്പിക്കുകയും ചെയ്തു വന്നു. സഖാവ് മേദിനി, ടി.എം. പ്രസാദ് തുടങ്ങി അക്കാലത്തെ കമ്യൂണിസ്റ്റ് ഗായകരും പി. ഭാസ്കരനെപ്പോലുള്ള കമ്യൂണിസ്റ്റ് കവികളും ഡി.എം. പൊറ്റക്കാടിനെപ്പോലുള്ള കഥാകൃത്തുക്കളും എല്ലാം സദാനന്ദന് പ്രചോദനമായി.

സദാനന്ദന്റെ ഈ വഴിക്കുള്ള പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കാൻ പലരും ഉണ്ടായിരുന്നുവെങ്കിലും സഖാവ് സുഗതനെയാണ് മുഖ്യഗുരുനാഥനായി പിൽക്കാലത്ത് സദാനന്ദൻ ഓർക്കാറ്.

അവസാനം അരങ്ങിലേക്ക്

പാട്ടെഴുത്തും കവിതാരചനയും കലാപരിപാടി സംവിധാനവും കൂടാതെ ചെറുകഥയെഴുത്തിലും സദാനന്ദൻ പയറ്റുകയുണ്ടായി. അത്ര മോശമല്ലാത്ത ഒരു കഥാസമാഹാരം "കാൽപ്പാടുകൾ" എന്ന പേരിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ, തന്റെ വിപ്ലവ രാഷ്ട്രീയ പ്രവർത്തനത്തിനും ആത്മാവിഷ്കാരത്തിനും ഏറ്റവും ഉതകുന്ന മാധ്യമം രംഗകലയാണ്, പ്രത്യേകിച്ച് നാടകമാണ് എന്ന നിഗമനത്തിൽ 1950കളുടെ

തുടക്കത്തോടെതന്നെ സദാനന്ദൻ എത്തിച്ചേർന്നു. 1960കൾ ആയപ്പോഴേക്കും ചലച്ചിത്രവും തന്റെ പ്രതിഭയ്ക്ക് വശപ്പെടും എന്നദ്ദേഹത്തിന് ബോധ്യമായി. കോടമ്പാക്കത്തും അദ്ദേഹം വിജയകരമായി അടരാടി. അതോടൊപ്പം പാർട്ടി അംഗത്വവും അതിനാവശ്യമായ പ്രവർത്തനങ്ങളും ഉപേക്ഷിച്ചതുമില്ല.

മറ്റു പല നാടകസംഘങ്ങൾക്കും ഒടുവിൽ തന്റെ വകയായി സംഘടിപ്പിക്കപ്പെട്ട "സൂര്യസോമ"യ്ക്കും വേണ്ടി 48ഓളം നാടകങ്ങളെഴുതുകയും അവയിൽ പലതിന്റെയും സംവിധാനം നിർവഹിക്കുകയും ചെയ്ത സദാനന്ദന് ലഭിച്ച പുരസ്കാരങ്ങൾ അനവധിയാണ്. ഇതിനുപുറമെയാണ് 140ൽപരം ചലച്ചിത്രങ്ങളുടെ തിരക്കഥാകൃത്തും സംവിധായകനും മറ്റുമായുള്ള സദാനന്ദന്റെ ബന്ധം. ഇവയിലെ പ്രമേയങ്ങളുടെ വൈവിധ്യം, ആവിഷ്കാരശൈലിയുടെ മൗലികത, പരീക്ഷണകൗതുകം മുറ്റിനിൽക്കുമ്പോഴും ജനപ്രീതിക്കു കുറവു സംഭവിക്കാത്ത രചനാശിൽപം തുടങ്ങിയവയെല്ലാം-വിവരിക്കാൻ ഒരു ഗ്രന്ഥം തന്നെ വേണ്ടിവരും. അതിന് കഴിവുള്ളവരാരെങ്കിലും അതിന് മുതിർന്നാൽ മലയാളത്തിലെ നാടകപഠനസാഹിത്യത്തിനും ചലച്ചിത്രാപഗ്രഥന യത്നങ്ങൾക്കും വലിയ മുതൽക്കൂട്ടായിരിക്കും.

ഇതൊരു വൃഥാപ്രശംസയല്ല. സദാനന്ദന്റെ സമകാലികരും സഖാക്കളുമായ തോപ്പിൽഭാസി, പി.ജെ. ആന്റണി, ഒ. മാധവൻ തുടങ്ങിയവരുമായി താരതമ്യപ്പെടുത്തുമ്പോൾ കൂറ്റമറ്റ പ്രൊഫഷണലിസവും അതിരുകളില്ലാത്ത ജനപ്രീതിയും സദാനന്ദനോളം അവരിലാരിലും സമന്വയിച്ചിരുന്നില്ല എന്നതോന്നലാണ് ഈ ലേഖകനുള്ളത്. എം.ടി. വാസുദേവൻനായരുടെ ചലച്ചിത്രങ്ങൾ പോലെ: ഒരേസമയം 'ആർട് സിനിമ'യും 'ബോക്സ് ഓഫീസ് ഹിറ്റും' എന്ന വൈരുധ്യത്തിന്റെ അതിർത്തികൾ മാഞ്ഞുപോകുന്ന അനുഭവം. ചലച്ചിത്രരംഗത്ത് 'ചെമ്മീനി'ന്റെ തിരക്കഥയിലൂടെ ദേശീയ ശ്രദ്ധ പിടിച്ചുപറ്റുകയും അതും തനിക്കാവും എന്ന് തെളിയിക്കുകയും ചെയ്തെങ്കിലും സദാനന്ദന്റെ എല്ലാ ചിത്രങ്ങളും ആ നിലവാരത്തിലെത്തുന്നു എന്നിവിടെ വാദിക്കുന്നില്ല. ജനപ്രീതിക്കും കലാശിൽപപൂർണിമയും സമന്വയിക്കുക എന്ന ധർമം സദാനന്ദന്റെ കലയിൽ, വിശേഷിച്ച് നാടകകലയിൽ നിറഞ്ഞുനിൽക്കുന്നുവെന്ന് വ്യക്തമാക്കാനാണ് താരതമ്യം. ഇവയ്ക്കു രണ്ടിനും പുറമെ എം.ടിയുടെ എല്ലാ കൃതികൾക്കും ഉണ്ടെന്നു വാദിക്കാനാവാത്ത സാമൂഹ്യപ്രതിബദ്ധത സദാനന്ദന്റെ മിക്കവാറും എല്ലാ സൃഷ്ടികളുടെയും ജീവാത്മാവായി നിലകൊള്ളുകയും ചെയ്യുന്നു.

നാടക നവോത്ഥാനം

സി.വി. രാമൻപിള്ള, ഇ.വി. കൃഷ്ണൻപിള്ള, വിദ്വാൻ കേളുനായർ, എൻ.പി. ചെല്ലപ്പൻ നായർ, മുൻഷി പരമുപിള്ള തുടങ്ങിയവർ പ്രഹസന

ശൈലിയിലും സ്വാമി ബ്രഹ്മവ്രതൻ-ഓച്ചിറ പരബ്രഹ്മോദയ നടനസഭ, ഓച്ചിറ വേലുക്കുട്ടി, വൈക്കം വാസുദേവൻ നായർ, തങ്കം വാസുദേവൻ നായർ മറ്റൊരു വഴിക്കും അരങ്ങുനിറച്ചിരുന്ന കാലത്താണ് കുട്ടനാടു രാമ കൃഷ്ണപിള്ള, എൻ. കൃഷ്ണപിള്ള തുടങ്ങിയവർ ഇബ്സനിൽനിന്നും പ്രചോദനമുൾക്കൊണ്ട് പിരിമുറുക്കമുള്ള ഗദ്യനാടകശൈലി ആവിഷ്കരിച്ച് ഒരു വരേണ്യപക്ഷത്തെ ആകർഷിച്ചത്. പരബ്രഹ്മോദയ നടനസഭക്കാരുടെയും മറ്റും അരങ്ങിൽ ആടിത്തിമർത്ത ഓച്ചിറ വേലുക്കുട്ടിയുടെയും വൈക്കം ദമ്പതികളുടെയും മറ്റും കല നാടകശാസ്ത്രത്തിന്റെ അന്ത്യകൂദാശകളായിരുന്നു. ഈ രണ്ടു പ്രവണതകളെയും മറികടന്ന് കലാമൂല്യവും ജനപ്രീതിയും സാമൂഹ്യപ്രതിബദ്ധതയും ഒരേസമയം സമന്വയിപ്പിക്കുക എന്ന ദൗത്യമാണ് തോപ്പിൽഭാസി, സദാനന്ദൻ, പി.ജെ. ആന്റണി തുടങ്ങിയവർക്ക് നിർവഹിക്കേണ്ടിവന്നത്. എന്നാൽ, കെ.പി.എ.സി. നാടകങ്ങൾ ചിലപ്പോൾ നാടകശിൽപ സിദ്ധാന്തങ്ങളെ മറികടന്ന് ജനപ്രീതിക്കായി ചില കോമാളികളെയും കഥയിൽ ഒഴിവാക്കാവുന്ന നൃത്തസംഗീതമേളകളും ഉപയോഗിക്കാറുണ്ട്. ഇക്കാര്യത്തിലാണ് ഈ വഴിക്കുഴികളിൽ വീഴാതെ നാടകരചനാശിൽപത്തിന്റെ ഒതുക്കവും മുറുക്കവും വീറും വശ്യതയും ഉള്ള ശൈലി സദാനന്ദന്റെ കൃതികളെ ഉത്തമകോടിയിൽ എത്തിച്ചത്.

ഓച്ചിറ പരബ്രഹ്മോദയക്കാരെയും വൈക്കം ദമ്പതിമാരെയും ചിലപ്പോൾ അരങ്ങിലെ ഭൂതങ്ങളായി പ്രത്യക്ഷപ്പെടുന്ന ചിന്നപ്പ ഭാഗവതർ പ്രഭൃതികളെയും കണ്ട് മനംമടുത്തിരുന്ന കാലത്താണ് 1949-ാം മാണ്ടിടക്ക് സദാനന്ദന്റെ "ഒരാൾകൂടി കള്ളനായി" എന്ന നാടകം കണ്ട് ഇങ്ങനെയും ആകാമോ നാടകം എന്ന് അന്ധാളിച്ച് ഈ ലേഖകൻ ആസ്വദിച്ചത് എന്നോർക്കുന്നു. ഇതിനു മുമ്പും സദാനന്ദൻ ഒന്നുരണ്ടു നാടകങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും അദ്ദേഹത്തെ കൃതഹസ്തനായ നാടക പ്രതിഭയായി അംഗീകരിക്കാൻ തുടങ്ങിയത് ഈ നാടകത്തോടുകൂടിയാണ്. അക്കാലത്തെ വലിയ പുരസ്കാരമായിരുന്ന സാഹിത്യ പരിഷത്തിന്റെ പുരസ്കാരം നേടിയ ഈ നാടകം "അമേറ്റ" നിലയിലാണ് ആരംഭിച്ചത്. എങ്കിലും അതിവേഗം അതിന് പ്രൊഫഷണൽ പദവി കൈവന്നു. പിന്നീട് സദാനന്ദൻ തന്നെ ഒരു ചലച്ചിത്രവുമാക്കി. ആ നാടകം "കൽപന" തിയറ്റേഴ്സ് വിജയകരമായി പലയിടത്തും അവതരിപ്പിച്ചു.

സദാനന്ദൻ കെ.പി.എ.സിക്ക് വേണ്ടി എഴുതിയ "സിംഹത്തിന്റെ കൂട്' നല്ല വിജയമായിരുന്നു. 1970കളിൽ കെ.പി.എ.സി. വിലസിനിന്ന കാലത്ത് ഏതാനും സി.പി.ഐ.എംകാർ മുൻകൈയെടുത്ത് അല്പം മൽസരബുദ്ധിയോടെ സംഘടിപ്പിച്ച ആറ്റിങ്ങൽ ദേശാഭിമാനി തിയറ്റേഴ്സിനുവേണ്ടി, സദാനന്ദൻ രചിച്ച 'അഗ്നിപുത്രി'യും 'സത്ര'വും അതിന്റെ സംഘടാകരെ അമ്പരപ്പിക്കുംവിധം വിജയം നേടി. തികഞ്ഞ സാമൂഹ്യപ്രതിബദ്ധതയോടൊപ്പം

പിരിമുറുക്കമുള്ള നാടകമാണ് 'അഗ്നിപുത്രി. നാടകമായും സിനിമയായും കാണികളെ ത്രസിപ്പിച്ച സദാനന്ദന്റെ 'കല്ലുകൊണ്ടൊരു പെണ്ണ്' ആധുനിക വനിതാവിമോചന പ്രസ്ഥാനത്തിന്റെ ഊർജ്ജം പ്രസരിപ്പിക്കുന്നു. അതു പോലെ മലയാള നാടകവേദിയിലെ അഭൂതപൂർവമായ ഒരു സംഭവമായിരുന്നു സ്വന്തം 'സൂര്യസോമ'ക്കുവേണ്ടി സദാനന്ദൻ രചിച്ചു സംവിധാനം ചെയ്യുകയും പിന്നീട് ചലച്ചിത്രമാവുകയും ചെയ്ത 'കാട്ടുകുതിര'യും അതിലെ അവിസ്മരണീയ കഥാപാത്രമായ 'കൊച്ചുവാവ'യും, 'കാട്ടുമാക്കാൻ', 'കുറച്ചറിയുക ഏറെ വിശ്വസിക്കുക', 'യവനിക', 'യാഗശാല', 'ചിരിക്കാത്ത വീടുകൾ' തുടങ്ങിയ സദാനന്ദന്റെ രചനാശിൽപങ്ങൾ ഓരോന്നും പ്രത്യേകപഠനങ്ങളർഹിക്കുന്നു. അദ്ദേഹത്തിന്റെ പുരസ്കാരം നേടിയ അവസാന സൃഷ്ടികളിലൊന്നായ 'പുന്നപ്ര വയലാർ' ധീരമായ ഒരു ചുവടുവെയ്പ്പും തന്റെ ജീവിതത്തിന് അർഥവും ലക്ഷ്യവും നൽകിയ ചരിത്രസംഭവത്തോടുള്ള ബാധ്യത' നിറവേറ്റലുമായിരുന്നു. എന്നാൽ, അതിലെ വാരിക്കുന്ത പോരാട്ടവും വെടിവെപ്പും മറ്റും യഥാതഥമായി രംഗത്ത് അവതരിപ്പിക്കാനുള്ള ആവേശത്തിന്റെ പാളിച്ചകൊണ്ടോ മറ്റോ ആകാം അതിനാടകീയത (മെലോഡ്രാമ) മൂലം സദാനന്ദന്റെ 'കാട്ടുകുതിര' തുടങ്ങിയവയുടെ കലനിലവാരത്തിലെത്തുന്നില്ലെന്ന് തോന്നി.

ജി. ശങ്കരപ്പിള്ള, വയലാ വാസുദേവൻപിള്ള, കാവാലം നാരായണപണിക്കർ തുടങ്ങിവരുടെ പരീക്ഷണാഭിമുഖ്യമുള്ള ന്യൂനപക്ഷ ശൈലി സദാനന്ദനെ ഒരിക്കലും ആകർഷിച്ചിരുന്നില്ല. വെറും റിയലിസത്തിന്റെ പരിമിതിക്കുള്ളിൽ ഒതുങ്ങാത്ത കൃതികൾ സദാനന്ദന്റേതായി ഉണ്ടെങ്കിലും കായികാഭ്യാസവൈദഗ്ദ്ധ്യത്തെയും കാണികളെ ഭ്രമിപ്പിക്കുന്ന കൃത്രിമാവിഷ്കാരങ്ങളും സദാനന്ദന് അന്യമായിരുന്നു.

ചലച്ചിത്രരംഗത്ത് സംവിധാനം നിർവഹിച്ചിട്ടുണ്ടെങ്കിലും സദാനന്ദന്റെ ഔന്നത്യം കഥാസൃഷ്ടിയിലും തിരക്കഥാരചനയിലുമായിരുന്നു. ആ രംഗത്ത് അദ്ദേഹം വലിയ അംഗീകാരവും നേടി.

കലയുടെ ലക്ഷ്യത്തെയും ധർമത്തെയും മർമത്തെയുംപറ്റിയുള്ള അത്യന്താധുനികവും ആധുനികോത്തരവുമെന്ന് വിശേഷിപ്പിക്കപ്പെടുന്ന വിതണ്ഡവാദങ്ങൾ സ്വതസിദ്ധമായ വാഗ്വൈഭവത്തോടെ സദാനന്ദൻ നിരന്തരമായി നിരസിച്ചുപോന്നു. മലയാളത്തിലെ സ്വാതന്ത്ര്യാനന്തരകാലത്തെ നാടകനവോത്ഥാനത്തിന്റെ ചരിത്രത്തിൽ സദാനന്ദന്റെ സ്ഥാനം അനന്യമാണ്. ആ മഹാനായ കമ്യൂണിസ്റ്റ് കലാകാരന് ആദരാഞ്ജലികൾ. ■

15. എം.എൻ. കുറുപ്പും പുരോഗമന സാഹിത്യസംഘത്തിന്റെ പുനർജൻമവും



ആലപ്പുഴ വീയപുരം മാരാരിക്കുളം കലവൂർ വരെ കരിമ്പാലികടവ് വീയപുരം വടക്കോടത്ത് മനി മാതവമേനോടെയും എം.കെ. മാനകിയമ്മയുടെയും ഏകമകനായി 1927 ജൂൺ 11 ന് മേലപ്പള്ളി നാരായണക്കുറുപ്പ് എന്ന എം.എൻ. കുറുപ്പ് ജനിച്ചു. കണിച്ചു കുളങ്ങര ഹൈസ്കൂൾ, കൊല്ലം എസ്.എൻ. കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. വിദ്യാർത്ഥി സമരം നടപ്പിനു കോളേജിൽ നിന്ന് പുറത്താക്കി. തുടർന്ന് രാഷ്ട്രീയ വിദ്യാഭ്യാസം. പിതാവിന്റെ മരണവാർത്തയറിഞ്ഞ് പഠിക്കു പൂർത്തിയാക്കാതെ നാട്ടിലേക്ക് മടങ്ങി. സ്റ്റുഡൻസ് ഫെഡറേഷനിലൂടെ പൊതു പ്രവർത്തനം തുടങ്ങി.

നാടക നടൻ, കവി, നാടകകൃത്ത്, സംവിധായകൻ എന്നീ നിലകളിൽ ആദ്യകാല പ്രവർത്തനം. മുഹമ്മ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ ആഫീസുമായിരുന്നു ആദ്യകാല പ്രവർത്തനകേന്ദ്രം. ആലപ്പുഴ നിന്ന് പ്രസിദ്ധീകരിച്ച കേരളരശ്മിയിലായിരുന്നു പത്ര പ്രവർത്തനത്തിന്റെ തുടക്കം. 'ജനയുഗം', 'വിശ്വകേരളം' എന്നിവയിൽ പ്രവർത്തിച്ചു. 'ദേശാഭിമാനി'യിൽ 20 വർഷക്കാലം നിറഞ്ഞുനിന്നു. ദേശാഭിമാനി സ്റ്റഡിസർക്കിൾ, പുരോഗമന കലാസാഹിത്യസംഘം എന്നിവയുടെ സ്ഥാപക ജനറൽ സെക്രട്ടറി. 1988-91ൽ കേരള സംഗീത നാടക അക്കാദമി സെക്രട്ടറി. കുറച്ചുകാലം സി.പി.ഐ(എം) ആലപ്പുഴ ജില്ലാ കമ്മിറ്റി അംഗമായി പ്രവർത്തിച്ചു. 15 നാടകം കവിതകൾ രചിച്ചു. എ.വി. കുഞ്ഞമ്പുവിന്റെ ജീവചരിത്രം, എം.എൻ. കുറുപ്പിന്റെ കവിതകൾ എന്നിവ പുസ്തകങ്ങൾ. ഭാര്യ: കെ. പൊന്നമ്മ. 2006 ജൂലായ് 18 ന് അന്തരിച്ചു.

രണ്ടായിരത്തിആറ് ജൂലായ് 9 ന് (എഴുപത്തിയേഴാമത്തെ വയസ്സിൽ മാരാരിക്കുളത്തിന് അടുത്തുള്ള കഞ്ഞിക്കുഴിയിലെ തറവാട്ടുവീട്ടിൽവച്ച് സഖാവ് എം.എൻ. കുറുപ്പ് നിര്യാതനായി. ഏതാനും നാളായി വിവിധ രോഗ

ങ്ങൾമൂലം ചികിത്സയും വിശ്രമവും ആയി കഴിഞ്ഞിരുന്ന എം.എൻ. കുറുപ്പിന് അന്ത്യോപചാരം അർപ്പിക്കാൻ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ആരാധകരും സഹപ്രവർത്തകരും സഖാക്കളും കഞ്ഞിക്കുഴിയിൽ വന്നുചേർന്നിരുന്നു. കവി, നാടകനടൻ, പത്രപ്രവർത്തകൻ, സാംസ്കാരിക സംഘടനാ പ്രവർത്തകൻ വിദ്യാർത്ഥി നേതാവ് എന്നീ വിവിധ തലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച സഖാവിന്റെ പത്നി ആദ്യകാല വിദ്യാർത്ഥി ഫെഡറേഷൻ പ്രവർത്തകനായിരുന്ന ദർശനാവട്ടം സുകുമാരൻ നായരുടെ സഹോദരിയാണ്. ഇപ്പോൾ കൊല്ലത്ത് മുൻസിഫായ ബാബു പ്രകാശ് ആണ് അദ്ദേഹത്തിന്റെ ഏകമകൻ. പ്രകാശിന് താഴെ മൂന്ന് പെൺമക്കളും അദ്ദേഹത്തിനുണ്ട്. അവരെല്ലാവരും അവസാന നാളുകളിൽ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു.

കൊല്ലം എസ്.എൻ. കോളേജിൽ 1940 കളുടെ അവസാനവും അമ്പതുകളുടെ ആദ്യവും വിദ്യാർത്ഥി ആയിരുന്നപ്പോഴാണ് എം.എൻ. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ആകൃഷ്ടനായത്. വെളിയം ഭാർഗവൻ, ഒ. മാധവൻ, ഒ.എൻ.വി. കുറുപ്പ്, എ.പി. കളയ്ക്കാട് തുടങ്ങിയവർ അക്കാലത്ത് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സിരാകേന്ദ്രങ്ങളിൽ പ്രമുഖസ്ഥാനം ഉണ്ടായിരുന്ന എസ്.എൻ. കോളേജിൽ എം.എൻ. കുറുപ്പിന്റെ സതീർഥ്യരും സഖാക്കളുമായിരുന്നു. പഠിപ്പുമുടക്കും അറസ്റ്റും മർദ്ദനവും എല്ലാം അക്കാലത്ത് മറ്റ് സഖാക്കളോടൊപ്പം എം.എന്റെയും നിത്യാനുഭവങ്ങളായിരുന്നു. സമരങ്ങളിലും സംഘടനാ പ്രവർത്തനങ്ങളിലും മുഴുകിയിരുന്നതുമൂലം എം.എന്റെ പഠനം ബിരുദത്തോളം എത്തിയിരുന്നില്ല. എങ്കിലും സ്വയംപഠനത്തിലൂടെ അറിവുനേടാനും കവിയും എഴുത്തുകാരനും പ്രാസംഗികനുമെന്ന നിലകളിൽ പേരെടുക്കാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കോളേജ് വിട്ടശേഷം തിരുവനന്തപുരത്തുനിന്ന് കെ. അനിരുദ്ധൻ നടത്തിയിരുന്ന വിശാലകേരളം, ആലപ്പുഴയിൽ നിന്ന് സി.പി.ഐ. നടത്തിയിരുന്ന കർമഭൂമി, കൊല്ലത്തെ *ജനയുഗം*, *വിശ്വകേരളം* മുതലായ പത്രങ്ങളിൽ പ്രവർത്തിച്ചുവന്നു.

എം.എൻ. കുറുപ്പിന്റെ അയൽപക്കത്തുകാരനായ ആദ്യകാല കമ്യൂണിസ്റ്റ് പ്രവർത്തകനും പ്രശസ്തനാടകകൃത്തുമായ എസ്.എൽ. പുരം സദാനന്ദനുമായി സഹകരിച്ചാണ് എം.എൻ. നാടകരംഗത്ത് പ്രവേശിക്കുന്നത്. നാടകങ്ങൾ രചിക്കുന്നതിലും നാടകസംഘങ്ങൾ രൂപീകരിക്കുന്നതിലും സംവിധാനം ചെയ്യുന്നതിലും എസ്.എൽ. പുരം സദാനന്ദനെ സഹായിച്ചുപോന്ന എം.എൻന്റെ അഭിനയപാടവം ആസ്വാദകർ അറിഞ്ഞത് സദാനന്ദന്റെ 'ഒരാൾകൂടി കള്ളനായി' എന്ന നാടകത്തിലാണ്. അതിലെ മുഖ്യകഥാപാത്രമായി അഭിനയിച്ച എം.എൻ-ന് പ്രശംസകൾക്കു പുറമെ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. പിന്നീടും ചില നാടകങ്ങളുമായി പലതരത്തിലും ബന്ധപ്പെട്ട് പ്രവർത്തിച്ചെങ്കിലും അപ്പോഴേക്കും അദ്ദേഹത്തിന്റെ ശ്രദ്ധ കവിതയെഴുത്തിലും പത്രപ്രവർത്തനത്തിലും ആണ് കേന്ദ്രീകൃതമായത്.

ദേശാഭിമാനിയിൽ

1950കളുടെ അവസാനംതൊട്ട് കമ്യൂണിസ്റ്റ് പാർട്ടിയിൽ പ്രത്യയശാസ്ത്ര വിവാദം ഉടലെടുക്കുന്നതിന് മുമ്പുതന്നെ എം.എന്റെ ചായ്വ് പാർട്ടിക്കകത്തെ ഇടതുപക്ഷത്തോടായിരുന്നു. 1953 ൽ ജെ.വി. സ്റ്റാലിൻ നിര്യാതനായപ്പോൾ എം.എൻ. ഭോപ്പാൽ സർവകലാശാലയിൽ പ്രൈവറ്റായി പരീക്ഷയെഴുതാൻ അവിടെ താമസിച്ച് തയ്യാറെടുക്കുകയായിരുന്നു. വിദ്യാർത്ഥിരംഗത്തെ സഹപ്രവർത്തകനും പിൽക്കാലത്ത് *സംക്രാന്തി, ഇടുക്കി, ശ്രീപോർക്കലി* തുടങ്ങിയ പ്രസിദ്ധ വിപ്ലവനോവലുകളുടെ കർത്താവായി ഉയരുകയും ചെയ്ത എ.പി. കളയ്ക്കാടും ബിരുദ പരീക്ഷയ്ക്കായി ഭോപ്പാലിൽ കൂടെയുണ്ടായിരുന്നു. കരുത്തനായ സമരസേനാനിയെങ്കിലും വികാരലോലനായ കവി കൂടിയായിരുന്ന എം.എന്ന് സ്റ്റാലിന്റെ നിര്യാണം വ്യക്തിപരമായ ഒരാഘാതമായി അനുഭവപ്പെട്ടു. പിൽക്കാലത്ത് പാർട്ടി സ്റ്റാലിന്റെ മഹത്വത്തോടൊപ്പം പോരായ്മകളെയും കണ്ടറിഞ്ഞുവെങ്കിലും അക്കാലത്ത് അദ്ദേഹത്തെ അപ്രമാദിയായ ഒരു നേതാവായിട്ടാണ് കരുതിപോന്നത്. യുവാവായ എം.എന്നും സ്റ്റാലിന്റെ അപ്രമാദിത്വപ്രശസ്തിയിൽ വിശ്വസിച്ചിരുന്നു. അതുകൊണ്ടായിരിക്കാം ദുഃഖഭാരം താങ്ങാനാവാതെ പരീക്ഷ എഴുതാതെ അദ്ദേഹം തിരികെ പോന്നുവെന്നത് അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും ഇടയിൽ അന്നൊരു സംസാരവിഷയമായിരുന്നു. ഈ മാനസികവും സൈദ്ധാന്തികവുമായ പശ്ചാത്തലത്തിൽ അദ്ദേഹം പാർട്ടി പിളർപ്പിനെ തുടർന്ന് സിപിഐ എമ്മിൽ ഉറച്ചുനിന്നതിൽ അത്ഭുതമില്ല. പാർട്ടിയുടെ അന്നത്തെ മുഖപത്രങ്ങൾ ആയിരുന്ന *ജനയുഗവും ദേശാഭിമാനിയും നവയുഗം* വാരികയും മറ്റും സിപിഐ നിലപാടിന്റെ പ്രചാരകരായി ഇടതുപക്ഷത്തെ ചൈനാചാരൻമാരും തീവ്രവാദികളും എന്നൊക്കെ ആക്ഷേപിച്ചിരുന്ന സാഹചര്യത്തിൽ ഇടതുപക്ഷക്കാരനായിരുന്ന അനിരുദ്ധന്റെ വിശാലകേരളത്തിൽ സിപിഐ എം നിലപാടുകളെ ശക്തമായി ന്യായീകരിച്ചുകൊണ്ട് എം.എൻ. കുറുപ്പ് എഴുതിയ മുഖ്യപ്രസംഗങ്ങളും ലേഖനങ്ങളും പാർട്ടി നേതൃത്വത്തെ ആകർഷിച്ചിരുന്നു. അതുകൊണ്ട് ദേശാഭിമാനി പത്രം സിപിഐ പത്രാധിപൻമാരുടെ നിയന്ത്രണത്തിൽനിന്ന് ഏഴാം പാർട്ടി കോൺഗ്രസിനെ തുടർന്ന് മോചിപ്പിക്കുകയും കെ.പി.ആർ. ഗോപാലനെ മാനേജിംഗ് എഡിറ്ററായും എന്നെ ചീഫ് എഡിറ്ററായും നിയോഗിച്ചപ്പോൾ എം.എന്നെ വിശാലകേരളത്തിൽനിന്നും ദേശാഭിമാനിയിലേക്ക് ക്ഷണിച്ച് വരുത്തുകയാണ് ചെയ്തത്.

ദേശാഭിമാനിയുടെ അന്നത്തെ മുഖ്യ പത്രാധിപരായിരുന്ന വി.ടി. ഇന്ദുചൂഡൻ തിരുവനന്തപുരം വിശേഷാൽ പ്രതിനിധിയായിരുന്ന പവനൻ തുടങ്ങി മിക്ക പരിചയസമ്പന്നരായ പത്രപ്രവർത്തകരും വിട്ടുപോയി. കെ.പി.ആർ. പ്രശസ്തനായ പാർട്ടി നേതാവും ഞാൻ മൂൻ എം.എൽ.എയും

പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും വായനയിൽ തൽപരനും മറ്റു മാണെങ്കിലും ഞങ്ങൾക്കിരുവർക്കും ഒരു ദിനപത്രത്തിന്റെ സംവിധാനത്തെക്കുറിച്ചോ ദൈനംദിന പ്രവർത്തനത്തെക്കുറിച്ചോ ഒരു പരിചയവും ഇല്ലായിരുന്നു. ഈ ഘട്ടത്തിൽ ഈ കുറവുകൾ നികത്തിയതും അദ്ദേഹത്തേക്കാൾ പ്രായത്തിലും രാഷ്ട്രീയത്തിലും മുതിർന്നവർ എങ്കിലും ദിനപത്ര പ്രവർത്തനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിലും സാങ്കേതികവിദ്യകളിലും ഞങ്ങൾക്കും പുതിയ സബ് എഡിറ്റർമാർക്കും പരിശീലനം നൽകിയ ഗുരുഭൂതൻ എം.എൻ. കുറുപ്പായിരുന്നു.

ദേശാഭിമാനിവാരികയും സ്റ്റഡി സർക്കിളും

1949 ൽ പുരോഗമന സാഹിത്യസംഘം പിളരുകയും 1950കളിൽ ഒരു മഹാപ്രസ്ഥാനമെന്നനിലയിൽ പുരോഗമന സാഹിത്യവും കലയും വളരുകയും ചെയ്തെങ്കിലും സംഘടന എന്ന നിലയിൽ അത് മിക്കവാറും അസ്തമിച്ചിരുന്നു. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനകത്തെ പ്രത്യയശാസ്ത്ര വിവാദങ്ങളും ചൈനാ-റഷ്യാ തർക്കങ്ങളും 1959 ലെ കുപ്രസിദ്ധ 'വിമോചനസമരവും' എല്ലാംകൂടി ആയപ്പോൾ സംഘം അസ്തമിക്കുക മാത്രമല്ല കമ്യൂണിസ്റ്റ് വിരുദ്ധ സാഹിത്യത്തിന്റെയും കലയുടെയും ഒരു കടന്നുകയറ്റംതന്നെ അനുഭവപ്പെടുകയും ചെയ്തു. ആധുനികതയും അത്യാധുനികതയും എന്നൊക്കെ ഉള്ള വിലാസത്തിലാണ് വിരുദ്ധൻമാർ വിലസിയതെങ്കിലും അവരുടെ കവിതയുടെയും കഥയുടെയും നാടകത്തിന്റെയും മറ്റും പൊരുൾ പിന്തിരിപ്പനായിരുന്നു. കമ്യൂണിസ്റ്റ് വിരുദ്ധതയുടെ മറവിൽ ദുർഗ്രഹതയും മരണാഭിമുഖ്യവും സാമൂഹ്യപ്രതിബദ്ധതാരാഹിത്യവും സാംസ്കാരികരംഗത്ത് അഴിഞ്ഞാടാൻ തുടങ്ങി. അതുവരെ പുരോഗമനക്കാർ ആയിരുന്ന വർതന്നെ കമ്യൂണിസ്റ്റ് വിരുദ്ധത ഒരു ഫാഷനും, ആദായമാർഗവും ആക്കി മാറ്റുകയും ചിലർ സാഹിത്യത്തെയും കലയെയും കച്ചവടച്ചരക്കുകളാക്കി മാറ്റാൻ ചെന്നൈയിലെ കോടാമ്പക്കം സിനിമ കേന്ദ്രത്തിലേക്ക് ചേക്കേറുകയും ചെയ്തു. കമ്യൂണിസ്റ്റ് ചിന്തകരും എഴുത്തുകാരുമായി അറിയപ്പെട്ടിരുന്ന കെ. ദാമോദരൻ, എൻ.ഇ. ബലറാം, തോപ്പിൽ ഭാസി, പവനൻ, കാമ്പിശ്ശേരി കരുണാകരൻ തുടങ്ങിയവരെല്ലാം മറുഭാഗത്തായിരുന്നുവെന്ന് മാത്രമല്ല വിപ്ലവ രാഷ്ട്രീയത്തിൽ എന്നപോലെ വിപ്ലവ സാഹിത്യസിദ്ധാന്തത്തിലും വെള്ളം ചേർക്കാൻ തുടങ്ങിയിരുന്നു.

ഈ സാഹചര്യത്തിലാണ് പഴയ പുരോഗമന സാഹിത്യ സംഘത്തെയും അതിന്റെ വിപ്ലവ പാരമ്പര്യത്തെയും വീണ്ടെടുത്ത് പ്രസ്ഥാനത്തെ നയിക്കേണ്ടതുണ്ടെന്ന ചിന്ത ഇ.എം.എസിനും മറ്റ് നേതാക്കൾക്കും ഉണ്ടായത്. അതിന്റെ ആദ്യപടിയായി ദേശാഭിമാനിക്ക് സാംസ്കാരികരംഗത്തിന് ഊന്നൽ കൊടുക്കുന്ന ഒരു സചിത്രവാരിക ആരംഭിക്കണമെന്ന തീരുമാനം പാർട്ടി എടുത്തു. 1967 ലെ പൊതുതെരഞ്ഞെടുപ്പിൽ സിപിഐയും സിപിഐ

എമ്മും യോജിച്ച് സപ്തകക്ഷി മുന്നണിയിൽ പങ്കെടുക്കുകയും വിജയിക്കുകയും മന്ത്രിസഭ രൂപീകരിക്കുകയും ചെയ്തുവെങ്കിലും സിപിഐ പ്രകടിപ്പിക്കാൻ തുടങ്ങിയ കോൺഗ്രസ് പ്രേമം മൂലം 1969 ആകുമ്പോഴേക്കും ആ സഖ്യം തകർന്നു. വീണ്ടും സിപിഐ എമ്മും സിപിഐയും പരസ്പര വിരുദ്ധ ചേരികളിലായി പോരടിക്കാൻ തുടങ്ങി. ഈ സംഘർഷവും സാഹിത്യ-കലാരംഗങ്ങളിൽ പ്രതിഫലിച്ചു. അതും ദേശാഭിമാനി വാരിക തുടങ്ങുന്നത് അനിവാര്യമാക്കിത്തീർത്തു.

ദേശാഭിമാനി ദിനപത്രത്തിന്റെ മുഖ്യപത്രാധിപരായിരുന്ന ഞാൻ തന്നെയായിരുന്നു വാരികയുടെയും മുഖ്യപത്രാധിപർ. എന്നാൽ എക്സിക്യൂട്ടീവ് അഥവാ നിർവാഹക പത്രാധിപർ എന്ന നിലയിൽ പേരുവയ്ക്കാതെയാണെങ്കിലും എം.എൻ. കുറുപ്പായിരുന്നു അതിന്റെ മുഖ്യ സംഘാടകനും സംവിധായകനും. അന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഇടതുപക്ഷക്കാരായ എഴുത്തുകാർ ഉൾപ്പെടെ പലരും പുതിയ വാരികയിൽ എഴുതുന്നതിൽ വിമുഖത പ്രകടിപ്പിച്ചു. പ്രൊഫസർ എസ്. ഗുപ്തൻ നായരെപ്പോലെ 'ചൈനാചാരൻമാർക്ക്' ലേഖനം ഒന്നും നൽകില്ലെന്ന് തുറന്നുപറഞ്ഞവർ അധികം ഇല്ലെങ്കിലും ഫലത്തിൽ പലരുടെയും പ്രവർത്തനം മറിച്ചായിരുന്നില്ല. ഈ ലേഖന ദാരിദ്ര്യത്തിന് ഒരു പരിഹാരം എന്ന നിലയിലാണ് 1970ൽ ഒരു ഡസനോളം പ്രവർത്തകരെ ഉൾക്കൊള്ളിച്ച് 'ദേശാഭിമാനി സ്റ്റഡി സർക്കിൾ' എന്നൊരു സംഘടന രൂപീകരിച്ചത്. ചെറുകാട്, എം.ആർ. ചന്ദ്രശേഖരൻ, പുനലൂർ ബാലൻ, കെ.പി. ശശിധരൻ തുടങ്ങി ഏതാനും പേർ കോഴിക്കോട്ടെ ഇംപീരിയൽ ഹോട്ടലിലെ ഒരു ചെറിയ മുറിയിൽ യോഗം ചേർന്ന് സംഘടന രൂപീകരിച്ചപ്പോൾ സ്വാഭാവികമായി അതിന്റെ സെക്രട്ടറിയായി എം.എൻ. കുറുപ്പിനെ തെരഞ്ഞെടുത്തു.

1970കളുടെ അവസാനം ആയപ്പോഴേക്കും ദേശാഭിമാനി സ്റ്റഡി സർക്കിൾ അന്നത്തെ കേരളത്തിലെ ഏറ്റവും വലിയ സാംസ്കാരിക പ്രസ്ഥാനമായി മാറിയതിന്റെ പുറകിൽ മൂന്ന് പ്രേരകശക്തികളാണ് ഉണ്ടായിരുന്നത്. പുരോഗമന സാഹിത്യസംഘത്തിന്റെ തിരോധാനത്തെത്തുടർന്ന് യുവകലാസാഹിതി, കേരള സാഹിത്യസമിതി, കേന്ദ്ര കലാസമിതി, പരമ്പരാഗത സാഹിത്യസംഘടനയായ സാഹിത്യപരിഷത്ത് തുടങ്ങിയവയ്ക്കൊന്നും നികത്താൻ കഴിയാതിരുന്ന വലിയൊരു ശൂന്യത മലയാള സാഹിത്യകലാരംഗത്ത് ഉണ്ടായിരുന്നു. അതു നികത്താൻ കഴിയുന്ന ഒരു ജനകീയ പ്രസ്ഥാനം ആയി വളരാൻ സ്റ്റഡി സർക്കിളിന് കഴിഞ്ഞതാണ് ആദ്യത്തെ ഘടകം. 1949ൽ പുരോഗമന സാഹിത്യസംഘത്തിലെ പിളർപ്പിന് വഴിവച്ച സങ്കുചിത ധാരണകളും വരട്ടുതത്വങ്ങളും തിരസ്കരിച്ച് 1944 ൽ എം.പി. പോളിന്റെ നേതൃത്വത്തിൽ പുനഃസംഘടിപ്പിച്ച സംഘത്തിന്റെ വീക്ഷണത്തെ ഉയർത്തിപ്പിടിച്ച് ഇ.എം.എസ്. നൽകിയ സൈദ്ധാന്തികമായ കാഴ്ചപ്പാടും സംഘടനാ

പരമായ നേതൃത്വവും ആണ് സ്റ്റഡിസർക്കിളിന്റെ വിജയത്തിന് വഴിവച്ച രണ്ടാമത്തെ ഘടകം. ജനറൽ സെക്രട്ടറി എന്ന നിലയിൽ എം.എൻ. കുറുപ്പ് പ്രകടിപ്പിച്ച കർമകുശലതയും കഠിനാധ്വാനവുമാണ് മൂന്നാമത്തെ ഘടകം. 1975-ലെ അടിയന്തരാവസ്ഥക്കാലത്ത് മറ്റെല്ലാവിധ പ്രതിപക്ഷരാഷ്ട്രീയ പ്രവർത്തനങ്ങളും അസാധ്യം ആയപ്പോൾ ദേശാഭിമാനി സ്റ്റഡി സർക്കിൾ കൂരിരുട്ടിലെ തീപ്പന്തംപോലെ പുരോഗമന സാഹിത്യാദികലകൾക്കും അൽപം പ്രച്ഛന്നമായിട്ടാണെങ്കിലും പ്രതിപക്ഷ രാഷ്ട്രീയത്തിനും വേദിയൊരുക്കി. ഈ കാലഘട്ടത്തിൽ എല്ലാം ഈ സാഹിത്യപുനരുജ്ജീവനത്തിന്റെ മുഖപത്രമായി തന്നെ ദേശാഭിമാനി വാരികയെ എം.എന്റെ നേതൃത്വത്തിൽ വളർത്തിയെടുത്തു. അങ്ങനെ വാരിക പ്രവർത്തനവും സ്റ്റഡി സർക്കിളിന്റെ സംഘടനാ പ്രവർത്തനവും കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ ഓടി നടന്ന് സമന്വയിപ്പിച്ച് പ്രവർത്തിക്കാൻ എം.എന്ന് കഴിഞ്ഞു. അദ്ദേഹത്തിന്റെ ജീവിതത്തിലെ പുഷ്ക്കലവും ധന്യവുമായ ഒരു കാലയളവായിരുന്നു അത്.

ഈ പ്രവർത്തനങ്ങളുടെ വ്യാപകമായ സ്വാധീനവും വിജയവും വിവരിക്കാൻ സ്ഥലപരിമിതി എന്നെയനുവദിക്കുന്നില്ല. എന്നാൽ ഇക്കാലത്ത് ഈ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിലേക്കും നേതൃത്വത്തിലേക്കും ആകർഷിക്കപ്പെട്ടവരുടെ പേരുകൾ തന്നെ നേടിയ വിജയത്തിന്റെ അളവുകോലാണ്. അവരിൽ പുരോഗമനവാദികളാണെങ്കിലും അതുവരെ നിഷ്ക്രിയരായി കഴിഞ്ഞു കൂടിയവരെ കർമരംഗത്തേക്ക് കൊണ്ടുവരാൻ കഴിഞ്ഞതിന് പുറമെ പുരോഗമന സാഹിത്യ പ്രസ്ഥാനത്തെയും സോഷ്യലിസം മാർക്സിസം മുതലായ ആശയങ്ങളെയും എതിർത്തിരുന്നവരും ഉൾപ്പെടുന്നു. ചെറുകാട്, തായാട്ടുശങ്കരൻ, എം.എൻ. വിജയൻ, എം.കെ. സാനു, മഹാകവി വൈലോപ്പിള്ളി തുടങ്ങിവർ സംഘടനയിൽ തന്നെ ചുമതലകൾ വഹിച്ചപ്പോൾ ഇടശ്ശേരി, കെ. ദാമോദരൻ, സി.പി. ശ്രീധരൻ, പവനൻ, സി. അച്യുതക്കുറുപ്പ്, സുകുമാർ അഴീക്കോട്, എൻ.വി. കൃഷ്ണവാര്യർ, ലീലാവതി, സുഗതകുമാരി തുടങ്ങിയ പലരും സ്റ്റഡി സർക്കിൾ വേദിയെ കൂടെക്കൂടെ അലങ്കരിച്ചിരുന്നു.

വൈലോപ്പള്ളിയും പുകസയും

1980കളുടെ ആരംഭത്തോടുകൂടി സ്റ്റഡി സർക്കിൾ പ്രസ്ഥാനം വെറുമൊരു പഠനവൃത്തത്തിനകത്ത് ഒതുങ്ങാനാവാത്തവിധം വികസിച്ചു. ചെറുകാടിന്റെ നിര്യാണശേഷം സ്റ്റഡി സർക്കിളിന്റെ നേതൃത്വം ഏറ്റെടുക്കുകയും അഖിലേന്ത്യാ തലത്തിൽ ജ്ഞാനപീഠ പുരസ്കാര ജേതാവ് ശിവരാം കാരന്തിനേയും മറാഠി സാഹിത്യപ്രതിഭ ദുർഗാ ഭഗവത്തിനെയും പോലെ കൈവിരലിൽ എണ്ണാവുന്ന സാഹിത്യ പ്രതിഭകൾക്കൊക്കെ അടിയന്തരാവസ്ഥയെ പരസ്യമായി വെല്ലുവിളിക്കാൻ ധൈര്യം പ്രകടിപ്പിച്ച മഹാകവി വൈലോ

പ്പിള്ളിയുടെ സപ്തതി പ്രമാണിച്ച് ചേർന്ന മഹാ സാംസ്കാരിക സംഗമം പുരോഗമന കലാ സാഹിത്യ സംഘത്തിന് (പുകസ) രൂപം നൽകിയപ്പോൾ അതിന്റെ മുഖ്യ സംഘാടകനായിരുന്ന എം.എൻ. കുറുപ്പ് തന്നെ അതിന്റെ ജനറൽ സെക്രട്ടറിയായി. പുരോഗമന കലാസാഹിത്യസംഘം ഇന്ന് കേരളത്തിലെ വിവിധ സാഹിത്യ കലാരംഗങ്ങളെ തഴുകുന്ന ഒരു മഹാപ്രസ്ഥാനമാണെങ്കിൽ അതിന്റെ മുഖ്യ പ്രചോദനം ഒരു വ്യക്തിയിൽ കാണാമെങ്കിൽ ആ വ്യക്തി ഇ.എം.എസ്. നമ്പൂതിരിപ്പാടാണ്.

തകർന്ന് നാമാവശേഷമായ പുരോഗമന കലാ സാഹിത്യ പ്രസ്ഥാനത്തിന്റെ സംഘടന പുനഃസ്ഥാപിക്കുകയും അതിന് ദീർഘദൃഷ്ടിയോടെയുള്ള ഒരു കാഴ്ചപ്പാട് നൽകാനും ശ്രമിച്ച ഇ.എം.എസ്സിന്റെ സംഘടനാരംഗത്തെ വലംകയ്യായിരുന്നു എം.എൻ. കുറുപ്പ് എന്നു പറഞ്ഞാൽ അതിൽ അതിശയോക്തി സ്പർശം ഇല്ല. എം.എൻ. കുറുപ്പിന് ശേഷം പുകസായുടെ കഴിവുറ്റ ജനറൽ സെക്രട്ടറിമാരായി ചുമതലയേറ്റ എരുമേലി പരമേശ്വരൻപിള്ള, എസ്. രമേശൻ, എം. കുട്ടികൃഷ്ണൻ, ഇയ്യങ്കോട് ശ്രീധരൻ, കടമ്മനിട്ട രാമകൃഷ്ണൻ, ഒ.എൻ.വി, പി. അപ്പുക്കുട്ടൻ തുടങ്ങിയവർക്ക് പിന്തുടരാനും അനുകരിക്കാനും ഉത്തമ മാതൃകയായിരുന്നു എം.എൻ. കുറുപ്പ്. ഒരു കാര്യത്തിൽ മാത്രമേ അദ്ദേഹത്തിന്റെ കർമശേഷിയും കാലവും പ്രസ്ഥാനം അപഹരിച്ചെടുത്തതിനാൽ അദ്ദേഹത്തിന്റെ സ്വന്തമായ കവിതകളും സാഹിത്യ വിമർശനങ്ങളും നമുക്ക് വേണ്ടത്ര ലഭിക്കാതെ പോയി. എം.എന്റെ ഉറ്റ സഹപ്രവർത്തകനും സെക്രട്ടറി സ്ഥാനത്ത് മികവുറ്റ പിൻഗാമിയും ആയ പ്രൊഫസർ എരുമേലി പരമേശ്വരൻപിള്ളയുടെ പരിശ്രമം മൂലം അടുത്തയിടെ എം.എൻ. കുറുപ്പിന്റെ ഏതാനും കവിതകളുടെ ഒരു സമാഹാരം പ്രസിദ്ധീകരിച്ചത് നമ്മുടെ ഭാഗ്യം. എരുമേലിയോട് പുരോഗമന പ്രസ്ഥാനവും സഹൃദയ ലോകവും കൃതജ്ഞരാണ്. ഈ ചെറിയ സമാഹാരത്തിൽ തന്നെ എം.എന്റെ കവിഭാവനയുടെ തിളങ്ങുന്ന ചക്രവാളം നമുക്ക് കണ്ടെത്താം. മലയാള സാഹിത്യ സാംസ്കാരിക പുരോഗതിയുടെ ചരിത്രത്തിൽ എം.എൻ. കുറുപ്പിന്റെ പേരും സംഭാവനകളും വിസ്മൃതമാവുകയില്ല. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലി അർപ്പിച്ചു കൊള്ളുന്നു. ■

16. ഒ. മാധവൻ: വീറുറ്റ വിപ്ലവവീര്യം മികവുറ്റ നാടകപ്രതിഭ



1924 മാർച്ച് 4 ന് ആലപ്പുഴ ജില്ലയിലെ ചുനക്കരയിൽ തറയിൽ ഉമ്മിണിയുടേയും കുട്ടിയമ്മയുടേയും പത്തുമക്കളിൽ മൂത്തവനായി ജനിച്ചു. മാവേലിക്കര ഹൈസ്കൂൾ, അണ്ണാമല സർവകലാശാല, കൊല്ലം എസ്. എൻ. കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

1951 ലാണ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കലാസമിതി എന്ന നിലയിൽ കെ. പി. എ. സിയുമായി ബന്ധപ്പെടുന്നത്. കെ. പി. എ. സിയുടെ ആദ്യ നാടകമായ 'എന്റെ മകനാണ് ശരി'യിൽ നായകന്റെ പകരക്കാരനായിട്ടാണ് അരങ്ങിലെത്തിയത്. 1960 ൽ സ്വന്തം നിലയിൽ കാളിദാസ കലാകേന്ദ്രം സ്ഥാപിച്ചു. കെ. പി. എ. സിയുടെ 6 നാടകങ്ങൾ ഉൾപ്പെടെ അമ്പതോളം നാടകങ്ങളിലഭിനയിച്ചു. കാലം മറയുന്നു ആയിരുന്നു ആദ്യ ചലച്ചിത്രം. 2000ൽ 'സായാഹ്ന'ത്തിലെ അഭിനയത്തിന് മികച്ച നടനുള്ള സംസ്ഥാന അവാർഡ് ലഭിച്ചു. എട്ടു വർഷത്തോളം കെ. പി. എ. സി. ജനറൽ സെക്രട്ടറിയായിരുന്നു. 2005 ആഗസ്റ്റ് 19 ന് അന്തരിച്ചു. ഭാര്യ പ്രശസ്ത നടിയായ വിജയകുമാരി..

(1924-2005) ഒ. മാധവൻ (ജനനം 1924) വീറുറ്റ വിപ്ലവവീര്യംകൊണ്ടും മികവുറ്റ അഭിനയപാടവംകൊണ്ടും കഴിഞ്ഞ അരനൂറ്റാണ്ടുകാലം മലയാളക്കരയെ പുളകംകൊള്ളിച്ചുപോന്ന പ്രതിഭാശാലിയാണ്. 1953 മുതൽ കെ.പി.എ.സിയിലെ നടനായി കലാജീവിതം ആരംഭിച്ച മാധവൻ 1960നു ശേഷം തന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട കൊല്ലം കാളിദാസ കലാകേന്ദ്രത്തിലൂടെ അഭിനയകലയുടെ ഉത്തുംഗശ്രേണികളിലെത്തി. കൂടാതെ കുറെ ചലച്ചിത്രങ്ങളിലും മാധവൻ തന്റെ മികവ് തെളിയിച്ചു.

കെ.പി.എ.സി. എന്നപോലെ കാളിദാസകലാകേന്ദ്രവും കമ്യൂണിസ്റ്റ് പക്ഷപാതത്തിനും സാമൂഹിക പ്രതിബദ്ധതയ്ക്കും ഊന്നൽ നൽകിയ കലാസംഘടനയിരുന്നു എന്ന് പറയേണ്ടതില്ലല്ലോ. ഈ രണ്ട് കലാസംഘടനകളുടെ എന്നപോലെ മാധവന്റെയും വിജയരഹസ്യം ഈ പ്രതിബദ്ധതയായിരുന്നു. വാസ്തവം പറഞ്ഞാൽ കുട്ടിക്കാലം മുതലേ കലാവാസന പ്രകടിപ്പിച്ചുവന്നെങ്കിലും കലാരംഗത്തേക്കുള്ള കാര്യമായ കാൽവെപ്പുകൾ മാധ

വൻ നടത്തിയത് രാഷ്ട്രീയസമരപഥത്തിലൂടെയായിരുന്നു. അതാണ് തന്റെ കലാരംഗത്തെ മികവിന് കാരണമായത് എന്ന് മാധവൻ ജീവിതാന്ത്യംവരെ വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. അക്കാര്യങ്ങളിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് മാധവന്റെ ബാല്യകാലത്തിലേക്ക് നമുക്ക് തിരിഞ്ഞുനോക്കാം.

ബാല്യവും വിദ്യാഭ്യാസവും

മാവേലിക്കര ചുനക്കര ഗ്രാമത്തിൽ തറയിൽവീട്ടിൽ 1924 മാർച്ച് നാലിന് ഉമ്മണി-കുട്ടിയമ്മ ദമ്പതികളുടെ പത്തുമക്കളിൽ മൂത്തവനായി മാധവൻ ജനിച്ചു. സ്ഥലത്തെ പ്രാഥമിക വിദ്യാലയത്തിലും മാവേലിക്കര സർക്കാർ ഹൈസ്കൂളിലും പഠിത്തം പൂർത്തിയാക്കി കോളേജ് വിദ്യാഭ്യാസത്തിന് അണ്ണാമല സർവകലാശാലയിലും കൊല്ലം എസ്.എൻ. കോളേജിലും ചേർന്നു. സ്കൂളിൽ പഠിക്കുമ്പോൾതന്നെ ദേശീയ പ്രസ്ഥാനത്തിൽ ആകൃഷ്ടനായ മാധവൻ സമരസന്ദർഭങ്ങളിൽ ത്രിവർണപതാകയേന്തിയ കുട്ടികളുടെ ജാഥകളിൽ മുമ്പനായിരുന്നതിനാൽ അധികൃതരുടെ നോട്ടപ്പുള്ളിയായി. അണ്ണാമല സർവകലാശാലയിൽ ഇന്റർമീഡിയറ്റ് പരീക്ഷ (ഇന്നത്തെ പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ്ടു) ജയിച്ച് 1949 ൽ മാധവൻ കൊല്ലം എസ്.എൻ. കോളേജിൽ ബി.എയ്ക്ക് ചേർന്നതോടെയാണ് രാഷ്ട്രീയപ്രവർത്തനത്തിൽ കൂടുതൽ ഊർജസ്വലനായത്.

മാധവൻ എസ്.എൻ. കോളേജിൽ ചേരുമ്പോൾ അന്നത്തെ തിരുവിതാംകൂർ രാഷ്ട്രീയം പൊതുവെയും വിദ്യാർത്ഥിരാഷ്ട്രീയം പ്രത്യേകിച്ചും തിളച്ചുമറിയാൻ തുടങ്ങിയിരുന്നു. കമ്യൂണിസ്റ്റ് പാർട്ടിയും അഖിലേന്ത്യാ വിദ്യാർത്ഥി ഫെഡറേഷനും നിരോധിക്കപ്പെട്ടിരുന്നു. നേതാക്കൾ ഭൂരിപക്ഷവും കാരാഗ്രഹത്തിലോ ഒളിവിലോ ആയിരുന്നു. സർ. സി.പി. രാമസ്വാമി അയ്യരുടെ സ്വതന്ത്ര തിരുവിതാംകൂറിനെ അനുകൂലിക്കുകയും പുന്നപ്ര-വയലാർ സമരം ഉൾപ്പെടെയുള്ള സമരങ്ങളെ പുച്ഛിക്കുകയും ചെയ്തിരുന്ന ആർ. ശങ്കർ രാമസ്വാമി അയ്യർ മൂക്കിന് വെട്ടേറ്റ് രായ്ക്കുരാമാനം മൈലാപ്പൂരിലേക്ക് തടിതപ്പി ഒഴിഞ്ഞുപോയപ്പോൾ കോൺഗ്രസിലേക്ക് ചേക്കേറിയെങ്കിലും കടുത്ത കമ്യൂണിസ്റ്റ് വിരോധം ഉപേക്ഷിച്ചിരുന്നില്ല. എസ്.എൻ.ഡി.പി. യോഗത്തിന്റെയും എസ്.എൻ. ട്രസ്റ്റിന്റെയും മേധാവി എന്ന നിലയിൽ എസ്.എൻ. കോളേജ് അന്ന് ഭരിച്ചിരുന്നത് ശങ്കറായിരുന്നു. ശങ്കർ പകയോടുകൂടിയാണ് വിദ്യാർത്ഥി പ്രസ്ഥാനത്തെയും പ്രത്യേകിച്ച് എ.ഐ.എസ്.എഫിനെയും നോക്കി കണ്ടത്. വിദ്യാർത്ഥികൾക്കെതിരെ പല മർദ്ദനനടപടികളും ശങ്കറിന്റെ മാനേജ്മെന്റ് കൈക്കൊണ്ടു. വിദ്യാർത്ഥി സംഘടനാപ്രവർത്തകരെ കോളേജിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും പുറത്താക്കുകയും പൊലീസിന് ഒറ്റികൊടുക്കുകയും ചെയ്ത ശങ്കറിന്റെ നടപടിക്കെതിരെ വിദ്യാർത്ഥികൾ രൂക്ഷമായി പ്രതികരിച്ചു. പഠിപ്പുമുടക്കങ്ങളും പ്രകടനങ്ങളും പതിവായി. അങ്ങനെ അറസ്റ്റ് ചെയ്യപ്പെടുകയും മർ

ട്ടിക്കപ്പെടുകയും ചെയ്തവരിൽ മാധവൻ പ്രമുഖനായിരുന്നു. ഒരു നിരാഹാരവ്രതത്തെ തുടർന്ന് അറസ്റ്റ് ചെയ്യപ്പെട്ട മാധവനെ ആശുപത്രിയിൽ വെച്ച് പൊലീസ് മർദ്ദിക്കുകയും തലമുടി പിടിച്ചുവലിച്ച് പിഴുതെടുക്കുകയും ചെയ്തു. പൊലീസ് മർദ്ദനത്തിന് കുപ്രസിദ്ധി നേടിയ പറവൂർ ടി.കെ. നാരായണപിള്ള ആയിരുന്നു അതിനകം തിരുവിതാംകൂറും കൊച്ചിയും ലയിച്ചു ചേർന്ന തിരു-കൊച്ചിയുടെ മുഖ്യമന്ത്രി.

ആശുപത്രിയിൽവെച്ച് ആഭാസത്തരം പറഞ്ഞ പൊലീസുകാരോട് അവശനായിരുന്നുവെങ്കിലും മാധവൻ തട്ടിക്കയറുകയും അതിന് പ്രതിക്രിയയായി അവർ വീണ്ടും മർദ്ദിക്കുകയും ചെയ്തപ്പോൾ സഖാവ് ബോധം കെട്ട് തറയിൽ വീണു. മാധവൻ മരിച്ചുപോയി എന്നുകരുതി പരിഭ്രാന്തരായ നഴ്സുമാർ വരെ കരഞ്ഞുപോയി. വാർത്ത പുറത്തെത്തിയപ്പോൾ പ്രതിഷേധപ്രകടനങ്ങൾ ആശുപത്രിയിലേക്കും പൊലീസ് സ്റ്റേഷനുകളിലേക്കും പൊലീസ് നിരോധനത്തെ അവഗണിച്ചുകൊണ്ട് പ്രവഹിക്കാൻ തുടങ്ങി. ഒടുവിൽ മാധവന് ജീവനുണ്ടെന്ന് വ്യക്തമായിട്ടും പ്രകടനങ്ങളും പ്രതിഷേധങ്ങളും അവസാനിച്ചില്ല. ഏതായാലും അധികം താമസിയാതെ കോളേജ് മാനേജ്മെന്റും പൊലീസും ഒത്തുതീർപ്പിന് ഒരുങ്ങുകയും വിദ്യാർത്ഥികളുടെ സസ്പെൻഷൻ പിൻവലിക്കുകയും അറസ്റ്റ് ചെയ്തവരെ വിടുകയും ചെയ്തതോടെ സമരം വിജയിച്ചു.

രാഷ്ട്രീയവും കലയും

1949ലെ എസ്.എൻ. കോളേജ് സമരം ദക്ഷിണ കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായിരുന്നു. മാധവനെ സംബന്ധിച്ചിടത്തോളം ഇത് അദ്ദേഹത്തിലെ വിപ്ലവകാരിയെ വാർത്തെടുക്കാൻ സഹായിച്ച അഗ്നിപരീക്ഷയായിരുന്നു. പിന്നീടും 1950കളുടെ ആദ്യം നടന്ന പല വിദ്യാർത്ഥിസമരങ്ങളിലും ട്രാൻസ്പോർട്ട് തൊഴിലാളി സമരംപോലുള്ള പണിമുടക്ക് സമരങ്ങളിലും 1952ലെയും 1954ലെയും 1957ലെയും തെരഞ്ഞെടുപ്പ് സമരങ്ങളിലും മാധവൻ പല നിലകളിൽ പങ്കെടുക്കുകയും യാതനകൾ മടികൂടാതെ ഏറ്റുവാങ്ങുകയും ചെയ്തിട്ടുണ്ട്. 1952 മുതൽ തന്നെ കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായിരുന്ന മാധവൻ 1964ൽ പാർട്ടി പിളർന്നപ്പോൾ സി.പി.ഐ.യിലാണ് ചേർന്നുനിന്നത്. അന്ത്യംവരെ പാർട്ടി അംഗത്വം അഭിമാനകരമായ ഒരു ബിരുദംപോലെ അദ്ദേഹം സൂക്ഷിക്കുകയും പാർട്ടി നിർദ്ദേശപ്രകാരം സമരങ്ങളിലും പ്രവർത്തനങ്ങളിലും മറ്റു പ്രചാരണപ്രവർത്തനങ്ങളിലും ഒരു കലാകാരൻ എന്ന നിലയിൽ തന്റെ വൈഭവങ്ങൾ ഉപയോഗിക്കുന്നതിലും അദ്ദേഹം മുൻനിന്നിരുന്നു.

1950കളുടെ ആദ്യം തോപ്പിൽ ഭാസി, എൻ. രാജഗോപാലൻ നായർ, കാമ്പിശേരി കരുണാകരൻ, ജി. ജനാർദ്ദനക്കുറുപ്പ് തുടങ്ങിയ ഏതാനും യുവപ്രതിഭാശാലികളായ കമ്യൂണിസ്റ്റുകാർ പാർട്ടിയുടെ നേതൃത്വത്തിൽ കേരള പീപ്പിൾസ് ആർട്സ് ക്ലബ് (കെ.പി.എ.സി.) എന്ന നാടകസംഘം രൂപീക

രിച്ച് അവരുടെ ആദ്യത്തെ നാടകമായ "എന്റെ മകനാണ് ശശി" അഭിനയിച്ച് അവതരിപ്പിച്ച് ജനപ്രീതി നേടാൻ തുടങ്ങിയിരുന്നു. 1951ൽ തന്നെ മാധവനും അതിൽ അഭിനേതാവായി ചേർന്ന് മികവ് തെളിയിച്ചു. തുടർന്ന് 1960ൽ സ്വന്തം നേതൃത്വത്തിലും കെ.പി.എ.സിയുടെ രാഷ്ട്രീയപ്രതിബദ്ധതയോടും ശൈലിയോടും കൂടിത്തന്നെ കൊല്ലം കാളിദാസകലാകേന്ദ്രം രൂപീകരിക്കുന്നതുവരെ കെ.പി.എ.സി. ആയിരുന്നു അദ്ദേഹത്തിന്റെ മുഖ്യപ്രവർത്തന മേഖല. സ്വന്തം ഉടമസ്ഥതയിൽ കാളിദാസകലാകേന്ദ്രം ആരംഭിച്ചതിനുശേഷവും കെ.പി.എ.സിയുമായി സഹോദരബന്ധം തുടരുകയും സവിശേഷ സന്ദർഭങ്ങളിൽ 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി' തുടങ്ങിയ ചില പ്രധാന നാടകങ്ങളിൽ അഭിനയിക്കുകയും ചെയ്തിരുന്നു.

കെ.പി.എ.സിയിലെ ആദ്യകാല നാടകങ്ങളായ "നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി", "സർവെക്കല്ല്", "മുടിയനായ പുത്രൻ", "പുതിയ ആകാശം പുതിയ ഭൂമി", "അശ്വമേധം", "ശരശയ്യ" തുടങ്ങിയ നാടകങ്ങളിൽ മാധവൻ മുഖ്യകഥാപാത്രങ്ങളുടെ വേഷമിട്ടിട്ടുണ്ട്. ഇന്ന വേഷമേ തനിക്ക് ആകൂ എന്ന നിർബന്ധബുദ്ധി ഇല്ലാതിരുന്ന മാധവൻ ഏതുവേഷവും ഏതുതരം കഥാപാത്രവും തനിക്ക് അനായാസമായി അഭിനയിപ്പിച്ച് ഫലിപ്പിക്കാൻ കഴിയുമെന്ന് തെളിയിച്ചിട്ടുണ്ട്. കാമ്പിശേരി കരുണാകരൻ അനുപമമായ അഭിനയപാടവത്തോടെ അവതരിപ്പിച്ച നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കിയിലെ അനശ്വരനായ പരമുപിള്ള മുതൽ സർവ്വേക്കല്ലിലെ "വാനാറി പാച്ചു", അശ്വമേധത്തിലെ "ഡോക്ടർ" വരെ വ്യത്യസ്ത ഭാവാഭിനയങ്ങൾ മാധവൻ വിജയകരമായി പ്രദർശിപ്പിച്ചിട്ടുണ്ട്. "മുടിയനായ പുത്രനി"ലെ സംഗ്രാമധീരനായ മുടിയനായ പുത്രന്റെ വേഷമാണ് മാധവൻ അഭിനയകീർത്തിയിലേക്കുള്ള കുതിച്ചുചാട്ടത്തിന് തുടക്കംകുറിച്ചത്.

"നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി"യിലെ ചുണക്കുട്ടിയായ പാവാടക്കാരിയായി ആരംഭിച്ച് പിന്നീട് അരങ്ങിലാകെ നിറഞ്ഞുനിന്ന വാസനാസമ്പന്നയായ വിജയകുമാരിയെയാണ് മാധവൻ വിവാഹം കഴിച്ചത്. അവരുടെ മൂത്ത മകൻ മുകേഷ് നാടകത്തിലും സിനിമയിലും വിളങ്ങിനിൽക്കുന്ന താരമാണ്. മകൾ സന്ധ്യയും മരുമകൻ രാജേന്ദ്രനും അച്ഛനമ്മമാരുടെ മാതൃക പിന്തുടർന്ന് കലാരംഗത്ത് ശോഭിക്കുന്നു. മരുമകൾ സരിതയും കഴിവുറ്റ കലാകാരിയാണ്.

കാളിദാസകലാകേന്ദ്രം അവതരിപ്പിച്ച അമ്പതോളം നാടകങ്ങളിൽ മിക്കതിലും മാധവൻ നടനെന്നതിനുപുറമെ സംവിധായകനും ചിലപ്പോൾ നാടകകൃത്തുമായി തന്റെ നാടകപ്രതിഭ പ്രകടിപ്പിച്ചിട്ടുണ്ട്. അന്ധവിശ്വാസങ്ങൾക്കും യാഥാസ്ഥിതികരാഷ്ട്രീയത്തിനും ആൾദൈവങ്ങളുടെ തട്ടിപ്പുകൾക്കും കുടുംബബന്ധങ്ങളിലെ സ്ത്രീവിരുദ്ധ പ്രവണതകൾക്കും എതിരെ മാധവന്റെ തൂലികയും അഭിനയപ്രതിഭയും അസിധാരപോലെ ആഞ്ഞാഞ്ഞ് വെട്ടിയിട്ടുണ്ട്. നാടകം സാമൂഹിക പരിവർത്തന യത്നങ്ങൾക്കുള്ള ഒരു

പാധി എന്ന നിലപാടിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ അവയെ ആകർഷകമായ വിനോദോപാധിയാക്കാനും വിജയകരമായ ഒരു വിദ്യാഭ്യാസമാധ്യമമാക്കാനും കഴിഞ്ഞതാണ് മാധവന്റെ കലാസപര്യയുടെ സത്ത.

കേരളത്തിലെ വിപ്ലവനാടകവേദിയിൽ കെ.ടി. മുഹമ്മദ്, ചെറുകാട്, പി.ജെ. ആന്റണി, തോപ്പിൽ ഭാസി തുടങ്ങിയവരോടൊപ്പം ഒ. മാധവൻ എക്കാലവും സ്മരിക്കപ്പെടും. ■

17. പ്രതിബദ്ധതയും പ്രതിഭയും സമന്വയിച്ച വൈക്കം



1920 ഡിസംബർ 21 ന് കോട്ടയം ജില്ലയിലെ വൈക്കത്ത് ഇളന്താഴ്ശേരി വീട്ടിൽ ജനനം. കൃഷ്ണപിള്ളയും പാർവതി അമ്മയും മാതാപിതാക്കൾ. സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായി മംഗളോദയത്തിൽ ജോലിക്ക് പ്രവേശിച്ചു. മലയാള മനോരമ സബ് എഡിറ്ററായി എതാനും നാൾ പ്രവർത്തിച്ചു. *പ്രഭാത* എന്ന പത്രത്തിലും പ്രവർത്തിച്ചു. ജനയുഗം വാരികയുടേയും പത്രത്തിന്റേയും സ്ഥാപകരിലൊരാൾ. 1978 - 81 വരെ സംഗീത നാടക അക്കാദമി ചെയർമാൻ. *നഖങ്ങൾ, പഞ്ചവൻകാട്, ഗോത്രമാഹം, സ്മൃതികാവും* തുടങ്ങിയ 20 ഓളം നോവലുകളും *ഡോക്ടർ, കുറ്റവും ശിക്ഷയും, കടന്നൽക്കൂട്* തുടങ്ങിയ നാടകങ്ങളും രചിച്ചു. *ജാതൂഗൃഹത്തിന്* സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. സുശീലാദേവിയാണ് ഭാര്യ. 2005 ഏപ്രിൽ 13ന് അന്തരിച്ചു.

ചന്ദ്രശേഖരൻ നായർ വ്യാപരിച്ച മേഖലകൾ വിപുലവും വൈവിധ്യമാർന്നതുമാണ്. 1969 വരെ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി തുടരുകയും പിന്നീട് ജീവിതാന്ത്യം വരെയും കമ്യൂണിസ്റ്റാദർശത്തിൽ അടിയുറച്ച് നിൽക്കുകയും ചെയ്ത വൈക്കം ചന്ദ്രശേഖരൻ നായർ പത്രപ്രവർത്തനം, സാഹിത്യ പഠനം, ആഖ്യായിക, ചെറുകഥ, നാടക രചന, നാടകാഭിനയം, ഗാനരചന, പ്രഭാഷണം, പത്രാധിപത്യം എന്നിങ്ങനെ ഏതെല്ലാം മേഖലകളിലാണ് വിജയകരമായി പ്രവർത്തിച്ചതെന്ന് തിട്ടപ്പെടുത്താൻ പ്രയാസമാണ്.

ലേഖനവിദ്യ വിദ്യാർത്ഥി ആയിരുന്നപ്പോൾ തന്നെ ചന്ദ്രശേഖരൻ നായർ ആരംഭിച്ചിരുന്നു. 1928 ൽ ചരിത്രപ്രസിദ്ധമായ വൈക്കം എന്ന ക്ഷേത്രനഗരത്തിലെ ഐതിഹ്യങ്ങളും സമരപാരമ്പര്യവും കേട്ടറിഞ്ഞും അനുഭവിച്ചും ആണ് ചന്ദ്രശേഖരൻ നായരുടെ വ്യക്തിത്വം രൂപപ്പെട്ടത്. ഒരിടത്തരം കുടുംബത്തിൽ പിറന്ന ചന്ദ്രശേഖരൻ നായർ വൈക്കത്തെ വിദ്യാലയങ്ങളിൽ

പഠനം പൂർത്തിയാക്കിയ ശേഷം ഉപരിപഠനത്തിനായി കോട്ടയത്തെ സി.എം.എസ്. കോളേജിൽ എത്തിയതോടെ രാഷ്ട്രീയ താല്പര്യങ്ങളും സാഹിത്യവാസനയും ആ യുവാവിൽ തളിരിടാൻ തുടങ്ങി. അന്ത്യശ്വാസം വരെ ഒരിക്കലും ഒന്നിലും ഉറച്ചുനിൽക്കുന്ന പ്രകൃതം ഇല്ലാതിരുന്ന വൈക്കം കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയതായി തോന്നുന്നില്ല. ബുദ്ധിസാമർഥ്യമോ പഠനശേഷിയോ ഇല്ലാത്തതുകൊണ്ടായിരുന്നില്ല അത്. പ്രായത്തെ കവിഞ്ഞ ബുദ്ധിസാമർഥ്യവും വായനാശീലവും വായിച്ചതൊക്കെ ബ്ലോട്ടിംഗ് പേപ്പറിൽ മഷിവലിച്ച് എടുക്കുന്നതുപോലെ ഇംഗ്ലീഷിലായാലും മലയാളത്തിലായാലും സ്വാംശീകരിക്കാനും സുന്ദരമായ ശൈലിയിൽ ആവിഷ്കരിക്കാനും അന്നേ വൈക്കത്തിന് കഴിയുമായിരുന്നു. അതുകൊണ്ട് ക്ലാസിൽ പഠിപ്പിച്ചതും അതിനപ്പുറവും പഠിച്ച വൈക്കത്തിന്റെ വിജ്ഞാനദാഹത്തെ തൃപ്തിപ്പെടുത്താൻ ക്ലാസ്മുറികളിലെ അധ്യാപനത്തിനോ പാഠ്യപദ്ധതിക്കോ കഴിഞ്ഞിരുന്നില്ല എന്നതാണ് നേര്. അങ്ങനെ പഠിച്ചുകൊണ്ടിരിക്കുമ്പോൾ എഴുതിയ ലേഖനങ്ങളും ചെറുകവിതകളും മറ്റും പത്രമാസികകൾ സ്വീകരിച്ച് അച്ചടിക്കാൻ തുടങ്ങിയതോടെ ഈ രംഗത്തെ നവാഗതർക്ക് അനുഭവപ്പെടാറുള്ള നിരാശയൊന്നും വൈക്കത്തിനെ ബാധിച്ചില്ല. മാത്രമല്ല എഴുത്തുകാരൻ എന്ന നിലയിൽ തികഞ്ഞ ആത്മവിശ്വാസം അനാഗതസ്മശ്രുവായിരുന്ന അക്കാലത്തുതന്നെ ഒരു ബാധ്യതയായിട്ടോ പ്രോത്സാഹനമായിട്ടോ ആ യുവാവിന് അനുഭവപ്പെടുകയും ചെയ്തു.

ആദ്യകാല സംരംഭങ്ങൾ

അപര്യാപ്തമായ ക്ലാസ്മുറി പഠനങ്ങളോടുള്ള അനാദരവും സാമ്പത്തികമായ ക്ലേശങ്ങളും സർവോപരി പുറംലോകം ഉയർത്തിയ ആകർഷണങ്ങളും വൈക്കത്തെ ഒരു സ്വതന്ത്രജീവിതമാർഗം കണ്ടെത്താൻ പ്രേരിപ്പിച്ചു. എ.വി. ജോർജ് നടത്തിയിരുന്ന കേരളഭൂഷണം പത്രത്തിൽ അനായാസമായി ഒരു ജോലി തരപ്പെടുത്താൻ വാസനാസമ്പന്നനായ ആ യുവാവിന് വിഷമം ഒന്നും അനുഭവപ്പെട്ടില്ല. പ്രതീക്ഷച്ചതിൽ കവിഞ്ഞ സാമർഥ്യത്തോടുകൂടി പത്രപ്രവർത്തനം നടത്തിവന്നു എങ്കിലും ആ യുവാവിൽ പ്രകടമായ കലാപവാസനയും കമ്യൂണിസ്റ്റ് ആഭിമുഖ്യവും വൻ മുതലാളിയും യാഥാസ്ഥിതികനും ആയിരുന്ന എ.വി. ജോർജിന് പൊറുപ്പിക്കാൻ കഴിയുമായിരുന്നില്ല. അങ്ങനെ അവിടെനിന്ന് പുറത്തായ ശേഷം മലയാള മനോരമയുടെ ന്യൂസ് ഡസ്കിലും ഏതാനും മാസങ്ങൾ പരീക്ഷിച്ചുനോക്കിയെങ്കിലും പത്രം ഉടമയ്ക്ക് ഹിതകരമല്ലാത്ത ഒരു പ്രഭാഷണം ചെയ്തതിന്റെ പേരിൽ വൈക്കം വീണ്ടും തിരുനക്കര ചന്തയിലേക്ക് വഴിയാധാരമായി വലിച്ചെറിയപ്പെടുന്നു. കമ്യൂണിസ്റ്റ് അനുഭാവംമൂലം താൻ പത്രമുടമകളാൽ ശിക്ഷിക്കപ്പെട്ടു എങ്കിൽ നേരിട്ട് ആ പ്രവർത്തനം തന്നെ നടത്തിക്കളയാം എന്ന ഹുങ്കോടുകൂടി കോട്ടയത്തുനിന്നും വൈക്കം ആലപ്പുഴയ്ക്ക് ബോട്ടുകയറി. അവിടെ പാർട്ടി രംഗത്തും ട്രേഡ് യൂണിയൻ രംഗത്തും കുലേക്കാലം പ്രവർത്തിച്ചതിനെ തുടർന്ന് ആ പ്രവർത്തനങ്ങളുടെ തന്നെ ഭാഗമായി അക്കാലത്ത് കൊല്ലത്തുനിന്ന് പ്രസിദ്ധീകരിച്ചുകൊണ്ടി

രുന്ന കമ്യൂണിസ്റ്റ് ദിനപത്രമായ ജനയുഗത്തിലേക്ക് ക്ഷണിക്കപ്പെട്ടു.

അങ്ങനെ, 1950കളുടെ മധ്യത്തിൽ കൊല്ലത്തെത്തിയ വൈക്കം ചന്ദ്രശേഖരൻ നായരുടെ ജീവിതത്തിൽ കോട്ടയവും ആലപ്പുഴയും കഴിഞ്ഞ് മൂന്നാമതൊരധ്യായം ആരംഭിക്കുകയുണ്ടായി. കമ്യൂണിസ്റ്റായതുകൊണ്ട് മുൻ പത്രജോലികളിൽ നിന്നും ബഹിഷ്ക്കരിക്കപ്പെട്ട വൈക്കത്തിന് അങ്ങനെ കമ്യൂണിസ്റ്റായതുകൊണ്ടുതന്നെ ജനയുഗം പത്രത്തിൽ ജോലികിട്ടി.

പത്രങ്ങളുടെ പ്രളയത്തിലൂടെ

ജനയുഗം ദിനപത്രത്തിന് പുറമെ ജനയുഗം വാരികയും സിനിരമ എന്ന ഒരു സിനിമാവാരികയും പാർട്ടി അന്ന് നടത്തിവന്നു. പ്രശസ്ത പത്ര പ്രവർത്തകരായിരുന്ന 'ജനയുഗം ഗോപി' എന്ന പേരിൽ അറിയപ്പെടുന്ന എൻ. ഗോപിനാഥൻ നായർ, നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കിയിലെ പരമു പിള്ള കാരണവരുടെ വേഷമണിഞ്ഞ് പേരെടുത്ത എഴുത്തുകാരനും എം.എൽ.എയും ആയിരുന്ന കാമ്പിശ്ശേരി കരുണാകരൻ, ആഖ്യായികാകാരനായിരുന്ന കെ.എസ്. ചന്ദ്രൻ എന്നിവർക്ക് പുറമെ പി.കെ. വാസുദേവൻ നായർ, കെ. ഗോവിന്ദപ്പിള്ള, എം.എൻ. രാമചന്ദ്രൻ നായർ തുടങ്ങിയ രാഷ്ട്രീയ നേതാക്കളും 1950 കളിൽ ജനയുഗത്തിൽ പ്രവർത്തിച്ചിരുന്നു. ഈ പ്രസിദ്ധീകരണങ്ങളുടെ കെട്ടുംമട്ടും ഉള്ളടക്കവും മറ്റേത് കാലികങ്ങളെയും പിന്തള്ളാൻ പോന്നവിധം മുന്നേറിയതിൽ വൈക്കത്തിന്റെ സംഭാവന ചെറുതല്ലായിരുന്നു. വൈക്കത്തിന്റെ പല കൃതികളും അക്കാലത്ത് ജനയുഗം വാരികയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു.

കമ്യൂണിസ്റ്റായതുകൊണ്ടുള്ള പിരിച്ചുവിടൽ ഭീഷണി കമ്യൂണിസ്റ്റ് പത്രമായതിനാൽ വൈക്കത്തിന് നേരിടേണ്ടിവന്നില്ലെങ്കിലും ഒരിടത്തും ഉറച്ചു നിൽക്കാത്ത അദ്ദേഹത്തിന്റെ പ്രകൃതം മൂലം ജനയുഗത്തെ അദ്ദേഹം കൈവിട്ടു. ഇതിനകം തന്നെ പ്രഭാഷകനും നാടകകൃത്തും പത്രാധിപരും എല്ലാമായി പ്രശസ്തി നേടിക്കഴിഞ്ഞിരുന്ന വൈക്കത്തെ ഇരുകൈകളും നീട്ടി സ്വീകരിക്കാൻ തയ്യാറായ പല പത്രങ്ങളും ഉണ്ടായിരുന്നു. ഈ കാലയളവിലെല്ലാം പൗരപ്രഭ, പൗരധ്വനി, പ്രഭാതം, യുവകേരളം തുടങ്ങി 1950 കളിലും 60കളിലും പ്രചാരമുണ്ടായിരുന്ന പല കാലികങ്ങളുമായി വൈക്കത്തിന് ലേഖകൻ എന്ന നിലയിലും ചിലപ്പോൾ പത്രാധിപസമിതി അംഗം എന്ന നിലയിലും ബന്ധമുണ്ടായിരുന്നു. ഈ ഘട്ടത്തിൽ പ്രശസ്ത കമ്യൂണിസ്റ്റ് എം.പി.യായിരുന്ന വി.പി. നായർ ആരംഭിച്ച കേരളശബ്ദം എന്ന സ്വതന്ത്ര രാഷ്ട്രീയ വാരിക വിലയ്ക്ക് വാങ്ങിക്കൊണ്ട് കൊല്ലത്തെ പ്രമുഖ വസ്ത്രവ്യാപാരിയും സംസ്കാരസമ്പന്നനും ആയിരുന്ന കൃഷ്ണസ്വാമി റെഡ്ഡിയാർ വാരികകളും മാസികകളും അടങ്ങുന്ന ഒരു കാലിക ശൃംഖല തന്നെ സമാരംഭിച്ചു. ജനയുഗത്തിൽനിന്ന് എം.എൻ. രാമചന്ദ്രൻ നായരെ തന്റെ പ്രസിദ്ധീകരണങ്ങളുടെ ബിസിനസ് മാനേജരായും വൈക്കം ചന്ദ്രശേഖരൻ നായരെ അവരുടെ ബൗദ്ധിക സ്രോതസ്സായും കൂർമബുദ്ധിയായ റെഡ്ഡിയാർ നിയോഗിച്ചു. കെ.എസ്. ചന്ദ്രനും തമിഴിലും മലയാളത്തിലു

കൃതഹസ്തനായ എസ്. രാമകൃഷ്ണനും മറ്റേതാനും പ്രതിഭാശാലികളും ചേർന്ന് റെഡ്ഡിയാരുടെ സംരംഭത്തെ വൻ വിജയമാക്കി തീർത്തു. കുങ്കുമം, നാന, മഹിളാരത്നം എന്നിങ്ങനെ റെഡ്ഡിയാരുടെ മാധ്യമസാമ്രാജ്യം അനുക്ഷണം വികസിച്ചുവന്നതിന്റെ പുറകിൽ അദ്ദേഹത്തിന്റെ വ്യാപാരബുദ്ധിക്ക് പുറമെ വൈക്കത്തിന്റെ പ്രതിഭാവിലാസത്തിന് നിർണായകമായ പങ്കുണ്ടായിരുന്നു.

അവിടെയും വൈക്കത്തിന് ഉടമയിൽനിന്ന് ഭീഷണികൾ ഒന്നും ഉണ്ടായിട്ടില്ലെങ്കിലും സ്വന്തം അരാജകത്വജീവിതപ്രകൃതിയും നവനവങ്ങളായ മേഖലകളിലേക്ക് പുതിയ മേച്ചിൽസ്ഥലങ്ങൾ തേടി കടന്നുകയറാനുള്ള വെമ്പലും പതിവുപോലെ വഴിപിരിയുന്നതിന് കാരണമായി. കാർത്തി എന്നൊരു വാരിക സ്വന്തമായി വൈക്കം തുടങ്ങിയത് ഏതാനും ലക്കങ്ങൾക്ക് ശേഷം സ്വാഭാവികമായി ചരമമടഞ്ഞു.

സർഗശേഷിയുള്ള കുത്തൊഴുക്ക്

ഈ വിധമുള്ള വൈവിധ്യമാർന്ന പത്രപ്രവർത്തനങ്ങളിൽ കയറിയിറങ്ങി കഴിയുകയും രാഷ്ട്രീയവും സാംസ്കാരികവുമായ പ്രവർത്തനങ്ങളിൽ നിരന്തരം വ്യാപരിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോഴും സ്വന്തം പത്രങ്ങളിൽ എന്നപോലെ മറ്റു പത്രമാസികകളിലും വൈക്കത്തിന്റെ പ്രതിഭാവിലാസം പരന്നൊഴുകിക്കൊണ്ടിരുന്നു. അവയിൽ സ്ഥിരം പംക്തികളുണ്ട്. ചെറുകഥകളുണ്ട്. പഠനലേഖനങ്ങൾ ഉണ്ട്. ആത്മകഥാഭ്യാസങ്ങളുണ്ട്. അവ പലതും ഇപ്പോഴും രസകരമായ വായനയ്ക്ക് ഉതകും എങ്കിലും അവയിൽ ഭാവികേരളം കൂടുതൽ ഓർക്കുക ആഖ്യായികകൾ ആയിരിക്കും. 32 ഓളം നോവലുകളാണ് അദ്ദേഹത്തിന്റെ വകയായി കാലികങ്ങളിൽ ഖണ്ഡശ്ശയായും പിന്നീട് ഗ്രന്ഥരൂപത്തിലും മലയാളത്തിന് ലഭിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ നോവലുകളെ സി.വി. രാമൻപിള്ളയുടെയോ തകഴിയുടേയോ എം.ടി. വാസുദേവൻ നായരുടെയോ ഉറൂബിന്റെയോ പോലെ ഏതെങ്കിലും ചില കള്ളികളിൽ പെടുത്താൻ കഴിയുന്നതല്ല. അത്രമാത്രം വൈവിധ്യമാർന്നതാണ് അവയുടെ ഇതിവൃത്തങ്ങളും ആവിഷ്കാരശൈലികളും.

ഉദാഹരണത്തിന് വൈക്കത്തിന്റെ ഏറ്റവും നല്ല നോവലുകളിലൊന്നായ *സ്വാതിതിരുനാൾ* എടുക്കുക. പണ്ഡിതനും സംസ്കാരസമ്പന്നനും സംഗീതപ്രതിഭയും ഭരണനിപുണനും ആയ സ്വാതിതിരുനാൾ മഹാരാജാവിന്റെ ദുരന്തകഥയെ ആധുനിക രാഷ്ട്രമീമാംസയുടെയും ചരിത്രവിജ്ഞാനത്തിന്റെയും വീക്ഷണത്തിലൂടെ ആവിഷ്കരിക്കുന്ന ഈ ആഖ്യായിക സി.വി. സർദാർ പണിക്കർ, കപ്പന കൃഷ്ണമേനോൻ തുടങ്ങിയ സ്ഥിരപ്രതിഷ്ഠ നേടിയ ചരിത്രാഖ്യായികാകാരൻമാരുടേതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. എന്നാൽ ഇതുപോലെ തന്നെ തിരുവിതാംകൂറിന്റെ ചരിത്രവുമായി കെട്ടുപിണഞ്ഞതാണെങ്കിലും പരമ്പരാഗതമായ യക്ഷിക്കഥകളും ഐതിഹ്യങ്ങളും, നെയ്തുചേർത്ത ഹൃദയംഗമമായ ഒരു കഥാകാവ്യമാണ് *പഞ്ച*

വൻകാട്. വൈക്കത്തിന്റെ മറ്റൊരു നോവലായ *കയറിന്റെ വംശം* എന്നതിൽ എത്തുമ്പോൾ രംഗവും കാലവും ആകെ മാറി വേദപുസ്തകത്തിന്റെ പഴയ നിയമത്തിൽ എത്തുന്നു. രംഗം പശ്ചമേഷ്യ. കഥാപാത്രങ്ങൾ പഴയ കാല യഹൂദരും ആട്ടിടയ സമൂഹവും. ധാർമികത, സഹോദര പോരിന്റെയും വഞ്ചനയുടെയും ഗതകാല അനുഭവങ്ങൾ. *പഞ്ചമി* നോവലാകട്ടെ സമകാലിക ദളിതസമൂഹ ചിത്രീകരണം. സ്മൃതികാവ്യത്തിൽ ആധുനിക ഇടത്തരം കുടുംബജീവിതത്തിന്റെ സമസ്യകളും പ്രാരബ്ധങ്ങളും..... ഇങ്ങനെ പോകുന്നു അനന്തമെന്നുപോലും തോന്നിപ്പോകുന്ന വൈക്കത്തിന്റെ ഇതിവൃത്ത വൈവിധ്യങ്ങളും ആവിഷ്കാര ശൈലീപരിണാമങ്ങളും പക്ഷേ ഇവയിലെല്ലാം ഒരന്തർധാരയായി വർത്തിക്കുന്ന ഇടതുപക്ഷ ധാർമികതയും മാനവികമൂല്യപക്ഷപാതവും ചരിത്രപരമായ ഭൗതികവാദം നൽകുന്ന സാമൂഹ്യ വിശകലന വീക്ഷണവും കണ്ടെത്താം എന്നതാണ് വൈക്കത്തിന്റെ പ്രത്യയശാസ്ത്ര പ്രതിബദ്ധതയുടെ തെളിവ്.

നാടകാന്തം കവിത്വം

മേൽ വിവരിച്ച വൈക്കത്തിന്റെ വീക്ഷണങ്ങളും പ്രത്യയശാസ്ത്രചായ്വുകളും ആവിഷ്കരിക്കപ്പെടുന്ന മറ്റൊരു മേഖലയാണ് അദ്ദേഹം എഴുതുകയും ചിലപ്പോൾ അഭിനയിക്കുകയും ചെയ്തിട്ടുള്ള നാടകങ്ങൾ. വൈക്കത്തിന്റേതായി ഒരു ഡസനോളം നാടകങ്ങൾ ഉണ്ടെന്നാണ് ഓർമ. അവയിൽ ഡോക്ടർ, തണ്ണീർ പന്തൽ, ആളോഹരി, കൂറ്റവും ശിക്ഷയും, ജാതുഗൃഹം, കടന്നൽക്കൂട് തുടങ്ങിയവയാണ് പേരുകേട്ടവ. നാടകത്തിന് പാട്ടുകളെഴുതുകയും സംഗീതം കൊടുക്കുകയും ചിലപ്പോൾ നേരിട്ട് പാടിയിട്ടുമുണ്ട് വൈക്കം.

നാടകരചനയും അവതരണവും നിർവഹിക്കുന്നതിന് പുറമെ അതിന്റെ വിശ്വവ്യാപകമായ ചരിത്രവും ശാസ്ത്രവും വൈക്കത്തിന്റെ പ്രിയപ്പെട്ട വിഷയങ്ങളായിരുന്നു. *പ്രാചീനനാടകങ്ങളിലൂടെ ഒരു പര്യടനം* എന്ന വൈക്കത്തിന്റെ പഠനഗ്രന്ഥം ഈ വിഷയത്തെ മുൻനിർത്തി മലയാളത്തിൽ രചിച്ചിട്ടുള്ള കൃതികളുടെ അഗ്രിമസ്ഥാനത്ത് നിലകൊള്ളുന്നു. സോഫോക്ലീസ്, ഇസ്കിലസ്, അരിസ്റ്റോഫേനസ് തുടങ്ങിയ പ്രതിഭാശാലികളായ യുവനാടകാചാര്യൻമാരുടെ കൃതികളും അവയുടെ അവതരണ രീതികളും വിവരിക്കുന്നതിന് പുറമെ അരിസ്റ്റോട്ടിൽ മുതലായ ദാർശനികരുടെ നാടകസിദ്ധാന്തങ്ങളും വൈക്കം ഈ കൃതിയിൽ വിവരിക്കുന്നു. അരിസ്റ്റോട്ടിലിന്റെ പ്രസിദ്ധമായ 'വികാരവിരേചന' സിദ്ധാന്തത്തിന്റെ പ്രസക്തിയും പോരായ്മയും വൈക്കത്തിന്റെ വിദഗ്ദ്ധ തൂലിക വിശകലനം ചെയ്യുന്നു.

1978-81 കാലത്ത് കേരള സംഗീത നാടക അക്കാദമിയുടെ അധ്യക്ഷപദവി അലങ്കരിച്ചുകൊണ്ട് ആ സംഘടനയുടെ പ്രവർത്തനപരിപാടികളിലും വീക്ഷണത്തിലും പല പരിഷ്ക്കാരങ്ങളും വരുത്താൻ വൈക്കത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഭരണകാര്യങ്ങളിൽ നൈപുണ്യമോ താത്പര്യമോ

അദ്ദേഹത്തിന് ഇല്ലാതിരുന്നതിനാൽ അതിലെ സർക്കാർ പ്രതിനിധികളും അല്പവിഭവരായ രാഷ്ട്രീയക്കാരും വൈക്കത്തിന്റെ ആശയങ്ങൾ നടപ്പിലാക്കുന്നതിന് തടസ്സം നിന്നിട്ടും ഉണ്ട്. എങ്കിലും വൈക്കത്തിന്റെ നേതൃത്വകാലം അക്കാദമിയുടെ ചരിത്രത്തിലെ അവിസ്മരണീയമായ ഒരു ഘട്ടം ആയിരുന്നു എന്ന് നിഷ്പക്ഷമതികൾ സമ്മതിക്കുന്നു.

വൈക്കത്തിന്റെ മാർക്സിസം


ചെറുപ്പംതൊട്ടേ കമ്യൂണിസത്തിലും മാർക്സിസത്തിലും ആകൃഷ്ടനായ വൈക്കം കുറേക്കാലം മുഴുവൻ സഹപ്രവർത്തകനായി പാർട്ടിയിലും ട്രേഡ് യൂണിയനുകളിലും പ്രവർത്തിച്ചിരുന്നു. ഈ കാലയളവിൽ സമരാനുഭവങ്ങളിലൂടെയും വായനയിലൂടെയും സ്വാംശീകരിച്ച ഇടതുപക്ഷ പ്രത്യയശാസ്ത്രനിലപാടുകൾ അദ്ദേഹത്തിന്റെ ജീവിതചര്യയിലും കൃതികളിലും വഴികാട്ടിയായി വർത്തിച്ചിട്ടുണ്ട് എന്ന കാര്യവും സൂചിപ്പിക്കുകയുണ്ടായല്ലൊ. എന്നാൽ മാർക്സിസത്തിന്റെ സൈദ്ധാന്തിക പ്രശ്നങ്ങളിലേക്ക് ആഴത്തിൽ പ്രവേശിക്കാനുള്ള വിമുഖതമൂലമോ സി.പി.ഐയിലും മറ്റും പ്രകടമാവാറുള്ള മിതവാദ പ്രവണതമൂലമോ ചിലപ്പോഴെല്ലാം അദ്ദേഹത്തിന്റെ കൃതികളിൽ അപാകതകളും സംഭവിക്കാറുണ്ട്.

അങ്ങനെയുള്ള ഒരപാകതയാണ് 1969-ാം ആണ്ടിടയ്ക്ക് സി.പി.ഐ. സ്വാധീനത്തിലുള്ള ഒരു സാഹിത്യസമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട മുഖ്യപ്രബന്ധത്തിൽ വൈക്കം പ്രകടിപ്പിച്ചത്. പുരോഗമന സാഹിത്യ പ്രസ്ഥാനം മാർക്സിസത്തെക്കാൾ മാനവികതയ്ക്കാണ് മുൻതൂക്കം നൽകേണ്ടതെന്ന് വൈക്കം പ്രബന്ധത്തിൽ പ്രസ്താവിക്കുകയും വിശദീകരിക്കുകയും ചെയ്തു. ഈ പരാമർശത്തെ ഇ.എം.എസ്. നമ്പൂതിരിപ്പാട് മലയാളത്തിലും പിന്നീട് ഇംഗ്ലീഷിലും എഴുതിയ വിമർശനങ്ങൾ മൂലം വൈക്കത്തിന്റെ ഈ പരാമർശം വിസ്മൃതിയിൽ പെടാതെ പോയി. പുരോഗമന സാഹിത്യപ്രസ്ഥാനത്തിൽ മാർക്സിസ്റ്റുകാർക്ക് മാത്രമേ പ്രവേശനം ഉണ്ടാകാവൂ എന്ന പക്ഷക്കാരനല്ലായിരുന്നു ഇ.എം.എസ്. മാർക്സിസ്റ്റുകാർ ഉൾപ്പെടെ മതനിരപേക്ഷതയ്ക്കും ജനാധിപത്യത്തിനും സാമൂഹ്യപുരോഗതിക്കും നവോത്ഥാനമൂല്യങ്ങൾക്കും വേണ്ടി നിലകൊള്ളുന്ന മാർക്സിസ്റ്റ് ഇതരർക്കും പങ്കെടുക്കാവുന്ന എഴുത്തുകാരുടെ ഒരു ഐക്യമുന്നണിയായിരിക്കണം പുരോഗമന സാഹിത്യപ്രസ്ഥാനം എന്നതാണ് ഇ.എം.എസിന്റെ സുചിന്തിതമായ അഭിപ്രായം. പിൽക്കാലത്ത് പുരോഗമന കലാസാഹിത്യ സംഘത്തിന്റെ 1992 ലെ പെരുമ്പാവൂർ രേഖയ്ക്ക് പ്രചോദനവും പിന്തുണയും നൽകുന്നതിലൂടെ ഈ നിലപാട് ഇ.എം.എസ്. ആവർത്തിക്കുകയും ചെയ്തു. എന്നാൽ പിന്നെ എന്തിനാണ് വൈക്കത്തെ വിമർശിച്ചത്? മാർക്സിസത്തെ മാനവികതയിൽ നിന്ന് വേർതിരിച്ച് കാണുകയും മാർക്സിസത്തിൽ മാനവികതയ്ക്ക് വിരുദ്ധമായ എന്തോ ചിലത് അടങ്ങിയിട്ടുണ്ടെന്ന് സൂചിപ്പിക്കുകയും ചെയ്തതാണ് വൈക്കം ചെയ്ത തെറ്റ്. മാനവികതയുടെ സത്തയും കർമപദ്ധതിയുമാണ് മാർക്സിസം എന്ന ഹരിശ്രീ വൈക്കം വിസ്മരിച്ചു എന്നതാണ് ഇ.എം.എസിന്റെ വിമർശനത്തിന്റെ സൂചിമുന.

വൈക്കത്തിന്റെ ജീവിതത്തിലും കൃതികളിലും പൊതുവേ ഇടതുപക്ഷ സ്വാധീനം പ്രകടമാണെങ്കിലും ചിലപ്പോൾ ആ പ്രതിഭയുടെ ധാരാളിത്തം പതഞ്ഞുകയറി കരകവിഞ്ഞൊഴുകുമ്പോൾ മർക്സിസത്തിന്റെ ചില അതിർ വരമ്പുകൾ ലംഘിച്ചുപോകാറുണ്ട് എന്നതും വിസ്മരിച്ചുകൂടാ. "മനുഷ്യനെ സംബന്ധിച്ച ഒന്നും തന്നെ തനിക്കന്യമല്ല" (നത്തിങ്ങ് ഹ്യൂമൻ ഈസ് ഏലിയൻ ടു മി) എന്ന് ഉച്ചൈസ്തരം ഉത്ഘോഷിച്ച മാർക്സിന്റെ സിദ്ധാന്തത്തേക്കാൾ ഉയർന്ന മാനവികത ഇല്ലെങ്കിലും മാർക്സിസം അന്യമായ മാനവികതാവാദികളും ഉണ്ടായിക്കൂടെന്നില്ല എന്ന പരമാർത്ഥം മാർക്സ് മുതൽ ഇ.എം.എസ്. വരെയുള്ള മാർക്സിസ്റ്റുകാർ അംഗീകരിക്കുന്നു. ഈ വിശദാംശങ്ങൾ ഒന്നും പരിശോധിക്കാതെ 'വന്നപാട് ചന്തം' എന്ന മാതിരി പ്രതിഭയുടെയും സൃഷ്ടിയുടെയും ധാരാളിത്തത്തിൽ ചിലപ്പോൾ വൈക്കം പറഞ്ഞുപോയിട്ടുണ്ടായേക്കാം എന്നു മാത്രമേ സമാധാനിക്കേണ്ടതുള്ളു.

വിശദമായ വിശകലനത്തിൽ രചനാശില്പവും വീക്ഷണവും മറ്റും സംബന്ധിച്ച് വൈക്കം ചന്ദ്രശേഖരൻ നായരുടെ കൃതികളിൽ മേൻമകൾ എന്നതുപോലെ പോരായ്മകളും കണ്ടെത്താൻ കഴിഞ്ഞേക്കും. ആരുടെ കൃതിയിലാണ് അങ്ങനെ ചില പോരായ്മകൾ ഇല്ലാതെ സർവഗുണസമ്പന്നതമാത്രം കണ്ടെത്താൻ കഴിയുക. ഈ ഉപാധികൾക്ക് വിധേയമായി വൈക്കം ചന്ദ്രശേഖരൻ നായരെന്ന ശതാവധാനിയായ പ്രതിഭാശാലിയെ നമുക്കാദരിക്കുകയും പഠിക്കുകയും ചെയ്യാം. ഈ കാലഘട്ടത്തിലെ മലയാള പത്രപ്രവർത്തനത്തിന്റെയും സാഹിത്യത്തിന്റെയും ചരിത്രത്തിൽ വൈക്കത്തെ തിളങ്ങുന്ന പ്രകാശഗോപുരമായി തന്നെ ഭാവിതലമുറ വിലയിരുത്തും. ■

18. പവനൻ
വിട്ടുവീഴ്ചയില്ലാത്ത ആദർശനിഷ്ഠ



1925 ഒക്ടോബർ 26 ന് കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ വയലളത്ത് പി.വി. നാരായണൻ നായർ എന്ന പവനൻ ജനിച്ചു. കുട്ടമത്ത് കുന്നിയൂർ കുഞ്ഞിശങ്കരക്കുറുപ്പും പുത്തൻവീട്ടിൽ ദേവകിയമ്മയുമാണ് അച്ഛനമ്മമാർ. തലശ്ശേരിയിലെ പ്രാഥമിക വിദ്യാലയങ്ങളിലും നീലേശ്വരം രാജാ ഹൈസ്കൂളിലും തലശ്ശേരി ബ്രണ്ണൻ കോളേജ് ഹൈസ്കൂളിലും വിദ്യാഭ്യാസം. വിദ്യാർത്ഥി രാഷ്ട്രീയ രംഗത്തിലൂടെ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകനും മെമ്പറുമായി. 1944ൽ പട്ടാളത്തിൽ ചേർന്നു. 1949 ൽ തിരികെയെത്തി തലശ്ശേരിയിൽ സഹകരണവകുപ്പിൽ ജോലി നോക്കി വരുമ്പോഴും കമ്യൂണിസ്റ്റ് ബന്ധം ആരോപിച്ച് പുറത്താക്കി. പിന്നീട് 15 വർഷത്തോളം 'ദേശാഭിമാനി' ലേഖകനായി പ്രവർത്തിച്ചു. 1964 ൽ കമ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ സി.പി.ഐയിൽ ചേർന്നു. 1965–67 വരെ സാഹിത്യ അക്കാദമി അസിസ്റ്റന്റ് സെക്രട്ടറി. 1977–84 വരെ അതിന്റെ സെക്രട്ടറി. ഏറെക്കാലം സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗമായി പ്രവർത്തിച്ചു. യുക്തിവാദി സംഘം പ്രസിഡന്റായും 1984 മുതൽ യുക്തിരേഖ മാസികയുടെ പത്രാധിപരായും പ്രവർത്തിച്ചു. *കേരളം എങ്ങനെ ജീവിക്കണം* (1967), *പരിചയം* (1969), *മഹാകവി കുട്ടമത്ത്* (1980), *ആദ്യകാല സ്മരണകൾ* (1990) തുടങ്ങി 85 ഓളം കൃതികൾ രചിച്ചു. *പവനന്റെ ആത്മകഥയാണ്* ഏറ്റവും ഒടുവിലത്തെ കൃതി. രണ്ടുതവണ സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ്, സാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം എന്നിവയും ലഭിച്ചു. സി.പി. പാർവ്വതിയമ്മയെ അദ്ദേഹം വിവാഹം ചെയ്തു. 2006 ജൂൺ 22ന് അന്തരിച്ചു.

തലശേരിക്കു സമീപം വയലളം ഗ്രാമത്തിലെ ഒരിടത്തരം കുടുംബത്തിൽ 1926ൽ ജനിച്ച് അവിടത്തെ വിദ്യാലയങ്ങളിൽ പഠിച്ചുവളർന്ന പി.വി. നാരായണൻ നായർ എന്ന പവനൻ 2006 ജൂൺ 22 നു തൃശൂരിൽ നിര്യാതനാകുന്നതു വരെ മലയാളക്കരയിലെ പൊതുജീവിതത്തിലും സാഹിത്യത്തിലും ബൗദ്ധികരംഗത്തും നിറഞ്ഞുനിന്ന ഒരു സജീവ സാന്നിധ്യമായി

രുന്നു. ഇംഗ്ലീഷിലും മലയാളത്തിലുമായി നാൽപതിലേറെ പുസ്തകങ്ങളും അനവധി ലേഖനങ്ങളും അവശേഷിപ്പിച്ചു നമ്മെ വിട്ടുപിരിഞ്ഞ പവനൻ കർമനിരതമായ ജീവിതത്തിൽ ഇന്ത്യയിൽ ആകെയും ലോകത്തിൽ ഒട്ടൊക്കെയും സന്ദർശിക്കുകയും അവയെക്കുറിച്ചുള്ള അനുഭവങ്ങൾ വായനക്കാരുമായി പങ്കുവെയ്ക്കുകയും ചെയ്തിട്ടുണ്ട്. പത്രലേഖനങ്ങൾക്കും രാഷ്ട്രീയപ്രബന്ധങ്ങൾക്കും പുറമേ കമ്യൂണിസ്റ്റുകാരനും യുക്തിവാദിയും ആയിരുന്ന പവനൻ സാഹിത്യവിമർശനം, യാത്രാവിവരണം, ആത്മകഥ, ഭാവിഷ്യവിചാരം, ശാസ്ത്രചിന്ത, യുക്തിവാദം തുടങ്ങിയ അനവധി വിഷയങ്ങളിൽ കൃതഹസ്തതയോടെ എഴുതുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്.

1964 ൽ കമ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ ദേശാഭിമാനി ദിനപത്രത്തിന്റെ തലസ്ഥാന വിശേഷാൽ ലേഖകൻ ആയിരുന്ന പവനൻ കമ്യൂണിസ്റ്റ് പത്രപ്രവർത്തന ശൈലിക്കു പ്രൊഫഷനലിസത്തിന്റെ ചൈതന്യം പകരാൻ സഹായിച്ചവരിൽ പ്രമുഖനാണ്. 1957 മുതൽ 1959 വരെ നിലനിന്നിരുന്ന പ്രഥമ കമ്യൂണിസ്റ്റ് സർക്കാരിന്റെ കാലത്തു മാധ്യമലോകം ആകെ പാർട്ടിക്ക് എതിരായി പ്രചണ്ഡമായ പ്രചാരണം നടത്തിവന്ന സമയത്ത് ഒരു ഏകാന്തപഥികനെപ്പോലെ ദേശാഭിമാനിയിൽ ആ വാർത്തകളുടെ എല്ലാം മറുവശം എഴുതിക്കൊണ്ടിരുന്ന പവനന്റെ ലേഖനങ്ങളും വാർത്തകളും സ്കൂപ്പുകളും വളരെയേറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. 1964ൽ പാർട്ടി പിളരുകയും ദേശാഭിമാനി സി.പി. എമ്മിന്റെ നിയന്ത്രണത്തിൽ ആവുകയും ചെയ്തപ്പോൾ മുഖ്യപത്രാധിപരായി നിയോഗിക്കപ്പെട്ട എന്നിലാണു പവനനെ കൈകാര്യം ചെയ്യേണ്ട ചുമതല വന്നുചേർന്നത്. 'പവനനു താൽപ്പര്യമുണ്ടെങ്കിൽ തുടർന്നുകൊള്ളാൻ പറഞ്ഞോളൂ' എന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നിർദേശം ഞാൻ പവനനെ അറിയിച്ചപ്പോൾ അദ്ദേഹം അതു നിരസിക്കുകയാണു ചെയ്തത്. തൽക്കാലം ഉപജീവനങ്ങൾക്കു വ്യത്യസ്തമായി ശമ്പളത്തിനു വേണ്ടി പണിയെടുക്കാൻ താനില്ലെന്നാണു പവനൻ മറുപടി പറഞ്ഞത്. എന്നാൽ, അന്നു മുഖ്യപത്രാധിപരായിരുന്ന വി.ടി. ഇന്ദുചൂഡൻ തുടങ്ങിയവരോടൊന്നും ഈ സൗമനസ്യം പ്രകടിപ്പിക്കാൻ ഇ.എം.എസ്. തയാറായിരുന്നില്ല എന്നതു പവനന്റെ പത്രപ്രവർത്തനശേഷിക്ക് അദ്ദേഹം നൽകിയ അംഗീകാരമായി കരുതാം.

തന്റെ ആശയങ്ങളിലും വിശ്വാസങ്ങളിലും വിട്ടുവീഴ്ചകളില്ലാതെ ഉറച്ചുനിൽക്കുക എന്ന ഈ പ്രകൃതം യുക്തിവാദി പ്രസ്ഥാനത്തിന്റെ തലമുതിർന്ന നേതാവെന്ന നിലയിലും പവനൻ പ്രകടിപ്പിച്ചുപോന്നു. സി.പി.ഐ. (എം) മാത്രമല്ല, സി.പി. ഐക്കാർ പോലും ചിലപ്പോൾ മതവിശ്വാസത്തോടു വിട്ടുവീഴ്ച ചെയ്യുന്നതായി പവനൻ ആരോപിക്കുകയും ഇതേച്ചൊല്ലി ഇ.എം.എസ്. തുടങ്ങിയവരുമായി പോലും പരസ്യവിവാദത്തിൽ ഏർപ്പെടു

കയും ചെയ്തിട്ടുണ്ട്. അങ്ങനെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനകത്തും പുറത്തും ഉള്ളവരുമായി മാത്രമല്ല, യുക്തിവാദി പ്രസ്ഥാനത്തിനകത്തെ വ്യതിയാന വാദികളായി പവനൻ കരുതിയ ഇടമറുക് തുടങ്ങിയ പ്രമുഖരോടും ആശയരംഗത്തു കലഹിച്ചിട്ടുണ്ട്. യുക്തിവാദി പ്രസ്ഥാനത്തിൽ തന്നെ ഇത്തരം വിവാദങ്ങൾ പിളർപ്പിനു വഴിവെയ്ക്കുകയും അവയിലൊന്ന് ഇടമറുകിന്റെ നേതൃത്വത്തിൽ എന്നപോലെ പവനന്റെ നേതൃത്വത്തിലും പ്രവർത്തിച്ചു വന്നു. ഇവരിൽ ഇരുവരോടും ഭിന്നതയുള്ള മറ്റു ഗ്രൂപ്പുകളും യുക്തിവാദികൾക്കിടയിലുണ്ട്. യുക്തിവാദി പ്രസ്ഥാനത്തിൽ എന്നപോലെ മിശ്രവിവാഹ സംഘത്തിന്റെയും ഒരു പ്രധാന പ്രവർത്തകനായിരുന്നു പവനൻ.

മതവിശ്വാസങ്ങളോടും ആചാരങ്ങളോടും ഉള്ള പവനന്റെ എതിർപ്പുകൾ എഴുത്തിനിരുത്തുക, നിലവിളക്കു കത്തിക്കുക, ഏതെങ്കിലുമൊരു പ്രാർത്ഥനാഗാനത്തോടു കൂടി പൊതുയോഗങ്ങൾ ആരംഭിക്കുക മുതലായ ചടങ്ങുകൾക്കുകൂടി എതിരാകുമ്പോൾ ഈ എതിർപ്പും ഒരുതരം അസഹിഷ്ണുതയും മതവിശ്വാസത്തെ അനുസ്മരിപ്പിക്കുന്ന അന്ധതയുമല്ലേ എന്നു തോന്നാം. എന്നാൽ, വിദ്യാഭ്യാസത്തിലും പരിഷ്കൃത ജീവിതത്തിലും മുൻനിൽക്കുന്ന കേരളം പോലെയുള്ള സ്ഥലങ്ങളിൽ പോലും അന്ധവിശ്വാസവും അനാചാരങ്ങളും വർഗീയതയും അനുദിനം എന്നോണം പൂർവാധികം വ്യാപിച്ചിവരുന്ന സാഹചര്യത്തിൽ പവനനെപ്പോലെ വോട്ടുകളുടെ ലാഭനഷ്ടം നോക്കാതെ ശാസ്ത്രബോധത്തിനു വേണ്ടി നിലകൊള്ളുന്ന തിരുത്തൽശക്തിയും സോവിയറ്റ് സാമൂഹിക വ്യവസ്ഥയെയും അവയുടെ തകർച്ചവരെ അനുകൂലിച്ചിരുന്ന പവനനെ സുഹൃത്തുക്കൾ കളിയാക്കി പവനോവ്സ്കി എന്നു വിളിച്ചുവന്നത് ഒരാക്ഷേപമായിട്ടല്ല, ആദരവായിട്ടാണ് അദ്ദേഹം കരുതിയത്. ഒരുപക്ഷേ, അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ അന്ധതയുടെ അംശങ്ങൾ അടങ്ങിയിരിക്കാമെങ്കിലും അംഗീകരിക്കാതിരിക്കാൻ ആവില്ല.

സാഹിത്യരംഗത്ത് അദ്ദേഹം എഴുതിയ പഠനങ്ങളുടെയും നിരൂപണങ്ങളുടെയും എണ്ണം വളരെ വലുതാണ്. അതുപോലെ തന്നെ മലയാള സാഹിത്യരംഗത്തു സാഹിത്യഅക്കാദമിയുടെ സെക്രട്ടറി എന്ന നിലയിൽ എട്ടു വർഷക്കാലം അദ്ദേഹം നൽകിയ സംഭാവനകളാണു സാഹിത്യ അക്കാദമിയെ ഇന്നത്തെ നിലയിലേക്ക് ഉയർത്തിയത്. സാഹിത്യ സിദ്ധാന്തങ്ങളിലും രാഷ്ട്രീയ പ്രശ്നങ്ങളിലും ദാർശനിക സമസ്യകളിലും വിട്ടുവീഴ്ചയില്ലാത്ത നിലപാടും സ്വപ്രത്യയസ്ഥൈര്യവും പ്രകടിപ്പിച്ച പവനൻ അക്കാദമിയുടെ പ്രവർത്തനങ്ങളിൽ വളരെ വിശാലമനസ്കനായിരുന്നു. അവിടെ സ്വന്തം അഭിപ്രായങ്ങൾ മാറ്റിവച്ചു വിവിധ അഭിപ്രായഗതിക്കാരെ അതിന്റെ പരിപാടികളിലും പ്രവർത്തനങ്ങളിലും പങ്കാളികളാക്കാൻ അദ്ദേഹം മനഃപൂർവം ശ്രദ്ധിച്ചിരുന്നു. സാഹിത്യ അക്കാദമിയെ ഉത്തമഗ്രന്ഥങ്ങൾ പ്രസിദ്ധീകരി

16031

ക്കുന്ന ഒരു സ്ഥാപനം കൂടി ആക്കി മാറ്റാൻ പവനൻ നൽകിയ സംഭാവനകൾ ചെറുതല്ല.

പാണ്ഡിത്യം, കവിത്വം, സംസ്കാരം, ഭൂപ്രഭുത്വം, പ്രതാപം എന്നിവ കൊണ്ടെല്ലാം പ്രശസ്തമായ പാരമ്പര്യമുള്ള മഹാകവി കുട്ടമത്തിന്റെ ഒരു പിൻമുറക്കാരനായിരുന്നു പവനൻ എങ്കിലും അദ്ദേഹത്തിന്റെ കുടുംബശാഖയ്ക്ക് അത്ര സമ്പദ്സമൃദ്ധിയൊന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ടു സർവകലാശാലാ വിദ്യാഭ്യാസത്തിനും മറ്റും പോകാൻ കഴിയാതെ ചെറുപ്പത്തിലെ പട്ടാളത്തിൽ ചേരാനും യുദ്ധാനന്തരം പിരിഞ്ഞുവന്നപ്പോൾ ഉപജീവനത്തിനുവേണ്ടി റെയിൽവേ പോർട്ടർ മുതൽ ഹോട്ടൽ പരിചാരകൻ വരെ പല തൊഴിലുകൾ നോക്കാനും നിർബന്ധിതനാകുകയും ചെയ്തു. എന്നാൽ, ഇതിനെല്ലാം ഇടയിൽ ഇടതുപക്ഷ ആഭിമുഖ്യവും പുസ്തകപ്രേമവും എഴുത്തിലുള്ള ഭ്രമവും അദ്ദേഹത്തെ കഷ്ടപ്പാടുകൾക്കിടയിലും ഒരെഴുത്തുകാരനായി വളർത്തുകയായിരുന്നു. പട്ടാളം വിട്ടശേഷം ഉപജീവനത്തിനായി ചെന്നൈയിൽ ചെന്നുപെട്ട പവനൻ 1950കളിൽ പ്രസിദ്ധിയാർജിച്ച അവിടത്തെ ജയകേരളം വാരികയിൽ ആരംഭിച്ച് അനവധി പത്രസ്ഥാപനങ്ങളിലൂടെ കടന്നാണ് ഒടുവിൽ ദേശാഭിമാനിയിൽ തന്റെ മനസ്സിനിണങ്ങിയ തട്ടകത്തിൽ എത്തിച്ചേർന്നത്. ചെന്നിടത്തും ചെയ്തിടത്തും എല്ലാം വ്യക്തിമുദ്ര പതിപ്പിച്ച പവനൻ ഈ എളിയ സാഹചര്യങ്ങളിൽ നിന്ന് ഈ ഔന്നത്യത്തിൽ എത്തിയത് അധ്വാനശീലവും ആദർശശുദ്ധിയും വിജ്ഞാനകൗതുകവും കൊണ്ടാണെന്നതിൽ സംശയമില്ല. പവനന്റെ ഭാര്യ ബേബി എന്ന പാർവതി സംസ്കാരത്തിലും എഴുത്തിലും പ്രശസ്തിയാർജിച്ച പറളിയിലെ (പാലക്കാട്) ഒരു കുടുംബത്തിലേതാണ്. പ്രശസ്ത പത്രപ്രവർത്തകൻ സി.പി. രാമചന്ദ്രന്റെ വീട്. പാർവതി പവനനും എഴുതാറുണ്ട്. അവരുടെ മകൻ സി.പി. സുരേന്ദ്രൻ ഇംഗ്ലീഷിൽ പ്രശസ്ത പത്രപ്രവർത്തകനും കവിയും ആഖ്യായികാകാരനുമാണ്. പവനന്റെ നിര്യാണം കേരളത്തിലെ സാഹിത്യ രംഗത്തും ചിന്താമണ്ഡലത്തിലും വലിയൊരു വിടവാണ് ഉണ്ടാക്കിയിരിക്കുന്നത്. ■

മുൽക്ക്‌രാജ്
മുതൽ
പവനൻ
വരെ

പി.ഗോവിന്ദപ്പിള്ള



അൻപതുകളിൽ ഭാരതീയഭാഷകളിൽ സാ
മൂഹ്യസാംസ്കാരികരംഗത്ത് വ്യക്തിമുദ്രപ
തിപ്പിച്ച പതിനെട്ട് മഹാപ്രതിഭകളെയാണ്
പിജി ഈ ഗ്രന്ഥത്തിലൂടെ പരിചയപ്പെടുത്തു
ന്നത്. സാഹിത്യസാമ്രാട്ടായിരുന്ന മുൾക്ക്
രാജ് ആനന്ദ്, സാമ്പത്തികശാസ്ത്രവിദഗ്ദ്ധ
നായ പ്രൊഫ. ഗ്യാൻചന്ദ്, നാടക സൈദ്ധാ
ന്തികനും സംവിധായകനും അഭിനേതാവു
മായിരുന്ന ഉത്പൽദത്ത്, ഡോ: ജോസഫ് മു
ണ്ടശ്ശേരി, ഡോ. കെ. എം. ജോർജ്ജ്, ഇളം
കുളം കുഞ്ഞൻപിള്ള തുടങ്ങി പവനൻ വരെ
യുള്ള അതിപ്രഗത്ഭരുടെ ചരമോപചാരക്കു
റിപ്പുകളും വിലയിരുത്തലുകളുമാണ് ഈ
സമാഹാരത്തിലെ ഉപന്യാസങ്ങൾ.

സിത്താര ബുക്സ്
പള്ളിക്കൽ പി.ഒ., കായംകുളം
വില: രൂ.80